ജീവചരിത്രസഞ്ചിക.

രണ്ടാം ഭാഗം.

പ്രസാധകൻ,

വെങ്കളം ജി. പരമേശ്വരൻപിള്ള.

(രാധാമണി, അശ്രുധാര, വേലുത്തമ്പിദളവാ, സി. കുഞ്ഞപിള്ള,
മഹാന്മാർ വിജയികളാകുന്നതെങ്ങനെ?
ഇത്യാദി ഗ്രന്ഥങ്ങളുടെ കർത്താവ്)

കകകക.

ജീവചരിത്രസഞ്ചിക.

രണ്ടാം ഭാഗം.

പ്രസാധകൻ,

വെങ്കുളം ജി. പരമേശ്വരൻപിള്ള.

(രാധാമണി, അത്തുഡാര, വേലുത്തമ്പിദളവാ, സി. കൃഷ്ണപിള്ള,
മഹാന്മാർ വിജയികളാകുന്നതെങ്ങനെ?
ഇത്യാദി ഗ്രന്ഥങ്ങളുടെ കർത്താവ്)

ഒന്നാം പതിപ്പ് കാപ്പി 1000.

പ്രസിദ്ധീകരൻ,

എസ്. ജ്ഞാനസുന്ദരയ്യർ,
ചിത്രാപബ്ലിഷിംഗ് ഹൌസ്, തിരുവനന്തപുരം.

൧൯൨൫.

All Rights Reserved]

[വില അണ 5.

VANCHIYOOR, TRIVANDRUM.

വിഷയവിവരം.

പുറം

11. രാമാനുജയ്യങ്കാർ (കണക്കുശാസ്ത്രജ്ഞൻ) 127
ഈ. കൃഷ്ണൻനായർ ബി. ഏ., എൽ. ടി.

12. സർ സാലർ ജംഗ് (രാജ്യതന്ത്രജ്ഞൻ) കോയിൽമുക്ക 138
പി. കെ. പരമേശ്വരൻ നായർ ബി. ഏ.

13. ബഞ്ജമിൻഫ്രാൻക്ലിൻ(രാജ്യതന്ത്രജ്ഞൻ&ശാസ്ത്രജ്ഞൻ)148
വെങ്കുളം ജി. പരമേശ്വരൻപിള്ള.

14. ക്യാപ്റ്റൻ കുക്ക് (നാവികവിദഗ്ധൻ) 158
ആർ. പി. നായർ ബി. ഏ., (ആണേഴ്സ്)

15. സർ വാൾട്ടർ സ്കാട്ട് (ആഖ്യായികാകാരൻ) 165
വെങ്കുളം ജി. പരമേശ്വരൻ പിള്ള

16. റാബർട്ട് ബ്രൂസ് (യുദ്ധതന്ത്രജ്ഞൻ) 179
കെ. ശിവശങ്കരപ്പിള്ള ബി. ഏ. ബി. എൽ.

17. താമസ് ഗ്രൈ (ലോകോപകാരി) 193
വെങ്കുളം ജീ. പരമേശ്വൻപിള്ള

18. ഫുൾട്ടൻ (ആവിയന്ത്രവിദഗ്ധൻ) 199
മയ്യനാട്ട കെ. ദാമോദരൻ.

19. ഇരവിക്കുട്ടിപ്പിള്ള (സ്വദേശാഭിമാനി) 209
വെങ്കുളം ജി. പരമേശ്വരൻപിള്ള.

20. ഗലീലിയോ (ഗോളശാസ്ത്രജ്ഞൻ) 226
എം. പി. അപ്പൻ ബി. ഏ. (ആണേഴ്സ്)

DR. P. C. PILLAI
VANCHIYOOR, TRIVANDRUM

൧൧. രാമാനുജയ്യങ്കാർ.

ഈ. കൃഷ്ണൻനായർ, ബി. ഏ., എൽ. ടി.

ഘോരദാരിദ്ര്യത്തിന്റെ കഠോരമായ ആക്രമണം, ഭാര്യയെ പുലത്തേണ്ട നിഭാഗ്യം ഇതുയും കൊണ്ടു മാത്രമാണു വിഷമിക്കേണ്ടതെങ്കിൽ അതു പരിഹരിക്കാമായിരുന്നു. ഒരു ജോലി കിട്ടുന്നതോടുകൂടി സാമാന്യം ഒരു സുഖജീവിതം നയിക്കാൻ രാമാനുജയ്യങ്കാക്കു് അസാദ്ധ്യമായിരുന്നില്ല. എന്നാൽ രാപകൽ കണക്കു് ചെയ്തതന്നെ കുറെക്കാലം ജീവിക്കണമെന്നുള്ള ഒരുതരം ചിന്ത യുവാവിന്റെ ഹൃദയത്തിൽ ഒരു ഒഴിയാബാധയെന്നോണം സ്ഥലം പിടിച്ചിരിക്കുന്നു.

ആഗ്രഹനിവൃത്തിക്കായി നാടും വീടും ഉപേക്ഷിച്ച ആ പ്രതിഭാസമ്പന്നൻ അതാ കുംഭകോണത്തു നിന്നും മദ്രാസിലേക്കു തിരിക്കുന്നു. സുപ്രസിദ്ധ കണക്കു ശാസ്ത്രവിദഗ്ദ്ധനായ ദിവാൻ ബഹദൂർ രാമചന്ദ്രറാവുവിനെ കണ്ടു സംസാരിച്ചു. ആ സന്ദർശനത്തെക്കുറിച്ചു് ആ മഹാൻ പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്:– "കൈയിലിരുന്ന ഒരു നോട്ടുബുക്കു് തുറന്നു കണക്കു ചെയ്യുന്നതിനുള്ള തന്റെ പുതിയ രീതികളിൽ ചിലതിനെക്കുറിച്ചു് അയാൾ എന്റെ മുമ്പാകെ വിവരിച്ചു തുടങ്ങി. സാധാരണ വഴികളിൽനിന്നു വ്യതിചലിച്ചിട്ടാണു് അയാളുടെ വിവരണമെന്നു് എനിക്കു് ഉടനെ മനസ്സിലായി. യുക്തിപൂർവ്വമാണോ അസംബന്ധമായിട്ടാണോ രാമാനുജൻ സംസാരിക്കുന്നതെന്നു നിശ്ചയിക്കുവാൻ എനിക്കുള്ള പരിജ്ഞാനം മതിയാകുന്നില്ല എന്നു എനിക്കു തോന്നി. അതിനാൽ യാതൊന്നും തീരുമാനപ്പെടുത്തി പറയാൻ കഴിയാതെ, ഇനിയൊരു ദിവസം വരണമെന്നു പറഞ്ഞു ആ യുവാവിനെ ഞാൻ തിരിച്ചയച്ചു. അടുത്ത തവണ അയാൾ എന്നെ കണ്ടു് എന്റെ ജ്ഞാനപരിധിയെ നിസ്സാരമായി അളക്കുകയും, വിഷമമേറിയ ഭാഗങ്ങളുള്ള ലഘുവായ മാർഗ്ഗങ്ങളിൽകൂടി ഉത്തരം കണ്ടുപിടിച്ചു

രീതി എന്നെ ബോധപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന സകല കണക്കു പുസ്തകങ്ങളെയും ഇവ അധഃകരിച്ചിരിക്കുന്നു. രാമാനുജൻ ഒരു അസാധാരണ ധിഷണാസമ്പന്നൻ തന്നെയെന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല. അനന്തരം ക്രമേണ അയാൾ എന്നെ Elliptical Integrals, Hyper Geometric Series എന്നീ ഗഹന ഭാഗങ്ങളിലേക്കും അവസാനമായി അതുവരെ ലോകത്തിനു് അജ്ഞാതമായിരുന്ന "Divergent Series"-ന്റെ സിദ്ധാന്തങ്ങളിലേക്കും നയിച്ചു. അയാളുടെ അസാമാന്യ പാണ്ഡിത്യം എന്നെ മാനസാന്തരപ്പെടുത്തി."

രാമാനുജനു എന്താണു് ആവശ്യം എന്നു ഞാൻ ചോദിച്ചു. തന്റെ പഠിത്തം തുടർന്നുകൊണ്ടിരിക്കുന്നതിനു തക്കവണ്ണം ആഹാരത്തിനു വല്ലതും മാസ്സം ഉണ്ടാക്കിത്തരണമെന്നുള്ളതാണു് തനിക്കാവശ്യമെന്നു് അയാൾ പറഞ്ഞു"

പ്രചാരത്തിലിരുന്ന സകല കണക്കുപുസ്തകങ്ങളേയും അതിശയിക്കത്തക്കവിധം കണക്കുശാസ്ത്രത്തിൽ നൈപുണ്യം പ്രദർശിപ്പിച്ച ആ യുവാവിന്റെ ദാരിദ്ര്യനിവാരണാർത്ഥമുള്ള അപേക്ഷ രാമചന്ദ്രറാവുവിന്റെ ഹൃദയം ദ്രവിപ്പിച്ചുകളഞ്ഞു.

ആധുനിക പാശ്ചാത്യ ശാസ്ത്രങ്ങളുടെ പര്യവേക്ഷണങ്ങളിൽ പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള ഭാരതീയർ തുലോം വിരളമാണെന്നുള്ളതു് ലജ്ജാപുരസ്സരം സമ്മതിക്കേണ്ട ഒരു വാസ്തവമാകുന്നു. ജെ. സി. ബോസ്, പി. സി. റായ്, പ്രഫസർ രാമചന്ദ്ര, സി. വി. രാമൻ, സാഹ എന്നിങ്ങനെ അപൂർവ്വം ചില പര്യവേക്ഷണകുശലന്മാരെ ഭാരതം ഒട്ടുക്കു നോക്കിയാൽ കണ്ടുപിടിക്കാൻ സാധിച്ചേക്കാം; എന്നാൽ യൂറോപ്പിലും അമേരിക്കയിലും ഉള്ള മഹാശാസ്ത്രജ്ഞന്മാരുടെ എണ്ണവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ നമുക്കു ലജ്ജാവിവശരായി പിന്നോട്ടു മാറാതിരിക്കാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

മേൽ പ്രസ്താവിക്കപ്പെട്ട പണ്ഡിതന്മാരുടെ കൂട്ടത്തിൽ അഗണ്യമല്ലാത്ത ഒരു സ്ഥാനം 33 വയസ്സിനകം പ്രാപിച്ചു

(കാലയവനികയ്ക്കുള്ളിൽ മറഞ്ഞുപോയ) ഒരു കണക്കശാസ്ത്രവിദഗ്ധനാണ് ഈ ജീവചരിത്രത്തിനു വിഷയീഭൂതനായിരിക്കുന്ന ശ്രീനിവാസരാമാനുജയ്യങ്കാർ.

ദരിദ്രകുടുംബത്തിൽ.

മദ്രാസ് പ്രസിഡൻസിയിൽ ഈറോഡ് എന്ന സ്ഥലത്തു് 1887-ാമാണ്ടു് രാമാനുജയ്യങ്കാർ ജാതനായി. ദാരിദ്ര്യദുഃഖവ്യയത്തിന്റെ നിരന്തരാക്രമണംകൊണ്ടു പരിതപ്തമായിത്തീർന്നിരുന്ന ഒരു സാധു ബ്രാഹ്മണകുടുംബത്തിലാണു് ഇദ്ദേഹം ജനിച്ചതു്. രാമാനുജന്റെ പിതാവും പിതാമഹനും ജവുളിക്കച്ചവടക്കാരന്റെ കണക്കെഴുത്തുകാരായിട്ടായിരുന്നു കാലയാപനം ചെയ്തിരുന്നതു്. അങ്ങനെ, അക്കങ്ങളുടെ സങ്കലനവ്യവകലനാദികളിൽ സാമാന്യപരിചയം സമ്പാദിച്ചിട്ടുള്ള ഒരാളാണു് രാമാനുജന്റെ പിതാവു് എന്നിരിക്കിലും, ആ ദരിദ്രകുടുംബത്തിൽ ഇത്ര അധികം വാസനയും വൈദഗ്ധ്യവും ഉള്ള ഒരു സന്താനം സംജാതമായതെങ്ങനെയെന്നുള്ളതു പലർക്കും അദ്ഭുതകരമായിത്തന്നെയിരിക്കുന്നു. അഥവാ, നാം എന്തിനു അദ്ഭുതപ്പെടുന്നു? ഏതെങ്കിലും തരത്തിലുള്ള അസാധാരണശക്തിമുഖേന ലോകരുടെ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ളവരിൽ ഭൂരിഭാഗവും ദരിദ്രകുലങ്ങളിലും അപ്രശസ്തകുടുംബങ്ങളിലുമാണല്ലോ ജനിച്ചിട്ടുള്ളതു്.

അഞ്ചാം വയസ്സിൽ പാഠശാലയിൽ അയക്കപ്പെട്ട ബാലൻ ആ അതിബാല്യം മുതൽക്കുതന്നെ അദ്ധ്യാപകന്മാരുടെ സവിശേഷമായ ശ്രദ്ധ ആകർഷിച്ചുകൊണ്ടിരുന്നു. യാതൊരു കുസ്തിത്തരവും ഉന്മേഷവും പ്രദർശിപ്പിക്കാതെ ബാലൻ അനേകം മണിക്കൂർ സമയം അനങ്ങാതെയിരിക്കും. ആ സമയത്തൊക്കെ അക്കങ്ങളുടെ സ്ഥാനമാറ്റങ്ങളും അവയുടെ ഗുണനഹരണാദികളും കൊണ്ടുണ്ടാകുന്ന മാറ്റങ്ങളും ഓർത്തോർത്തു ബാലൻ ആനന്ദിച്ചുകൊണ്ടിരിക്കുകയായിരുന്നു എന്നുള്ള വസ്തുത കേവലാല്പജ്ഞർക്കു് ആരും അറിഞ്ഞിരുന്നതേയില്ല; എന്നാൽ കണക്കു സംബന്ധിച്ചു് ഏതു ചോദ്യം ചോദിച്ചാലും അസാധാരണമായ ഒരുമ്മശക്തി പ്രദർശിപ്പിച്ചും, അദ്ധ്യാപ

കന്മാക്കുപോലും ആശ്ചര്യം തോന്നത്തക്കവിധത്തിലും ആയിരിക്കും ബാലൻ ഉത്തരം നൽകാറുള്ളത്. കുംഭകോണം ടൗൺ ഹൈസ്കൂളിൽനിന്നു രാമാനുജനു് ഏഴാവയസ്സുമുതൽക്കുതന്നെ സ്കാളർഷിപ്പു് കിട്ടുന്നുണ്ടായിരുന്നു. പന്ത്രണ്ടുവയസ്സായപ്പോൾ ലോണി എഴുതിയിട്ടുള്ള "ട്രിഗണാമെറ്റ്രി" മുഴുവനും ഇതരസഹായം കൂടാതെ ഈ ബാലൻ ചെയ്തീർത്തു. കാർ എന്ന കണക്കുശാസ്ത്രജ്ഞൻ എഴുതിയ "Synopsis of Pure Mathematics" എന്ന ഗ്രന്ഥത്തിലെ ചോദ്യങ്ങൾ മൂന്നു വർഷം കഴിഞ്ഞു ചെയ്തീർത്തതോടുകൂടി രാമാനുജൻ സകലരുടേയും പ്രീതിബഹുമാനങ്ങൾക്കു് പാത്രീഭൂതനായിത്തീർന്നു. 17 വയസ്സായപ്പോൾ മെറ്റ്രിക്കുലേഷൻ പാസായി അദ്ദേഹം കുംഭകോണം കാളേജിൽ അഭ്യസനം ആരംഭിച്ചു. "ജൂനിയർ സുബ്രഹ്മണ്യം സ്കാളർഷിപ്പു്" അധികാരികൾ ഈ ഭരിദ്രവിദ്യാർത്ഥിക്കു് നൽകി അയാളെ പ്രോത്സാഹിപ്പിക്കുവാൻ കനിയുകയുണ്ടായി.

സ്വപ്നത്തിലും കണക്കുചെയ്യും.

രാമാനുജനു സദാ കണക്കുകൾ ചെയ്തുകൊണ്ടിരിക്കുകതന്നെ ജോലിയായിത്തീർന്നു.

"നടക്കുമ്പൊഴുമിരിക്കുമ്പൊഴുമൊരേടത്തു
കിടക്കുമ്പൊഴും ഭുജിക്കുമ്പൊഴുമെന്നുവേണ്ട
നാനാകർമ്മങ്ങളനുഷ്ഠിക്കുമ്പോൾ സദാകാലം"

അയ്യങ്കാർക്കു് കണക്കു ചെയ്യുന്നതിൽ മാത്രമേ കൗതുകമുള്ളൂ എന്ന നില വന്നുചേർന്നു. സ്വപ്നത്തിൽപോലും രാമാനുജൻ കണക്കു ചെയ്തുകൊണ്ടിരിക്കും. തന്റെ ഉപാസനാമൂർത്തിയായ "നാമഗിരി" ദേവി നിദ്രാവസരങ്ങളിൽ പ്രത്യക്ഷയായി ബുദ്ധിക്കു തീക്ഷ്ണതയും, ഓർമ്മശക്തിക്കു വർദ്ധനയും നൽകിക്കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വിശ്വസിച്ചുപോന്നിരുന്നു.

കണക്കു് ഒഴിച്ചുള്ള ഇതരവിഷയങ്ങളിൽ യാതൊന്നിലും ശ്രദ്ധപതിപ്പിക്കാതിരുന്ന കാരണത്താൽ "ഇംഗ്ലീഷ്മോശം"

എന്നൊരു കാരണം പറഞ്ഞു്, രാമാനുജനു നൽകിക്കൊണ്ടിരുന്ന സ്കോളർഷിപ് അതിന്റെ ഭാരാക്കന്മാർ നിർത്തൽചെയ്യുകളഞ്ഞു; അതോടുകൂടി അദ്ദേഹത്തിനു കലാശാലാഭ്യസനവും അവസാനിപ്പിക്കേണ്ടതായി വന്നുചേർന്നു. ഇങ്ങനെ എത്രയെത്ര പ്രതിഭാസമ്പന്നന്മാർ പ്രോത്സാഹനാഭാവം നിമിത്തം തല്ക്കാലത്തേക്കു് പ്രകാശശൂന്യരായി മങ്ങിമങ്ങി മറഞ്ഞു പോയിരിക്കാം!

"കണക്കുചെയ്യാൻ സൈകയ്യും തരണേ!"

കാളേജുപഠിത്തം തുടരുന്നതിനു് രാമാനുജൻ പല പ്രകാരത്തിൽ ശ്രമം ചെയ്തു; ഫലിച്ചില്ല. കണക്കുശാസ്ത്രസംബന്ധമായുള്ള പര്യവേക്ഷണങ്ങളിലേർപ്പെട്ടു് മൂന്നു സംവത്സരക്കാലം വ്യയംചെയ്യുന്നതിനും സർവ്വകലാശാലയിൽ പ്രവേശനം ലഭിക്കുവാനും അദ്ദേഹം തീർച്ചയായും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ധിഷണാസമ്പത്തിന്റെ മാറ്റു് ഉരച്ചുനോക്കാൻ മനസ്സുള്ളവർ അവിടെയുണ്ടായിരുന്നില്ല. അങ്ങനെ അതും നിഷ്ഫലമായിത്തീർന്നു. ഒടുവിൽ നിരാശനും അനന്യശരണനും ആയിത്തീർന്ന രാമാനുജൻ 1909-ൽ ഒരു വിവാഹബന്ധത്തിൽ ഏർപ്പെട്ടു. ഇക്കാലങ്ങളിലും രാമാനുജൻ ഉദാസീനനായിരിക്കുകയല്ലായിരുന്നു. ഉടൻതരം കണക്കുശാസ്ത്രഗ്രന്ഥങ്ങൾ വാങ്ങി അവയിലെ വിഷമപ്രശ്നങ്ങൾക്കൊക്കെ ലഘുവായ മാർഗ്ഗങ്ങളിൽ ഉത്തരം കണ്ടുപിടിച്ചുകൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം ചെയ്തതു്. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോഴേയ്ക്കും ആ സ്ഥലത്തെ താമസം അദ്ദേഹത്തിനു മുഷിഞ്ഞു. മദ്രാസിൽ സ്ഥിരമായി താമസിച്ചു് കണക്കുവിഷയത്തിൽമാത്രം സർവ്വദാ ഏർപ്പെട്ടു് ദിനരാത്രങ്ങൾ കഴിക്കണമെന്നുള്ള അത്യാഗ്രഹത്തോടുകൂടി, കണക്കുശാസ്ത്രത്തിനോടു അപാരമായി സ്നേഹമുള്ള ദിവാൻ ബഹദൂർ രാമചന്ദ്രറാവുവിനെ കണ്ടു സംസാരിച്ചു.

യുവാവിന്റെ അസാധാരണവാസനയാൽ സമാകൃഷ്ടനായിത്തീർന്ന അദ്ദേഹത്തിന്റെ ശുപാർശ അനുസരിച്ചു് "മദ്രാസ്

പോർട്ട്സ്റ്റഡി''ൽ 25 രൂപാ ശമ്പളമുള്ള ഒരു ക്ലാർക്ക് വേലയ്ക്ക് ഇദ്ദേഹം നിയമിതനായി.

ഉല്ക്കൃഷ്ടസോപാനത്തിലേക്ക്

ജ്ഞാനദാഹപരവശരേയും, കുശാഗ്രമതികളേയും, പര്യവേക്ഷണപടുക്കളേയും മറ്റും പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഭാരതീയരെക്കാൾ തുലോം മുന്നിട്ടു നിൽക്കുന്നവരാണ് പാശ്ചാത്യർ എന്നുള്ള പരമാർത്ഥം രാമാനുജന്റെ കാര്യത്തിലും അനുഭവികമായിത്തീർന്നു. ഈ നിസ്സാരമായ ശമ്പളത്തിലിരുന്ന രാമാനുജന്റെ ജീവിതം പാഴായിപ്പോകുന്നതു കാണ്മാൻ കഴിയാതെ പോർട്ട്സ്റ്റഡിന്റെ ചെയർമൻ ആയ സായ്പ് രാമാനുജന്റെ പഠനഫലങ്ങളുള്ള നോട്ടുബുക്കുകളും സിംലായിലെ വാനനിരീക്ഷണശാലകളുടെ ഡയറക്ടർ ജനറലായ ഡാക്ടർ ജി. റ്റി. വാൾക്കറുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയുണ്ടായി. അതോടുകൂടി രാമാനുജന്റെ ജീവിതം ഉല്ക്കൃഷ്ടസോപാനങ്ങളിലേക്കു ആരോഹണം ചെയ്യാൻ ആരംഭിച്ചു എന്നുതന്നെ പറയാം. ലോകനിവാസികൾക്കു് അമൃതാമൃതം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്ന സുധാകരനെ മറച്ചു വെയ്ക്കുന്നതിന് ക്രൂരമായ മേഘങ്ങൾക്കു് എത്ര കാലം സാധിച്ചെന്നു വരും!

രാമാനുജന്റെ നോട്ടുബുക്കുകൾ പരിശോധിച്ചതിൽ, കേംബ്രിഡ്ജ് കാളേജിലെ ഒരു ''ഫെല്ലോ'' പ്രദർശിപ്പിക്കുന്ന ബുദ്ധിസാമർത്ഥ്യത്തോടു സാദൃശ്യമുള്ളതാണ് ഇദ്ദേഹത്തിന്റെ ബുദ്ധിവൈഭവമെന്ന് ഡാക്ടർ വാൾക്കർക്കു ബോദ്ധ്യം വന്നു. അതിനാൽ ആ യുവശാസ്ത്രജ്ഞനു് ഒരു സ്കോളർഷിപ് നൽകി കണക്കു വിഷയത്തിൽ പര്യവേക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുവാൻ സൗകര്യമുണ്ടാക്കണമെന്നു് അദ്ദേഹം മദ്രാസ് സർവ്വകലാശാലാ രജിസ്ട്രാർക്കു് എഴുതി അയച്ചു. അതിന്റെ ഫലമായി പ്രതിമാസം 60 രൂപാ ശമ്പളത്തിൽ ഒരു പര്യവേക്ഷണ വിദ്യാർത്ഥിയായി സർവ്വകലാശാലക്കാർ രാമാനുജനെ സ്വീകരിച്ചു.

രാമാനുജൻ ഇപ്രകാരം ഒരു വിദ്യാർത്ഥിയായിത്തീർന്നു; എന്നാൽ അദ്ദേഹത്തിന്റെ ഉൽക്കൃഷ്ടപ്രതിഭ ഇതുകൊണ്ടു

മാത്രം തൃപ്തമായിത്തീർന്നില്ല. ഇംഗ്ലണ്ടിൽ പോയി ഉന്നത വിദ്യാഭ്യാസം ചെയ്യണമെന്നുള്ള അയ്യങ്കാരുടെ ആഗ്രഹം സഫലമാക്കിത്തീർക്കുവാനായി അദ്ദേഹം കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ട്രിനിറ്റി കാളേജിൽ ഫെല്ലോ ആയിരുന്ന ജി. എച്ച്. ഹാർഡിക്ക് താഴെ കാണുന്ന പ്രകാരം ഒരു എഴുത്തെഴുതി അയച്ചു. 'Divergent Series'നെപ്പറ്റി ചില പ്രത്യേക പര്യവേക്ഷണങ്ങളും സമീപകാലത്തു ഞാൻ നടത്തിയിട്ടുണ്ട്. 'Orders on Infinity' എന്ന നാമധേയത്തിൽ അങ്ങയാൽ പ്രസിദ്ധീകൃതമായ ഒരു ലഘുപത്രിക എനിക്കു കാണാനിടയായി. അതിന്റെ 36-ാംവശത്തു്, ഏതെങ്കിലും ഒരു നിർദ്ദിഷ്ടസംഖ്യയെക്കാളും ചെറുതായ അവിഭാജ്യ സംഖ്യകളുടെ എണ്ണം കണ്ടു പിടിക്കാൻ ശരിയായ യാതൊരു മാർഗ്ഗവും ഇതുവരെ ഉണ്ടായിട്ടില്ല എന്നു് ഒരു പ്രസ്താവന ഞാൻ വായിച്ചു. ഞാൻ ഒരു മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ടു്. അതു് മിക്കവാറും ശരിയായ എണ്ണം തരുന്നതായിരിക്കും. ചിലപ്പോഴെല്ലാം വന്നു പോയേക്കാവുന്ന വ്യത്യാസം ത്യാജ്യകോടിയിൽ തള്ളത്തക്കവണ്ണം അത്ര നിസ്സാരവുമാണു്. ഇതിലടക്കം ചെയ്തിരിക്കുന്ന കടലാസുകഷ്ടം അങ്ങു് വായിച്ചുനോക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. നിഷ്കിഞ്ചനായതു കൊണ്ടു്, അതിൽ പ്രധാനമായ വല്ല ഭാഗങ്ങളും ഉണ്ടെന്നു് അങ്ങേക്കു് ബോധപ്പെട്ടാൽ പക്ഷം, എന്റെ തീയറങ്ങളും പ്രസിദ്ധീകരിക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.''

ഇതിൽപ്പരം തീയറങ്ങൾക്കുള്ള വിശദീകരണങ്ങളായിരുന്ന രാമാനുജൻ ആ ശാസ്ത്രജ്ഞനു് അയച്ചുകൊടുത്തിട്ടുണ്ടായിരുന്നതു്. ഇവയുടെ പരിശോധനയിൽ അദ്ദേഹം അത്യുത്സുകവിവശനായിത്തീർന്നുപോയി. അന്നുവരെ ആരും കണ്ടുപിടിച്ചിട്ടില്ലാത്ത മാർഗ്ഗങ്ങളും അവലംബിച്ചു് ആ തീയറങ്ങൾ, കലാശാലയിലെങ്ങും ശരിയായി പഠിച്ചിട്ടില്ലാത്ത ഒരു ഭാരതീയയുവാവു് വിശദീകരിച്ചിരിക്കുന്നതുകണ്ടു് അയ്യങ്കാരോടു് ആ ഗണിതശാസ്ത്രജ്ഞനു വളരെ സന്തോഷവും ബഹുമാനവും തോന്നി. വളരെ സ്തുതിച്ചും പ്രോത്സാഹനങ്ങൾ

നൽകിയും ഉള്ള ഒരുകത്തു് അദ്ദേഹം അയച്ചുകൊടുത്തതിനു പുറമെ, രണ്ടുവർഷം കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ആ യുവാവു് അഭ്യസനം നടത്തുന്നതിനു വേണ്ടസൗകര്യങ്ങളും വരുത്തുകയും ചെയ്തു; എന്നാൽ മതാചാരങ്ങളിൽ നിഷ്ഠയുള്ള അയ്യങ്കാക്കാക്കട്ടെ കപ്പൽ കയറി അശുദ്ധം ഭവിക്കാൻ മനസ്സില്ലായ്കയാൽ അദ്ദേഹം ആ ഉന്നതവിദ്യാഭ്യാസം വേണ്ടെന്നു വച്ചുകളഞ്ഞു.

കേംബ്രിഡ്ജ് സർവ്വകലാശാലയിൽ.

മദ്രാസിൽ ഏതാനും പ്രസംഗങ്ങൾ ചെയ്യാനായി കേംബ്രിഡ്ജിൽ നിന്നു് പുറപ്പെട്ട "നെവില്ലെ" എന്ന പണ്ഡിതനോടു് ഹാർഡി അപേക്ഷിച്ചിരുന്നതനുസരിച്ചു് അദ്ദേഹം രാമാനുജനെ കണ്ടു് കേംബ്രിഡ്ജ് വിദ്യാഭ്യാസത്തിന്റെ ആവശ്യം അദ്ദേഹത്തെ ബോധപ്പെടുത്തി. അദ്ദേഹം അതിലേക്കു് ഒടുവിൽ വഴിപ്പെടുകയും ചെയ്തു. മദ്രാസ് സർവ്വകലാശാലക്കാരുടെ 75 രൂപാ സ്കോളർഷിപ്പിനു പുറമേ കേംബ്രിഡ്ജ് സർവ്വകലാശാലക്കാരുടെ 300 രൂപാ സ്കോളർഷിപ്പും സ്വീകരിച്ചുകൊണ്ടു രാമാനുജൻ രണ്ടുവർഷം ആ ഭുവനപ്രസിദ്ധിപെറ്റ സർവ്വകലാശാലയിൽ അഭ്യസനം നടത്താൻ 1914 മാർച്ച് 17 ാം നു- ഇംഗ്ലണ്ടിലേക്കു കപ്പൽ കയറി.

ഇംഗ്ലണ്ടിൽ അദ്ദേഹം നാലുവർഷം താമസിച്ചു. "ചില കാര്യങ്ങളിൽ രാമാനുജൻ ഞാൻ അറിഞ്ഞിട്ടുള്ള സകല കണക്കുശാസ്ത്രജ്ഞന്മാരെയും അതിശയിക്കത്തക്ക സാമർത്ഥ്യവിശേഷത്തോടുകൂടിയ ഒരാളാകുന്നു" എന്നിങ്ങനെ രാമാനുജനെ പഠിപ്പിച്ചിരുന്ന പ്രൊഫസർ ഹാർഡി മാത്രമല്ല അഭിപ്രായപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിന്റെ കീർത്തി ഇംഗ്ലണ്ടിലെങ്ങും പരന്നു. പുതിയതായി കണ്ടുപിടിക്കപ്പെട്ട തിയറങ്ങളെല്ലാം ശാസ്ത്രലോകം പരിശോധന കഴിച്ചതിനുശേഷം അവയെ സ്വീകരിക്കുകയും, ഈ പുതിയ ശാസ്ത്രജ്ഞനെ അവർ വളരെ ബഹുമാനിക്കുകയും ചെയ്തു. തൽഫലമായി അതിവരെ

ഇൻഡ്യാക്കാക്ക് ഒരുത്തക്കും ലഭിച്ചിട്ടില്ലാത്ത "എഫ്. ആർ. എസ്" എന്ന അപൂർവ്വ ബിരുദം കൊണ്ടു അദ്ദേഹം അലംകൃതനായിത്തീർന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഒരു "ഫെല്ലോ" ആയി തിരഞ്ഞെടുത്ത അധികൃതന്മാർ അയ്യങ്കാരെ ബഹുമാനിച്ചതിനുംപുറമെ, പാരിതോഷികമായി വർഷംതോറും അദ്ദേഹത്തിനു 250 പവൻ കൊടുത്തുകൊണ്ടിരിക്കാമെന്നു വ്യവസ്ഥചെയ്കയും ചെയ്തുവത്രെ!

അകാലമരണം

എത്രയും അസാധാരണമായുള്ള ബിരുദവും, സ്ഥാനവും കീർത്തിയും, പ്രോത്സാഹനവും സമാജ്ഞിച്ച രാമാനുജൻ ഭാരതഭൂദേവിക്കൊരു തിലകമെന്നോണം പ്രശോഭിക്കുവാനുള്ള സകല യോഗ്യതകളോടും സുകൃതങ്ങളോടും കൂടി 1919 മാർച്ച് മാസത്തിൽ ഇൻഡ്യയിൽ വന്നു ചേർന്നു. അദ്ദേഹത്തിന്റെ ഭാവി ജീവിതം കൊണ്ടു കണക്കു ശാസ്ത്രത്തിനുണ്ടാകേണ്ട അഭിവൃദ്ധിയിൽ ദത്തദൃഷ്ടികളായി ഇന്ത്യാക്കാർ പ്രതീക്ഷിച്ചു കൊണ്ടിരുന്നു. എന്നാൽ "അതി ബുദ്ധിക്കു അല്പായുസ്സ്" എന്നുള്ളതു് രാമാനുജന്റെ കാര്യത്തിൽ ശരിയായി അനുഷ്ഠിക്കപ്പെട്ടുകയാണുണ്ടായതു്. ക്ഷയരോഗത്തിന്റെ പ്രാരംഭക്രമണങ്ങൾക്കു വിധേയനായിഅദ്ദേഹം ബ്രിട്ടനിൽ താമസിക്കുമ്പോൾ തന്നെ പലേ ആരോഗ്യകേന്ദ്രങ്ങളേയും അഭയം പ്രാപിച്ചിട്ടുണ്ടായിരുന്നു; എങ്കിലും ആ രോഗാസുരനിൽനിന്നു് രക്ഷപ്പെടാതെ ആയിരുന്നു അദ്ദേഹം ഇൻഡ്യയിൽവന്നിറങ്ങിയതു്. സുഖക്കേടു ദിവസംതോറും വർദ്ധിച്ചുകൊണ്ടിരുന്നതിന്റെ ഫലമായി രാമാനുജൻ 1920 ഏപ്രിൽ മാസം 26 നു- മദ്രാസിൽ വച്ചു് ദിവംഗതനായി.

കണക്കു ശാസ്ത്രത്തിൽ രാമാനുജൻ കണ്ടു പിടിച്ചിട്ടുള്ളതിൽ ഏറിയ ക്രമം വളരെ സാങ്കേതികമാണു്. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ, Infinite Series, Integrals, Continued fractions(പരമ്പരിതഭിന്നം), Theory of Numbers ഇവ അന്തർഭവിക്കുന്നതായ ഒട്ടധികം വിഷമപ്രശ്നങ്ങളം അടങ്ങിയിരിക്കുന്നു. അവ കണക്കിൽ അദ്ദേഹത്തിനുള്ള

അസാമാന്യപാണ്ഡിത്യത്തിന് ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ട്. ഗഹനങ്ങളായ തത്വങ്ങളെപ്പറ്റി പരിചിന്തനം ചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള പ്രതിഭാശക്തി ഒന്നു പ്രത്യേകം തന്നെയാണ്.

'Theory of Numbers' എന്ന ഭാഗത്തിലാണ് അദ്ദേഹം അധികവും പുരോഗമനം ചെയ്തിട്ടുള്ളത്. ഈ ഭാഗത്തെ പരാമർശിച്ച് രാമാനുജൻ എഴുതിയിട്ടുള്ള പല ലേഖനങ്ങളും സംഖ്യകളെപ്പറ്റി അദ്ദേഹത്തിനുള്ള പ്രത്യേക പ്രതിപത്തി വ്യക്തമാക്കുന്നു. സംഖ്യകളുടെ തത്വങ്ങളെ സംബന്ധിച്ച് ഗാഢചിന്തചെയ്യുന്നതിൽ അദ്ദേഹം വളരെ ഉത്സുകനായിരുന്നു. ഈ ഔത്സുക്യം കണ്ടിട്ട് ഒരിക്കൽ പ്രഫസർ ഹാർഡി ഇപ്രകാരം നേരമ്പോക്കായി പറകയുണ്ടായി:—"രാമാനുജൻ ഓരോ ധനസംഖ്യയും (Positive numbers) ഓരോ ആപ്ത മിത്രമാണ്."

രാമാനുജന് കണക്കുശാസ്ത്രത്തിലുള്ള ജ്ഞാനത്തിന്റെ അഗാധതപോലെ തന്നെ, അതിന്റെ പരിമിതിയും നമ്മെ വിസ്മയിപ്പിക്കുന്നു. കണക്കിൽ ഇത്രകണ്ട് അസാമാന്യബുദ്ധിശക്തിയുള്ള അദ്ദേഹം 'Cauchy's Theorem' എന്താണെന്നു കേട്ടിട്ടില്ല. അതുപോലെ തുല്യപ്രാധാന്യം വഹിക്കുന്ന മറ്റു പല ഭാഗങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ ജ്ഞാനം ഏറ്റവും അവ്യക്തമാണ്. ഏതെങ്കിലും ഒരു തീയറത്തിന്റെ ശാസ്ത്രരീത്യാ ഉള്ള സമർത്ഥനം ഏതുതരത്തിലായിരിക്കണമെന്നു രാമാനുജനു നിശ്ചയമില്ല. അദ്ദേഹം കണ്ടുപിടിച്ചിട്ടുള്ള തത്വങ്ങളും തന്നെ പലപ്പോഴും വെറും ആന്തരികപ്രചോദനംകൊണ്ടോ ദൃഷ്ടാന്തങ്ങളിൽനിന്ന് ഉരുവിക്കാവുന്ന സാമാന്യതത്വങ്ങളും മൂലമോ കിട്ടിയിട്ടുള്ളവയാണ്. ആ വക തത്വങ്ങളും ശാസ്ത്രരീത്യാ സമർത്ഥിക്കുന്നതിനു രാമാനുജൻ ശക്തനാകുന്നില്ല.

പ്രഫസർ ഹാർഡി പറയുന്നതു് ഇപ്രകാരമാണ്:—"ഫാർമുല, ഫാംസ് മുതലായി ആംജിബ്രയിലെ വിഷമമേറിയ ഭാഗങ്ങളിൽ രാമാനുജനുള്ള പാണ്ഡിത്യം അത്ഭുതാ

വഹംതന്നെ. ഈ സംഗതിയിൽ എനിക്കു് അദ്ദേഹത്തിനെയൂളറിനോടോ, ജേകോബിയോടോ ഉപമിക്കാനേ സാധിക്കയുള്ളൂ. ദൃഷ്ടാന്തങ്ങൾം മുഖേനയുള്ള സാമാന്യതത്വഗ്രഹണംമൂലം അദ്ദേഹം പല ആധുനികകണക്കു ശാസ്ത്രജ്ഞന്മാരെക്കാളും വളരെ കൂടുതൽ ചെയ്യ തീർത്തിട്ടുണ്ടു്. ധാരണാശക്തി, ക്ഷമ, ഗണനാപാടവം, സമാനീകരണചതുരത, ആദിയായ ഗുണങ്ങൾം അദ്ദേഹത്തെ തന്റെ പ്രവൃത്തിരംഗത്തിൽ നിസ്തുല്യനാക്കിത്തീർത്തിട്ടുണ്ടു്.''

രാമാനുജനു നേരംപോക്കുകളും ഇല്ലാതില്ല. ഒരിക്കൽ അദ്ദേഹം സുഖക്കേടായി കിടക്കുന്ന അവസരത്തിൽ ഒരു ഇഷ്ടൻ ദിനം അന്വേഷിക്കാൻ ചെല്ലുകയുണ്ടായി. അയാൾം യാത്രചെയ്തിരുന്ന വണ്ടിയുടെ നമ്പർ അയാൾക്കു് ഓർമ്മയുണ്ടായിരുന്നു. സംഭാഷണമദ്ധ്യേ അയാൾം രാമാനുജനോടു് ഇപ്രകാരം പറഞ്ഞു:—''ഞാൻ കേറി വന്ന വണ്ടിയുടെ നമ്പർ 7-13-19 എന്നായിരുന്നു. അതു് ഒരു നല്ല സംഖ്യയല്ല. അതു ഭാസൂചകമായ ഒരു നമ്പരാകാതിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു.''

രാമാനുജൻ:—അങ്ങനെയല്ല അതു വളരെ നല്ല ഒരു സംഖ്യയാണു്. രണ്ടു സംഖ്യകളുടെ ഘനങ്ങളുടെ തുകയായി പിരിച്ചെഴുതാവുന്നതിൽ ഏറ്റവും ചെറിയസംഖ്യ അതാണു്. ഇതിൽനിന്നു് അദ്ദേഹത്തിന്റെ ഗണനാചതുരതയും വെളിപ്പെടുന്നുണ്ടല്ലോ.

ഏറ്റവും ചുരുങ്ങിയ കാലത്തിനുള്ളിൽ പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെയെല്ലാം പ്രീതിബഹുമാനങ്ങൾംക്കു് പാത്രീഭൂതനായി, ഭാരതത്തിനു് ഒരു യശസ്തംഭമായി പരിലസിച്ച ഈ ധീവരേണ്യൻ ചിരകാലം ജീവിച്ചിരുന്നു് നൂതനതത്വസംഹിതകൾം ലോകത്തിൽ വിതരണം ചെയ്യുന്നതിനു് തക്ക സൗകര്യം ദൈവഭത്തമായില്ലല്ലോ എന്നു ഖേദിക്കയല്ലാതെ ഈ അവസരത്തിൽ നമുക്കു് എന്തു ചെയ്യാം !!

---

൧൨. സർ സാലർജംഗ്.

കോയിൽമുക്കു പി. കെ. പരമേശ്വരൻനായർ ബി. ഏ.

മുപ്പതു സംവത്സരക്കാലം ഹൈദ്രബാദ് രാജ്യത്തിലെ സചിവപീഠം അലങ്കരിച്ച് ഭാരതീയരുടേയും ആംഗ്ലേയരുടേയും പ്രീതിബഹുമാനങ്ങൾ ഒന്നുപോലെ സമ്പാദിച്ചിട്ടുള്ള ഒരു ഉത്തമരാജ്യഭരണതന്ത്രജ്ഞനാണ് സർ സാലർജംഗ് ഡി. സി. എൽ; ജി. സി. എസ്. ഐ. "ആധുനിക ഹൈദ്രബാദിന്റെ ജനയിതാവു" എന്ന അപരാഭിധാനത്താൽ പ്രശസ്തനായിത്തീർന്നിരിക്കുന്ന ഇദ്ദേഹത്തിനേയും സമകാലികനായ രാജാ സർ ടി. മാധവറാവുവിനേയും പോലെ ശ്രേഷ്ഠിമാന്മാരായ രാജ്യഭരണ തന്ത്രജ്ഞന്മാർ നൂറാണ്ടുകൾക്കിടയ്ക്ക് ഒന്നോ രണ്ടോ പേർ മാത്രം ജനിച്ചേക്കാം എന്നത്രേ ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്. കാര്യവിചക്ഷണത, ഭരണതന്ത്രനൈപുണ്യം, ലോകാവലോകന ചാതുര്യം, ജനരഞ്ജന ആദിയായി ഒരു സചിവന് അവശ്യം വേണ്ടുന്ന സകല സൽഗുണങ്ങളും ഒത്തിണങ്ങി വിളങ്ങിയിട്ടുള്ള സർ സാലർജംഗ് 19-ാം ശതാബ്ദത്തിലെ ഭാരതീയ ഭരണതന്ത്രജ്ഞന്മാരിൽ ഉജ്വലത്തായ ഒരു തേജഃപുഞ്ജമായിരുന്നു.

മരണം ചോദിച്ചു;
മരണംകിട്ടി.

ഒരു സുപ്രസിദ്ധ പ്രഭുകുടുംബത്തിലാണ് ഇദ്ദേഹം ജാതനായതു്. സാലർ ജംഗിന്റെ പിതാവും പിതൃവ്യനും പിതാമഹനും മാത്രമല്ല മന്ത്രിപീഠാരോഹണംചെയ്തിട്ടുള്ളതു്. ഇദ്ദേഹത്തിന്റെ പ്രപിതാമഹന്മാരിൽ പലരും ബിജപ്പൂർ രാജ്യത്തിലു മുകിലസാമ്രാജ്യത്തിലും ഉയർന്ന ഉദ്യോഗങ്ങൾ വഹിച്ച് പ്രതാപശാലികളായിത്തീർന്നിട്ടുള്ള രാണ്.

സർ സാലർജംഗ് 1829-ാമാണ്ടു് ജനിച്ചു. ഇദ്ദേഹത്തിന്റെ ശൈശവകാലം അനുസ്മരിപ്പിക്കുന്ന രസകരമായ ഒരു കഥയുണ്ടു്. ടൈഫായിഡ് ബാധിതമായിത്തീർന്ന ശിശുവിനെ കാലദൂതന്മാർ കൊണ്ടു കടന്നുകളയുമെന്നു ഭയപ്പെട്ടു്, പിതാമഹനായ മുനിർ ഉൽമുൽക്കു് II, മുസ്‌ലിങ്ങളുടെ ഇടയ്ക്കു് തസ്സാദുക്കു് എന്നു പറഞ്ഞുവരുന്ന ഒരു ദൈവപ്രീതികർമ്മം നടത്തുകയുണ്ടായി. അതിന്റെ പരിസമാപ്തിയിൽ അദ്ദേഹം പ്രാർത്ഥിച്ചതു് "സാലർ ജംഗിനു മരണം സംഭവിക്കണമെന്നുള്ളതു് ദൈവനിയോഗമാണെങ്കിൽ ആ മരണം എനിക്കു് നൽകേണമേ! എന്റെ കുഞ്ഞു രക്ഷപ്പെടേണമേ" എന്നായിരുന്നു. ഹുമയൂണിനെ രക്ഷിക്കാൻ ബേബർ നടത്തിയ പ്രാർത്ഥനയിലെപോലെ, എന്തദ്ഭുതം! ശിശു രോഗവിമുക്തനായി, പിതാമഹൻ പരലോകപ്രാപ്തനുമായി. ഹൈദ്രബാദിന്റെ അനവരതമായ അഭിവൃദ്ധിക്കു്, 23 വർഷം സചിവമണ്ഡലസൂത്രം ധരിച്ചുകൊണ്ടിരുന്ന ആ വൃദ്ധന്റെ ജീവിതത്തിനെക്കാൾ സാലർജംഗിന്റെ ജീവിതം കൂടുതൽ പ്രയോജകീഭവിക്കുന്നതാണെന്നു് സർവ്വേശ്വരൻ കണ്ടിട്ടുണ്ടായിരിക്കണം.

സചകുടുംബത്തിലേക്കു് 25 ലക്ഷം രൂപായുടെ കടം വരുത്തിവച്ചതിനു ശേഷമായിരുന്നു ഈ പിതാമഹൻ പരലോകം പ്രാപിച്ചതു്. ഭാരമേറിയ ഋണബാദ്ധ്യതയിൽനിന്നു കുടുംബത്തിനെ നൈസാം തിരുമനസ്സുകൊണ്ടു് വിമോചിപ്പിച്ചിട്ടു് വസ്തുക്കളിൽ അധികവും കടം തീർക്കുന്നതുവരെ സെക്യൂരിട്ടിയായി അദ്ദേഹം കൈയ്‌വശപ്പെടുത്തി. അതിനാൽ ഉത്കൃഷ്ട കുലജാതനായ സാലർജംഗിനു് ലക്ഷ്മീകടാക്ഷത്തിന്റെ അഭാവം കൊണ്ടുള്ള അസൗകര്യങ്ങളും വിഷമങ്ങളും അനുഭവിച്ചു തന്നെ വിദ്യാഭ്യാസം ചെയ്യേണ്ടതായി വന്നു ചേർന്നു. പെഴ്സ്യൻ ഭാഷയും അറബിഭാഷയും സ്വാധീനപ്പെടുത്തിയതോടുകൂടി കുതിരസവാരി തുടങ്ങിയ കായികാഭ്യാസങ്ങളും അദ്ദേഹം വശമാക്കി. 19-ാം വയസ്സുമുതൽ ആംഗലഭാഷയും അദ്ദേഹം പഠിച്ചുകൊണ്ടിരുന്നു.

ടെലിംഗാനയിലെ ചില ഡിസ്ട്രിക്റ്റുകളിൽ താലൂക്കുദാർ ആയി 18 ാം വയസ്സിൽ നിയമിതനായ ഈ യുവാവു്

ജോലിയിൽ പ്രദർശിപ്പിച്ച സാമർത്ഥ്യം നൈസാമിന് അദ്ദേഹത്തോടുണ്ടായിരുന്ന സ്നേഹബഹുമാനങ്ങളെ ശതഗുണീഭവിപ്പിച്ചു. 1853-ൽ അദ്ദേഹത്തിന്റെ പിതൃവ്യനായ സെറാജ് ഉംമുൽക്ക മരിച്ചു. ഉടൻതന്നെ മഹാരാജാവ് നമ്മുടെ കഥാനായകനെ മന്ത്രിപീഠത്തിൽ അവരോധിച്ചു. അടുത്ത മുപ്പതു സംവത്സരക്കാലം പ്രശസ്തിയോടെ മന്ത്രി പീഠം അലങ്കരിച്ച ഈ രാജ്യഭരണതന്ത്രജ്ഞൻ നൈസാമിനും അധീശഗവണ്മെൻറിനും ജനങ്ങൾക്കും ഒന്നുപോലെ തൃപ്തി വരുമാറു രാജ്യം ഭരിച്ചിരുന്നു എന്നുള്ളതു് ഹൈദ്രബാദിന്റെ ചരിത്രത്തിൽ നിന്നും സ്പഷ്ടമാകുന്നുണ്ട്.

24-ാംവയസ്സിൽ മന്ത്രി

ഇരുപത്തിനാല വയസ്സുമാത്രം പ്രായമുള്ള ഒരു യുവാവിനെ വിസ്തൃതമായ ഒരു രാജ്യത്തിന്റെ ഭാഗധേയം നയിക്കുവാൻ നിയമിച്ചപ്പോൾ ഹൈദ്രബാദ് സിവീസിലെ ഉദ്യോഗസ്ഥമണ്ഡലം ഒന്നിളകിവശായി. കൂട്ടത്തൽകാലം ഉദ്യോഗം ഭരിച്ചു തഴക്കവും പഴക്കവുമുണ്ടെന്നഭിമാനിച്ച ചിലർ അസൂയയും അതൃപ്തിയും അവഹേളനവും പ്രകടിപ്പിച്ചു. പ്രഭവത്തിൽപെട്ട ചിലയാളുകൾ രാഷ്ട്രത്തിന്റെ ഭാവിയെ പഴിപറഞ്ഞുകൊണ്ടു് ക്ഷോഭിക്കുകയും നക്രബാഷ്പം പൊഴിക്കുകയും ചെയ്തു. എന്തൊക്കെയായിട്ടും നൈസാമോ അദ്ദേഹത്തിന്റെ യുവമന്ത്രിവീരനോ ഇളകിയില്ല. മന്ത്രിമണ്ഡലദീപങ്ങളായ അനവധി പുരുഷകേസരികളുടെ പാരമ്പര്യംകൊണ്ടു് അനുഗൃഹീതമായ ഒരു കുടുംബത്തിലെ ഉൗർജ്ജസ്വലനും കുശാഗ്രബുദ്ധിയുമായ ആ ധീരയുവാവും, അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കുടുംബത്തേയും അടുത്തറിഞ്ഞ സിംഹാസനാധിപതിയും ഇതിൽ ഇളകാതെയിരുന്നതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. താൻ ഉദ്ദേശിക്കുന്നവിധം ഭരണയന്ത്രം നടത്തിക്കൊണ്ടിരിക്കാൻ അദ്ദേഹത്തിനു നിഷ്പ്രയാസം സാദ്ധ്യമായി എന്നു മാത്രമല്ല അടുത്ത പത്തു സംവത്സരത്തിനകം

പലേ പുതിയ ഭരണപരിഷ്കാരങ്ങളും ഏർപ്പെടുത്തി ഹൈദ്രബാദിനെ ഉയർത്തിക്കൊണ്ടുവരാനും അദ്ദേഹത്തിനു കഴിഞ്ഞു എന്നുള്ളതു പ്രസ്താവയോഗ്യമാകുന്നു.

ബ്രിട്ടീഷിൻഡ്യാസാമ്രാജ്യത്തെ തകടംമറിക്കുന്നതിനായി 1857-ൽ നടന്ന ശിപായിലഹള സാലർജംഗിന്റെ കീർത്തി ഇൻഡ്യ മുഴുവനും ബ്രിട്ടനിലും പ്രചരിക്കുന്നതിനു സംഗതിയാക്കിത്തീർത്തു. ഉത്തരഭാരതത്തിലെ അനവധിസഹസ്രം ഭടന്മാർ, ജമിന്ദാരന്മാർ, നവാബുമാർ തുടങ്ങിയുള്ളവർ മുന്നിട്ടു നിന്നു നടത്തിയ ആ ഭയങ്കര കലാപത്തിന്റെ ഘട്ടത്തിൽ ധനസ്വാധീനവും ജനസ്വാധീനവും, ഔദ്യോഗികമായി സർവ്വാധികാരങ്ങളും ഉള്ള ഈ മന്ത്രിരാജൻ ലഹളക്കാരോട് അല്പമായ ആനുകൂല്യം കാണിച്ചിരുന്നെങ്കിൽ ദക്ഷിണഭാരതം മുഴുവനും ഇളകുകയും ഇൻഡ്യയിലെ മുസ്ലിങ്ങളെല്ലാം ഏകമനസ്സോടെ അദ്ദേഹത്തിന്റെ ആജ്ഞാനുസരണം പ്രവർത്തിക്കുവാൻ സന്നദ്ധരാകയും ചെയ്യുമായിരുന്നുവെന്നുള്ളതിനു തർക്കമില്ല. "നൈസാം കൈവിട്ടുപോയാൽ നമുക്കു സകലതും നഷ്ടപ്പെട്ടുന്നതാണ്" എന്നാണ് ആയവസരത്തിൽ ബാംബെ ഗവർണർ അഭിപ്രായപ്പെട്ടതു്. അധീശഗവണ്മെൻറിനോട് വേണ്ടത്ര ആനുകൂല്യം പ്രദർശിപ്പിക്കുവാൻ നൈസാം തയാറായി.

സമത്വം, സ്വാതന്ത്ര്യം എന്നും മറ്റും ഉൽഘോഷണം ചെയ്തുകൊണ്ടു ചില മൗലവിമാർ നടത്തിയ പ്രസംഗങ്ങളും, അവകേട്ട് "ദീൻ" "ദീൻ" ശബ്ദങ്ങളോടുകൂടി ജനസഞ്ചയത്തിൽ ചിലർ പ്രദർശിപ്പിച്ച വിപ്ലവസന്നദ്ധതയും സാലർജംഗ് നിഷ്പ്രയാസം അമർത്തിക്കളഞ്ഞു; റസിഡൻസി ആക്രമണം നടത്തിയ 4500 ലഹളക്കാരെ പിരിച്ചുവിട്ട് അവരുടെ നേതാക്കന്മാരെ കഠിനമായി ശിക്ഷിച്ചു; ഇംഗ്ലീഷുകാർക്കെതിരായി രാജ്യത്തു് അവിടവിടെ പള്ളികളിൽവച്ചു നടത്തപ്പെട്ട പ്രസംഗങ്ങളും നിശ്ചയങ്ങളും കർശനമായി പ്രതിരോധിച്ചു. ഇങ്ങനെ അധീശഗവർമ്മെൻറിനെ ഈ രാജ്യഭരണതന്ത്രജ്ഞൻ ഒരു അത്യാപൽഘട്ടത്തിൽ വേണ്ടവിധം സഹായിക്കുകയുണ്ടായി എന്നുള്ളതു് അനവധി ഇംഗ്ലീഷു ഉദ്യോഗസ്ഥന്മാരും

ചരിത്രകാരന്മാരും കൃതജ്ഞതാപുരസ്സരം പ്രസ്താവിച്ചിട്ടുള്ള ഒരു പരമാത്മാകുന്നു. ജീവഹാനികരമായ അപകടങ്ങളും പോലും സംഭവിക്കാൻ ഇടയായി.

സാലർ ജംഗിനെ വധിക്കാനുള്ള ശ്രമങ്ങളും.

വലിയ ശിപായിലഹളയിൽ സാലർജംഗ് പ്രദർശിപ്പിച്ച ഹൃദയവിശാലത അദ്ദേഹത്തിനു ചില ശത്രുക്കളെ രാജ്യത്തിനകത്തു ഉണ്ടാക്കിത്തീർത്തു. ഭാരതീയമുസ്ലീങ്ങളുടെ നഷ്ടസ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനു് ഇദ്ദേഹമാണു് പ്രധാന പ്രതിബന്ധകൻ എന്നു വിശ്വസിക്കുന്ന ഒരു കൂട്ടം ജനങ്ങളും ഹൈദ്രബാദിൽ വർദ്ധിച്ചുകൊണ്ടിരുന്നു. പരിഷ്കൃത ജനതയുടെ അനന്യോജ്യമാകുംവണ്ണം ആ ഭരണമേധാവി ഏർപ്പെടുത്തിയ പുതിയ പരിഷ്കാരങ്ങളോടു് അവർക്കു കഠിനവിദ്വേഷം ഉണ്ടായിരുന്നതാണു്. അനേകശതവർഷങ്ങളായി ഡെക്കാണിൽ നിലനിന്നിരുന്ന യാഥാസ്ഥിതികത്വത്തിനു ഹാനിതട്ടുന്ന കാഴ്ച കാണ്മാൻ അവർക്കു ശേഷിയില്ലാതായി. ഒരു ദിവസം അദ്ദേഹം ഡർബാർ ഹാളിൽനിന്നും റസിഡൻസിയിലേയ്ക്കു് ഒന്നിച്ചു് ഇറങ്ങിവരികയായിരുന്നു. ഒരു റോഹില്ലൻ ആ അവസരത്തിൽ അദ്ദേഹത്തെ ലാക്കാക്കി ഒരു വെടിവെച്ചു. ഭാഗ്യവശാൽ അതു് ഒരു അംഗരക്ഷകനെ നിലം പതിപ്പിച്ചതല്ലാതെ ഘാതകന്റെ ഉദ്ദേശ്യസിദ്ധിക്കു് പര്യാപ്തമായിത്തീർന്നില്ല. നിരാശനായിത്തീർന്ന റോഹില്ലൻ വാളുമായി മന്ത്രിയുടെനേർക്കു് കുതിച്ചു. അടുത്തു നിന്നവരൊരു അംഗരക്ഷകൻ അവനെ ഉടൻ വെട്ടിവീഴ്ത്തിയതിനാൽ, രണ്ടു വ്യാഴവട്ടക്കാലംകൂടി ഹൈദ്രബാദ് ഭരിക്കേണ്ട മഹാഭാഗ്യം സാലർ ജംഗിനു ലബ്ധമായി.

ഇദ്ദേഹത്തെ നിഗ്രഹിക്കുന്നതിനു് ഇതുപോലുള്ള ഒരു ശ്രമം 1868-ാമാണ്ടിലും നടന്നു. നൈസാമിന്റെ കൊട്ടാരത്തിൽ നിന്നു് മന്ത്രി തിരിച്ചുവരുമ്പോൾ രണ്ടുപേർകൂടി അദ്ദേഹത്തെ വെടിവെച്ചു. ഒരു വെടി അദ്ദേഹത്തിന്റെ തലപ്പാവിനു് സ്ഥാനഭ്രംശവും മറ്റതു് അദ്ദേഹത്തിന്റെ ഒരു

ഭൃത്യനു മുറിവും വരുത്തിയതല്ലാതെ ഈശ്വരാധീനം കൊണ്ടു് മറെറാന്നും സംഭവിക്കുന്നതിനു സംഗതിയാക്കിയില്ല.

ഇവയെക്കാൾ ഒക്കെ ഗുരുതരവും അപമാനകരവും ആയ ആപത്തുകൾ നൈസാമിന്റെ അവിശ്വാസ മനസ്ഥിതിമൂലം സാലർജംഗിനു വന്നുചേർന്നു എന്നുള്ളതാണു് ഇനി പ്രസ്താവിക്കേണ്ടതു്. റസിഡൻറിനു മന്ത്രിയുടെ പേരിൽ നല്ല അഭിപ്രായമില്ല എന്നൊരുവാർത്ത അടിസ്ഥാനരഹിതമായി നൈസാമിന്റെ ചില സേവകന്മാർ നൈസാമിനെ ധരിപ്പിച്ചു. തനിക്കു് സാലർജംഗിനെക്കുറിച്ചുള്ള മതിപ്പു് നൈസാമുമായുള്ള ഒരു സന്ദർശനഘട്ടത്തിൽ റസിഡൻറ് വെളിപ്പെടുത്തിയതോടുകൂടി അതു അസ്തമിച്ചുപോയി.

നൈസാമിനും മന്ത്രിക്കും ഇടയ്ക്കു് "വക്കീൽ" എന്നുള്ള നിലയിൽ ഔദ്യോഗികമായി ഇടപെട്ടു കൊണ്ടിരുന്ന ലസ്സർ ജംഗിന്റെ ഏഷണി നിമിത്തം സിംഹാസനാധിപതിക്കു് 1866-ൽ സചിവ പ്രധാനനോടു് കഠിനമായ വിദ്വേഷം തോന്നിയിരുന്നു. തന്നോടു കാണിക്കേണ്ടതിനെക്കാൾ വിശ്വസ്തത ഇൻഡ്യാ ഗവൺമെൻറിനോടു് മന്ത്രി പ്രദർശിപ്പിച്ചു വരുന്നു എന്നൊരു വിശ്വാസവും അദ്ദേഹത്തിന്റെ ഉള്ളിൽ കടന്നുകൂടി. മന്ത്രിയുടെ അധികാരസീമയിലും പ്രവർത്തനരംഗങ്ങളിലും നൈസാം അനാവശ്യവും അനവരതവും ആയി ഇടപെട്ടു തുടങ്ങി. അദ്ദേഹത്തിന്റെ നിസ്സാരപ്രവൃത്തികളെപ്പോലും സംശയദൃഷ്ട്യാവീക്ഷിച്ചുവന്നു. അദ്ദേഹത്തിന്റെ അനുവാദംകൂടാതെ വീട്ടിനുപുറത്തുപോകാനോ സാമുദായിക കാര്യങ്ങളിലും മറ്റും ഭാഗഭാക്കാകാനോ അനുവദിക്കാത്തവിധം മന്ത്രിയുടെ സ്വാതന്ത്ര്യം നിരോധിക്കപ്പെട്ടു എന്നു കേൾക്കുമ്പോൾ സാലർജംഗ് എത്രമാത്രം വിഷമങ്ങൾ അനുഭവിച്ചു എന്നു് ഊഹിക്കാവുന്നതാണല്ലോ. എന്നാൽ ഈ അവസ്ഥാന്തരങ്ങളെല്ലാം അധികകാലം നിലനിന്നില്ല. നിർബന്ധബുദ്ധിയായ സ്വാമിനാഥന്റെമുമ്പിൽ വിനീതനായി സാലർജംഗ് നടത്തിയ ഒരു ക്ഷമാപണം നിമിത്തം അവർ തമ്മിൽ പൂർവ്വാധികം രമ്യമായി കഴിഞ്ഞുകൂടുവാൻ സംഗതിയായി.

യൂറോപ്പിലേക്കു യാത്ര.

1875ൽ സാലർജംഗ് ഒരു യൂറോപ്പു പര്യടനം നടത്തി. 25 അനുചരന്മാരോടു കൂടി അദ്ദേഹം നടത്തിയ ഈ സഞ്ചാരത്തിനിടയ്ക്ക്, റോം, മിലാൻ, വാറിക്കാൻ, ട്യൂറിൻ, പാരിസ് തുടങ്ങി ഏതേതെല്ലാം നഗരങ്ങളിൽ വിശ്രമിച്ചുവോ അവിടെയെല്ലാം ജനങ്ങളും ആഹ്ലാദപുരസ്സരം ഇദ്ദേഹത്തെ സ്വീകരിക്കുകയുണ്ടായി. ബ്രിട്ടനിൽ നിന്നു ലഭിച്ച സ്വീകരണങ്ങളെക്കുറിച്ചു വർണ്ണിക്കുക അശക്യമാണ്. വെയിൽസ് രാജകുമാരൻ (പിന്നീടു് എഡ്വർഡ് സപ്തമൻ ചക്രവർത്തി) തുടങ്ങി ബ്രിട്ടനിലെ എണ്ണപ്പെട്ട മഹാപുരുഷന്മാരിൽ അധികം പേരും ഇദ്ദേഹത്തെ പ്രത്യേകം സൽകരിച്ചു് തങ്ങളുടെ സ്നേഹവും സന്തോഷവും പ്രദർശിപ്പിച്ചു. മാത്രമോ, ആക്സ്ഫോർഡ് സർവ്വകലാശാലക്കാർ ഡി. സി. എൽ. എന്ന അപൂർവ്വബിരുദം നൽകി ഈ മന്ത്രിവരനെ ബഹുമാനിക്കുക കൂടി ചെയ്തു. "ആപല്ക്കാലത്തു് ഇന്ത്യയെ രക്ഷിച്ച ഈ മഹാനെക്കുറിച്ചു് ഇംഗ്ലീഷുകാർക്ക് ആകമാനം ഉണ്ടായിരുന്ന ബഹുമാനം എത്രമാത്രമായിരുന്നു എന്നു് ഇവയിൽ നിന്നൊക്കെ അനുമാനിക്കാവുന്നതാണ്.

റീജൻറായിത്തീർന്നു.

നൈസാമായിരുന്ന അഫ്സൽഡൌളാ 1869 ാമാണ്ടു നാടുനീങ്ങിയതിനാൽ, അദ്ദേഹത്തിന്റെ മകൻ മൂന്നു വയസ്സുള്ള ഒരു കുട്ടിയായിരുന്നു സിംഹാസനാവകാശിയായിത്തീർന്നതു്. അതുകൊണ്ടു് സാലർജംഗിന്റേയും, ഷംസുൽ ഉമ്രായുടേയും റീജൻസി ഭരണത്തിൽ രാജ്യകാര്യങ്ങളും നടന്നുകൊണ്ടിരുന്നു. 1881 മുതൽ മന്ത്രിപദവും റീജൻസി സ്ഥാനവും സാലർജംഗിൽ തന്നെ നിക്ഷിപ്തമാകയും, രാജ്യനിവാസികൾക്കും ഇൻഡ്യാഗവണ്മെൻറിനും തൃപ്തി വരുമാറു് അദ്ദേഹം രാജ്യം ഭരിക്കുകയും ചെയ്തു. ഇപ്രകാരമുള്ള ഭരണത്തിൽ

സംപ്രീതരായിത്തീർന്ന അധീശ ഗവണ്മെൻറ് ജി. സി. എസ്. ഐ. സ്ഥാനവും 17 ആചാരവെടിയും അനുവദിച്ചു കൊടുത്തു് ഈ മന്ത്രിയെ വേണ്ട വിധത്തിൽ ബഹുമാനിച്ചു.

അപ്രതീക്ഷിത മരണം.

മുപ്പതോളം സംവത്സരക്കാലത്തെ ഭരണം കൊണ്ടു് ഹൈദ്രബാദിനെ നാട്ടരാജ്യങ്ങളുടെ മുന്നണിയിൽ കൊണ്ടുവരുന്നതിനു് സാധിച്ച ഈ ഭരണതന്ത്രവിശാരദൻ അടുത്ത മുപ്പതു വർഷം കൂടി സചിവപദം അലങ്കരിക്കത്തക്ക കായശക്തിയും മനശ്ശക്തിയും, സന്നദ്ധതയും ഉള്ള ആളായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ ജീവനെ ദുർവ്വിധി 53-ാം വയസ്സിൽ അപഹരിക്കുകയാണു് ചെയ്തതു്. പെട്ടെന്നുണ്ടായ ഒരു കാളറ നിമിത്തം ഹൈദ്രബാദ് നിവാസികളെ അകമാനം ദുഃഖസാഗരത്തിൽ നിമഗ്നരാക്കിയിട്ടു്, ആ മഹാപുരുഷൻ പരലോകം പ്രാപിച്ചു.

ബ്രിട്ടീഷു ചക്രവർത്തിനി പോലും ഈ അകാലനിര്യാണത്തിൽ ബന്ധുമിത്രങ്ങൾക്കു് അനുശോചനം അയച്ചു എന്നു കേൾക്കുമ്പോൾ എത്ര സഹസ്രം കമ്പികളും കത്തുകളും ആണു് അവർക്കു ഇതു സംബന്ധിച്ചു ലഭിച്ചിട്ടുള്ളതെന്നു് ഊഹിക്കാവുന്നതാണല്ലൊ. സാലർജംഗിന്റെ പുത്രന്മാർ രണ്ടുപേരും പുത്രനും ഹൈദ്രബാദിലെ പ്രധാന മന്ത്രിമാരായിരുന്നിട്ടുണ്ടു്. പുത്രനായ നവാബ് മിർയൂസഫ് അലി ഖാൻ 1914-ാ മാണ്ടു് ആ മന്ത്രിപദം രാജി കൊടുത്തതിനു ശേഷം നാളതുവരെ അപ്രകാരം ഒരു ഉദ്യോഗത്തിൽ ആരും നിയമിതനായിട്ടില്ല എന്നതും പ്രസ്താവയോഗ്യമത്രെ.

ഭരണപരിഷ്കാരങ്ങൾ.

കേവലം ഒരു അപരിഷ്കൃതരാജ്യമായിരുന്ന ഹൈദ്രബാദിനെ ഇംഗ്ലീഷുകാരുടേയും ഇൻഡ്യാക്കാരുടേയും ദൃഷ്ട്യാ ഒരു ഉയർന്ന രാജ്യമാക്കിത്തീർത്ത സാലർ ജംഗിന്റെ ഭരണകൗശ

ലതയെക്കുറിച്ചുകൂടി അല്പം പ്രസ്താവിക്കുന്നതു് അസംഗതമായിരിക്കുകയില്ലല്ലൊ. ഇദ്ദേഹത്തിന്റെ ഭരണാരംഭഘട്ടത്തിൽ കൊള്ളകളും മോഷണങ്ങളും കൊണ്ടു് മിക്ക ഗ്രാമവാസികളും സങ്കടം അനുഭവിച്ചുവരുകയായിരുന്നു. രാജ്യം മുഴുവൻ 17 ഡിസ്ട്രിക്ടുകളായി ഭാഗിച്ചു് ധാരാളം കച്ചേരികളും പോലീസ് സ്റ്റേഷൻസും ഏർപ്പെടുത്തിയതിനു പുറമെ, ഇത്തരം കേസുകൾ വിസ്തരിക്കുന്നതിനു് പ്രത്യേകമായി ഒരു 'റോഹില്ലാ കോടതി'യും അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അവിടെ ഫൈക്കോടതി സ്ഥാപിച്ചതും ഇദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നു. കൊള്ളക്കാർക്കു് കഠിന ശിക്ഷകൾ നൽകി രാജ്യം സുരക്ഷിതമാക്കിത്തീർത്തു.

കൺടാക്ടു് വ്യവസ്ഥ അനുസരിച്ചു് കരം പിരിവു നടത്തിവന്ന ഹൈദ്രബാദിൽ അധീശഗവണ്മെൻറിനു് കൊടുക്കേണ്ട സൈന്യച്ചെലവു നീക്കിയാൽ വർഷംപ്രതി 18 ലക്ഷം രൂപാ മാത്രമേ ഭരണത്തിനു് വിനിയോഗിക്കാനായി മിച്ചം ലഭിച്ചിരുന്നുള്ളൂ. സ്ഥിരം പാട്ടക്കാരെപോലെ വർത്തിച്ചിരുന്ന അത്തരം 4000 ത്തിൽപരം അറബികളേയും പട്ടാണികളേയും സിവിൽകോടതി വിചാരണയ്ക്കുശേഷം പിരിച്ചു വിട്ടപ്പോൾ ഒരു വർഷത്തിനകം കരംപിരിവുവകയിൽ 40 ലക്ഷം രൂപാ ഗവണ്മെൻറിനു് ലഭിക്കുകയുണ്ടായി. ഈവന്മഭരണത്തിൽ അസാധാരണ വൈദഗ്ധ്യമുള്ള സാലർ ജംഗിന്റെ നേരിട്ടുള്ള ഭരണത്തിൽ രാജ്യത്തിന്റെ നാലിലൊരുഭാഗം, അതായതു് 60 ലക്ഷം രൂപാ മുതലെടുപ്പുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി, മറ്റുള്ളവർക്കു മാതൃകയായിരിക്കത്തക്കവിധം അദ്ദേഹം അവയുടെ ഭരണച്ചുമതല വഹിച്ചുകൊണ്ടിരുന്നു.

നാലു ഭരണശാഖാമന്ത്രിമാരുടേയും സെക്രട്ടറിമാരുടേയും ചുമതലയിൽ സകല ഡിപ്പാർട്ടുമെൻറുകളും ഉൾപ്പെടുത്തി അദ്ദേഹം നടത്തിയ ഭരണപരിഷ്കാരമാണു് ഇന്നും ഹൈദ്രാബാദിൽ നിലവിലിരിക്കുന്നതു്.

കൊറാൻ പഠിത്തം മാത്രം വ്യവസ്ഥാപിതനിലയ്ക്കുള്ള വിദ്യാഭ്യാസമായി നടന്നുകൊണ്ടിരുന്ന ഹൈദ്രബാദിൽ പട്ടണ

ങ്ങൾതോറും സർക്കാർ ഹൈസ്കൂളുകളും, ഗ്രാമങ്ങളിലെല്ലാം പ്രാഥമികപാഠശാലകളും ഏർപ്പെടുത്തിയും ഇംഗ്ലീഷ് സ്കൂളുകൾ, സാധാരണ കാളേജുകൾ, എഞ്ചിനീയറിംഗ് കാളേജ്, മെഡിക്കൽസ്കൂൾ മുതലായവ സ്ഥാപിച്ചും അദ്ദേഹം വിദ്യാഭ്യാസപ്രചരണാർത്ഥം പല പ്രവൃത്തികളും ചെയ്തു. പോലീസ്, സർവ്വെ, ജുഡിഷ്യൽ, എഞ്ചിനീയറിംഗ്, റയിൽവെ, എക്സൈസ് തുടങ്ങി രാജ്യഭരണത്തെ ലഘൂകരിക്കുന്ന പലേ ഡിപ്പാർട്ടുമെൻറുകളും പരിഷ്കൃതനിലയിൽ ക്രമപ്പെടുത്തിക്ഷേമം വരുത്തിത്തുടങ്ങിയതു സർ സാലർജംഗ് ആണെന്നുള്ളതു് ആ രാജ്യചരിത്രത്തിലെ ഒരു പ്രധാന സംഗതിയാണു്.

സൈന്യച്ചെലവിനെന്നുള്ള പേരിൽ ഇൻഡ്യാഗവണ്മെൻറിനു അടച്ചുകൊണ്ടിരുന്ന കപ്പം 80 ലക്ഷം രൂപാ ആയിരുന്നതു് ഈ മന്ത്രിവര്യൻ നടത്തിയ എഴുത്തുകുത്തിൻറേയും മറ്റും സാമർത്ഥ്യം നിമിത്തം 20 ലക്ഷമാക്കി കുറച്ചു എന്നുള്ളതും വിസ്മരിക്കാവുന്ന ഒന്നല്ല.

എത്രതന്നെ ജോലിചെയ്താലും തൃപ്തിവരാത്ത ഒരു പ്രകൃതക്കാരനായിരുന്നു സാലർജംഗ്; എന്നാൽ അത്യധികം ജോലിത്തിരക്കുള്ള വർഷങ്ങളിൽ പോലും റംസാൻകാലത്തു് അനുഷ്ഠിക്കേണ്ട ഉപവാസാദികർമ്മം യാതൊന്നും അദ്ദേഹം ഒരിക്കലും ലംഘിച്ചിരുന്നില്ല എന്ന ഏകസംഗതി അദ്ദേഹത്തിൻറെ മതബോധം ശരിയായി വെളിപ്പെടുത്തുന്നുണ്ടല്ലോ.

ഏതുപ്രകാരത്തിൽ നോക്കുന്നതായാലും 19-ാം ശതാബ്ദത്തിലെ ഒരു ഉത്തമഭാരതീയസചിവനായി സാലർജംഗ് വിളങ്ങിയിരുന്നു എന്നുള്ളതു് ആരും സമ്മതിക്കുന്നതാണു്.

ഫ്രാങ്ക്ലിൻ.

വെങ്കുളം ജി. പരമേശ്വരൻപിള്ള.

ഞായറാഴ്ച മനോഹരമായ ഒരു പ്രഭാതം. ഇന്നു അമേരിക്കയിലെ മൂന്നാമത്തെ നഗരമായി ആകാരത്തിലും മോഹനീയതയിലും മേന്മ പ്രാപിച്ചിരിക്കുന്ന ഫിലാഡൽഫിയാ നഗരം 100 വർഷത്തിനുമുമ്പെ മരക്കൂടിലുകൾകൊണ്ടു നിറയപ്പെട്ടിരുന്ന ഒരു വെറും ഗ്രാമം മാത്രമായിരുന്നു. കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ച്, വാടിത്തളർന്ന ഗാത്രത്തോടുകൂടി അതാ ഒരു ബാലൻ ഒരു റൊട്ടിക്കഷണവും കടിച്ചു തിന്നുകൊണ്ടു റോഡിൽക്കൂടി നടന്നുപോകുന്നു. ഉറക്കംതൂങ്ങി താഴെ വീണുപോകുമെന്നു തോന്നും അവൻ നടക്കുന്നതു കണ്ടാൽ.

"കുക്ഷിയില്ലുള്ള കരിക്കാടിയല്ലാതെ
നിക്ഷേപമായവനൊന്നുമില്ല."

എന്നു പറയാൻ നിവൃത്തിയില്ല. നാല്യ ഷില്ലിംഗ് കൈയിലുണ്ട്. മോടിയായി വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് പള്ളിയിലേക്കു പൊയ്ക്കൊണ്ടിരുന്ന ജനങ്ങളെ അനുഗമിച്ചുകൊണ്ടു അവനും നടക്കുന്നു. പള്ളിയിൽ പ്രവേശിച്ചില്ലാ, അതിനു മുമ്പെതന്നെ അവൻ ക്ഷീണനായി അടുത്തൊരു മുറിയിൽ കടന്നു വീണു ഉറക്കവുമായി. ഉണർന്നു നോക്കിയപ്പോഴേക്കും പ്രാർത്ഥനാദി കർമ്മങ്ങൾ നടത്തിയിട്ട് എല്ലാവരും പിരിഞ്ഞു പോയിരുന്നു.

ഇത്ര ദയനീയമായ നിലയിലു ആ ഗ്രാമത്തിൽ പ്രവേശിച്ച ബഞ്ചമിൻ ഫ്രാങ്ക്ലിനെയാണ് 53 വർഷം കഴിഞ്ഞപ്പോൾ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിനു വേണ്ടുന്ന ഉടമ്പടിയുടെ നക്കൽ തയാറാക്കിയ ഭരണതന്ത്രജ്ഞന്മാരിൽ ഒരാളായി കാണുന്നതു്.

"ലളിത ജീവിതവും ഉന്നത ചിന്തയും" എന്ന വിശിഷ്ടാദർശത്തിനു ഒരു മകുടോദാഹരണം ഈ മഹാപുരുഷനാകുന്നു.

ശാസ്ത്രത്തിന്റെ പുരോഗതിക്കും രാജ്യത്തിന്റെ അഭിവൃദ്ധിക്കും ആയി തീവ്രയത്നം ചെയ്ത നശ്വരമല്ലാത്ത യശസ്സ് സമാർജിച്ചിരിക്കുന്ന ഈ ഉന്നതാശയ സമ്പന്നൻ ലോകചരിത്രത്തിൽ പ്രകീർത്തിതനായിത്തീർന്നിട്ടുള്ള ഒരു ആദർശ പുരുഷനാണു്.

19 സന്താനങ്ങളോടൊത്ത ദാരിദ്ര്യം.

ഫ്രാൻക്ളിന്റെ കുടുംബം ഇംഗ്ലണ്ടിലെ നാത്താംപ്ടൺഷയറിലാണു്. അമേരിക്കനായി ജനിച്ചു്, അമേരിക്കനായി വളർന്നു്, അമേരിക്കനായി ജീവിതംനയിച്ച ഇദ്ദേഹം താനൊരു നാലായിരം പൂർണ്ണചന്ദ്രന്മാരെ കണ്ടിട്ടുള്ള ഇംഗ്ലീഷ് കുടുംബത്തിൽ ജാതനാണെന്നു് അഭിമാനസമേതം പറയാറുണ്ടായിരുന്നു. പിതാവായ ജോഷിയാ ഫ്രാൻക്ളിനു് രണ്ടു ഭാര്യമാരിലായി പത്തൊൻപതു സന്താനങ്ങളെ പോറ്റേണ്ട നിർഭാഗ്യം ഉണ്ടായിട്ടുണ്ടു്. 1685-ാമാണ്ടോടുക്കുടി അമേരിക്കയിലെ ബോസ്റ്റൺ നഗരത്തിനടുത്തു് താമസം ഉറപ്പിച്ച ഈ സന്താന സമ്പന്നനു് ദാരിദ്ര്യം ഒഴിഞ്ഞിട്ടൊരുദിവസവും കിടന്നുറങ്ങാൻ കഴിഞ്ഞിട്ടില്ല. സോപ്പും മെഴുകുതിരിയും ഉണ്ടാക്കുന്ന ജോലിയിൽ ആ സ്ഥിരപരിശ്രമി സമർത്ഥനായിരുന്നു, എങ്കിലും കുഞ്ഞുങ്ങളുടെ എണ്ണക്കൂട്ടത്തൽകൊണ്ടു് തലനിവർക്കാൻ സാധിച്ചില്ലെന്നേയുള്ളു. ഇങ്ങനെ എത്രകാലമാണു് ആ സാധുമനുഷ്യൻ കഴിച്ചുകൂട്ടിയിട്ടുള്ളതു്? എൺപത്തൊൻപതു വയസ്സുവരെ. എന്നിട്ടും വിശാലമായ അമേരിക്കാ ഭൂഖണ്ഡത്തിൽ ഒരേക്കർ ഭൂമിയുടെയെങ്കിലും ഉടമസ്ഥൻ താനാണെന്നുള്ള അഭിമാനത്തോടുകൂടി മരിക്കാൻ അയാൾക്കു് സാധ്യമായില്ല. 55 വർഷം ആ മെഴുകുതിരിക്കാരനോടുചേർന്നു ജീവിതസുഖം അനുഭവിച്ച ഭാര്യ 85 വയസ്സുവരെ ജീവിച്ചിരുന്നു. അപ്പോൾ ഈ ദീർഘായുർയോഗമുള്ള ദമ്പതിമാരുടെ വത്സല സന്താനമായി 1706 ജനുവരി 17-ാംനു- ജാതനായ ബെഞ്ചമിൻ 84 വയസ്സുവരെ ജീവിച്ചിരുന്നതു ആശ്ചര്യജനകമല്ലല്ലോ.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞതോടുകൂടി പള്ളിക്കൂടത്തിലെ പഠിത്തം വിട്ട ബാലൻ വീട്ടുജോലികളിലും പിതാ

വിന്റെ തൊഴിലിലും വ്യാപൃതനായിത്തീർന്നു. കുട്ടിക്കു തീരെ സന്തോഷമില്ലായിരുന്ന ആ വക പ്രവൃത്തികളെ മനസ്സില്ലാ മനസ്സോടെ ചെയ്യുവന്നതു് പുസ്തകപാരായണാസക്തിവർദ്ധിപ്പിക്കാമല്ലൊയെന്നു കരുതി മാത്രമായിരുന്നു. രണ്ടുവർഷത്തിനിടയ്ക്കു് ആശാരി, മൂശാരി, കല്ലൻ, കൊല്ലൻ, തട്ടാൻ, ചെമ്പുതട്ടി, തുടങ്ങിയവരുടെ തൊഴിലുകൾക്രമേണ വശമാക്കിയെങ്കിലും, ജ്യേഷ്ഠൻ ആയിടയ്ക്കു് തുടങ്ങിയിരുന്ന അച്ചുക്കൂടത്തിൽ പ്രവേശിച്ചപ്പോൾ മുതല്ക്കു് ഉന്മേഷവും ഉല്ലാസോത്സുകതയും അവനിൽ കടന്നുകൂടിയുള്ളൂ. അച്ചുനിരത്തായി, കവിതാരചനയായി, ലേഖനമെഴുത്തായി ബാലൻ ആഹ്ലാദാബ്ധിയിൽ നീന്താനും തുടങ്ങി. ഒരു റൊട്ടിയും പച്ചവെള്ളവും ആണു് ഉച്ചയ്ക്കുള്ള ഭക്ഷണവിഭവങ്ങൾ! ഇവ രണ്ടും എത്രയും വേഗം ഉള്ളിലാക്കിയതിനുശേഷം പുസ്തകവായനയിലേപ്പെട്ടു് വിശപ്പുശമിപ്പിക്കുക എന്നതായിരുന്നു ആ ബാലനു് ഉത്സാഹമായിരുന്നതു്.

കൗമാരദശയിൽ പത്രാധിപത്യം.

ജ്യേഷ്ഠൻ ഒരു പത്രം തുടങ്ങി. പേർവയ്ക്കാതെയും കൈയക്ഷരം മാറിയും അയച്ചുകൊടുത്തതുകൊണ്ടുമാത്രം അനുജന്റെ കവിതകളും ലേഖനങ്ങളും ആ പത്രത്തിൽ പ്രസിദ്ധീകൃതമാകാനിടവന്നു. ഇവയൊക്കെ നാല്ക്കാലികളോ ജല്പനകളൊ ആണെന്നു വായനക്കാർ സംശയിച്ചിട്ടാവശ്യമില്ല. വിവിധ വിഷയങ്ങളിൽ വാസനയും പുസ്തകവായനയിൽ അതിതല്പരതയും ഉള്ള ബാലൻ സാമാന്യജനതയുടെ രസികത്തക്കവിധം പദ്യവും ഗദ്യവും എഴുതാൻ വശമാക്കിയിരുന്നു. അദ്ദേഹം ഇരുപതാംവയസ്സിൽ പ്രസിദ്ധംചെയ്തിരുന്ന ഒരു ലഘുപത്രിക (A Dissertation on Liberty and Necessity Pleasure and Pain)യുടെ ഒരേ ഒരു പ്രതി ഈയിടെ ഇംഗ്ലണ്ടിൽ ലേലംചെയ്തപ്പോൾ അതു് ആയിരത്തിഅഞ്ചു് പവൻ വിലയ്ക്കു പോയതു ബഞ്ജമിൻ ഫ്രാങ്ക്ലിന്റെ അനന്തരകാലമഹത്വംകൊണ്ടുമാത്രമല്ലതന്നെ. ഭരണാധികാരികളും ഒരിക്കൽ

പത്രാധിപരെ പിടികൂടി ഒരുമാസത്തെ ജയിൽവാസത്തിനയച്ചു. അപ്പോൾ പത്രംനടത്തിക്കൊണ്ടിരുന്നതു് പതിനാറുവയസ്സു് പ്രായമായിരുന്ന ഈ ബഞ്ജമിൻ ഫ്രാൻക്ളിൻതന്നെയായിരുന്നു. ജ്യേഷ്ഠന്റെ വിമോചനത്തിനുശേഷവും ഉടൻതന്നെ ആ ജോലി കുറേക്കാലം ബാലൻ നോക്കുകയുണ്ടായി; എന്നാൽ അന്യായവിഷവാഹിയായ ജ്യേഷ്ഠനുമായുള്ള അഭിപ്രായവ്യത്യാസംനിമിത്തം, അവരജൻ ആ ജോലി രാജിവച്ചു. മാതാപിതാക്കന്മാരെയും ബന്ധുമിത്രങ്ങളെയും ഉപേക്ഷിച്ചിട്ടു് അയാൾ നാടുവിട്ടു് ഒളിച്ചോടിപ്പോയി.

300 മൈൽ ദൂരെയുള്ള ന്യൂയാക്കിൽ ഒരു ജോലി അന്വേഷിച്ചു ഫ്രാൻക്ളിൻ രാപകൽ നടന്നു കഷ്ടപ്പെട്ടു; ഫലിച്ചില്ല. വള്ളംവഴിക്കും നടന്നും സഞ്ചരിച്ചു വയറുപിഴപ്പിനു് പോംവഴിയന്വേഷിച്ച ഫ്രാൻക്ളിൻ ഒരുന്നൂറുമൈൽ അകലെയുള്ള ഫിലാഡൽഫിയായിൽ എത്തിച്ചേർന്നതു് ആദ്യം നാം കണ്ടുവല്ലോ. ഒരു അച്ചുക്കൂടത്തിൽ ജോലികിട്ടിയതിനാൽ ആറേഴുമാസം അങ്ങനെ കഴിഞ്ഞു. അനന്തരം കുറെക്കാലം ലണ്ടനിൽ പല ജോലികളും ചെയ്തു താമസിച്ചു; ആ ജീവിതം തുടരാൻ സാധിക്കാതെ അയാൾ വീണ്ടും ഫിലാഡൽഫിയായിലേക്കു മടങ്ങി.

പത്രപ്രവർത്തനം

സ്ഥിരപരിശ്രമികളാണെങ്കിലും ദാരിദ്ര്യപീഡിതരായവരെ, മോഹനാംഗിയായ ലക്ഷ്മീദേവി വീക്ഷിക്കുന്നതു കാലം വളരെ കഴിഞ്ഞതിനുശേഷമായിരിക്കും. ബഞ്ജമിൻ ഫ്രാൻക്ളിന്റെ കാര്യത്തിലും അങ്ങനെ പ്രവർത്തിക്കാനായിരുന്നു അവൾക്കു താല്പര്യം; എന്നാൽ അദ്ദേഹം അതു സമ്മതിച്ചില്ല.

ഇതുമുതൽ കാലത്തിനിടയ്ക്കു മുദ്രണകലയിൽ അദ്ദേഹം സമ്പാദിച്ചിരുന്ന സാമർത്ഥ്യം, മെരിഡിത്തു് എന്ന ഒരാൾ സ്ഥാപിച്ച അച്ചുക്കൂടത്തിലെ മാനേജർ സ്ഥാനത്തേക്കു് ബഞ്ജമിനെ ആരോഹണം ചെയ്യിച്ചു. ഉടമസ്ഥനു് ധനലാഭം ഉണ്ടായപ്പോൾ പ്രവർത്തനകുശലനായ ഒരു സത്യസന്ധൻ എന്ന പേർ ബഞ്ജമിനു ലബ്ധമായി. അതു പുസ്തകവ്യാ

പാരത്തിലും സ്റ്റേഷനറിസാമാനവില്പനയിലും കൂടി നയിച്ച് ഒരു ചെറിയ അച്ചുക്കൂടത്തിന്റെ ഉടമസ്ഥതയും വത്തമാന പ്പത്രത്തിന്റെ ആധിപത്യവും ക്രമേണ അദ്ദേഹത്തിൽ ചേർന്നു; അതെ, ബഞ്ജമിൻ ഫ്രാൻക്ലിൻ ഇതാ പ്രചാരമുള്ള ഒരു പ്രതിവാരപ്പത്രത്തിന്റെ ഉടമസ്ഥനും പത്രാധിപരും ആയിത്തീർന്നിരിക്കുന്നു. ആ "സാറർഡെ ഇവനിംഗ് പോസ്റ്റ്" പത്രം ഇന്നും അമേരിക്കയിലെ പ്രസിദ്ധിയുള്ള ഒരു പത്രമായി പ്രശോഭിക്കുന്നുണ്ട്. "പൂവർ റിച്ചേർഡ്സ് ആൽമനക്കി"ന്റെ പ്രസിദ്ധീകരണം 25 സംവത്സര ക്കാലത്തേക്ക് അദ്ദേഹം പ്രശസ്തമായ നിലയിൽ നടത്തി യിട്ടുണ്ട്.

സ്വാത്മപരിശോധനം

പത്രപ്രവർത്തകനും പൊതുക്കാര്യ പ്രസക്തനും എന്ന നിലയിൽ ബഞ്ജമിൻ ഫ്രാൻക്ലിൻ സമാർജിച്ചിട്ടുള്ള കീർത്തി നിസ്തുല്യമാണ്. സാന്മാർഗ്ഗികവും രാഷ്ട്രീയവും സാഹിത്യ പരവും ആയ വിഷയങ്ങളിൽ അധികരിച്ച് അദ്ദേഹം എഴുതി യിട്ടുള്ള ലേഖനപരമ്പരകളിൽ അമേരിക്കൻ ജനതയുടെ സവി ശേഷമായ ആദരം ആർജിച്ചിട്ടുണ്ട്. സത്യം, സന്മാർഗ്ഗ നിഷ്ഠ, സ്വരാജ്യസ്നേഹം, പൊതുജനോപകാരം തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് എന്തെങ്കിലും എഴുതുകയോ പ്രസംഗി ക്കുകയോ ചെയ്യുന്നതിനുമുമ്പ് അവ ബഞ്ജമിൻ സ്വജീവിത ത്തിൽ അനുഭവപ്പെടുത്തിയിരിക്കുമെന്നുള്ളതു തീർച്ചതന്നെ. ദിനംതോറും സ്വാത്മപരിശോധന നടത്തിയിട്ടുണ്ടായിരുന്ന സാക്രട്ടീസിനെ അക്ഷരംപ്രതി അനുകരിച്ച് ഫലിപ്പിച്ചിട്ടുള്ള ആൾ ബഞ്ജമിൻ ഫ്രാൻക്ലിൻ മാത്രമാകുന്നു. സൽഗുണങ്ങളുടേയും ദുർഗുണങ്ങളുടേയും ഓരോപട്ടിക എഴുതി അവയിൽ ഓരോന്നിനോടും താൻ ഓരോദിവസവും എത്രമാ ത്രം സമീപിച്ചിരിക്കുന്നുണ്ട്, അഥവാ സൽപ്രവൃത്തികളും ദുഷ്പ്രവൃത്തികളും ഓരോ ദിവസവും താൻ എന്തെല്ലാം ചെ യ്യുന്നുണ്ട് എന്നുള്ളതു അടയാളപ്പെടുത്തി ഡയറികുറിച്ച് വന്ന

ആളാണ് ഈ മഹാൻ. ഇങ്ങനെ വളരെക്കാലം അനുഷ്ഠിച്ചതിന്റെ ഫലമായി ദുർവിചാരങ്ങളും സന്ത്യജിക്കുകയും സദ്വിചാരങ്ങളും സ്വീകരിക്കയും ചെയ്യാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇത്തരത്തിലുള്ള ഒരു സദ്വൃത്തന്റെ തൂലികയിൽ നിന്നുപുറപ്പെടുന്ന ആശയങ്ങളും അഭിപ്രായങ്ങളും ലോകം സമാദരിക്കാതിരിക്കുന്നതെങ്ങനെ? രാഷ്ട്രീയലോകത്തു് അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങളും രാജ്യതന്ത്രജ്ഞന്മാർക്കും ഉയർന്ന ഉദ്യോഗസ്ഥന്മാർക്കും സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലെന്നായി.

മിന്നലും വിദ്യുച്ഛക്തിയും ഒന്നാണു്.

ഇത്തരം പ്രവർത്തനങ്ങളോടു യാതൊരു ബന്ധവുമില്ലാത്ത ശാസ്ത്രവിഷയങ്ങളിൽക്കൂടി സവിശേഷം വ്യാപരിപ്പിച്ച ലോകോപകാരപ്രദമായ പുതിയ കണ്ടുപിടുത്തങ്ങളും ഇദ്ദേഹം നടത്തിയിട്ടുണ്ടല്ലോ. ഈ വസ്തുത ഓർക്കുമ്പോൾ "പ്രതിഭാസമ്പന്നൻ എന്നു പറയുന്നതു് സുസ്ഥിരപരിശ്രമമില്ലാതെ മറെറാന്നുമല്ല" എന്നുള്ള അഭിജ്ഞവചനം എത്രയും ശരിയായുള്ളതാണു് എന്നതിനു സംശയമില്ല. ഏതു വിഷയത്തെക്കുറിച്ചും ചിന്തിച്ച ശീലമുള്ള ബഞ്ജമിൻ ഫ്റാൻക്ളിൻ ആണു് മിന്നലിൽ വൈദ്യുതശക്തിയുണ്ടെന്നു് ആദ്യം കണ്ടുപിടിച്ചു് പ്രഖ്യാപനം ചെയ്തിട്ടുള്ളതു്.

പട്ടം പറത്തി വിനോദിച്ചിട്ടില്ലാത്ത കുട്ടികൾ വളരെ ചുരുക്കംതന്നെ; എന്നാൽ ഇദ്ദേഹം പട്ടം പറത്തി വിനോദിച്ചതു് ഒരു കണ്ടുപിടുത്തത്തിനു കാരണമായിത്തീർന്നു. മഴക്കാലത്തു ഒരു ദിവസം ബഞ്ജമിൻ ആ വിനോദത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ ചണംപോലൊരു വസ്തുകൊണ്ടുണ്ടാക്കിയ ചരടിലെ നാരുകൾ പൊട്ടെന്നു എഴുന്നു നിൽക്കുന്നതായി അദ്ദേഹം കണ്ടു. വിദ്യുച്ഛക്തിയുടെ പ്രവർത്തനം നിമിത്തമാണു് ഇപ്രകാരം സംഭവിച്ചതെന്നുള്ളതു് അറിയാൻ പാടില്ലാതിരുന്ന അക്കാലത്തു് ഇദ്ദേഹം അതിന്റെ കാരണം അന്വേഷിച്ചു

തുടങ്ങി. വിദ്യുച്ഛക്തി അടക്കിവച്ചിരിക്കുന്ന ഒരു ഭരണിയുമായി ബന്ധിച്ച ചരടിൽ പട്ടം പറത്തിയപ്പോൾ ഇതേ അനുഭവംതന്നെ ഉണ്ടായി. തുടർന്നു പലേ പരിശോധനകളും നടത്തിയതിന്റെ ഫലമായി മിന്നലിൽ വിദ്യുച്ഛക്തി ഉണ്ടെന്നു അദ്ദേഹം കണ്ടുപിടിച്ചു.

കറുപ്പുനിറത്തിനു് മറ്റുനിറങ്ങളെക്കാൾ ചൂടിനെ ആകർഷിക്കുന്നതിനു ശക്തിയുണ്ടെന്നും, വെള്ളനിറം സൂര്യരശ്മിയിൽ നിന്നു ചൂടിനെ ആകർഷിക്കുന്നില്ല, അതിനെ പ്രതിഫലിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളൂ എന്നും ആദ്യമായി തെളിയിച്ചതു് ഇദ്ദേഹമാകുന്നു. സൂര്യരശ്മി തട്ടത്തക്കവിധം അദ്ദേഹം ഏഴുനിറത്തിലുള്ള വസ്ത്രങ്ങൾ മഞ്ഞിൻകട്ടയുടെ പുറത്തു വിരിച്ചു. അവയിൽ കറുത്ത വസ്ത്രത്തിന്റെ അടിയിലുള്ള മഞ്ഞു മാത്രം ഉരുകിയതായി കണ്ടു. വെള്ളവസ്ത്രത്തിനടിയിലുള്ളതു് അതേ നിലയ്ക്കുതന്നെ അല്പവും മാറ്റംകൂടാതെയിരിക്കുന്നതും അദ്ദേഹത്തിനു ബോദ്ധ്യമായി. വളരെ നിസ്സാരമായി തെളിയിച്ച ഈ വസ്തുത പിന്നീടുള്ള പലേ ശാസ്ത്രീയനിരീക്ഷണങ്ങൾക്കും പരീക്ഷണങ്ങൾക്കും പ്രയോജനം ചെയ്തിട്ടുണ്ടു്.

എറുമ്പുകൾ സംസാരിക്കും.

എറുമ്പുകൾ ആശയ വിനിമയം ചെയ്യുന്നുണ്ടെന്നു അദ്ദേഹം സകലരേയും ബോധപ്പെടുത്തി; അദ്ദേഹം ഒരു പരിശോധന മുഖേന ഇതു തെളിയിക്കുകയും ചെയ്തു. ഒരു തകരപ്പാത്രത്തിനകത്തു മധുരവും മണവും ഉള്ള ഏതാനും ആഹാരസാധനങ്ങൾ ഇട്ടിട്ടു് കുറച്ചു സമയം കാത്തിരുന്നു. അപ്പോഴേക്കും അവിടെ അനവധി എറുമ്പുകൾ വന്നു കയറി. ഇവയിൽ ഒരെണ്ണത്തിനെ ഒഴിച്ചിട്ടു് ബാക്കി എല്ലാ എറുമ്പുകളേയും ഫ്രാൻക്ലിൻ പ്രത്യേകം സൂക്ഷിച്ചതിനുശേഷം ആ തകരം അല്പം ഉയരെ ആയി കെട്ടിത്തൂക്കി. തറ നിരപ്പിൽ നിന്നു മുകളിലായിട്ടാണു് അതു നിൽക്കുന്നതെന്നു് ആ ഒരു എറുമ്പിനു മാത്രമേ അറിയാമായിരുന്നുള്ളൂ. അതിനെ സ്വതന്ത്രമായി ബഞ്ജമിൻവിട്ടു. ആ എറുമ്പു ചുവരിൽ കൂടി തട്ടു പലക

വഴി സഞ്ചാരം തുടങ്ങി; കെട്ടിത്തൂക്കിയ കയർ വഴി താഴോട്ടിറങ്ങി മധുരസാധനം കണ്ടു പിടിച്ചതിനു ശേഷം അതു് അവിടെ നിന്നുപോയി. കുറച്ചു സമയത്തിനകം ആയിരത്തെ എറുമ്പുകൾ ഉൾപ്പെടെ അനവധി എറുമ്പുകൾ ആ പല ഹാരത്തിന്മേൽ പ്രവേശിച്ചു. ഇതു കണ്ട ആ ഒരെറുമ്പു് മറ്റുള്ളവയോടു് ഏതോ ഭാഷയിൽ പറഞ്ഞിട്ടില്ലായിരുന്നു എങ്കിൽ തീച്ചയായും അവ ഇതു പെട്ടെന്നു വരുന്നതല്ലായിരുന്നു എന്നു ബഞ്ജമിൻ തെളിയിച്ചു.

ഇപ്രകാരമുള്ള നിരീക്ഷണപരീക്ഷണങ്ങളെക്കുറിച്ചു അദ്ദേഹത്തിന്റെ പ്രഖ്യാപനം യൂറോപ്പിലെ പല ശാസ്ത്രകാരന്മാരുടേയും പരിശോധനയ്ക്കും അഭിനന്ദനത്തിനും പാത്രീഭൂതമായിത്തീർന്നു.

ഫ്രഞ്ചു്, സ്പാനിഷ്, ഇറ്റാലിയൻ, ലാറ്റിൻ എന്നീ അന്യഭാഷകളിൽ ബഞ്ജമിൻ 26-ാം വയസ്സു മുതൽ നല്ല പരിജ്ഞാനം സമ്പാദിച്ചിട്ടുണ്ടു്; അതു ഇതര സഹായം കൂടാതെയായിരുന്നുതാനും. സകല പ്രവൃത്തികളും സമയനിഷ്ഠ അനുസരിച്ചു ചെയ്തു തീർക്കുന്ന സ്വഭാവക്കാരനായിരുന്നതിനാൽ, വിവിധ പ്രവൃത്തികളിൽ പരിചയം സമ്പാദിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇറ്റാലിയൻ ഭാഷ പഠിച്ച രീതിയെക്കുറിച്ചു് അദ്ദേഹംതന്നെ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ടു്:-

"ആ ഭാഷ പഠിച്ചു കൊണ്ടിരുന്ന എന്റെ ഒരു പരിചിതൻ, തന്നോടുകൂടി ചതുരംഗം കളിക്കുന്നതിനു എന്നെ പ്രേരിപ്പിച്ചിട്ടുണ്ടു്. പഠിക്കാനുള്ള സമയത്തിൽ ഒട്ടധികം ഭാഗം ഈ കളി അപഹരിക്കുന്നു എന്നു കണ്ടിട്ടു് ഞാൻ അതു നിർത്താൻ നിശ്ചയിച്ചു; എന്നാൽ, ഓരോ കളിയിലും തോൽക്കുന്ന ആൾ കുറെ വ്യാകരണപാഠങ്ങൾ കാണാതെ പഠിക്കുകയോ, കുറെ ഭാഗങ്ങൾ തർജ്ജിമ ചെയ്യുകയോ ചെയ്തു് അടുത്ത തവണ തമ്മിൽ കാണുമ്പോൾ ജേതാവിനെ ബോധപ്പെടുത്തണമെന്നുള്ള വ്യവസ്ഥ സമ്മതിക്കാമെന്നുള്ള പക്ഷം കളിതുടരാൻ ഞാൻ സമ്മതിച്ചു. അയാളും ഇതു സമ്മതിക്കുകയുണ്ടായി. കളിയിൽ ഞങ്ങൾ തുല്യന്മാരാകയാൽ ആ ഭാഷയിലും ഞങ്ങൾ പരസ്പരം തോല്പിച്ചുകൊണ്ടിരുന്നു"

എം. എ. ബിരുദം

ദിനംതോറും ബഞ്ജമിൻഫ്രാൻക്ലിന്റെ കീർത്തിയും കമ്മ കുശലതയും വർദ്ധിച്ചുകൊണ്ടുതന്നെയിരുന്നു. ഐക്യനാടുക ളിലെ കേന്ദ്രഗവണ്മെന്റ് പല പ്രധാനപ്പെട്ട ഭരണകാര്യ ങ്ങളെക്കുറിച്ചും ഇദ്ദേഹത്തിന്റെ അഭിപ്രായം ആരാഞ്ഞു തുടങ്ങി. ഡപ്യൂട്ടിപോസ്റ്റ് മാസ്റ്റർ ജനറൽ തുടങ്ങിയുള്ള ഉയ ന്നഉദ്യോഗങ്ങൾ അദ്ദേഹത്തെ ഏൽപ്പിക്കാൻ ഭരണധുരന്ധ രന്മാക്ക് സന്തോഷമുണ്ടായി. ഇംഗ്ലീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൽ ഇരുന്നിരുന്ന സ്വരാജ്യനിവാസികളുടെ സങ്ക ടങ്ങളെക്കുറിച്ച് ബ്രിട്ടീഷ് ഗവണ്മെൻറിനെ അറിയിച്ച് ആന ക്ലേശം സമ്പാദിക്കുവാൻ ഇദ്ദേഹത്തെയാണ് ജനങ്ങൾ നിയോ ഗിച്ചത്. യുക്തിയുക്തമായ സംഭാഷണംമുഖേന ഇദ്ദേഹം പ്രധാനമന്ത്രിയായ പിറ്റിന്റെ ഹൃദയം വശീകരിച്ചു എ ന്നുമാത്രമല്ല, ബ്രിട്ടനിൽ താമസിച്ച അഞ്ചുവർഷക്കാലത്തിനി ടയ്ക്കു ജനങ്ങളുടെ ബഹുമാനം ഇദ്ദേഹം സമ്പാദിക്കുകയും ചെയ്തു. പര്യവേക്ഷണപടുവായ ഈ രാജ്യഭരണതന്ത്രജ്ഞനെ ബഹുമാനിക്കാനായി കേംബ്രിഡ്ജ് സർവകലാശാലക്കാർ "എം. എ" ബിരുദം നൽകിയിട്ടുണ്ടെന്നുള്ള വസ്തുത ഓർക്കു മ്പോൾ അന്നത്തെ മെഴുകുതിരി വ്യാപാരി ഇപ്പോൾ എന്തു മാത്രം ലോകസമ്മതം സമാർജിച്ചിട്ടുണ്ടെന്ന് വെളിവാകുന്നു ണ്ടല്ലോ.

408 വജ്രം!

പിന്നെയും രണ്ടുതവണ ബ്രിട്ടീഷ് ഗവണ്മെൻറിനെ ഉൽ ബോധിപ്പിക്കാൻ ബഞ്ജമിൻ ഫ്രാൻക്ലിൻ ഇംഗ്ലണ്ടിൽ പോ യിരുന്നിട്ടും, താല്ക്കാലികാനുകൂല്യം സമ്പാദിക്കാനല്ലാതെ ഇംഗ്ലീഷ് ഗവണ്മെൻറിന്റെ സ്ഥായിയായ മനോഭാവം മാറ്റാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അതിനാൽ അമേ രിക്കർ ഇംഗ്ലീഷുകാരോടു യുദ്ധപ്രഖ്യാപനംചെയ്തു. ഫ്രഞ്ചു കാരുടെ ആനുകൂല്യം അമേരിക്കക്കു ലഭിച്ചതു പ്രധാനമായി ഇദ്ദേഹത്തിന്റെ ശ്രമംകൊണ്ടു മാത്രമാകുന്നു. ആ സമയത്ത

ത്രൃസമരം നടത്തിയിരുന്ന ജനറൽ വാഷിംഗ്ടൻ പല കാര്യങ്ങളും ഫ്രാൻക്ലിനുമായി ആലോചിച്ചതിനുശേഷമേ നടത്തിയിരുന്നുള്ളൂ. ഐക്യനാട്ടുകാർ 1784-ാംമാണ്ടോടുകൂടി സ്വതന്ത്രരായിത്തീർന്നു. അടുത്തകൊല്ലം ഫ്രഞ്ചുചക്രവർത്തിയെ സന്ദർശിച്ചിട്ട് മടങ്ങിയ അവസരത്തിൽ അവിടത്തെ ചക്രവർത്തിനിയുടെ മേനാവിൽ കയറിയാണ് ഈ മഹാൻ യാത്രതിരിച്ചതു്. സന്ദർശനസ്മരണയ്ക്കായി 408 വജ്രം പതിച്ചിരുന്ന ഒരു ചട്ടക്കൂട്ടിൽ തന്റെ ഛായാപടം അടക്കംചെയ്ത് ഫ്രഞ്ചു ചക്രവർത്തിനി ഇദ്ദേഹത്തിനു സമ്മാനിക്കുകയുണ്ടായിയത്രെ! ഇംഗ്ലീഷുകാരും ആഘോഷപുരസ്സരംതന്നെ ഇദ്ദേഹത്തെ സ്വീകരിച്ചു. അമേരിക്കയുടെ കാര്യം പറയാനുമില്ലല്ലൊ.

ഇപ്രകാരം സർവ്വരാലും സംപൂജ്യനായിത്തീർന്ന ബഞ്ജമിൻഫ്രാൻക്ലിൻ 1790 ഏപ്രിൽമാസം 17-ാംനു- ചരമം പ്രാപിച്ചു.

റൊട്ടിയും പാലുംതന്നെ

പത്രപ്രവർത്തനം മുഖേന ഒന്നാന്തരവും കീർത്തിയും പൊതുജന സമ്മതവും സമാർജിച്ചതിനുശേഷവും, ബഞ്ജമിൻ ഫ്രാൻക്ലിൻ വളരെ ലഘുവായവിധം മാത്രമേ ജീവിതം നയിച്ചിരുന്നുള്ളൂ എന്നതു പ്രത്യേകം പ്രസ്താവിക്കേണ്ട ഒരു സംഗതിയാകുന്നു. ഈ ഘട്ടത്തിലും അദ്ദേഹത്തിന്റെ പ്രധാനഭക്ഷണം റൊട്ടിയും പാലും തന്നെ. ബാല്യകാലത്തു് പച്ചവെള്ളം കുടിച്ചിരുന്നതു് പാലാക്കിയെന്നുള്ള ഒരു വ്യത്യാസം മാത്രമുണ്ട്. സസ്യഭക്ഷകനായിരുന്നതിനാൽ ചുരുങ്ങിയ ചെലവിൽ ജീവിതം നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞതു ആശ്ചര്യജനകമല്ലല്ലൊ.

"അവ്യാധിഗാത്രമനുക്ലേതരം കളത്രം" ഇവകൊണ്ടു് അനുഗ്രഹീതനായിരുന്ന ബഞ്ജമിന്റെ ഭായ്യ ഭർത്താവിന്റെ പത്രാലയത്തിൽ കടലാസ് മടക്കുക, മേൽവിലാസങ്ങൾ ഒട്ടിക്കുക, ലഘുപത്രികകൾ ബൈൻഡ് ചെയ്യുക തുടങ്ങിയുള്ള കായ്ങ്ങളിൽ ഭർത്താവിനെ സഹായിക്കുക മാത്രമല്ല ആദ്ദേഹത്തി

ന്റെ അഭിമതാനുസരണം വീട്ടുകാര്യങ്ങൾ ചുരുങ്ങിയ ചെലവിൽ വെടിപ്പായി നടത്തിവരുകയും ചെയ്തിരുന്നു. ആ സ്ത്രീക്കുപോലും ബഞ്ജമിന്റെ മിതവ്യയശീലം അത്രവളരെ സ്വീകരിക്കാൻ കഴിഞ്ഞില്ല. ഒരു ചീനപ്പിഞ്ഞാണിയും വെള്ളിക്കൊണ്ടുണ്ടാക്കിയ ഒരു സ്പൂണും ഈ ഭാര്യ ഭർത്തൃസമ്മതം കൂടാതെ വാങ്ങിച്ചു. ബഞ്ജമിന്റെ ഭാഷയിൽ പറയുകയാണെങ്കിൽ "ഒരു വൻതുകയായ 23 ഷില്ലിംഗ് (17¼രൂപാ) വില" യായിരുന്ന ആ വെള്ളിക്കരണ്ടിക്കു കൊടുത്തിരുന്നതു്. ഈ ഭയങ്കരചെലവു് വരുത്തിവെച്ചതെന്തിനെന്നു് ഭർത്താവു കയർത്തപ്പോൾ, ഏതൊരു അയൽപക്കക്കാരനും ഉപയോഗിക്കുന്നതുപോലെ ഒരു വെള്ളിക്കരണ്ടി ഉപയോഗിക്കാൻ തന്റെ ഭർത്താവും യോഗ്യൻ തന്നെയെന്നു പറഞ്ഞു ആ ബുദ്ധിമതി ഭർത്തൃകോപം ശമിപ്പിച്ചു കളഞ്ഞു.

സത്യസന്ധനാണു് ബഞ്ജമിൻ ഫ്രാങ്ക്ലിൻ എന്നുള്ളതു് അടുത്തുള്ളവർ മാത്രമല്ല വിദൂരദേശങ്ങളിലുള്ളവരും ധരിച്ചിരുന്ന ഒരു വസ്തുതയാണു്.

ഡർ. ക്യാപ്റ്റൻ കുക്ക്.

ആർ. പി. നായർ ബി. ഏ. (ആണേഴ്സ്)

ഇംഗ്ലീഷുകാർക്കു് ഒരിക്കലും വിസ്മരിക്കുവാൻ നിവൃത്തിയില്ലാത്തവിധം പ്രയോജനം ആ ദരിദ്രബാലനിൽ നിന്നു് ലഭിക്കുമെന്നു അക്കാലത്തും ആരും ഓർത്തിരുന്നതല്ല. കേവലം ഒരു സാധു കൃഷിക്കാരന്റെ മകനായി 1728 ാംമാണ്ടു് ജാതനായ ജയിംസ് കുക്കിൽ അസാധാരണത്വം യാതൊന്നും ബാല്യകാലത്തു പ്രത്യക്ഷപ്പെട്ടിരുന്നുമില്ല. വിദ്യാഭ്യാസം വളരെ തുച്ഛം; ഗ്രഹണധാരണ ശക്തികളും വളരെ മോശം തന്നെ; പരിതസ്ഥിതികളും ഉയർച്ചക്കു അനുയോജ്യമായ വയല്ലായിരുന്നു. ഇങ്ങനെയൊക്കെയിരുന്നിട്ടും, നാവിക

സഞ്ചാര ചരിത്രത്തിൽ അത്യുന്നതമായ ഒരു സ്ഥാനം കര സ്ഥമാക്കി ക്യാപ്റ്റൻ കുക്ക് അക്ഷയഭാസ്സോടെ വിലസുന്നു.

ഇതിൽ ആശ്ചര്യപ്പെട്ടിട്ട് കാര്യമില്ല. അമത്തിവയ്ക്കാൻ പാടില്ലാത്ത സ്നേഹം ഏതൊരു തരം ജീവിതത്തിനോട് ഒരാളിനു തോന്നുന്നുവോ അത്തരം ജീവിതം അയാൾ നയിക്കുകതന്നെ ചെയ്യും; സ്വചിന്തകളും കേന്ദ്രീകരിച്ച് ചെയ്യപ്പെടുന്ന കഠിനശ്രമം ഫലപ്രാപ്തിയിൽ വരാതിരിക്കുന്നതുമല്ല. ഉല്ലംഘിച്ചാൽ ഒന്നുമാത്രം സദാ ഒരുവന്റെ ഉള്ളിൽ ഉണ്ടായിരിക്കണമെന്നേയുള്ളൂ.

കച്ചവടക്കാരന്റെ കൈയാൾ.

ഇംഗ്ലണ്ടിൽ യാക്ഷയറിലെ മാർട്ടൺ ഗ്രാമത്തിലാണ് കുക്ക് ജനിച്ചത്. കുടുംബഭാരിദ്ര്യം ലഘൂകരിക്കുന്നതിനു വേണ്ടി ബാലനു 12-ാം വയസ്സുമുതൽക്ക് ഒരു പലചരക്കു വ്യാപാരിയുടെ കൈയാളായി ജോലിനോക്കേണ്ടിവന്നു. ഈ ജോലിക്കു നിൽക്കുന്ന കുട്ടികളുടെ പ്രവൃത്തികളിൽ കുറവും കുറവും കണ്ടുപിടിക്കാനേ യജമാനന്മാർക്കു ആദ്യം തോന്നുകയുള്ളൂ. വിശേഷിച്ച് ഈ കച്ചവടക്കാരനായ സാൻഡേഴ്സനും ആ ശീലം അധികമായിട്ടുണ്ടായിരുന്നതാണും. അയാൾ കുക്കിനെ പലപ്പോഴും ശാസിക്കുകയും അടിക്കുകയും ചെയ്തുവന്നു; മാത്രമല്ല ബാലനു് അരിഷ്ടജീവിതത്തിനുള്ള സൌകര്യം കൊടുത്തിരുന്നുമില്ല. കപ്പൽജോലിയിൽ കൌതുകവും, ലോകം മുഴുവൻ ചുറ്റിക്കാണുമെന്നുള്ള ആഗ്രഹവും ബാലനിൽ ദിനം പ്രതി വളർന്നുകൊണ്ടിരുന്നതിനിടയ്ക്ക് ഈ നരകജീവിതം ക്രൂടി ചേർന്നപ്പോൾ അവനെ ആ നാട്ടുവിട്ടു പോയ്ക്കളയുവാൻ ധീരനാക്കിത്തീർത്തു. അക്കാലത്തു് കപ്പൽപണിയിൽ കീർത്തിപരത്തിവന്നിരുന്ന വിറ്റ്ബിയിലേക്കു് കുക്ക് ഒളിച്ചോടിപ്പോയി. 1742-ൽ ബാലൻ സ്വാഭിമതാനുസരണം കപ്പൽജോലിയിൽതന്നെ പ്രവേശിച്ചു.

കപ്പലിൽ ഉദ്യോഗം.

ഏർപ്പെടുന്ന ജോലി എന്തായാലും കൃത്യസമയത്തു തീർക്കുന്നതിൽ കുക്കിനു വളരെ താല്പര്യമായിരുന്നു. ഭൃത്യവേലകൊണ്ടുമാത്രമേ ഒരുകാലത്തു തനിക്കു ഭ്രലോകം ചുറ്റിസഞ്ചരിക്കത്തക്കവിധം ഉന്നതിയെ പ്രാപിക്കാൻ സാധിക്കുകയുള്ളൂ എന്നു നല്ലവണ്ണം അറിയാമായിരുന്നതിനാൽ, സന്തോഷത്തോടും തൃപ്തിയോടുംകൂടിത്തന്നെ പല കപ്പല്യകളിലായി ജോലി പരിചയിച്ചു അയാൾ പത്തുവർഷം കഴിച്ചുകൂട്ടി. അതിനിടയ്ക്കു് കണക്കു, ജ്യോതിശ്ശാസ്ത്രം, ഭ്രമിശാസ്ത്രം എന്നീ വിഷയങ്ങളിൽ ഒരു കപ്പിത്താനാകേണ്ട ആൾ അവശ്യം അറിഞ്ഞിരിക്കേണ്ട പ്രധാന തത്വങ്ങൾ സ്വന്തം പരിശ്രമംമുഖേന കുക്കു് വേണ്ടവണ്ണം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

അർഹിക്കുന്ന യോഗ്യത അനുസരിച്ചു് ഉല്കൃഷ്ടം പ്രാപിക്കുക എന്നുള്ളതു് ആരിലും കണ്ടുവരുന്ന ഒരു നിയതിനിയമമാകുന്നു. പലേ കപ്പല്യകളിലും ഉദ്യോഗങ്ങൾ വഹിച്ച നാവികസൈന്യത്തിൽ പ്രവേശിച്ച കുക്കു് ക്യാനഡായിൽ ഇംഗ്ലീഷുകാർ നടത്തിയ യുദ്ധംമുഖേന ഖ്യാതിയും ഉദ്യോഗക്കയറ്റവും സമ്പാദിച്ചു. ബ്രിട്ടനിലെ സമർത്ഥനും വിശ്വസ്തനും ആയ ഒരു നാവികൻ ആയി അദ്ദേഹം 40 വയസ്സായപ്പോൾ ആരോഹണംചെയ്തു.

ആസ്ത്രേലിയായും ന്യൂസിലണ്ടും

1769 ജൂൺ 1-നു- സൂര്യഗോളത്തിനെ ശുക്രൻ കടന്നുപോകുന്ന അസാധാരണ സംഭവം ഉണ്ടാകുമെന്നു് യൂറോപ്പിലെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഒരു വർഷത്തിനുമുമ്പേ പ്രഖ്യാപനം ചെയ്തിട്ടുണ്ടായിരുന്നു. പസിഫിക് മഹാസമുദ്രത്തിൽ ടാഹിറ്റിദ്വീപിൽനിന്നു നോക്കുന്നപക്ഷം ആ സംഭവം വിശദമായി ഗ്രഹിക്കാമെന്നു് ഇംഗ്ലണ്ടിലെ റായൽ സൊസൈറ്റിക്കാർ ഗവണ്മെൻറിനെ അറിയിച്ചതിൻറെ ഫലമായി അതി

ലേക്ക് ഒരു കപ്പൽ അയക്കുന്നതിന് നിശ്ചയംചെയ്തു. നാവികകലയിലും, നാവിക സമരത്തിലും, ജ്യോതിർനിരീക്ഷണത്തിലും പാടവമുള്ള ഒരാളേ അന്വേഷിച്ചതിന്റെ ഫലമായി കുക്കിനെയാണ് കണ്ടുകിട്ടിയതു്. സകലവിധ സജ്ജീകരണങ്ങളോടുകൂടി, ഈ ഉദ്ദേശ്യസിദ്ധിക്കായി കുക്കിന്റെ സ്വന്തം പതാകത്തിൽ "എൻഡവർ" എന്ന കപ്പൽ ബ്രിട്ടീഷ് ഗവണ്മെന്റ് ഒരു വർഷത്തിനുമുമ്പെ അയച്ചു.

1519-ാമാണ്ടിനുശേഷം പസിഫിക് മഹാസമുദ്രത്തിൽ പ്രവേശിച്ച മഗല്ലൻ ഡ്രേക്ക്, കാവെൻഡിഷ്, ഫ്ളീറ്റ്, ഡാംപിയർ, ആൻസൺ തുടങ്ങി കുക്കിന്റെകാലം വരെ 14 തവണ പലരും ഭ്രപ്രദക്ഷിണം ചെയ്തിട്ടുണ്ടായിരുന്നെങ്കിലും, ആ മഹാസമുദ്രത്തിനെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ അറിയപ്പെടാതെയാണ് ഇരുന്നിട്ടുള്ളതു്. ആസ്ത്രേലിയാ ഭ്രഖണ്ഡം ചിലർ കണ്ടിട്ടുണ്ടെന്നല്ലാതെ അതിന്റെ ആകൃതിയോ, അതു പാശ്ചാത്യർക്ക് അധിനിവേശം ചെയ്യാൻ കൊള്ളാവുന്നതാണെന്ന വസ്തുതയോപോലും യൂറോപ്പിൽ അജ്ഞാതമായിരുന്നതേയുള്ളൂ. അതിനാൽ ക്യാപ്റ്റൻ കുക്കിനെ ഏൽപ്പിച്ചജോലി ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ.

അറ്റ്ലാന്റിക് മഹാസാഗരം കടന്നു് തെക്കെ അമേരിക്കയുടെ തെക്കേ അറ്റത്തു കൂടി യാത്രചെയ്തു് അദ്ദേഹം അവിടത്തെ അപരിഷ്കൃത ജനങ്ങളുമായി സൗഹാർദ്ദതയോടെ വർത്തിച്ചതിനാൽ ദ്വീപിന്റെ പലഭാഗങ്ങളിലായി തന്റെ ജോലിക്കാരെ കൃത്യദിവസം നിർത്തി ഉദ്ദേശ്യം സാധിക്കാൻ കുക്കിനുകഴിഞ്ഞു. വന്നകാര്യം വിജയപ്രദമായി സാധിച്ചതുകൊണ്ടുമാത്രം കൃതാർത്ഥനായി തിരിച്ചുപോകാനല്ല കുക്ക് തീർച്ചപ്പെടുത്തിയതു്. പല ചെറിയ ദ്വീപുകളും ആ മഹാസമുദ്രത്തിൽ കുക്ക് കണ്ടുപിടിച്ചതിന്റെ ഫലമായി അവയുടെ ഉടമസ്ഥാവകാശം കാലാന്തരത്തിൽ ഗ്രേറ്റ്ബ്രിട്ടനു് ലഭിച്ചു. തിരിച്ചുവരുന്ന വഴി ന്യൂസിലണ്ടു് എന്ന ദ്വീപദ്വന്ദ്വത്തിലിറങ്ങി. ആ ദ്വീപുകൾക്കുമദ്ധ്യേയുള്ള യോജകജലമാർഗ്ഗത്തിൽക്കൂടി

ആദ്യമായി കപ്പലോടിച്ചതു ഇദ്ദേഹമാകയാൽ, അതിനു "കുക്കു് സ്ട്രെയിറ്റ്" എന്നു പേരിട്ടു. ആസ്ത്രേലിയായിൽ കണ്ടുപിടിക്കാതെ കിടന്ന പല ഭാഗങ്ങളും കണ്ടുപിടിച്ചു് ആ ഭൂവിഭാഗം നല്ലവണ്ണം പരിശോധന കഴിച്ച അദ്ദേഹത്തിനു മനസ്സിലായതു് അതു് യൂറോപ്യന്മാക്കു താമസിക്കാൻ യോഗ്യമായ ഒരു വിസ്തൃതഭൂവിഭാഗമാണെന്നായിരുന്നു.

മൂന്നു സംവത്സരക്കാലത്തെ സമുദ്രസഞ്ചാരത്തിനുശേഷം സ്വദേശത്തെത്തിയ കുക്കിനെ ജനങ്ങളും ഗവണ്മെൻറും ഒന്നുപോലെ ബഹുമാനിച്ചു. ബ്രിട്ടൻറെ സാമ്പത്തികവർദ്ധന, വ്യാപാരാഭിവൃദ്ധി, രാജ്യസമ്പാദനം മുതലായവയ്ക്കു് കുക്കിൻറെ ഈ സഞ്ചാരം വളരെ സഹായിച്ചിട്ടുണ്ടു്.

72000 മൈൽ സഞ്ചാരം

ദക്ഷിണ മഹാസമുദ്രത്തിൽ എവിടെയോ ഒരു വലിയ മഹാ ഭൂഖണ്ഡം കിടപ്പുണ്ടെന്നു് അക്കാലത്തെ ജനങ്ങൾ ധരിച്ചിരുന്നതിനാൽ, അതിൻറെ വാസ്തവം അറിയാനായിട്ടായിരുന്നു ക്യാപ്റ്റൻ കുക്കു് രണ്ടാമതായി സഞ്ചാരം നടത്തിയതു്. 1773-ൽ നടത്തപ്പെട്ട ആ ദ്വിതീയ സഞ്ചാരത്തിൽ അദ്ദേഹം 72000 മൈലിനകം ദൂരം കടന്നു പോയിട്ടുണ്ടു്. ചില ദ്വീപുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞതല്ലാതെ, ജനങ്ങൾ ധരിച്ചിരുന്നതുപോലെയൊരു ഭൂഖണ്ഡം കണ്ടുപിടിക്കാൻ അദ്ദേഹത്തിനു് സാധിച്ചില്ല. വാസ്തവത്തിൽ അപ്രകാരം ഒന്നില്ലതാനും. ഈ യാത്ര കഴിഞ്ഞു വന്നപ്പോൾ റായൽസൊസൈറ്റിയിലെ ഒരു ഫെല്ലോ ആയി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

ദുരന്തം

കടയിൽ താമസിക്കുന്നതു് കുക്കിനെ സംബന്ധിച്ചേടത്തോളം ഒരു ആഹ്ലാദ ജീവിതമല്ലായിരുന്നു. കാറ്റിൻ ഗതി അനുസരിച്ചു യാനം ചെയ്യുന്ന കപ്പലുകളിൽ ജീവനെ അശേഷം വകവയ്ക്കാതെ, മറുകര കാണാൻ പാടില്ലാത്ത മഹാ

സമുദ്രങ്ങളും തരണം ചെയ്തു കൊണ്ടിരിക്കുന്നതാണ് അദ്ദേഹത്തിനു് അത്യന്തം സന്തോഷജനകമായിരുന്നതു്. അതിനുള്ള സന്ദർഭം വീണ്ടും വന്നു ചേരുകയും ചെയ്തു.

ഏഷ്യയേയും വടക്കേ അമേരിക്കയേയും തമ്മിൽ വേർപിരിക്കുന്ന പസിഫിക് മഹാസമുദ്രത്തിന്റെ വടക്കേ അറ്റത്തു്, ഏറ്റവും വീതികുറഞ്ഞ സമുദ്രഭാഗത്തിനെ "ബെറിംഗ്" എന്നു വിളിച്ചുപോരുന്നു. ആ യോജകജലമാർഗ്ഗം കടന്നു് ആർട്ടിക് സമുദ്രംവഴി അറ്റ്ലാന്റിക്കിൽ പ്രവേശിക്കണമെന്നു് യൂറോപ്യന്മാക്കു് രണ്ടു ശതാബ്ദമായുള്ള ആശയായിരുന്നു. 18-ാംശതാബ്ദത്തിൽ അതുസംബന്ധിച്ച പല ശ്രമങ്ങളും നടന്നിട്ടുണ്ടെന്നു മാത്രമല്ല, കടലിൽക്കൂടി സഞ്ചരിച്ചു് അപ്രകാരം ഒരു മാർഗ്ഗം കണ്ടുപിടിക്കുന്നവക്കു് 20,000 പവൻ സമ്മാനം നൽകുന്നതാണെന്നു് പാർലിമെന്റു് ഒരിക്കൽ പ്രഖ്യാപനം ചെയ്തിട്ടുമുണ്ടു്. ഇതു പ്രാധാന്യം അർഹിക്കുന്ന പ്രശ്നം അക്കാലത്തു വീണ്ടും ജനങ്ങളുടെ ചിന്താപരിധിയിൽ വന്നതിനാൽ അതിനുള്ള മാർഗ്ഗം കണ്ടുപിടിക്കുന്നതിനു് താൻ ഉദ്യുക്തനാകണമെന്നു് ക്യാപ്റ്റൻ കുക്കു് തീച്ചപ്പെടുത്തി വിവരം ഗവണ്മെൻറിനെ അറിയിച്ചു. രണ്ടു കപ്പലോടുക്കൂടി 1776 ജൂലൈ 11-നു- കുക്കിനെ ഈ ഉദ്ദേശ്യസിദ്ധിക്കായി ഗവണ്മെൻറു നിയോഗിച്ചയക്കുകയും ചെയ്തു.

തെക്കേഅമേരിക്കാ, ന്യൂസിലണ്ടു് ആസ്ട്രേലിയാ, എന്നീ ഭൂവിഭാഗങ്ങളും കടന്നു് കുക്ക് വടക്കോട്ടു് പ്രയാണം നടത്തി. കാണപ്പെടാതെ കിടന്ന ചില ദ്വീപുകളുംക്കൂടി കണ്ടുപിടിച്ചുകൊണ്ടു് കപ്പൽരണ്ടും ബെറിംഗ് കടലിടുക്കിനു സമീപംവരെ ചെന്നു എങ്കിലും, മഞ്ഞുക്കട്ടയുടെ ആധിക്യം നിമിത്തം കപ്പലുകൾക്കു പോകാൻ നിവൃത്തിയില്ലെന്നായി. നിരാശനായി അദ്ദേഹം പിന്മാറി. പസിഫിക്കിൽ ഹാവൈ എന്ന ദ്വീപിന്റെ അടുത്തു് കപ്പൽ എത്തിയപ്പോൾ ആഹാരസാധനങ്ങളും തീർന്നുപോയതിനാൽ കപ്പലിൽ ഉള്ളവർ കരയ്ക്കിറങ്ങി. ആ ഭൂഭാഗം കുക്കിനെ സംബന്ധിച്ചു് ഒരു കാലാലയം ആയി പരിണമിക്കുമെന്നു ആരും ഓർത്തിരു

ന്നതല്ല. ആ ദ്വീപിലെ രാജാവു് ഒരു യുദ്ധത്തിനു പോയി ജയിച്ചുവന്ന ഘട്ടമായിരുന്നു അതു്. ദ്വീപനിവാസികളുടെ ദൈവമായ "ലോണോ" മനുഷ്യരൂപമെടുത്തു തങ്ങളുടെ പൂജാസല്ക്കാരാദികൾ സ്വീകരിക്കുന്നതിനു് വരുമെന്നു പ്രതീക്ഷിച്ചിരുന്ന അവർ ക്യാപ്റ്റൻ കുക്കിനേറയും അനുയായികളുടേയും വെളുത്ത നിറവും ഡ്രസ്സുകളുംകണ്ടു് ലോണോ പരിവാരസമേതം വരുകയാണെന്നു അന്ധമായി വിശ്വസിച്ചു. കുക്കിനെ രാജാവും പുരോഹിതവർഗ്ഗവും വേണ്ട വിധം ആദരിച്ചു പലപ്രകാരത്തിൽ പൂജിച്ചു. അതിന്റെ യൊക്കെ ഉദ്ദേശ്യമെന്താണെന്നു് ആ സഞ്ചാരികൾക്കു് അവശേഷം അറിഞ്ഞുകൂടായിരുന്നു.

ദിവസങ്ങൾ ഇങ്ങനെ പലതു കഴിഞ്ഞിട്ടും, പ്രത്യക്ഷനായ ദൈവം തിരിച്ചു പോകാത്തതിനാൽ ജനങ്ങൾ സംശയിച്ചുതുടങ്ങി. കുക്കിന്റെ കപ്പലിലുള്ള ഒരു ബോട്ടിനെ ദ്വീപനിവാസികളിൽ ചിലർ അപഹരിച്ചുകൊണ്ടു കടന്നുകളഞ്ഞതിനാൽ രാജാവിനെ നേരിട്ടു കണ്ടു നടപടി നടത്തിക്കാൻ കുക്കു് ശ്രമം ചെയ്തു. രാജാവുമായി സംഭാഷണം നടത്തിക്കൊണ്ടിരിക്കെ അവിടത്തെ സ്വദേശികളിൽ ചിലർ കൂടി ആക്രമിച്ചു കുക്കിനെ കുത്തിക്കൊന്നുകളഞ്ഞു. (1779 ഫെബ്രുവരി 14-നു്) .

ആയുസ്സു് ലഭിച്ചിരുന്നു എങ്കിൽ ഇനിയും പലേ ഭൂവിഭാഗങ്ങളും സമുദ്രഭാഗങ്ങളും കണ്ടുപിടിക്കുന്നതിനു് തക്ക ആരോഗ്യവും ദേഹശക്തിയും, പ്രസരിപ്പും, മനസ്സാന്നിദ്ധ്യവും ഉണ്ടായിരുന്ന ക്യാപ്റ്റൻ കുക്കു് ഇപ്രകാരം സ്വദേശത്തുനിന്നും അനേകായിരം മൈൽ ദൂരെയുള്ള ഒരു അപരിഷ്കൃതദേശത്തുവച്ചു് അകാലമൃത്യുപ്രാപിച്ചുപോയി. ആസ്ത്രേലിയാ ഖണ്ഡത്തിന്റെയും ന്യൂസിലണ്ടു് തുടങ്ങി പലേ ദ്വീപുകളുടേയും ഉടമസ്ഥത ബ്രിട്ടീഷ് സാമ്രാജ്യത്തിനു ലഭിക്കുവാൻ പ്രാരംഭകർത്താവായ ഇദ്ദേഹത്തിന്റെ സ്മരണ ഒന്നരശതാബ്ദത്തിനുശേഷം ഇപ്പോഴും ഇംഗ്ലീഷുകാർ നിലനിർത്തിപ്പോരുന്നുണ്ടു്.

൧൫. സർ വാൾട്ടർ സ്കാട്ട്.

വെങ്കുളം ജി. പരമേശ്വരൻപിള്ള.

ആംഗലസാഹിത്യത്തിലെ ആഖ്യായികാശാഖയിൽ ചക്രവത്തിപദം പ്രാപിച്ചു ലാലസിച്ചു പോരുന്ന സർ വാൾട്ടർ സ്കാട്ടിന്റെ ഉജ്വല ജീവിതം അസാധാരണങ്ങളും അനുകരണീയങ്ങളും ആയ പലേ സംഭവങ്ങളുംകൊണ്ടു പരിപൂരിതമായ ഒന്നാകുന്നു. ഉടലനക്കാൻ നിവൃത്തിയില്ലാതെ ശയ്യാതലം അവലംബിച്ചു കാലയാപനം ചെയ്യേണ്ടിവന്ന നിർഭാഗ്യഘട്ടത്തിൽ ആ മഹാപുരുഷൻ എഴുതിവിട്ട നാവല്കളുടെ അനേകലക്ഷം പ്രതികൾ ഇതേവരെയായി ലോകത്തു പ്രചരിച്ചു കഴിഞ്ഞിട്ടുണ്ട്. ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളെയായി അധിവസിച്ചു പോരുന്നവർ ആ അനുഗൃഹീത സാഹിത്യകാരന്റെ വിശിഷ്ടകൃതികൾ വായിച്ചു രസിച്ചുപോരുന്നുണ്ടെന്നുള്ളതു് ഒരു അവിസ്മരണീയവസ്തുത മാത്രമാകുന്നു.

അദ്ഭുതകരമായ ഓർമ്മശക്തി.

വാൾട്ടർ സ്കാട്ടിന്റേയും, അദ്ദേഹത്തിന്റെ പത്നിയായ ആനെ റതർഫോർഡിന്റേയും പുത്രനായി ഇദ്ദേഹം 1771-ാമാണ്ടു് ആഗസ്റ്റു മാസം 15-ാംനു- എഡിൻബറോ എന്ന നഗരത്തിൽ ജാതനായി. ആ നഗരത്തിലെ ഒരു ഒന്നാംതരം കുടുംബമായിരുന്നു സ്കാട്ടിന്റെ തറവാടു്. അതിനാൽ ദാരിദ്ര്യം എന്നതു് എന്താണെന്നു് അറിയാതെയും ശ്രദ്ധാപുരസ്സരമുള്ള ശിക്ഷണത്തിലും വളർന്നുവരുന്നതിനു് സ്കാട്ടിനു് സംഗതിയായി. ആരോഗ്യദേവതയുടെ കടാക്ഷവിക്ഷേപങ്ങളാൽ അനുഗൃഹീതമായി വളർന്നുവന്ന ശിശുവിന്റെ 18-ാം മാസത്തിൽ പിടികൂടിയ ഒരു വിഷജ്വരാസുരൻ സ്കാട്ടിന്റെ വലതുകാലിനെ ആജീവനാന്തം അവശമാക്കിത്തീർത്തുകളഞ്ഞു; എന്നാലും ദിനംപ്രതി മുപ്പതു മൈൽ നടക്കുവാൻ അദ്ദേഹത്തിനു് യാതൊരു വിഷമവും തോന്നിയിരുന്നില്ല. ഈ അവശത നിമി

ത്തം പട്ടാളത്തിൽ ചേരുവാൻ അദ്ദേഹത്തിനു സംഗതി ആയില്ലെന്നേയുള്ളൂ. അനവധി തലമുറക്കാലം ആംഗലഭാഷാഭിജ്ഞന്മാരെ രസിപ്പിക്കുന്ന കാവ്യങ്ങളും രചിക്കുന്നതിനു് അദ്ദേഹത്തിനു് സൗകര്യം നൽകിയതു് ഈ അവശതയാകയാൽ ആ രോഗാസുരനെ മനസാ ബഹുമാനിക്കാൻ നമുക്കു തോന്നിപ്പോകുന്നുണ്ടു്.

മൂന്നുവയസ്സു് പ്രായമാകുന്നതിനുമുമ്പു സ്വജീവിതത്തിൽ സംഭവിച്ചിട്ടുള്ള സംഗതികളൊക്കെപോലും സ്കൂട്ടിനു് ഓർക്കുവാൻ കഴിയുമായിരുന്നു. നിറവ്യത്യാസം മാത്രം അടിസ്ഥാനപ്പെടുത്തി ആടുകളേയും ആട്ടിൻകുട്ടികളേയും പ്രത്യേകമായി തിരിച്ചറിയാൻ ആ ശൈശവത്തിൽ അദ്ദേഹത്തിനു സാദ്ധ്യമായിരുന്നു എന്നു പറയുന്നതിനെ അതിശയോക്തിയുടെ കൂട്ടത്തിൽ കണക്കാക്കിയിട്ടു ആവശ്യമില്ല. തലേദിവസം വന്നിരുന്ന ഏതാനും കാക്കകൾ പിറേറദിവസം വന്നില്ലെന്നും, തലേദിവസം വന്നിട്ടില്ലാതിരുന്ന ചില കാക്കകൾ അടുത്തദിവസം വന്നിരുന്നു എന്നും ഖണ്ഡിതമായി പ്രസ്താവിക്കാൻ സാധിച്ചിരുന്ന കാക്കശ്ശേരിഭട്ടതിരിയെ പരിചയമുള്ള മലയാളികൾക്കു് ഇതു പുതുമയായിതോന്നുന്നതല്ലല്ലോ.

സ്കൂട്ടു് തന്റെ നാലാം വയസ്സിൽ കണ്ട ഒരു നാടകാഭിനയത്തെക്കുറിച്ചു പ്രസ്താവിക്കുന്നതു നോക്കുക:—

> "അന്നത്തെ നാടകം "മനംപോലെ മംഗല്യം" (As You Like It) ആയിരുന്നു. അതിന്റെ മുഴുവൻ ആകർഷണീയത ഞാനിപ്പോൾ ഓർക്കുന്നുണ്ടു്. അന്നു ഞാൻ ആവശ്യത്തിലധികം ശബ്ദം പുറപ്പെടുവിച്ചിരുന്നു എന്നാണെന്റെ വിശ്വാസം. ആർലൻഡോയും സഹോദരനും തമ്മിലുണ്ടായ ശണ്ഠ അത്യന്തം അധിക്ഷേപാർഹമായിത്തീർന്നുപോയി. 'അവർ സഹോദരന്മാരല്ലേ?' എന്നു ഞാൻ ഉച്ചത്തിൽ ചോദിക്കയും ചെയ്തതായി ഓർക്കുന്നുണ്ടു്. എന്റെ പിതാമഹന്റെ ഭവ

നത്തിൽ അതേവരെ ഞാൻ മാത്രമേ കുഞ്ഞായിട്ടുണ്ടാ
യിരുന്നുള്ളൂ എന്നിരുന്നിട്ടും സഹോദരന്മാർ തമ്മിലുള്ള
ശണ്ഠകൾ സാധാരണമാണു് എന്നുള്ളതു് പിന്നീട്ട
ഏതാനും വാരം വീട്ടിൽ താമസിച്ചപ്പോൾ എനിക്കു
ബോദ്ധ്യംവന്നു".

പ്രതിഭാവിലാസം

4-ാം വയസ്സുമുതല്ക്കേ പുസ്തകങ്ങൾ വായിക്കുവാൻ സ്കോട്ടിനു വശമായി. "Wars of the Jews," "Tea Table Miscellany" എന്നിത്യാദി ഉയർന്ന തരം പദ്യകൃതികൾ വാ
യിച്ചു ആസ്വദിക്കാനും ആ ബാലനു സാധിച്ചിരുന്നുവത്രെ.
ഇപ്രകാരം പ്രകടിതമായ വാസനാവൈഭവത്തെക്കുറിച്ചു്
മിസ്സ് സ്കാക്ബോൺ എന്ന സ്ത്രീ ഇപ്രകാരം എഴുതിയി
ട്ടുണ്ടു്:—

"മി. വാൾട്ടർസ്കോട്ടിന്റെ ഭവനത്തിലായിരുന്ന ഇക്കഴി
ഞ്ഞ രാത്രി ഞാൻ ആഹാരം കഴിച്ചു താമസിച്ചതു്. ഞാ
നിതുവരെ കണ്ടിട്ടില്ലാത്ത വിധം അത്ര വളരെ അസാധാ
രണ പ്രതിഭാശക്തിയുള്ള ഒരു മകൻ അദ്ദേഹത്തിനുണ്ടു്.
ഞാൻ അവിടെ ചെന്നപ്പോൾ ഒരു പദ്യകൃതി അവൻ
മാതാവിനെ വായിച്ചു കേൾപ്പിച്ചുകൊണ്ടിരിക്കുകയായി
രുന്നു. അവന്റെ വായന തുടർന്നുകൊണ്ടിരിക്കുവാൻ
ഞാൻ അവനെ പ്രോത്സാഹിപ്പിച്ചു. ഒരു കപ്പല
പകടവർണ്ണനയായിരുന്നു ആ പദ്യകൃതിയിലെ പ്രതി
പാദ്യവിഷയം. കൊടുങ്കാറ്റിന്റെ വർണ്ണനയ്ക്കാത്തു
ആ കുട്ടിയുടെ വികാരങ്ങളും വർദ്ധിച്ചു വന്നു. വായനയ്ക്കി
ടയിൽ ആ കൊച്ചുകുട്ടി കണ്ണുകളും കൈകളും ഉയർത്തി
കാണിച്ചുകൊണ്ടു് 'ആ പാമരം അതാ പോകുന്നു' 'ഞെ
രിഞ്ഞു തകരുന്നു' 'അതൊക്കെ നശിച്ചുതുതന്നെ,'
'കഷ്ടം!' എന്നിത്യാദി ഇടയ്ക്കിടയ്ക്കു പറയാറുണ്ടായിരുന്ന
വത്രെ. ക്ഷുബ്ധവികാരം ഒട്ടടങ്ങിയതിനുശേഷം, ആ
ബാലൻ എന്റെ നേർക്കു തിരിഞ്ഞു ഇപ്രകാരം പറ
ഞ്ഞു:—'ഇക്കഥ കൂടുതൽ സങ്കടകരമായിപ്പോയി. കുറെ

വിനോദമുള്ള എന്തെങ്കിലും ഞാൻ നിങ്ങളെ വായിച്ചു കേൾപ്പിക്കേണ്ടതായിരുന്നു.' ഈ കുട്ടിയോട് എന്തെങ്കിലും ചിലതു സംസാരിച്ചു സമയം പോക്കണമെന്നു എനിക്കു കൌതുകം തോന്നി. അവൻ വായിച്ചിട്ടുണ്ടായിരുന്ന മിൽട്ടന്റെ കൃതികളേയും മറ്റും പറ്റി ഞാൻ അവന്റെ അഭിപ്രായം ചോദിച്ചു. അവൻ പറയുകയാണ് 'ആദാം ലോകത്തു ജനിച്ചു ഉടൻതന്നെ സകലതും അറിഞ്ഞിരുന്നു എന്നു പറയുന്നതു് എത്ര അസാധാരണമാണു്. അതു കവിയുടെ ഭാവനാശക്തി മാത്രമായിരിക്കണം'.....ഈ കുട്ടിക്കു് പന്ത്രണ്ടോ പതിന്നാലോ വയസ്സു പ്രായമായിട്ടുണ്ടെന്നാണോ അങ്ങു വിചാരിക്കുന്നതു്? അതൊന്നും ആയില്ല. ഈ ബാലനു് ആറു വയസ്സു് പോലും പ്രായമായിട്ടില്ലതന്നെ.'' ഇത്ര വളരെ ബുദ്ധിസാമർത്ഥ്യവും സാഹിത്യാസ്വാദനവാസനയും പ്രതിഭാവിലാസവും ഉള്ള ഒരു ബാലൻ ലോകം നിറഞ്ഞ കീർത്തിയോടുകൂടി ആഖ്യായികാന്തരിക്ഷത്തിലെ ചണ്ഡഭാനുവായി പ്രശോഭിച്ചു കൊണ്ടിരിക്കുന്നതു അൽഭുതാവഹമല്ലല്ലൊ.

ജീവിതരംഗത്തിലേക്കു്.

സ്കോട്ടിന്റെ വിദ്യാലയജീവിതം സകലരുടേയും പ്രശംസാസഹസ്രങ്ങൾകൊണ്ടു പ്രശോഭിതമായ ഒന്നാണു്. അത്യുത്സാഹംകൊണ്ടു തുള്ളിച്ചാടി; മൽപിടിത്തത്തിനു മഹാവിരുതു പ്രകടിപ്പിച്ചു്, അനവസാനമായി കഥകൾ പറഞ്ഞു കൂട്ടുകാരെ രസിപ്പിച്ചുകൊണ്ടു് ഈ ബാലൻ വിദ്യാർത്ഥിജീവിതം നയിച്ചുവന്നു. ശക്തിയും പ്രസരിപ്പും മത്സരിച്ചുകളിച്ചുകൊണ്ടിരുന്ന ആ ശരീരാന്തർഭാഗത്തിൽ ഉത്സാഹോർജിതങ്ങളുടെ ആധിക്യവും, ഉറങ്ങും ഉറക്കവും ഓർക്കാതെ അനേകം മണിക്കൂറുകൾ ഒരേഇരുപ്പിലിരുന്നു ഗ്രന്ഥപാരായണം നടത്താനുള്ള അക്ഷീണമനശ്ശക്തിയുംകൂടി സംയോജിച്ചു തത്തിക്കളിച്ചുകൊണ്ടിരുന്നു.

12 വയസ്സുതികഞ്ഞപ്പോൾ അദ്ദേഹം കാളേജിൽ പ്രവേശിച്ചു. പ്രകൃതിദേവിയുടെ വിളയാട്ടംകൊണ്ടു വിളങ്ങിയിരുന്ന പ്രദേശങ്ങളും, വീരചരിത്ര പുരുഷന്മാർ സമരചതുരത പ്രകടിപ്പിച്ചിട്ടുള്ള ഭൂഭാഗങ്ങളും സന്ദർശിക്കുന്നതിനായി സഖാക്കളുമൊത്തു് അനവധി മൈൽദൂരം കാൽനടയായി സഞ്ചരിക്കുവാൻ ഇദ്ദേഹത്തിനു വളരെ താല്പര്യമായിരുന്നു. അരണ്യദേശങ്ങളും പർവതപ്രാന്തങ്ങളും തരണംചെയ്തു്, ആദിമനിവാസികളുടെ കുടിലുകളിൽ ചെന്നുകയറി, അവർ നൽകുന്ന ആട്ടിൻപാൽമാത്രം കുടിച്ചുകൊണ്ടു് പഴയപാട്ടുകൾ ഉറക്കമിളച്ചിരുന്നു കേൾക്കുവാൻ സ്കോട്ട് പ്രദർശിപ്പിച്ചുവന്ന കൌതുകം അസാധാരണമാണു്. തന്റെ കവിതകളിലും ആഖ്യായികളിലും കാണുന്ന മിക്ക സ്ഥലങ്ങളും നേരിട്ടു കണ്ടിട്ടായിരുന്നു അവയെ അദ്ദേഹം വർണ്ണനാവിഷയമാക്കിയിട്ടുള്ളതു്. ഇതിലേക്കായി ആജീവനാന്തം അദ്ദേഹം പ്രദർശിപ്പിച്ചുകൊണ്ടിരുന്ന അത്യുത്സാഹമാണു് ഇത്രവളരെ സാഹിത്യജീവിതവിജയം സമ്പാദിക്കുവാൻ ഒരു കാരണമായിത്തീർന്നിട്ടുള്ളതു്.

സുഖക്കേടു നിമിത്തം കലാശാലാഭ്യസനത്തിനു വിഘ്നം വന്നു ചേർന്നു. അതിനാൽ പിന്നീടു് സ്കോട്ടിന്റെ പിതാവു് പുത്രനെ നിയോഗിച്ചതു് നിയമശാസ്ത്രാഭ്യസനത്തിനായിരുന്നു. വക്കീലാഫീസിൽ പോയി ആധാരങ്ങൾ പകർത്തുക, അന്യായങ്ങൾ തയാറാക്കുക ആദിയായവയായിരുന്നു അക്കാലത്തു് സ്കോട്ട്‌ലണ്ടിൽ വക്കീൽ ജീവിത സൗധത്തിലേക്കുള്ള പ്രാരംഭസോപാനങ്ങളായി പരിഗണിക്കപ്പെട്ടിരുന്നതു്. അത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടുമ്പോഴും അദ്ദേഹത്തിന്റെ അഭിനന്ദനീയകുശലത പ്രത്യക്ഷപ്പെട്ടു. അച്ചടിച്ചാൽ ഒരു സാധാരണ ഗ്രന്ഥത്തിന്റെ 60 പുറം വരത്തക്കവണ്ണം ഉള്ള ഭാഗങ്ങൾ ഒരേ ഇരുപ്പിലിരുന്നു് വിശ്രമം കൂടാതെ എഴുതുന്നതിനു് ഈ യുവാവിനു പ്രയാസം ലേശവും ഉണ്ടായിരുന്നില്ല. സർവ്വകലാശാലാ ബിരുദം കൊണ്ടു് ഇരുപതാം വയസ്സിൽ സമലംകൃതനായി സ്കോട്ട് ജീവിത മത്സരരംഗത്തിലേക്കു് ഇറ

ങ്ങിയപ്പോൾ ഒരു ഉത്തമ കാവ്യകാരനായി പുകൾ പരത്തുന്നതിനു വേണ്ടുന്ന സകല സജ്ജീകരണങ്ങളും അദ്ദേഹം നടത്തിയിട്ടുണ്ടായിരുന്നു.

വക്കീലായി നാലഞ്ചു സംവത്സരം പ്രാക്ടീസ് ചെയ്തുകൊണ്ടിരുന്നിട്ടും അതിൽ ശരിയായ വിജയം കരഗതമാകുന്നില്ല എന്നു കണ്ടതിനാൽ ഒരു ക്ലാക്കായി സെഷൻ കോർട്ടിൽ ജോലി സ്വീകരിച്ചു. മരിക്കുന്നതിനു രണ്ടു വർഷം മുമ്പുവരെ പ്രതിവർഷം 1300 പവൻ ശമ്പളമുള്ള ആ ഉദ്യോഗത്തിൽ അദ്ദേഹം ഇരുന്നിരുന്നു.

സ്കോട്ടിന്റെ കവിതകൾ

"സായന്തനസവാരിക്കു ഉപയോഗിക്കുന്ന ഒരു വടിയായിട്ടല്ലാതെ സാഹിത്യം ഒരിക്കലും എനിക്കു് ഒരു ഉന്നുകോലായിരിക്കാൻ പാടില്ല എന്നു് ഞാൻ നിശ്ചയം ചെയ്തു. സാഹിത്യപരിശ്രമങ്ങളിൽനിന്നു ലഭിക്കുന്ന ആദായം നിവൃത്തിയുള്ളേടത്തോളം എന്റെ നിത്യജീവിതാവശ്യത്തിനു വിനിയോഗിക്കാൻ പാടില്ലാത്തതാകുന്നു." ഈ നിശ്ചയക്കാരനായിരുന്ന സ്കോട്ട്, സാഹിത്യത്തെ ആശ്രയിക്കാതെ തന്നെ കാലക്ഷേപത്തിനു ആദായം വരുത്തിക്കൊണ്ടിരുന്നു എന്നുള്ളതു് പ്രസ്താവയോഗ്യമാണു്.

"The Lay of the Last Minstral" എന്ന പേരിൽ പ്രസിദ്ധംചെയ്ത ഏതാനും പദ്യകൃതികളും ധനവും കീർത്തിയും ഒന്നുപോലെ സ്കോട്ടിനു കൈയ്വരുത്തിയതിനാൽ ഗ്രന്ഥനിർമ്മിതിയിൽ ദിനംപ്രതി അദ്ദേഹത്തിനു് കൗതുകം ഏറിവന്നു. "Marmion" എന്ന പദ്യകൃതി ഇദ്ദേഹം എഴുതിവരുന്ന വിവരം അറിഞ്ഞ ഉടൻ അതിന്റെ കൈയെഴുത്തുപ്രതി കാണാതെതന്നെ, മൂന്നു് പ്രസിദ്ധീകർത്താക്കൾ കൂടി 1050 പവൻ പകുപ്പുവകാശത്തിനായി സ്കോട്ടിനു നൽകിയത്രെ! അവരുടെ പ്രതീക്ഷ വിഫലമായില്ല.

1808-ൽ പ്രസിദ്ധംചെയ്ത ആ പുസ്തകത്തിന്റെ 2000 പ്രതി $1\frac{1}{2}$ പവനിലധികം വീതം വിലയ്ക്കു വിൽക്കുവാൻ

ഒരു മാസമേ വേണ്ടിവന്നുള്ളൂ എന്നും, അടുത്ത 17 വർഷത്തിനകം 12 പതിപ്പിലായി 30,000 പ്രതി വിറ്റഴിഞ്ഞു എന്നും പ്രസ്താവിക്കുമ്പോൾ സ്കാട്ടിന് കവിലോകത്തു് ലഭിച്ചിട്ടുള്ള സ്ഥാനം ഏതാണ്ടു ഊഹിക്കാവുന്നതാണല്ലൊ.

അടുത്ത കൃതിയായ "Lady of the Lake" ന് ഗ്രന്ഥകാരനു് 2100 പവനാണു് പ്രതിഫലം കിട്ടിയതു്. "ഇപ്പോൾ സ്ഥിരപ്രതിഷ്ഠിതമായിത്തീർന്നിരിക്കുന്ന പൊതുജനാഭിപ്രായം ഞാനിവിടെ രേഖപ്പെടുത്തുകയാണെങ്കിൽ, "ലെ" എന്ന കവിത വളരെ തന്മയത്വമുള്ളതും സ്വാഭാവികവും ആയതാണു്; അത്യന്തം ശക്തിമത്തും വിശിഷ്ടതമവും ആണു് "Marmion" എന്നും, അദ്ദേഹത്തിന്റെ സകല ഉത്തമകവിതകളിലും വച്ചു് അത്യന്തം രസഭ്രയിഷ്ടവും ചേതസ്സമാകർഷകവും ആണു് "Lady of the Lake" എന്നും പ്രസ്താവിച്ചുകൊള്ളട്ടെ" എന്നിങ്ങനെയാണു് ഈ കവിതകളെക്കുറിച്ചു് സ്കാട്ടിന്റെ ജീവചരിത്രകാരനായ ലോക്ക്ഹാർട്ടു് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

നാവലെഴുത്തു്.

സർ വാൾട്ടർ സ്കാട്ടു് ഒരു കവി എന്ന നിലയ്ക്കു് ഇന്നും ആംഗലഭാഷാസാഹിത്യത്തിൽ വിളങ്ങുന്നുണ്ടെങ്കിലും, ആഖ്യായികാലോകത്തു് ആ മഹാപുരുഷൻ സമാർജിച്ചിരിക്കുന്ന ഉന്നതസ്ഥാനവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അതിനെ പഞ്ചമിച്ചന്ദ്രനും പ്രചണ്ഡഭാസ്കരനുമായി സാദൃശ്യപ്പെടുത്താൻ മാത്രമേ തോന്നിപ്പോകുന്നുള്ളൂ. സ്വന്തം പേരുവയ്ക്കാതെ 43-ാം വയസ്സുമുതൽ സ്കാട്ട പ്രസിദ്ധപ്പെടുത്തിയ നാവല്യകർത്തൃത്വം അദ്ദേഹത്തിന്റെ കീർത്തി ഇംഗ്ലീഷ് ഭാഷയിൽ അനശ്വരമായി നിലനിർത്തുന്നുണ്ടു്.

"വേവർലി" എന്ന നാവലാണു് അദ്ദേഹം ആദ്യമായി പ്രസിദ്ധംചെയ്തതു്. മൂന്നുമാസത്തിനകം ആ നാവലിന്റെ 3,000 പ്രതി ചെലവായി. വേവർലി നാവലിന്റെ കർത്താവു് സ്കാട്ടുതന്നെ ആയിരിക്കണമെന്നു് പലർക്കും അറിയാമായിരുന്നിട്ടും അദ്ദേഹം മരിക്കുന്നതിനു അല്പംമുമ്പുവരെ

ആ വസ്തുത പുറത്തു പറഞ്ഞതേയില്ല; എന്നു മാത്രമല്ല പ്രസിദ്ധകൻ തന്റെ പേർ പുറത്താക്കുന്നപക്ഷം 2000 പവൻ നഷ്ടം കൊടുക്കണമെന്നുക്കൂടി ഒരു ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരുന്നുവത്രെ.

ഈ കാലംതുടങ്ങി സ്കോട്ടിന്റെ കീർത്തി ദിനംപ്രതിയെന്നോണം ബ്രിട്ടീഷ് സാമ്രാജ്യത്തിലും യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലും വ്യാപിച്ചുതുടങ്ങി. നാവല്യകർത്താവ് രണ്ടും മൂന്നും വീതം പുറത്തുവന്നുകൊണ്ടിരുന്നു. അവയുടെയെല്ലാം പേരുകർത്താവ് ഇവിടെ പ്രസ്താവിക്കുന്നില്ലെങ്കിലും സുപ്രസിദ്ധി അത്യധികം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്ന ചിലതിന്റെ പേരുകർത്താവ് പറയാതെ നിവൃത്തിയില്ല.

രണ്ടുവാരത്തിനകം പതിനായിരംപ്രതി ചെലവായ "റാബ് റായി", ഒരു വർഷത്തിനകം 12,000 പ്രതി വിറ്റഴിഞ്ഞ "ഐവൻ ഹൊ", 8228 പവൻ കാപ്പിറൈറ്റിനു വാങ്ങിച്ചുകൊണ്ട് പ്രസിദ്ധംചെയ്ത "വുഡ്സ്റ്റാക്", എന്നിവയുടേയും "ട്ടാലിസ്മാൻ" "കെൻറിൻ ഡുവ്വാർഡ്" എന്നിവയുടേയും നാമധേയങ്ങൾ പ്രത്യേകം ആരും ഓർത്തിരിക്കേണ്ടതാണ്. സ്വരാജ്യാഭിമാനം വളർത്തുന്നതും, വീര്യപുരുഷങ്ങൾ വർദ്ധിപ്പിക്കുന്നതും, കർത്തവ്യാനുഷ്ഠാനത്തിൽ നിന്നു ഉളവാക്കുന്നതുംആയ അത്തരം നാവല്യകർത്താക്കളുടെ ഇണോല്ലുഷ്ടം ഓർക്കുമ്പോൾ അവ ആയിരക്കണക്കിനു പ്രതികൾ ഇന്നും ചെലവായിക്കൊണ്ടിരിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ആനാവല്യകളിൽ പലേടത്തും കാണാവുള്ള ദീർഘമായ പ്രകൃതിവർണ്ണനകൾ, ശരീരവർണ്ണനകൾ ആദിയായവയും ദൈർഘ്യമേറിയ വാക്യങ്ങളും മറ്റും ഇക്കാലത്തെ മനസ്ഥിതി അനുസരിച്ചു നോക്കുമ്പോൾ ഓരോ കുറവുകളായി ചിലർ അഭിപ്രായപ്പെടാറുണ്ടെങ്കിലും, സ്കോട്ടിന്റെകൃതി വായിച്ചുരസിക്കാത്തവരായി വിദ്യാസമ്പന്നരായവരുടെകൂട്ടത്തിൽ ആരും ഇല്ലെന്നുള്ളതു നിർവ്വിവാദമാകുന്നു.

ഈ നാവല്യകളെല്ലാം സ്കോട്ട് എഴുതിയിട്ടുള്ളതു വളരെക്കാലത്തെ ശ്രമത്തിന്റെ ഫലമായിട്ടല്ല എന്നുള്ളതും വിസ്മരിക്കാവുന്നതല്ല. ഒരിക്കൽ എഴുതിയതിനെ പകർത്തി എഴു

തുന്ന പതിവു് അദ്ദേഹം ഒരിക്കലും സ്വീകരിച്ചിട്ടില്ലായിരുന്നു. അഞ്ചോ ആറുമണിക്കൂർ സമയം ഒരേ ഇരുപ്പിലിരുന്നു് നിരന്തരമായി എഴുതി, ഒന്നോ, രണ്ടോ, കൂടിപ്പോയാൽ മൂന്നോ മാസംകൊണ്ടു് ഒരു നാവൽ എഴുതിത്തീർക്കുക എന്നതായിരുന്ന അദ്ദേഹത്തിന്റെ പതിവു്. "വേവർലി" നാവലുകൾ എഴുതിക്കൊണ്ടിരിക്കുന്നതു് കണ്ടിട്ടുള്ള ഒരാൾ അത്ഭുതവിവശനായി രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക:—

"അതു എന്റെ നയനങ്ങളെ അഞ്ചിച്ചുകളഞ്ഞിരിക്കുന്നു. അതു ഒരിക്കലും നിറുത്തുന്നതേയില്ല. ദ്രുതഗതിയിൽ എഴുതിത്തള്ളുന്ന കടലാസുകൾ അതാ കൈയെഴുത്തുപ്രതികളുടെ ക്ലർക്കുത്തിൽ ചെന്നു വീഴുന്നു. എന്നിട്ടും അദ്ദേഹത്തിനു ക്ഷീണം തോന്നുന്നില്ല. എഴുതിത്തീരുന്നവയുടെ സ്ഥാനത്തു് പുതിയവ വന്നുകൊണ്ടേയിരിക്കുന്നു. എത്രദീർഘസമയം ഇപ്രകാരം തുടരുമെന്നു് ദൈവത്തിനുമാത്രമേ അറിയാവൂ. സകലരാത്രികളിലും ഇങ്ങനെതന്നെ!!

വർഷം പ്രതി 10000 പവൻ.

സ്കോട്ടിന്റെ 47-ാം വയസ്സിൽ അദ്ദേഹം സുഖക്കേടു് പിടിപെട്ടു കിടപ്പിലായിപ്പോയി. താൻ പറഞ്ഞു കൊടുക്കുന്നതു് ഉടനുടൻ എഴുതിയെടുക്കുന്നതിനു് രണ്ടുപേരെ അദ്ദേഹം ഏർപ്പാടുചെയ്തിരുന്നു. ധാരാവാഹിയായി പുറപ്പെട്ടുകൊണ്ടിരുന്ന ആശയങ്ങളുടേയും വാക്യസമൂഹങ്ങളുടേയും മഹിമാവിശേഷം ഓർത്തു് അത്ഭുതപരതന്ത്രരായിത്തീർന്നുപോയ അവരിൽ ഒരാൾ ലോക്ഹാർട്ടിനോടു് പറഞ്ഞതിനെ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടു്:—

"ഒന്നാമത്തെ ദിവസം കഴിഞ്ഞതിനു ശേഷം സ്കോട്ടു് കിടന്നിരുന്ന സോഫായ്ക്കു് എതിരെ ഇരിക്കുന്നതിനുമുമ്പു് ഒരു ഡസൻ പേനാ തയാറാക്കി വച്ചേയ്ക്കാൻ അയാൾ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്. വേദനയുടെ ആധിക്യം നിമിത്തം ഞരങ്ങലോടുകൂടി അദ്ദേഹം അങ്ങോട്ടുമിങ്ങോ

ട്ടും തിരിയുന്നുണ്ടായിരുന്നു. എങ്കിലും, വാചകങ്ങളും ഒറ്റ ശ്വാസത്തിൽ തന്നെ അദ്ദേഹം പറഞ്ഞു തീർക്കുകയായിരുന്ന പതിവു്. എന്നാൽ, പ്രത്യേകമായി ഉത്തേജനം നൽകുന്ന സംഭാഷണങ്ങളും വരുമ്പോൾ അദ്ദേഹത്തിന്റെ അതൃത്സാഹം കഥയിലെ സംഭാഷണവിഷയത്തെ അധഃകരിച്ചതായി തോന്നിയിട്ടുണ്ടു്. അപ്പോൾ തന്നെ അദ്ദേഹം സോഫയിൽനിന്നു എഴുനേറ്റു മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയും, സംഭാഷണത്തിനു് അനുയോജ്യമാകുംവണ്ണം സ്വരം ഉയർത്തുകയും താഴ്ത്തുകയും ചെയ്തുകൊണ്ടു് പറഞ്ഞുകൊടുക്കുകയും ചെയ്യും. ഇത്തരത്തിലാണു് "ബ്ലൈഡ്അഫ് ലാമ്മർമൂർ"ന്റെ മിക്കഭാഗങ്ങളും, "ലെജൻഡ് അഫ് മൺട്രോസും" "ഐവൻഹോ"യും സ്കാട്ട് രചിക്കുകയുണ്ടായതു്."

"വേവർളി" എന്ന പേരിൽ സ്കാട്ട് തന്റെ ഒന്നാമത്തെ ആഖ്യായിക പ്രസിദ്ധംചെയ്തപ്പോൾ പ്രസിദ്ധിയും പണവും ഒന്നുപോലെ അദ്ദേഹത്തിനു് കൈവന്നതിനാൽ, ബാക്കി എഴുതിയ 23 നാവലും അദ്ദേഹം ഒരു ഗ്രന്ഥപരമ്പരയായി ഇതേ പേരിൽ പ്രസിദ്ധപ്പെടുത്തി.

ഈ നാവൽ പ്രസിദ്ധീകരണങ്ങൾക്കിടയ്ക്കു സ്കാട്ട് കവിതകളും രചിക്കുകയും ചില മഹാകവികളുടെ കൃതികളും പ്രസാധനം ചെയ്തുയും, പല വിലയേറിയ ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു. പ്രതിവർഷം പതിനായിരം പവൻവീതം സാഹിത്യപരിശ്രമങ്ങളും മുഖേന അനേകസംവത്സരക്കാലം വരുത്തിക്കൊണ്ടിരിക്കുവാൻ സ്കാട്ട് അല്ലാതെ അക്കാലത്തു് യാതൊരു ദേശത്തും ആരും ഉണ്ടായിരുന്നില്ല എന്നതു് എത്രയും പരമാർത്ഥമാണു്.

യൂറോപ്പിന്റെ നാനാഭാഗങ്ങളിലും സർ വാൾട്ടർസ്കാട്ടിന്റെ ഗ്രന്ഥങ്ങൾ ആയിരക്കണക്കിനു പ്രചരിച്ചുകൊണ്ടിരുന്നു. ദിനംപ്രതി അവ അനവധി ജനങ്ങൾക്കു് ആശ്വാസവും ആഹ്ലാദവും പ്രദാനംചെയ്തുകൊണ്ടിരിക്കയും ചെയ്തു.

DR. P. U. PILLAI
VANCHIYOOR, TRIVANDRUM.

130,000 പൗൺ കടംവന്നുകയറി.

ഇക്കഴിഞ്ഞ ഒന്നേകാൽ ശതാബ്ദക്കാലമായി നിരവധി ലക്ഷം ജനങ്ങൾക്കു് പരമാഹ്ലാദം നൽകിക്കൊണ്ടിരിക്കുന്ന ഈ ആഖ്യായികാലോകചക്രവർത്തിയുടെ അന്ത്യഘട്ടം ക്ലേശഭൂയിഷ്ഠവും ദുരിതപരിപൂരിതവും ആയി കഴിഞ്ഞുകൂടിയെന്നുള്ളതു് ആശ്ചര്യജനകമാണു്. അദ്ദേഹത്തിന്റെ പ്രതാപം സമൃദ്ധിയായി ദിഗന്തരങ്ങളിൽ വ്യാപിച്ചുകൊണ്ടിരുന്നപ്പോൾതന്നെ ദുരന്തദുരിതത്തിനുള്ള അടിസ്ഥാനക്കല്ലുകളും അദ്ദേഹം കെട്ടിപ്പടുത്തുകൊണ്ടിരുന്നു എന്നാണു് പ്രസ്താവിക്കാനുള്ളതു്. സ്വന്തം മന്ദിരം ആണു് സ്കോട്ടിനു് ഇത്രയേറെ വൈഷമ്യങ്ങളും സങ്കടങ്ങളും ജീവിതാന്ത്യത്തിൽ വരുത്തിക്കൂട്ടിയതെന്നുള്ളതിനു സംശയമില്ല.

നൂറു ഏക്കർ ഭൂമി വാങ്ങി അവിടെ ആരംഭിച്ച കെട്ടിടത്തിന്റെ നിർമ്മാണം, സ്കോട്ടിന്റെ ഭാവനാകുശലതയും ആശാവൈപുല്യവും അനുസരിച്ചു വളർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്ന ആദായം മുഴുവനും ഒട്ടേറെ വർഷക്കാലത്തേക്കു് ഈ "അബട്ട്സ്ഫോർഡ്" ഭവനത്തിനുവേണ്ടി വ്യയം ചെയ്തതിന്റെ ഫലമായി ആയിരം ഏക്കർ ഭൂമിയുടേയും, ഗ്രേറ്റ് ബ്രിട്ടണിലെ ഒരു ഒന്നാംതരം മഹാസൗധത്തിന്റേയും ഉടമസ്ഥാവകാശം അദ്ദേഹത്തിനു ലഭിച്ചു. വിപുലമായ ഗ്രന്ഥശാല, ചിത്രശാല, കാഴ്ചബംഗ്ളാവു്, ഉല്ലാസമന്ദിരങ്ങൾ ആദിയായവയോടുകൂടി അഞ്ചുനില പൊക്കത്തിൽ ഉയർന്നുവന്ന ആ ഭീമസൗധത്തിന്റെ പണി പൂർത്തിയായിക്കഴിഞ്ഞതോടുകൂടി ബ്രിട്ടനിലെ ഉയർന്തരം ആളുകളിൽ പലരും സ്കോട്ടിന്റെ അതിഥികളായിത്തീർന്നുതുടങ്ങി. ഒരുദാഹരണത്തിൽ പ്രസിദ്ധി സമ്പാദിച്ചിരുന്ന സ്കോട്ടിന്റെ മനുഷ്യസ്നേഹം അതിരു കവിഞ്ഞതായിരുന്നതിനാൽ, സ്നേഹിതന്മാരും അല്ലാത്തവരും ആയ പലരും ദിനംപ്രതിയെന്നോണം അദ്ദേഹത്തിന്റെ ആതിഥ്യം സ്വീകരിച്ചു സന്തോഷിച്ചു പൊയ്ക്കൊണ്ടിരുന്നു.

സമ്പൽസമൃദ്ധവും ആഹ്ലാദപൂർണ്ണവും ആയ ഇത്തരം ജീവിതം ഒരു വ്യാഴവട്ടത്തിലധികംകാലം നയിക്കുന്നതിനു്

സ്കോട്ടിന് ഭാഗ്യമുണ്ടായില്ല. അദ്ദേഹത്തിനുക്കൂടി ഓഹരിയുണ്ടായിരുന്ന ബാല്ലന്റൈൻ കമ്പനി 130,000 പവന്റെ കടത്തോടുക്കൂടി നശിച്ചുപോയതു് 1826-ാമാണ്ടിൽ ആയിരുന്നു. പ്രവർത്തകന്മാരുടെ ഉദാസീനത, സ്കോട്ടിന്റെ ഔദാര്യം, സൗധനിർമ്മാണം ആദിയായ കാരണങ്ങളാലാണു് ആ പുസ്തക പ്രസിദ്ധീകരണക്കമ്പനി മുടിഞ്ഞുപോയതു്. കമ്പനിവകയായി ബാക്കിയുണ്ടായിരുന്ന ജംഗമസാമാനങ്ങൾ വിറ്റു് ഒരു പവനോ ഒന്നോരണ്ടോ ഷില്ലിംഗ് വീതം കണക്കു തീർത്തു് കടക്കാരെ പറഞ്ഞയക്കാൻ വ്യാപാരനഷ്ട ന്യായേന സാദ്ധ്യമായിരുന്നുവെങ്കിലും അപ്രകാരം പ്രവർത്തിക്കുവാൻ സ്കോട്ടിന്റെ ആത്മാഭിമാനം അനുവദിച്ചില്ല.

"സ്കോട്ട് നശിച്ചുപോയിരിക്കുന്നു! "വേവർലി"യുടെ കർത്താവു നശിച്ചുപോയിരിക്കുന്നു!! അനവധി കൊല്ലങ്ങളായി അദ്ദേഹം ആക്കൊല്ലാം ആഹ്ലാദം പ്രദാനം ചെയ്തിട്ടുണ്ടോ അവരെല്ലാവരും ആറണാവീതം കൊടുക്കട്ടെ, അടുത്ത പ്രഭാതത്തിൽ തന്നെ അദ്ദേഹം റോത്സ്ചൈൽഡിനെക്കാൾ സമ്പന്നനായി ഉയർന്നു വരുന്നതാണു്!!!" എന്നാണു് ഈ സന്ദർഭത്തിൽ ഡഡ്ലി പ്രൂഡ് പ്രസ്താവിച്ചിട്ടുള്ളതു്.

മുപ്പതു സംവത്സരക്കാലം സ്കോട്ടിനു് ഹൃദയാരാമമായി പരമാഹ്ലാദം പ്രദാനം ചെയ്തുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ സഹധർമ്മചാരിണി ഈ അവസരത്തിൽ ഇഹലോകവാസം വെടിഞ്ഞു. അതോടുക്കൂടി അദ്ദേഹത്തിന്റെ മനസ്സു് ഇടിഞ്ഞുപോയി എന്നതന്നെ പറയാം. ഈ ഭയങ്കര വിപത്തിലും അപരിഹരണീയനഷ്ടത്തിലും കുടുങ്ങിയിരിക്കുന്ന അവസരത്തിൽ ആ അസാധാരണ ദേഹശക്തന്റെ ആരോഗ്യവും ക്ഷയിച്ചുകൊണ്ടിരുന്നു; മാത്രമല്ലാ ശരീരം പക്ഷവാത രോഗാധീനമായി പരിണമിക്കയും ചെയ്തു. ഈ ലോകത്തു അഭിമാനജനകമായും, ആനന്ദസന്ദായകമായും കരുതപ്പെട്ടുന്ന സകലതും തന്നെവിട്ടു് ലോകാന്തരം പ്രാപിക്കുന്നതുപോലെ സർ വാൾട്ടർ സ്കോട്ടിനു് കുറച്ചുകാലം തോന്നി. ബ്രിട്ടീഷ് സാമ്രാജ്യം മുഴുവനും മാത്രമല്ല യുറോപ്പിലെ പല രാജ്യങ്ങളിലും ഉള്ള ജനങ്ങൾ ഏതൊരു സാഹിത്യകുശലന്റെ

ഗദ്യകൃതികളും പദ്യകൃതികളും വായിച്ച് രസിച്ചുകൊണ്ടിരിക്കുന്നവോ ആ സാഹിത്യകുശലൻ ഇതാ ഉദ്വിഗ്നമാനസനും, ഭഗ്നാശനും ആയി ഏകാന്തതയിലാണ്ടു ദിനരാത്രങ്ങൾ എണ്ണിയെണ്ണി കഴിച്ചുകൂട്ടുന്നു.

പ്രതിമാസം 35,000 പുസ്തകം ചെലവ്.

മഹാന്മാരുടെ മഹത്വം പൂർണ്ണമായി പ്രത്യക്ഷപ്പെടാറുള്ളതു് അവരുടെ വിപൽക്കാലങ്ങളിലാണു്. ഇതു വളരെ ഭയജനകവും നിരാശാവഹകവും ആയ പരിതസ്ഥിതികളിൽ കുടുങ്ങിയിട്ടും പുരുഷസമേതം സാഹിത്യപരിശ്രമം ചെയ്വാൻ തന്നെ ആ സുധീരചിത്തൻ ദൃഢനിശ്ചയം ചെയ്തു. തന്റെ അക്ഷീണമായ തൂലികയുടെ അനവരതപ്രവർത്തനം മുഖേന ഋണവിമോചനം വരുത്തുവാൻ അദ്ദേഹം ഉറച്ചു.

മൂന്നു മാസത്തെ ശ്രമംകൊണ്ടു് എഴുതിത്തീർത്ത "വുഡ്സ്റ്റാക്ക്" എന്ന നാവലിന്റെ പ്രസിദ്ധീകരണാവകാശത്തിനു് 8228 പവൻ കൊടുക്കുവാൻ പുസ്തകശാലക്കാർ സന്നദ്ധരായി. 13 മാസത്തെ ശ്രമംകൊണ്ടു് എഴുതിത്തീർത്ത നെപ്പോളിയൻ ബോണപ്പാർട്ടിന്റെ ജീവചരിത്രം 13 വാല്യമായി അച്ചടിച്ചുവിട്ടതിന്റെ രണ്ടു പതിപ്പു കുറച്ചുകാലത്തിനകം വിറ്റുതീർന്നുപോയതിനാൽ 18,000 പവൻ അദ്ദേഹത്തിനു് ആദായം ലഭിച്ചു; ഇവ കൂടാതെ മറ്റു ചില ഗ്രന്ഥങ്ങളും കൂടി എഴുതിക്കൊണ്ടിരുന്നതിന്റെ ഫലമായി 3 വർഷം കഴിഞ്ഞപ്പോൾ 40,000 പവൻ കടം വീട്ടിത്തീർക്കുവാൻ സ്കാട്ടിനു കഴിഞ്ഞു.

ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നാവലുകളും കവിതകളും ഒരേ ആകൃതിയിൽ നോട്ടുകളോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്നുള്ളതായിരുന്ന ബാക്കി കടം തീർക്കാനുള്ള ഒരു മാർഗ്ഗമായി സ്കാട്ട് കണ്ടുപിടിച്ചതു്. അപ്രകാരം 8 വാല്യം 1829-ാമാണ്ടു് പ്രസിദ്ധപ്പെടുത്തി. പ്രതിമാസം 35000 പ്രതിവീതം ഇത്തരം ഗ്രന്ഥങ്ങൾ ചെലവായിക്കൊണ്ടിരുന്നു എന്നവസ്തുത ഓർക്കുമ്പോൾ, ആ സാഹിത്യനായകന്റെ കൃതികളോടു് ജനസഞ്ചയത്തിനുള്ള കൗതുകവും തല്പരതയും എത്രമാത്ര

മാണെന്നുള്ളതു് ഉറപ്പിക്കാവുന്നതാണല്ലൊ. അടുത്ത വർഷം കഴിഞ്ഞപ്പോൾ കടം 54,000 പവൻ ആയി കുറഞ്ഞു; ജനങ്ങളെല്ലാം ഒന്നുപോലെ സ്കാട്ടിന്റെ സത്യസന്ധതയെ വാനോളം പുകഴ്ത്തി. ഇക്കണക്കിനു്, രോഗബാധിതമെങ്കിലും അഞ്ചു വർഷംകൂടി ജീവിച്ചിരിക്കാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായിരുന്നു എങ്കിൽ കടം മുഴുവനും വീട്ടിയ ചാരിതാർത്ഥ്യത്തോടെ മരിക്കാൻ സ്കാട്ടിനു് ഭാഗ്യമുണ്ടാകുമായിരുന്നു. എന്നാൽ ദുർവിധി അതിനു സംഗതി വരുത്തിയില്ല.

ഈ സാഹിത്യാരാധകനെ പിടികൂടിയ രോഗാസുരന്റെ ആക്രമണങ്ങൾ ഒന്നിനൊന്നു് വർദ്ധിച്ചുകൊണ്ടേയിരുന്നു. ഡാക്ടർമാരുടെ ഉപദേശം അനുസരിച്ചു അദ്ദേഹം മാൾട്ടാ, നേപ്പിൾസ്, റോം മുതലായ പ്രദേശങ്ങളിൽ സഞ്ചാരം നടത്തി ആരോഗ്യം വീണ്ടെടുക്കുവാൻ നിഷ്ഫലപ്രയത്നം ചെയ്തു. 1832-ാമതു വർഷത്തിൽ സർ വാൾട്ടർ സ്കാട്ട് നിര്യാതനായി.

ഇതിനു ശേഷം ശതാബ്ദം ഒന്നു കഴിഞ്ഞിട്ടുണ്ടെങ്കിലും ആ അനുഗൃഹീത ഭാവനാകുശലന്റെ കവിതകളും നാവല്കളും ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിച്ചുകൊണ്ടുതന്നെയിരിക്കുന്നു. അദ്ദേഹത്തിന്റെ ഏതെങ്കിലും ഒരു കൃതിയുടെ ഭാഷാന്തരംകൊണ്ടു ബഹുമാന്യമായിത്തീർന്നിട്ടില്ലാത്ത യാതൊരു പരിഷ്കൃതഭാഷയും ലോകത്തില്ല എന്നുള്ളതു കേവലം ഒരു പരമാർത്ഥം മാത്രമാണു്.

ഫ്രാൻസിലെ റാബർട്ട് ബ്രൂസ്

കെ. ശിവശങ്കരപ്പിള്ള ബി. എ. ബി. എൽ.

സ്വരാജ്യസ്നേഹം, സ്ഥിരോത്സാഹം, വിപദിധൈര്യം എന്നീ മഹനീയഗുണങ്ങൾക്ക് മാതൃകയായിരുന്ന ഒരു പാശ്ചാത്യരാജ്യസംരക്ഷകന്റെ ജീവചരിത്രസംക്ഷേപമാണ് ചുവടേ കുറിക്കുന്നത്.

സിംഹപരാക്രമന്മാരായ ഇംഗ്ലീഷ്‌യോദ്ധാക്കളെ തുടച്ചയായി നിരവധി യുദ്ധങ്ങളിൽ തോല്പിച്ചു സ്കാട്ട്‌ലൻഡിന്റെ സ്വാതന്ത്ര്യം സമ്പാദനം ചെയ്ത ഈ റാബർട്ട് ബ്രൂസ് ക്രിസ്തുബ്ദം 1274 മാർച്ചുമാസം 21ന- 'ട്ടേൺബറി' കോട്ടയിൽ ജാതനായി. പരസ്പരാനുരാഗത്താൽ ബദ്ധരായിരുന്ന 'കാറിക്ക' പ്രഭ്വിയും 'റാബർട്ട ഡി ബ്രൂസും' ആയിരുന്ന കഥാപുരുഷന്റെ മാതാപിതാക്കന്മാർ. ഈ രാജകീയദമ്പതിമാരുടെ പ്രഥമസന്താനമായ റാബർട്ട് ബ്രൂസ് തന്റെ ബാല്യദശയിൽ പ്രധാനഭാഗം ട്ടേൺബറികോട്ടയിൽതന്നെ കഴിക്കയും, കാലാനുസരണമായ സൈനികവിദ്യാഭ്യാസത്തിൽ പ്രശംസനീയമായ ഒരു നില അചിരേണ പ്രാപിക്കുകയും ചെയ്തു.

ആംഗലരാജാവിന്റെ വിളംബരം

സ്കാട്ട്‌ലണ്ടിലെ രാഷ്ട്രീയാന്തരീക്ഷത്തിന്റെ അന്നത്തെ നില ശ്രദ്ധാവഹമാണ്. 'ഭരണനിപുണനായ അലക്സാണ്ടർ മൂന്നാമൻ' സന്താനരഹിതനായി കാലഗതിയെ പ്രാപിക്കുകയാൽ സ്കാട്ട്‌ലണ്ടുരാജ്യം അരാജകസംഘങ്ങളുടെ നാശകരമായ പല പ്രവൃത്തികൾക്കും വിധേയമായിത്തീർന്നു. ഈ തക്കം നോക്കി ഇംഗ്ലീഷ്‌രാജാവായ 'എഡ്വർഡ് ഒന്നാമൻ' സ്കാട്ട്‌ലണ്ടിലെ മേൽക്കോയ്മസ്ഥാനം കൈവശത്താക്കുകയും സ്കാട്ട്‌ലണ്ടിലെ ഒരു പ്രഭുവായ 'ജാൺ ബാലിയല്ലിനെ' ഒരു സാമന്തരാജാവായി അവരോധിക്കുകയും ചെയ്തു.

എന്നാൽ ഒരു സേച്ഛാപ്രഭുവായ എഡ്വർഡ് ഒന്നാമന്റെ ജുഗുപ്സാവഹമായ അധികാരേച്ഛയിൽ ജാൻ ബാലിയൽ വ്യക്തമായി അസംതൃപ്തി പ്രകടിപ്പിച്ചതുകൊണ്ട്, ആ സ്കോട്ട്ലണ്ട് രാജാവ് കാലതാമസമെന്യേ സിംഹാസനഭ്രഷ്ടനാക്കപ്പെട്ടു. അനന്തരം സ്കോട്ട്ലണ്ടിനെ ഇംഗ്ലണ്ടിനോട് ചേർത്തതായി ഒരു വിളംബരം ആഗലരാജൻ പ്രസിദ്ധപ്പെടുത്തുകയും, ഇംഗ്ലീഷു പ്രഭുക്കന്മാരടങ്ങിയ ഒരു ഭരണസമിതി സ്കോട്ടലണ്ടിൽ സ്ഥാപിക്കുകയും ചെയ്തു. പൌരുഷബോധമുള്ളവരായ ഏതാനും സ്കോട്ട്ലണ്ടുകാർക്ക് എഡ്വർഡ് ഒന്നാമന്റെ ഈ പ്രവൃത്തിയിൽ ഭീമമായ അസംതൃപ്തിയാണ് ഉണ്ടായതു്. കഥാനായകനായ റാബർട്ട് ബ്രൂസ് ഈ അസംതൃപ്തകക്ഷിയിൽപ്പെട്ട ഒരാളായിരുന്നു. രാജ്യാഭിമാനം പുലർത്തുവാനായി ആ സ്കോച്ചു് പൌരന്മാർ 'വില്യം വാലസ്' എന്ന ഒരു പ്രസിദ്ധ സേനാനിയുടെ നേതൃത്വത്തിൽ ഇംഗ്ലീഷ് കാർക്കു എതിരായി യുദ്ധത്തിനൊരുങ്ങി. എന്നാൽ അതിബലവാനായ 'എഡ്വേർഡ് ഒന്നാമൻ' നിഷ്പ്രയാസം ഇവരെ യുദ്ധത്തിൽ തോല്പിക്കുകയും വാലസ്സിനെ ബന്ധനസ്ഥനാക്കി വധിക്കുകയും ചെയ്തു. സ്കോട്ട്ലാണ്ടു് വീണ്ടും സ്വതന്ത്രം രാജാവില്ലാത്ത ഒരു രാജ്യമായി ഇംഗ്ലണ്ടിനെതന്നെ ആശ്രയിച്ചുകഴിയുവാൻ ഇടയായി.

ഗ്രന്ഥാലോചന.

സ്കോട്ട്ലണ്ടിന്റെ സ്വതന്ത്രരാജസ്ഥാനം നശിക്കുന്നതു 'റാബർട്ട് ബ്രൂസിനു' ഏറ്റവും അസഹ്യമായ ഒന്നായിരുന്നു. സധൈര്യശക്തികളും പ്രയോഗിച്ചു തന്റെ മാതൃഭൂമിയെ ആ ശോച്യാവസ്ഥയിൽ നിന്നും രക്ഷിക്കുന്നതിനു ഉദ്യുക്തനായിത്തീർന്ന കഥാനായകൻ അക്കാലത്തെ ഒരു പ്രമാണിയായിരുന്ന 'കാവിൽ' പ്രഭുവുമായി ഒരു ഗ്രന്ഥാലോചന നടത്തി. സ്കോട്ടലണ്ടിന്റെ നശിച്ചുപോയ രാജശക്തിയെ പുനരുദ്ധരിക്കുന്നതിനു പരസ്പരം സഹായസഹകരണങ്ങളും ചെയ്യണമെന്നായിരുന്നു ഈ ഗ്രന്ഥാലോചനയുടെ സാരം. വഞ്ചകിയായ

കാവിൽ പ്രഭു റാബർട്ട് ബ്രൂസിന്റെ അഭിപ്രായഗതിക്കനുകൂലമായി നില്ക്കാമെന്നു ഏറ്റിട്ട് തക്കം നോക്കി ഇംഗ്ലീഷ് രാജാവിനെ വിവരമെല്ലാം ധരിപ്പിച്ചു. പലപ്പോഴും,

"ശത്രുക്കളല്ല ശത്രുക്കളാകുന്നതു
മിത്രഭാവത്തോടരികെ മരുവിന
ശത്രുക്കൾ ശത്രുക്കളാകുന്നതേവനും
മൃത്യുവരുത്തുമവരെന്നു നിണ്ണയം."

കോപാന്ധനായിത്തീർന്ന എഡ്വർഡ് ഒന്നാമൻ വിൻചെസ്റ്റർ കോട്ടയിൽ താമസിച്ചിരുന്ന ബ്രൂസിനെ തൽക്ഷണം ബന്ധനസ്ഥനാക്കി തന്റെമുമ്പിൽ ഹാജരാക്കുന്നതിനായി അനുചരന്മാക്ക് അനുജ്ഞനൽകി. മിത്രഭാവേനവർത്തിക്കുന്ന ശത്രുക്കളിൽനിന്നു അപ്രതീക്ഷിതമായി ആപത്തുനേരിടുന്നുഎങ്കിൽ, ശത്രുഭാവേന വർത്തിക്കുന്ന മിത്രങ്ങളിൽനിന്നു് അപ്രതീക്ഷിതമായി സഹായങ്ങളും ലഭിക്കുന്നതാണ്. എഡ്വർഡിന്റെ അന്തേവാസിയും 'റാബർട്ട് ബ്രൂസിന്റെ' ആത്മമിത്രവുമായിരുന്ന 'ഗ്ലസ്റ്റർപ്രഭു' വിവരം റാബർട്ട ബ്രൂസിനെ അതിവേഗത്തിൽ അറിയിക്കുകയാൽ പരിഭ്രാന്തനായിതീർന്ന ബ്രൂസ് ആത്മരക്ഷാർത്ഥം സ്വന്തഗൃഹത്തിലേക്കു പോയിരക്ഷപ്പെട്ടു.

പട്ടാഭിഷേകം.

കാലം അധികം താമസിച്ചില്ല. ഇംഗ്ലീഷ് രാജാവിന്റെ ഒറ്റുകാരനായ 'കാവിൽ' പ്രഭു ഒരു ദിവസം പ്രഭാതത്തിൽ ഒരു ക്രിസ്തീയദേവാലയത്തിൽവച്ചു് റാബർട്ട് ബ്രൂസിനെ കാണുവാനിടയായി. ബ്രൂസാകട്ടെ കോപകലുഷിതനായി കാവിലിന്റെ അവിശ്വാസപരമായ പ്രവൃത്തിയെക്കുറിച്ചു് പരസ്യമായി അധിക്ഷേപിക്കുകയും, തൽക്ഷണം ഇരുകൂട്ടരും വലുതായ വാഗ്വാദത്തിൽ നിമഗ്നരാകുകയുംചെയ്തു. രാജ്യാഭിമാനരഹിതനായ ആ 'കാവിൽ' പ്രഭുവിന്റെ ധിക്കാരവചനങ്ങൾ സഹിക്കാതെ റാബർട്ട് ബ്രൂസ് തന്റെ വാളൂരി ആ ചതിയനെ വധിച്ചു. ധൈര്യപുരസ്സരമുള്ള ഈ

പ്രവൃത്തി റാബർട്ട് ബ്രൂസിന് സാമാന്യാതീതമായ ഒരനുഗ്രഹമായിട്ടാണ് തീർന്നത്. ഇംഗ്ലീഷ് രാജശക്തിയെ രഹസ്യമായി ധിക്കരിച്ചിരുന്ന പല സ്വരാജ്യസ്നേഹികളും ബ്രൂസിനെ സ്തുതിക്കുകയും, അവരുടെ ഗണ്യമായ സഹായത്തോടുകൂടി ബ്രൂസ് 1306 മാച്ച് 29-നു സ്കാട്ട്ലണ്ടിലെ രാജാവായി അഭിഷേകം ചെയ്യപ്പെടുകയുംചെയ്തു.

യുദ്ധത്തിൽ തോറ്റോടി.

ബ്രൂസിന്റെ അവിചാരിതമായ പട്ടാഭിഷേകം അദ്ദേഹത്തെ അത്യഗാധമായ ആപദ്ഗർത്തത്തിൽ നിപതിപ്പിക്കുകയാണു ചെയ്തത്. ഭരണപടുവും രാജ്യസമ്പാദനേച്ഛയിൽ അദ്വിതീയനുമായിരുന്ന എഡ്വർഡ് രാജനുണ്ടോ ബ്രൂസിന്റെ ഇത്തരം പ്രവൃത്തികളിൽ മൌനം അവലംബിക്കുന്നു? തന്റെ വിശ്വസ്തസേനാനിയായ 'പെംബ്രോക്ക്' പ്രഭുവിനെ ഉടൻതന്നെ ഒരു വൻപിച്ച ഇംഗ്ലീഷ് സൈന്യത്തിന്റെ അധിപസ്ഥാനംനൽകി ബ്രൂസിനെതിരായിട്ടയച്ചു. സ്കാട്ട്ലണ്ടും ഇംഗ്ലണ്ടും തമ്മിൽ ഭയങ്കരമായ ഒരു യുദ്ധത്തിൽ ഏർപ്പെടുകയും, സ്കാട്ട്ലണ്ട് തോല്പിക്കപ്പെടുകയുംചെയ്തു. ഗത്യന്തരമില്ലാതെ ബ്രൂസ് പോക്കളത്തിൽനിന്നും പലായനം ചെയ്യുകയാണുചെയ്തത്. ബ്രൂസിന്റെ അഭാവത്തിൽ വിച്ഛിന്നമായിതീർന്ന സ്കാച്ച്സൈന്യം രക്ഷാമാർഗ്ഗംതേടി അങ്ങുമിങ്ങും ഓടുന്നതിനിടയിൽ പ്രഭു അവരെ പിടികൂടി നിഷ്ഠുരണം വധിച്ചുകളഞ്ഞു. ഈ വർത്തമാനം സ്കാട്ട്ലണ്ടിൽ പരന്നതോടുകൂടി നാട്ടുകാർ ഭയവിഹ്വലരായി നാട്ടിന്റെനാനാഭാഗങ്ങളിൽഓടിഒളിക്കുകയും ഈ അത്യാഹിതത്തിനു കാരണമാക്കിയ ബ്രൂസിനെ കിഞ്ചിഴ്ഞെന്മാരായ പലരും ശപിക്കുകയും ചെയ്തു.

"രണ്ടുനാലുദിനംകൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ"

എന്നത് റാബർട്ട് ബ്രൂസിനെ സംബന്ധിച്ചെടത്തോളം അർത്ഥശൂന്യമായിരുന്ന എങ്കിലും,

"മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേറുന്നതും ഭവാൻ"

എന്നതു് അക്ഷരംപ്രതി ശരിയായി അദ്ദേഹത്തിൽ ഫലിച്ചു. വിജയത്തിന്റെ അത്യല്പമായ അംശം സമ്പാദിക്കുന്നതിനു വേണ്ടി ഇത്രയേറെ നരകദുഃഖങ്ങൾ അനുഭവിച്ചുകൊണ്ടു് അക്ഷീണമായി പരിശ്രമിച്ചിട്ടുള്ള ഒരാളെ ലോകചരിത്രത്തിൽ തുലോം വിരളമായിട്ടേ കാണ്മാൻ കഴിയുന്നുള്ളൂ.

കുടുംബസമേതം കൊടുങ്കാട്ടിൽ.

പരാജിതനായ റാബർട്ട് ബ്രൂസ് ഉദ്ദേശം നൂറോളം വരുന്ന അനുയായികളോടുകൂടി ഇതികർത്തവ്യതാമൂഢനായി 'അത്താഴം' എന്ന കാട്ടിൽ കുറെക്കാലം അജ്ഞാതവാസം എന്ന നിലയ്ക്കു താമസിക്കാൻ ഇടയായി. ഈ താമസക്കാലത്തു തന്റെ പ്രിയപത്നിയും മകളും തന്റെ ഒരു സോദരിയും ബ്രൂസിന്റെ ഏതാപത്തിലും പങ്കുകൊള്ളുവാൻ സന്നദ്ധരായി അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു. കാലചക്രഭ്രമണത്തിൽപ്പെട്ടു് വനാന്തരങ്ങളിൽ അലയുവാൻ ഇടവന്ന ആ യഥാർത്ഥ രാജ്യപ്രണയി അനുഭവിച്ചകഷ്ടതകളും അനിർവ്വചനീയമാണു്. എന്നാൽ വിപദിധൈര്യം അദ്ദേഹത്തിനു സ്ഥായിയായ ഒരു മാർഗ്ഗദർശിയായിരുന്നു. ഈ കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ബ്രൂസ് ഒരു ചെറിയ പുഴയുടെ തീരത്തു വന്നുചേരുവാൻ ഇടയായി. അവിടെ അധിവസിച്ചിരുന്ന കർഷകന്മാരായ 'മാക്ഡൊഗൽമാർ' എന്ന ഒരുതരം ക്രൂരവർഗ്ഗക്കാർ ബ്രൂസിനെ ഉപദ്രവിക്കാൻ ഉത്സാഹഭരിതരായി അടുത്തുകൂടി. എന്നാൽ ബ്രൂസാകട്ടെ ധൈര്യം അവലംബിച്ചു് തന്റെ സമീപത്തുവന്ന മൂന്നു ഘാതകന്മാരെ ഒരേനിമിഷത്തിൽ വധിച്ചിട്ടു് അവിടെനിന്നും രക്ഷപ്പെട്ടു. ദ്വന്ദ്വയുദ്ധത്തിൽ സമർത്ഥനും ഖഡ്ഗവിദ്യയിൽ അതിചതുരനുമായിരുന്ന റാബർട്ട് ബ്രൂസിനു ഒരേസമയത്തു നാലോ, അഞ്ചോ യോദ്ധാക്കളെ എതിർത്തു നിഷ്പ്രയാസം ജയിക്കുവാൻ സാധിക്കുമായിരുന്നു.

പത്നിയും പുത്രിയും ജയിലിൽ.

തണുപ്പുകാലം വന്നതോടുകൂടി എന്തെന്നറിയാതെ ബ്രൂസ്സ് വളരെ കുഴങ്ങി. അശരണന്മാരായ അനുയായികളോടുകൂടിയുള്ള അരണ്യവാസം അത്ര സുസാദ്ധ്യമല്ലെന്നു കരുതി അവരിൽ പലരും പിൻതിരിഞ്ഞുപോകുവാൻ നിർബന്ധിതരായി. തന്റെ ധർമ്മപത്നിയായ രാജ്ഞിയേയും അവരോടൊന്നിച്ച് കാട്ടിൽപോയിരുന്ന മറ്റു സ്ത്രീകളേയും സമീപത്തുണ്ടായിരുന്ന ഒരു രക്ഷാസ്ഥാനം ലക്ഷ്യമാക്കി അദ്ദേഹം അയച്ചു. എന്നാൽ ദുർവ്വിധിവൈഭവത്താൽ തന്റെ രാജ്ഞിയും മകളും മാത്രം ഇംഗ്ലീഷുകാരുടെ കൈയിൽ അകപ്പെട്ടുകയും, എഡ്വേർഡ് ഒന്നാമന്റെ ആജ്ഞാനുസരണം അവരെ ജയിലിൽ അടയ്ക്കുകയും ചെയ്തു.

ചിലന്തി പഠിപ്പിച്ചപാഠം.

നിത്യസഹചാരികളായി ശേഷിച്ച ഏതാനും ഭടന്മാരോടുകൂടി 'അത്താഴം വനത്തിൽ' തന്നെ ഇനിയും താമസിക്കുന്നതായാൽ, ശത്രുക്കൾ പലവിധത്തിൽ ഉപദ്രവിക്കുമെന്നു കരുതി നിർഭാഗ്യദേവതയുടെ ശിഷ്യനായ ആ രാജാവ് അവിടം വിട്ടുപോകുവാൻ തീർച്ചപ്പെടുത്തി. ഒരു ഉദാരമതിയുടെ സഹായത്തോടുകൂടി ബ്രൂസ് അയർലണ്ടിന്റെ പൂർവ്വഭാഗത്തു സ്ഥിതിചെയ്യുന്ന 'റാച്ചറിൻ' ദ്വീപിൽ എത്തി അല്പകാലം അവിടെ ഒളിച്ചുതാമസിച്ചു. ഒരു സായാഹ്നത്തിൽ ബ്രൂസ് പ്രകൃതിയുടെ അകൃത്രിമമായ സൌഷ്ഠവം കണ്ടാനന്ദിച്ചുകൊണ്ട് ആ ദ്വീപിലുള്ള ഒരു വൃക്ഷച്ചുവട്ടിൽ ഇരിക്കയായിരുന്നു. അല്പനിമിഷങ്ങൾക്കുള്ളിൽ സാരാജ്യോദ്ധാരണ ചിന്തകളാൽ പരിപീഡിതനായിത്തീർന്ന അദ്ദേഹം നിരുത്സാഹനായി ആ പുല്ലിൽ അല്പനേരം കിടന്നുപോയി. തത്സമയം ആ വൃക്ഷത്തിന്റെ ശിഖരത്തിൽ ഒരു വലകെട്ടി ഉറപ്പിക്കുന്നതിനുവേണ്ടി വീണ്ടും വീണ്ടും ശ്രമംചെയ്തുകൊണ്ടിരുന്ന ഒരു എട്ടുകാലി

ബ്രൂസിന്റെ ശ്രദ്ധയുടെ വിഷയമായി ഭവിച്ചു. ആറു പ്രാവശ്യം പരാജിതനായ ആ എട്ടുകാലിയാകട്ടെ ഏഴാമത്തെ പ്രാവശ്യം പൂർവ്വാധികം ഉത്സാഹത്തോടും ധൈര്യത്തോടും ശ്രമിക്കുകയും, ആ ശ്രമം വിജയപര്യവസായിയായിത്തീരുകയും ചെയ്തു. ഇതുകണ്ടു് ബ്രൂസു് അത്ഭുതപരതന്ത്രനായി തന്റെ ശ്രമത്തിൽ പ്രകൃതിയുടെ സന്താനമായ എട്ടുകാലിയെ പിൻതുടരുന്നതാണെന്നു സർവ്വാത്മനാ ഉറച്ചു.

ബ്രൂസു് പ്രാണരക്ഷാർത്ഥം ഒളിച്ചോടുന്നു.

പ്രതികാരേച്ഛയുടെ എഡ്വർഡ് ഇക്കാലത്തൊന്നും സ്വസ്ഥനായിരുന്നില്ല. വനാന്തരങ്ങളിൽ ഒളിച്ചുനടന്നിരുന്ന ബ്രൂസിനെ കണ്ടുപിടിച്ചു പക വീട്ടുവാനുള്ള തന്റെ ഉദ്യമം വിജയലക്ഷ്മിയാൽ അനുഗൃഹീതമായില്ലെന്നറിഞ്ഞപ്പോൾ, പൂർവ്വാധികം രോഷാകുലനായിത്തീർന്ന ആംഗലരാജൻ ബ്രൂസിന്റെ ബന്ധുക്കളേയും സഹായികളേയും സ്ഥാനത്തും അസ്ഥാനത്തും ഉപദ്രവിക്കുവാൻ തുടങ്ങി. ബ്രൂസിന്റെ രാജ്ഞിയേയും പുത്രിയേയും ബന്ധനത്തിൽ പാർപ്പിച്ചതുകൊണ്ടുമാത്രം തൃപ്തനാകാത്ത ആ ഇംഗ്ലീഷ് രാജാവു് പുരോഹിതന്മാരെക്കൊണ്ടു് ബ്രൂസിനെ ഒരു മതഭ്രഷ്ടനാക്കുകയും ചെയ്തു. ഇതിനുംപുറമെ ബ്രൂസിനു ജന്മാവകാശമുണ്ടായിരുന്ന സകല പ്രദേശങ്ങളേയും കൈവശപ്പെടുത്തി എഡ്വർഡ് തന്റെ അധീനതയിൽ പാർത്തുവന്നിരുന്ന ഇംഗ്ലീഷ് പ്രഭുക്കന്മാർക്കു ദാനം ചെയ്യുകയും ചെയ്തു. ഇംഗ്ലീഷ് രാജന്റെ ഇത്തരം നീചമായ പ്രവൃത്തികൾ ജനങ്ങളുടെ ഇടയിൽ ബ്രൂസിന്റെ നേർക്കു സാർവ്വത്രികമായ ഒരു അനുകമ്പ ഉളവാക്കുകയാണു് ചെയ്തതു്.

ഇംഗ്ലീഷ് രാജാവിന്റെ നിർദ്ദയമായ പെരുമാറ്റവും ബ്രൂസിന്റെ നിസ്സഹായസ്ഥിതിയും ബ്രൂസിനെ സ്കോട്ട്ലണ്ടിലെ സാമാന്യജനങ്ങളുടെ പരിപൂർണ്ണമായ കരുണയുടെ കാലവീളംബമെന്യേ വിധേയനാക്കി. ബ്രൂസാകട്ടെ അധികകാലം ദ്വീപിൽ താമസിച്ചില്ല. 1307-ാം വർഷം വസന്താരം

ത്തിൽ 'ക്രിസ്റ്റിയാന' എന്ന ഒരു പ്രഭുവിയുടെ സഹായത്തോടുകൂടി തന്റെ ജനനസ്ഥലമായ ട്രേൺബെറി കോട്ട ബ്രൂസ് ആക്രമിച്ചു. പെട്ടെന്നുള്ള ആക്രമണത്തിൽ ആ കോട്ടയിലെ ഇംഗ്ലീഷ് ഭടന്മാർ നിശ്ശേഷം തോല്പിക്കപ്പെടുകയും അവരിൽ പലരും അകാലമരണത്തിനു ഇരയായിത്തീരുകയും ചെയ്തു. എന്നാൽ ബ്രൂസിനു ഇതു ഒരു തല്ക്കാലിക വിജയം മാത്രമേ ആയിരുന്നുള്ളൂ. അദ്ദേഹം വീണ്ടും ഒരു ചെറിയ സംഘത്തോടുകൂടി മലമ്പ്രദേശങ്ങളിൽ മറയുവാൻ നിർബ്ബന്ധിതനാകയാണ് ചെയ്തത്. തുടച്ചയായി ദുരിഷ്ടങ്ങൾക്കു പിന്നെയും അദ്ദേഹം വിധേയനായിക്കൊണ്ടിരുന്നു. കാട്ടിൽ പലസ്ഥലങ്ങളിലും സഞ്ചരിച്ചിരുന്നതിനിടയിൽ ഒരിക്കൽ അദ്ദേഹം 'ഗലോവേ' എന്ന ഒരു ജില്ലയിൽ പ്രവേശിക്കുവാൻ ഇടയായി. ഈ പ്രദേശത്തെ അധിവസിച്ചിരുന്ന ഒരുതരം ജാതിക്കാർ തന്നെ ഉപദ്രവിക്കാൻ തീച്ചപ്പെടുത്തിയിരിക്കുന്നതായി അദ്ദേഹത്തിനു ആദ്യം അറിയുവാൻ കഴിഞ്ഞില്ല. കാലക്രമത്തിൽ ഈ 'ഗാലോവേയന്മാർ' ബ്രൂസിനെ ഉപദ്രവിച്ചു വധിക്കുവാൻ തീച്ചപ്പെടുത്തിയിരിക്കുന്നതായി, മനസ്സിലാക്കുകയും ബ്രൂസ് അവരുടെ ശ്രമം വിഫലമാക്കുന്നതിനു തീച്ചപ്പെടുത്തുകയും ചെയ്തു. ഒരു ദിവസം ബ്രൂസ് തന്റെ അനുചരന്മാരെ ദൂരത്തയച്ചിട്ട് ഒരു നദിയുടെ വക്കത്തുള്ള ഇട്ടുങ്ങിയ വഴിയുടെ മുഖത്തു നിൽക്കുകയായിരുന്നു. അശ്വാരൂഢന്മാരായ ചില ഗാലോവേയന്മാർ തക്കംനോക്കി ബ്രൂസിനെ വധിക്കുവാൻ പാഞ്ഞടുത്തു. ധീരനായ ബ്രൂസ് തനിക്കെതിരായിവന്ന പടയാളികളെ നിമിഷത്തിനുള്ളിൽ നിഷ്പ്രയാസം വധിക്കുകയാണ് ചെയ്തത്.

ബ്രൂസിന്റെ അസാധാരണനൈപുണ്യവും നിസ്തുല്യമായ ധൈര്യവീര്യപരാക്രമങ്ങളും കണ്ടു് അത്ഭുതപരവശരായി തീർന്ന 'ഗാലോവേ' സൈന്യം ആ രാജാവിനെ ഉപേക്ഷിച്ചിട്ടു പിന്തിരിഞ്ഞുപൊയ്കളഞ്ഞു.

ബ്രൂസ് വേട്ടപ്പട്ടികളുടെ പിമ്പെ.

വേറൊരവസരത്തിൽ ലോണിലെ ജാൺപ്രഭു വേട്ടനായ്ക്കളുമായി ബ്രൂസിനെ തിരഞ്ഞുപിടിക്കാൻ ആ കാട്ടിൽ ആഗതനായി. ജാണിന്റെ ഈ ഉദ്യമത്തിനിടയ്ക്കു ശക്തിമാന്മാരായ അഞ്ചു പടയാളികൾ ഒന്നിച്ചു യാത്രചെയ്തുകൊണ്ടിരിക്കവെ പെട്ടെന്നു ബ്രൂസിനെകാണാൻസാധിച്ചു. ഉത്സാഹഭരിതരായിതീർന്ന ശത്രുക്കൾ ബ്രൂസിന്റെ നേർക്കു പാഞ്ഞടുത്തു. അനന്തരം ഉണ്ടായ യുദ്ധത്തിൽ ബ്രൂസ്തന്നെ നാലുപേരെ വധിക്കയും, ഒരു അനുചാരിയുടെ ഖഡ്ഗത്തിനു അഞ്ചാമൻ ഇരയാകയും ചെയ്തു. ബ്രൂസ് രക്ഷപ്പെട്ടതിനുമുമ്പെ ലോൺപ്രഭു അവിടെ എത്തി. എന്നാൽ ബ്രൂസാകട്ടെ സമീപത്തുണ്ടായിരുന്ന ഒരു നദിയിൽചാടി, ലോൺപ്രഭുവിന്റെ വേട്ടപ്പട്ടികൾക്കുപോലും പിൻതുടരുവാൻ ഇടകൊടുക്കാതെ ദ്രുതഗതിയിൽ മറഞ്ഞുകളഞ്ഞു.

ഒരിക്കൽ ബ്രൂസും തന്റെ ഒരു സഹചാരിയുമായി കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതിനിടക്കു മൂന്നു രാക്ഷസതുല്യന്മാരായ ഭീമകായന്മാർ ബ്രൂസിന്റെ നേർക്കു വരുന്നതു കാണുവാൻ ഇടയായി. ദുഷ്ടമൃഗങ്ങളെപ്പോലെ ഇവർ ബ്രൂസിനെ അന്വേഷിച്ചുനടക്കുകയായിരുന്നു. താൻ ബ്രൂസ് അല്ലെന്നും ബ്രൂസിനെ കണ്ടുപിടിക്കുന്നതിനു വേണ്ട സഹായം ചെയ്തുകൊടുക്കാമെന്നും പറഞ്ഞു സ്കോച്ച്‌രാജാവു് ഈ ഘാതകന്മാരെ സമീപത്തുള്ള ഒരു കുടിലിലേക്കു നയിച്ചു. അവിടെവച്ചു് അവർ ആഹാരം പാകംചെയ്തുകൊണ്ടിരുന്നതിനിടയിൽ ബ്രൂസിനെ അവർ മനസ്സിലാക്കി; പെട്ടന്നു അവർ രാജാവിനെ വധിക്കുവാൻ ശ്രമിക്കുകയുംചെയ്തു. എന്നാൽ രാജാവാകട്ടെ, ധൈര്യസമേതം ഈ മഷ്കൂരന്മാരോടു് പോരാടി അവരെ കാലപുരിക്കു യാത്രയയച്ചു.

ഏറെനാൾ കഴിയുംമുമ്പെ ബ്രൂസ് നാട്ടിൽ പ്രത്യക്ഷപ്പെട്ടു. ജനങ്ങൾ ഉത്സാഹഭരിതരായി ബ്രൂസിനെയും അനുചരന്മാരേയും സ്വീകരിച്ചു. നാട്ടിന്റെ നാനാഭാഗത്തുനിന്നും

ബ്രൂസിനു സൈന്യം ലഭിക്കുമെന്നു പൂർണ്ണബോദ്ധ്യം ഉണ്ടായി. തന്നിമിത്തം ഒരു ഇംഗ്ലീഷുസൈന്യത്തോടു പരസ്യമായി യുദ്ധംചെയ്വാൻ ആ സ്കോച്ച്‌രാജാവു് ഇപ്പോൾ ഉറച്ചു. ആ അവസരം വിട്ടുരത്തിലല്ലായിരുന്നു. 'പെംബ്രോക്കു്' പ്രഭു ബ്രൂസിനെ പരസ്യമായി യുദ്ധത്തിനു ക്ഷണിക്കുകയും, ആ ആഹ്വാനത്തെ ബ്രൂസ് സന്തോഷസമനചിതം സ്വീകരിക്കുകയും ചെയ്തു. രണ്ടു സേനകളും തമ്മിൽ കൂട്ടിമുട്ടി. ബ്രൂസിന്റെ പയ്റ്റാലോചനാപൂർവ്വമായ പ്രവൃത്തികളുടെ ഫലമായി, സ്കോച്ച സൈന്യത്തിനു വിജയപതാക പറത്തുവാൻ ഇടവന്നു. ബ്രൂസിന്റെ ജീവിതത്തിൽ ഈ യുദ്ധം സർവ്വപ്രകാരേണ പ്രാധാന്യം വഹിക്കുന്ന ഒന്നായിരുന്നു. ഈ യുദ്ധം ബ്രൂസിന്റെ രണപാടവത്തിനും സ്വാധീനശക്തിക്കും ഒരു മാനദണ്ഡമായി ആക്കും തോന്നി.

ദീനക്കിടക്കയിൽ നിന്നു് അടർക്കളത്തിലേക്കു്.

വിശ്രമരഹിതമായ ജീവിതത്തിന്റെ ഫലമായി ബ്രൂസ് അതിവേഗം ദീനശയ്യാവലംബിയായിത്തീർന്നു. രോഗശമനത്തിനു് ഒരു സുഖവാസസ്ഥലത്തേക്കു മാറി താമസിക്കുവാൻ അദ്ദേഹം തീർച്ചപ്പെടുത്തി. മദ്ധ്യമാർഗ്ഗം ശത്രുക്കൾ സ്കോച്ച് സൈന്യത്തെ എതിർത്തു. രോഗബാധിതനായിരുന്ന രാജാവു് ദുസ്സഹമായ ഈ വാർത്ത കേട്ടമാത്രയിൽതന്നെ സ്വമഞ്ചത്തിൽ നിന്നും ചാടി എണീറ്റു് അശ്വാരൂഢനായി ആ പോക്കളത്തിൽ എത്തി. അത്യുത്സാഹിയായ ആ രാജവര്യൻ സ്വജീവനെപ്പോലും തൃണവൽഗണിച്ചു് സധീരം പോരാടി ശത്രുക്കളെ നിശ്ശേഷം തോല്പിച്ചു. ഈ ധീരപുരുഷന്റെ പ്രശംസനീയമായ ഇത്തരം പ്രവൃത്തികൾ അദ്ദേഹത്തെ ഒരു അമാനുഷനായി ചിലർക്കു പ്രത്യക്ഷപ്പെടുത്തി.

ജയലക്ഷ്മീ കടാക്ഷം.

കഠിനരോഗത്താൽ കിടന്നിടത്തുനിന്നു് അനങ്ങുവാൻ പോലും കഴിയാതിരുന്ന രാജാവിന്റെ സ്തുത്യർഹമായ വിജയം

സ്വരാജ്യനിവാസികൾ ആഹ്ലാദപൂർവ്വം സ്വീകരിച്ചു; എന്നു മാത്രമല്ല ബ്രൂസിന്റെ ഈ മഹദ്ശ്രമത്തെ സമ്പൂർണ്ണവിജയത്തിൽ കലാശിപ്പിക്കുവാൻ വേണ്ടത്ര യത്നിക്കുന്നതിനു അവർ ഒരുങ്ങുകയും ചെയ്തു. സ്കോച്ചുകാരും ഇംഗ്ലീഷുകാരും തമ്മിൽ ഇടച്ചിയായി യുദ്ധം നടന്നുകൊണ്ടിരുന്നു. വിജയലക്ഷ്മിയാൽ അനുഗ്രഹീതനായ ആ സ്കോച്ചു രാജാവിനു യാതൊരു പോക്കളത്തിലും പിന്നീടു പരാജയം ഉണ്ടായില്ല. രണപടുക്കളെന്ന സ്വയം അനുമാനിച്ചുകൊണ്ടിരുന്ന ഇംഗ്ലീഷുകാരുടെ ശക്തി ദിനംദിനം ക്ഷയിച്ചുകൊണ്ടിരുന്നു.

ഏതാണ്ടിക്കാലത്തു് സർ ജാൺ എന്ന ഒരു ആംഗ്ലേയ സേനാധിപൻ 1500 ഭടന്മാരോടുകൂടി ബ്രൂസിന്റെ സഹോദരനായ എഡ്വർഡിനെ എതിർത്തു. സഹോദരനെപ്പോലെ രണചതുരനായ എഡ്വർഡു് വെറും 50 ഭടന്മാരുടെ സഹായത്തോടുകൂടി ഇംഗ്ലീഷ്സൈന്യത്തെ പോക്കളത്തിൽ നിന്നും പലായനം ചെയ്യിച്ചു. അതിപ്രശംസനീയമായ ഈ വിജയത്തോടുകൂടി സ്കോട്ട്ലണ്ടിലെ ഇംഗ്ലീഷ്ശക്തി മിക്കവാറും നഷ്ടപ്രായമായിപ്പോയി.

ദുരാഗ്രഹിയായ എഡ്വർഡു് ഒന്നാമൻ നിരാശാഗർത്തത്തിൽ നിപതിച്ചു് 1307-ൽ കാലഗതിയെ പ്രാപിച്ചതിനു ശേഷമാണു് ഈ വിജയങ്ങളൊക്കെ ബ്രൂസിനു് സിദ്ധിച്ചതു്. അനന്തരഗാമിയായ എഡ്വർഡു് ദ്വിതീയനാകട്ടെ, അത്ര ഭരണകുശലതയും യുദ്ധവിദഗ്ദ്ധതയും ഉള്ള ഒരു നേതാവല്ലായിരുന്നതുകൊണ്ടു്, തുടച്ചയായി നടത്തപ്പെട്ട മൂന്നു യുദ്ധത്തിലും തോൽക്കുകയാണുണ്ടായതു്. ബ്രൂസിന്റെ വിജയപതാക നിർബാധം സ്കോട്ട്ലണ്ടു് രാജ്യാന്തരീക്ഷത്തിലെങ്ങും പറന്നു തുടങ്ങി. അടിമത്തത്തിൽനിന്നും തട്ടിഉണർത്തപ്പെട്ട സ്കോച്ചു ജനത ദേശീയബോധത്തോടെ 1309 ഫെബ്രുവരി 24-ാനു റാബർട്ട് ബ്രൂസിനെ രാജാവായി വീണ്ടും അംഗീകരിച്ചു.

ഇംഗ്ലീഷ് ആധിപത്യത്തിൽനിന്നും സ്വരാജ്യത്തെ വിമുക്തമാക്കി സ്വാതന്ത്ര്യസംരക്ഷണം ചെയ്യുവാൻ മാത്രം ഇതു

വരെ ഉദ്യമിച്ചുകൊണ്ടിരുന്ന ബ്രൂസ് രാജാവു് ഇംഗ്ലീഷുകാരുടെ കോട്ടകളെ ആക്രമിക്കുവാനും അവരുടെ ശക്തിയെ പൂർവ്വാധികം ക്ഷയിപ്പിക്കുവാനും ആഗ്രഹിച്ചു. അതിപ്രധാനമായ ഒരു ഇംഗ്ലീഷുകോട്ടയെ ആക്രമിച്ചു. അന്ധകാരത്തിൽ നിമഗ്നമായിരുന്ന ഒരു രാത്രിസമയം സപ്തടന്മാരോടുകൂടി ബ്രൂസു് കോട്ടയുടെ മതിൽചാടി നിദ്രാവശഗരായിരുന്ന ആംഗ്ലേയഭടന്മാരെ നിശ്ലേഷം തോല്പിച്ചു. എഡ്വർഡ്ഡ് സന്ധിക്കു ശ്രമിച്ചുവെങ്കിലും, ബ്രൂസ്സ് അതിനെ തിരസ്കരിച്ചിട്ടു് പരാജിതരായ ഇംഗ്ലീഷുഭടന്മാരെ ദക്ഷിണാഭിമുഖരായി ഓടിക്കുകയാണു ചെയ്തതു്. ബ്രൂസിന്റെ അടുത്ത ശ്രമം 'ലിൻലിത്ഗോ' എന്ന കോട്ട പിടിക്കുവാനായിരുന്നു. 'വില്യം ബിന്നി' എന്ന ഒരു കൃഷീവലന്റെ നിസ്സീമമായ സഹായത്തോടുകൂടിയാണു ബ്രൂസ് ആ കൃത്യം നിർവ്വഹിച്ചതു്. വയ്ക്കോൽ വില്പനക്കാരനായ ഈ 'ബിന്നി' സ്കോച്ചു് യോധാക്കളെ തന്റെ ആട്ടത്തിരുത്തി വയ്ക്കോൽ ഇട്ടു മൂടി അവരെ കോട്ടയ്ക്കുള്ളിൽ കടത്തിവിട്ടു. ആരുമറിയാതെ അകത്തു കടന്ന സ്കോച്ചു് ഭടന്മാർ പെട്ടന്നു് പട്ടണവാസികളെ ആക്രമിക്കയാൽ അവർ നിഷ്പ്രയാസം തോല്പിക്കപ്പെട്ടു. ഈ വീരകൃത്യത്തിനു വഴികാണിച്ചുകൊടുത്ത 'ബിന്നി' അന്നുമുതൽ ബ്രൂസിന്റെ പ്രത്യേക കരുണക്കു പാത്രമായി എന്നുമല്ല ബ്രൂസ് ആ രാജ്യപ്രണയിക്കു ഒട്ടധികം പാരിതോഷികങ്ങളും നൽകുകയും ചെയ്തു. താമസിയാതെ അനേകം കോട്ടകളും കൂടി ബ്രൂസിനു കീഴടങ്ങി.

ബാനക്ബേണിലെ ഭയങ്കരയുദ്ധം.

ബ്രൂസിന്റെ വർദ്ധിച്ചുവരുന്ന ശക്തിയെ 'ഉന്മൂലനം ചെയ്യാതിരിക്കുന്നതു് ഇംഗ്ലീഷു രാജ്യരക്ഷക്കു ആപൽക്കരമാണെന്നു എഡ്വർഡ്ഡ് ദ്വിതീയനു മനസ്സിലായി. സ്കോച്ചുകാരിൽനിന്നും ലഭിച്ച പല പരാജയങ്ങളാൽ പരിഭ്രാന്തനായി

തീന്ന് ആ ഇംഗ്ലീഷ് രാജാവ് ഒരു ഭീമസൈന്യം സജ്ജീകരിച്ചു. എന്നാൽ സ്കോച്ച്പക്ഷത്തു കഷ്ടിച്ച് 7000 ഭടന്മാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബ്രൂസിന്റെ ഈ ചെറുസൈന്യം നിരാശരും വിധേയമാകാതെ സീമാതീതമായ ഉത്സാഹം പ്രദർശിപ്പിച്ചു. താമസിയാതെ 'ബാനക്ബേൺ' നദീതീരത്തുവച്ച് ഇംഗ്ലീഷുകാർ സ്കോച്ച്കാരെ എതിർത്തു. യുദ്ധം അതിഭയങ്കരമായിരുന്നു. ബ്രൂസാകട്ടെ തന്റെ ചെറുസൈന്യത്തെ അകലെ നിറുത്തിയിട്ട് വരാൻ പോകുന്ന കാര്യത്തെ കുറിച്ച് ആലോചിച്ചു കൊണ്ട് അല്പം മാറിനിൽക്കുകയായിരുന്നു. പരാക്രമിയായ ഇംഗ്ലീഷ് സേനാനായകൻ 'ഗ്ലസ്റ്റർ' പ്രഭു ഇതുകണ്ടു നോക്കി ബ്രൂസിനോടൊരു ദ്വന്ദ്വയുദ്ധത്തിനടുത്തു. എന്നാൽ അതു തന്നെ ഒരു ഘോരയുദ്ധമായിട്ട് കലാശിക്കയാണുണ്ടായതു്. ആ യുദ്ധത്തിലും ഇംഗ്ലീഷു രാജാവ് നിശ്ശേഷം തോല്പിക്കപ്പെട്ടു. ഭാഗ്യാതിരേകത്താൽ അദ്ദേഹം ഒരുതടവുകാരനായി പിടിക്കപ്പെട്ടില്ല എന്നു മാത്രമേയുള്ളൂ. ബ്രിട്ടീഷ് ചരിത്രത്തിൽ സർവ്വപ്രാധാന്യം വഹിക്കുന്ന ഈയുദ്ധം സ്കോട്ട്ലണ്ട് രാജശക്തിയെ പ്രതിഷ്ഠാപിതമാക്കുകയും ബ്രൂസിനെ സ്കോച്ച് സംസ്ഥാന സ്ഥാപകൻ എന്ന മഹനീയപദത്തിനു സർവ്വഥാ അർഹനാക്കിത്തീർക്കയും ചെയ്തു.

ഇതിനുശേഷം ഇംഗ്ലണ്ട് ഒന്നു രണ്ടു പ്രാവശ്യംകൂടി സ്കോട്ട്ലണ്ടിനെ ആക്രമിക്കുവാൻ മുതിർന്നുവെങ്കിലും ബ്രൂസിന്റെ മഹനീയസാന്നിദ്ധ്യം അവരെ ഭഗ്നോത്സാഹരാക്കിത്തീർത്തു. താമസിയാതെ ബ്രൂസും എഡ്വർഡ് ദ്വിതീയനുമായി ഒരു സമാധാന ഉടമ്പടിയിൽ ഏർപ്പെടുകയും, തന്നിമിത്തം അല്പകാലത്തേക്കു ബ്രൂസിനു സൈ്വരമായി ജീവിതം നയിക്കുവാൻ സാധിക്കയും ചെയ്തു. 1327-ാം വർഷത്തിൽ എഡ്വർഡ് ദ്വിതീയന്റെ ഭരണദൂഷ്യം നിമിത്തം ജനങ്ങൾ കൂട്ടമിട്ടിളകി അദ്ദേഹത്തെ വധിച്ചു. അദ്ദേഹത്തിന്റെ പുത്രനായ എഡ്വർഡ് മൂന്നാമൻ ഇംഗ്ലീഷു രാജാവായി വാഴിക്കപ്പെട്ടു. സ്വപിതാവിനെക്കാളും ശക്തിഹീനനായ ഈ രാജാവിന്റെ

കാലത്തു സ്കോട്ട്ലണ്ടിനു പരിപൂർണ്ണസ്വാതന്ത്ര്യം ലബ്ധമായി. അങ്ങനെ ബ്രൂസിന്റെ ജീവിതോദ്ദേശ്യം സാധിക്കയും ചെയ്തു. എന്നുതന്നെയുമല്ല ബ്രൂസിന്റെ പുത്രനായ ഡേവിഡിനെ കൊണ്ട് ഇംഗ്ലീഷുരാജാവിന്റെ സഹോദരിയെ വിവാഹം ചെയ്യിച്ച് രണ്ടു രാജ്യവും സഖ്യമായി കഴിഞ്ഞുകൂടുന്നതിനു സൗകര്യമുണ്ടാക്കി തീർക്കുകയും ചെയ്തു. ഇതിനുശേഷം ബ്രൂസ് വളരെ കാലം ജീവിച്ചിരുന്നില്ല. പരിശ്രമശീലനും സ്വരാജ്യസ്നേഹിയുമായ ഈ രാജാവിനു ഒരു തീരാവ്യാധി പിടിപെട്ടു. തന്നിമിത്തം അദ്ദേഹം ശ്രമബഹുലമായ ജീവിതത്തിൽനിന്നും ഒഴിഞ്ഞുമാറി തന്റെ ഗ്രാമീണവസതിയിൽപോയി താമസിക്കയുണ്ടായി. തന്റെ വിശ്രമാവസരത്തിലും രാജ്യരക്ഷകുതകുന്ന കാര്യങ്ങൾ ആലോചിച്ചു് അവ നടപ്പിൽ വരുത്തുവാൻ ഭരണമേധാവികളോടു് അദ്ദേഹം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. ഏറെനാൾഅദ്ദേഹം കഷ്ടപ്പെട്ടില്ല. 1329 ജൂൺ 7-നു മഹാനായ ആ മഹാരാജാവു് പരലോകപ്രാപ്തനായി. വിലമതിക്കുവാൻ പാടില്ലാത്ത പ്രവൃത്തികളെകൊണ്ടു് സ്കോട്ട്ലണ്ടു് രാജ്യത്തെ വിദേശ്യഭരണത്തിൽനിന്നും രക്ഷിച്ചു് സ്വാതന്ത്ര്യം പുനഃസ്ഥാപിച്ച ഈരാജശ്രേഷ്ഠന്റെ ചരമവൃത്താന്തം നാട്ടുകാരുടെ ഹൃദയത്തിനു കഠിനവേദന ജനിപ്പിച്ചു. പോക്കളത്തിലും രാജ്യഭരണസമിതിയിലും വൈദഗ്ധ്യം പ്രകടിപ്പിച്ച ഈ മഹാരാജാവിന്റെ ധീരസ്മരണ ഒരു കാലത്തും വിനഷ്ടമായിപ്പോകുന്നതല്ലല്ലൊ.

ഫ്രെ. താമസ് ഗ്രൈ.

വെങ്കുളം ജി. പരമേശ്വരൻപിള്ള.

താമസ് ഗ്രൈ എന്ന ഇംഗ്ലീഷുകാരൻ പതിമ്മൂന്നുവർഷം പാർലിയമെൻറിൽ മെംബറായിരുന്നു എന്നുള്ള വസ്തുത അറിയേണ്ട ആവശ്യം അധികം ആർക്കും ഉണ്ടാകുന്നതല്ല. പരിശ്രമവും വ്യയനിയന്ത്രണവും കൊണ്ടാണു പുസ്തകം ബൈൻഡറായിരുന്ന അദ്ദേഹം ഒരു ലക്ഷോപരനായി തീർന്നതു് എന്നുള്ളതും ജനങ്ങൾ ഒരുപക്ഷേ വിസ്മരിച്ചുപോയേക്കാം. എന്നാൽ വർഷംതോറും എഴുപത്തയ്യായിരം രോഗികൾക്കു പ്രതിഫലം സ്വീകരിക്കാതെ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്ന ഒരു ആസ്പത്രിയുടെ സ്ഥാപകനാണു് താമസ് ഗ്രൈ എന്നുള്ളതു് മനുഷ്യവർഗ്ഗത്തിൽ വ്യാധിഗ്രസ്തർ ഉണ്ടായിരിക്കുന്നെടത്തോളംകാലം ഇംഗ്ലീഷുകാർ ഓർക്കുന്നതാണു്. നാലരലക്ഷത്തോളം പവൻ സാധുജനങ്ങൾക്കുവേണ്ടി ദാനംചെയ്തതിനുശേഷം ആയിരത്തൊന്നുപതു പവൻമാത്രം കൈവശം വച്ചുകൊണ്ടു മരണമടഞ്ഞ ആ ത്യാഗിവര്യനെ ആർക്കു വിസ്മരിക്കാൻ കഴിയും!

പുരാതനഭാരതീയർ അന്നദാനം ചെയ്യുന്നതിലെന്നപോലെ ധനദാനം ചെയ്യുന്നതിലും അത്യന്തം തല്പരത കാണിച്ചിരുന്നു. "ദാനത്താൽ ധനപുഷ്ടികെട്ട നൃപനും കാർശ്യാൽ പ്രകാശിക്കുമേ" എന്ന കവിവാക്യം അനുസ്മരിക്കത്തക്കവിധം നൃഗൻ, കണ്ണൽ, ധർമ്മപുത്രർ, ശിബി തുടങ്ങിയ പുരാണനായകന്മാർ ഭാരതീയരുടെ ത്യാഗശീലം കാണിക്കുന്നവരായി അക്ഷയകീർത്തിയോടെ ഇന്നും സ്മൃതിപഥത്തിൽ വരുന്നുണ്ടു്. എന്നാൽ അന്നദാനത്തിലല്ലാതെ ധനദാനത്തിൽ ആധുനിക ഭാരതീയർ അതിതല്പരത പ്രദർശിപ്പിച്ചുപോരുന്നതായി കാണുന്നില്ല. ത്യാഗബുദ്ധി പ്രദർശിപ്പിക്കുന്നതിനു് ദാരിദ്ര്യമല്ല, മനസ്സില്ലായ്മയാണു് പ്രധാന പ്രതിബന്ധം.

ഭൗതികവാദികളെന്നു പറയപ്പെട്ടപോരുന്ന പാശ്ചാത്യർ മനുഷ്യവർഗ്ഗത്തിന്റെ ക്ഷേമത്തിനായി ലക്ഷക്കണക്കിനു് പവൻ ദാനം ചെയ്തിട്ടുണ്ടു്. പേരിനും പെരുമയ്ക്കും വേണ്ടിയാണു് അപ്രകാരം ചെയ്യുന്നതെന്നു നമുക്കു് പറയാമെങ്കിലും, സമ്പാദിച്ചുകൂട്ടുന്ന നിരവധി ദ്രവ്യത്തിനെ വിട്ടുപിരിയാൻ ഭാരതീയർ കാണിക്കുന്നതുപോലുള്ള വൈമനസ്യം മറവർ പ്രദർശിപ്പിച്ചുപോരുന്നില്ല എന്നതു് ഒരു പരമാർത്ഥം മാത്രമാകുന്നു. താമസ് ഗൈയുടെ ജീവചരിത്രം ഇതിനൊരു ഉത്തമദൃഷ്ടാന്തമാണു്.

പുസ്തകശാലയിലെ വേലക്കാരൻ.

ഒരു കല്ലൂരിക്കച്ചവടക്കാരന്റെ മകനായി താമസ് ഗൈ 1645-ാമാണ്ടു് ജനിച്ചു. ലണ്ടൻ നഗരത്തിനു സമീപമുള്ള സൗത്ത്വാക്കു് ആണു് ഈ ത്യാഗിവര്യന്റെ ജനനം കൊണ്ടു് പ്രസിദ്ധമായിത്തീർന്ന ഗ്രാമം. ട്ടാംവർത്ത് എന്നഗ്രാമത്തിലെ ഒരു കുടിപ്പള്ളിക്കൂടത്തിൽ കുറേക്കാലം വിദ്യാഭ്യാസം ചെയ്തതിനു ശേഷം, ദാരിദ്ര്യത്തിൽ നിന്നു് മോചനം ലഭിക്കാനായി ജാൺ ക്ലാക്കു് എന്ന ഒരു പുസ്തകവ്യാപാരിയുടെ കടയിൽ ജോലിക്കാരനായി ആ ബാലൻ പ്രവേശിച്ചു. "എൺപത്തൊൻപതു പള്ളിയേയും 400തെരുവിലുണ്ടായിരുന്ന 13000 ഭവനത്തേയും" ലണ്ടൻ നഗരത്തിൽ നശിപ്പിച്ച ഒരു ഭയങ്കരാഗ്നിബാധയിൽ പെട്ട ക്ലാക്കിന്റെ കടയും നശിച്ചുപോയതിനാൽ, താമസ് ഗൈക്കു് ജോലിയില്ലാതായി. എന്നാൽ പുസ്തകം ബൈൻഡ് ചെയ്യുന്ന ജോലിയിൽ കൂടി അദ്ദേഹം ഈ ഘട്ടത്തിൽ, അതായതു് 1666-ാമാണ്ടു് ആയപ്പോഴേക്കും ഒരു നല്ല പുസ്തക കച്ചവടക്കാരൻ അറിഞ്ഞിരിക്കേണ്ട സകലതും ഗ്രഹിച്ചു കഴിഞ്ഞിരുന്നു.

ബൈബിൾ പ്രസിദ്ധീകരണം.

ഹോളണ്ടിൽനിന്നു് ഗ്രേറ്റ് ബ്രിട്ടനിലേക്കു് ബൈബിൾ ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന ഒരു കാലമായിരുന്നു അതു്.

അതിന്റെ ഒരു ഏജന്റായി വ്യാപാരത്തിലേപ്പെട്ട് തോമസ് ഗൈ കുറെ പണം സമ്പാദിച്ചു. അത്തരം വ്യാപാരം ഗവണ്മെന്റു തടഞ്ഞതിന്റെ ഫലമായി ആക്സ്ഫോർഡ്, കേംബ്രിഡ്ജ് എന്നീ സർവ്വകലാശാലക്കാർ ബൈബിൾ അച്ചടിതുടങ്ങി. ആക്സ്ഫോർഡ്കാരുടെ വക ബൈബിളിന്റെ അച്ചടിയും പ്രസിദ്ധികരണവും, പാക്കർ എന്ന ഒരാളിനോട്ടു കൂടിചേർന്നു തോമസ് ഗൈ നടത്തിത്തുടങ്ങി. ഇവർ ഈ ഉദ്ദേശ്യസിദ്ധിക്കായി സ്ഥാപിച്ച കമ്പനിക്കു പ്രതിവർഷം പതിനായിരത്തിനു മേൽ പതിനയ്യായിരത്തിനകം പവൻ ലാഭം കിട്ടിക്കൊണ്ടിരുന്നു എന്നു കേൾക്കുമ്പോൾ ബൈബിൾ വില്പന എത്രമാത്രം വിപുലമായ തോതിലാണ് നടത്തപ്പെട്ടുകൊണ്ടിരുന്നതെന്നു ഏതാണ്ടു ഊഹിക്കാവുന്നതാണല്ലൊ. ആ പ്രസിദ്ധീകരണത്തെക്കുറിച്ചു ചിലതു് അറിഞ്ഞിരിക്കുന്നതു രസാവഹമായിരിക്കുന്നതാണല്ലൊ

യാതൊരു തെറ്റും കൂടാതെ ആ പാവനഗ്രന്ഥം അച്ചടിക്കുന്ന കാര്യത്തിൽ ഇവർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അച്ചടിക്കുന്നതിനു മുമ്പെ ഓരോ ഭാഗവും അഞ്ചു തവണ അഞ്ചുപേർ പ്രൂഫ് തിരുത്താറുണ്ടായിരുന്നു. ഓരോ തിരുത്തും തിരുത്തിയിരുന്നതു് ഓരോ രീതിക്കും ആയിരുന്നു. മൂന്നരഇഞ്ചു നീളം, രണ്ടേ അരക്കാൽ ഇഞ്ചു വീതി, മുക്കാൽ ഇഞ്ചു വണ്ണം, കാൽ റാത്തൽ തൂക്കം എന്നിവയുള്ള ബൈബിൾ തുടങ്ങി, 19 ഇഞ്ചു നീളവും 12 ഇഞ്ചു വീതിയുമുള്ള ബൈബിൾവരെ പല ആകൃതികളിലായി 70 പതിപ്പു് ഗ്രന്ഥങ്ങൾ ഈ കമ്പനിക്കാർ അച്ചടിച്ചു വിട്ടിട്ടുണ്ട്. വർഷം തോറും പത്തുലക്ഷത്തിൽപരം ബൈബിൾഗ്രന്ഥങ്ങൾ ഇവർ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നു. ഈ വസ്തുത ഇവരുടെ പ്രസിദ്ധീകരണ കുശലതയേയും വ്യാപാരസാമർത്ഥ്യത്തേയും അനുസരിച്ചു, ആ മതഗ്രന്ഥം പ്രചരണം ചെയ്തുകൊണ്ടിരിക്കുന്നതിൽ ഇംഗ്ലീഷ് ജനതക്കുള്ള ആസക്തിയെയാണോ കാണിക്കുന്നതെന്നു വായനക്കാർ തന്നെ തീർച്ചപ്പെടുത്തട്ടെ. ലോകത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള ഗ്രന്ഥം ബൈബിൾ ആണെന്നുള്ളതും ഈ അവസരത്തിൽ സ്മർത്തവ്യമാകുന്നു.

സപ്തശത്തിനു സംഭാവനകൾ.

പണം ചെലവാക്കുന്ന കാര്യത്തിൽ വളരെ ലുബ്ധ് കാണിച്ചിരുന്ന ആളാണു് താമസ്സ്ഗൈ എന്നതു് പ്രസിദ്ധമത്രെ! എന്നാൽ ഒരു പുസ്തകക്കച്ചവടക്കാരന്റെ കടയിൽ ബൈൻഡരായി പ്രവേശിക്കത്തക്കവണ്ണം ദരിദ്രനായിരുന്ന അദ്ദേഹം സാധുജനസഹായം ചെയ്യുന്നതിൽ താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടിരുന്നു എന്നുള്ളതും പ്രസിദ്ധമാണു്. ടാംവർത്തിൽ താൻ പഠിച്ചിരുന്ന ഗ്രാമവിദ്യാലയം നന്നാക്കുന്ന ശ്രമം ആരംഭിച്ചപ്പോൾ ഇദ്ദേഹം അഞ്ചുപവൻ സംഭാവനചെയ്തു. 200 പവൻ ചെലവാക്കി ഏഴു അഗതിസ്ത്രീകൾക്കു മന്ദിരം പണികഴിപ്പിച്ചു; അവക്കായി ഒരു ഗ്രന്ഥശാലയും അദ്ദേഹം നൽകി. ഇതൊക്കെ ചെയ്തതു് 30-ാം വയസ്സിനകമാണെന്നുള്ളതു മറക്കാവുന്നതല്ല. ആ ചെറുപട്ടണത്തിൽ ഒരു ടൌൺഹാൾ, വേറൊരു അഗതിമന്ദിരം എന്നിവയ്ക്കായി അദ്ദേഹം പിന്നെയും സംഭാവനകൾ ചെയ്തു് ആ ദേശത്തോടുള്ള നന്ദി പ്രദർശിപ്പിച്ചിട്ടുണ്ടു്.

ലക്ഷേശ്വരനാകുന്നു.

"സൌത്ത്സി കമ്പനി" എന്നപേരോടുകൂടി ഗ്രേറ്റ് ബ്രിട്ടനിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു കമ്പനിയുടെ പേരു് ഇംഗ്ലീഷ് ചരിത്രത്തിൽ സ്ഥലം പിടിച്ചിട്ടുള്ള ഒന്നാണു്. നൂറു പവൻ ഓഹരിവിലയുണ്ടായിരുന്ന അതിലെ ഷയറുകൾക്കു വില കൂടിക്കൂടി ഒരവസരത്തിൽ ആയിരം പവൻവരെ പൊങ്ങിയിട്ടുണ്ടു്. അവിടം മുതൽ ആ കമ്പനിക്കു ആപത്തും ആരംഭിച്ചു. അമിതമായ ലാഭം ഇച്ഛിച്ചു് ഒട്ടധികം പണം നിക്ഷേപിച്ചിരുന്ന പലരും കമ്പനി പാപ്പരായിത്തീർന്നതോടുകൂടി നശിച്ചുപോയി. ലക്ഷേശ്വരന്മാരാണെന്നു് അഭിമാനിച്ചിരുന്ന പലരും ഒറ്റദിവസംകൊണ്ടു് ഇരപ്പാളികളായിത്തീർന്നു പോയി; മറ്റുചിലർ നിരാശരായി ആത്മഹത്യചെയ്തുകളഞ്ഞു; വേറെചിലർ ഭ്രാന്തരായിത്തീർന്നു. ഈ ദുരിതങ്ങളൊക്കെ പലേ ഓഹരിക്കാരും അനുഭവിക്കുമ്പോൾ, 45500

പവൻറെ ഓഹരി എടുത്തിരുന്ന തോമസ് ഗൈ ആകട്ടെ, 600 ശതമാനമായി ഒഹരി വിലപൊങ്ങിയ ഘട്ടത്തിൽ ഓഹരികളെല്ലാം വിറ്റു ഒരു ലക്ഷപ്രഭുവായിത്തീരുകയാണു് ചെയ്തതു്. അവസരം അറിഞ്ഞു പ്രവർത്തിക്കാനുള്ള കുശലതയും ലോകാവലോനവൈദഗ്ധ്യവും നിമിത്തം ഈ സമ്പത്തു് അദ്ദേഹത്തിനു വന്നുചേർന്നു എന്നേ പറയാനുള്ളൂ.

ഈ ധനസമ്പത്തിൻറെ കൈവശാനുഭവം അദ്ദേഹത്തിനിരുന്നു എന്നല്ലാതെ അതിൻറെ ഉടമസ്ഥത പലർക്കുമായി നിക്ഷേപിക്കുന്നതിനാണു് തോമസ് ഗൈ ശ്രമം ചെയ്തതു്. ബാല്യകാലത്തു അല്പമായ സഹായം ചെയ്തുകൊടുത്തിരുന്നവർക്കുപോലും അദ്ദേഹം പില്ക്കാലത്തു് വളരെ നന്മചെയ്തിട്ടുണ്ടു്. ഉല്ലാസരഹിതനും നിരാശനും ആയ ഭാവത്തിൽ ഒരിക്കൽ ഇദ്ദേഹത്തെ കണ്ട ഒരാൾ, ദുരിതത്തിലകപ്പെട്ടിരിക്കുകയാണെന്നു തെറ്റിധരിച്ചു് ഒരു പവൻ കൊടുത്തിട്ടുപോയി. തോമസ് ഗൈ അയാളുടെ പിമ്പേ പോയിച്ചെന്നു തനിക്കു് ആ പണത്തിൻറെ ആവശ്യമില്ലെന്നു പറഞ്ഞു. എന്നാൽ ഇതു പരോപകാരതല്പരനായ ആളിൻറെ മേൽവിലാസം എന്താണെന്നു അദ്ദേഹം ചോദിച്ചു മനസ്സിലാക്കി; അവർ പിരിഞ്ഞു. കുറെകാലം കഴിഞ്ഞപ്പോൾ ഈ മനുഷ്യൻറെ പേർ പാപ്പരുലിസ്റ്റിൽ കണ്ടു. ഗൈ അയാളുടെ സകല കടങ്ങളും തീർത്തു് ഒരു നല്ല തൊഴിലിനു് വേണ്ട മൂലധനവും കൊടുത്തു നന്ദി പ്രദർശിപ്പിച്ചു.

അദ്ദേഹത്തിൻറെ ബന്ധുവർഗ്ഗത്തിൽപെട്ട സകല ദരിദ്രർക്കും വർഷംപ്രതി 20-നുമേൽ 50-നകം പവൻവീതം മരിക്കുന്നതുവരെ ദാനംചെയ്തുകൊണ്ടിരുന്നു. ഇതിലേക്കു് 75,000 പവൻ ആണു് അദ്ദേഹം പ്രത്യേകം നീക്കിവച്ചിട്ടുണ്ടായിരുന്നതു്. ദരിദ്രവിധവകൾക്കു കൊടുക്കാനായി 1000 പവൻ "സ്റ്റേഷനേഴ്സ്" കമ്പനിയെ ഏൽപ്പിച്ചു. ഇപ്രകാരം പലതരത്തിൽ, സഹായം അർഹിക്കുന്നവർക്കു തോമസ് ഗൈ പണംകൊടുത്തു സഹായിച്ചുകൊണ്ടിരുന്നു. എന്നാൽ ശാശ്വതമായി നിലനില്ക്കുത്തക്ക എന്തെങ്കിലും ഒരു പൊതുസ്ഥാ

പനം സാധുജനസേവനാർത്ഥം ഉണ്ടാക്കണമെന്നുള്ള ആശ അദ്ദേഹത്തിൽ വിട്ടൊഴിയാതെയുണ്ടായിരുന്നു.

ആസ്പത്രി നിർമ്മാണം.

ധനം സമ്പാദിക്കുന്നതിനെക്കാൾ തുലോം പ്രയാസമാണ് അതിനെ കൈവെടിയാൻ. നല്ല കാര്യത്തിനായിട്ടായിരുന്നാലും ധനം ദാനംചെയ്യുന്നതിനു ഒള്ളെടത്തോളം വിഷമം സാധാരണ മനുഷ്യർക്കു വേറെ വരാനില്ല. സഹായാർത്ഥികൾക്കു സന്തോഷസമേതം സഹായം ചെയ്യ കൊടുക്കുന്നതു നിമിത്തമുണ്ടാകുന്ന ആഹ്ലാദത്തിനു തുല്യമായ മറെറാരു തരം ആഹ്ലാദം അനുഭവവേദ്യമല്ലെന്നു് അറിയുന്നവരത്രെ ധന്യാത്മാക്കൾ. അനവധി രോഗികളെ ചികിത്സിക്കുന്നതിനുതക്ക വിശാലമായ ഒരു ആസ്പത്രി സ്ഥാപിക്കണമെന്നു് താമസ്സൈ തന്റെ 76ാം വയസ്സിൽ തീർച്ചപ്പെടുത്തി. അതിലേക്കു വേണ്ടുന്ന ഭൂമിവാങ്ങി 42,630 പവൻ ചെലവാക്കി ഒരു ആതുരശാല പണി കഴിപ്പിച്ചു. അതിന്റെ സുസ്ഥിരമായ നിലനില്പിനായി രണ്ടുലക്ഷം പവൻ പ്രത്യേകം തിരിച്ചു വച്ചിരുന്നു. ഈ തുകയിൽ നിന്നു 60,800 പവൻ ചിലവാക്കി 8000 ഏക്കർ ഭൂമി വാങ്ങി. അവിടെ കെട്ടിടങ്ങൾ പണികഴിപ്പിച്ചു വാടകയ്ക്കു കൊടുത്തു. ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട ആതുരാലയങ്ങളിലൊന്നായ ഈ "ഗൈസ്ഹാസ്പിറ്റ"ലിന്റെ ഉൽഘാടനകർമ്മം നടത്തുവാൻ സാധിക്കുന്നതിനു മുമ്പെ, 1724 ഡിസംബർ 27ാംനു- അദ്ദേഹം കാലധർമ്മം പ്രാപിച്ചു. എന്നാൽ 600 രോഗികളെ ഒരേ അവസരത്തിൽ കിടത്തി ചികിത്സിക്കുന്നതിനുതക്ക സൗകര്യങ്ങളോടു കൂടി അദ്ദേഹം സ്ഥാപിച്ച ആ വിശിഷ്ടസ്ഥാപനം മറെറ ചിലരുടെ ഔദാര്യങ്ങൾകൂടി സ്വീകരിച്ചുകൊണ്ടു് ഉത്തരോത്തരം അഭിവൃദ്ധിയോടെ സ്ഥിതി ചെയ്യുന്നുണ്ടു്. വർഷം തോറും 6000 രോഗികൾ അവിടെ താമസിച്ചു് രോഗങ്ങൾ ഭേദമാക്കുകയും, 70,000ത്തിൽ പരം രോഗികൾ മരുന്നു വാങ്ങിക്കൊണ്ടു പോയി ആരോഗ്യം വീണ്ടെടുക്കുകയും ചെയ്യുന്നുണ്ടു്. യാതൊരു പ്രതിഫലവും സ്വീകരിക്കാതെ ചികിത്സ നടത്തുന്നതിനു് 70,000 പവൻ വാർഷികാ

ദായം കിട്ടുന്ന മൂലധനം ഈ സ്ഥാപനത്തിനുള്ളതിനാൽ ലണ്ടൻനഗരവാസികൾക്കു അമൂല്യവും അവർണ്ണനീയവും ആയ പ്രയോജനം ചെയ്തു കൊണ്ട് ഈ ആതുരാലയം വിലസുന്നു. ഇപ്രകാരം, സ്വന്തമായി സമ്പാദിച്ച ധനത്തിൽ ശവസംസ്കാരത്തിനു വേണ്ടുന്ന ആയിരത്തി അൻപതു പവൻ മാത്രം പെട്ടിക്കകത്തു നിക്ഷേപിച്ചിട്ട് ലക്ഷക്കണക്കിനുള്ള പവൻ മുഴുവനും സാധു ജനക്ഷേമത്തിനായി ദാനം ചെയ്ത അപൂർവം പേരെ മാത്രമേ ഈ ലോകത്തു കാണ്മാൻ സാധിക്കുകയുള്ളൂ.

---

൧൨. റാബർട്ട് ഫുൾട്ടൺ.

ഒരു സാഹിത്യകാരൻ സംഗീത കലാകുശലനായിത്തീർന്നേക്കാം; പ്രസംഗകപ്രവീരൻ ഭരണതന്ത്രവിചക്ഷണനായിത്തീർന്നേക്കാം; രസതന്ത്രവിദഗ്ദ്ധൻ വൈദ്യശാസ്ത്ര വിശാരദനുമായിത്തീർന്നേക്കാം. എന്നാൽ ഒരു ചിത്രകലാകുശലൻ 'യന്ത്ര നിർമ്മാതാവായിത്തീരുക എന്നുള്ളതു് അത്യപൂർവ്വമായ ഒരു ജീവിത പരിവർത്തനമാകുന്നു.

25 വയസ്സുവരെ വിവിധവർണ്ണങ്ങളിൽ ചിത്രങ്ങൾ വരയ്ക്കുകയും, പ്രതിമകൾ മോഹനതരങ്ങളാക്കുകയും ചെയ്ത ജീവിതം നയിച്ചതിനുശേഷം, ലോകോപകാരപ്രദങ്ങളായ പലതരം യന്ത്രങ്ങൾ കണ്ടുപിടിച്ച പ്രഖ്യാതി സമ്പാദിച്ചിരിക്കുന്ന റാബർട്ട് ഫുൾട്ടന്റെ ജീവചരിത്രം അസാധാരണമായ ഒന്നായി പരിഗണിക്കപ്പെട്ടുപോരുന്നു. അനവരത പരിശ്രമംകൊണ്ടു വാസനാസമ്പൽഫലം ആർക്കും അനുഭവിക്കാവുന്നതാണു്. പരിതസ്ഥിതികൾക്കു വിപരീതമായി അത്യാശ പുലർത്തുന്നവരെ ദുരാഗ്രഹികളായിട്ടാണ് പലരും പറയാറുള്ളതു്. എന്നാൽ പാശ്ചാത്യദേശങ്ങളിൽ ഇങ്ങനെയല്ല. എത്രതന്നെ കഠിനവും കർക്കശവും ആയ അനനുകൂല പരിതസ്ഥിതികളിൽ ആണ്ടുപോയിരുന്നാലും അതിനു നേരെ വിപരീതമായി ആശി

ക്കാനും, അഭിവൃദ്ധിക്കുവേണ്ടി ശ്രമിക്കാനും തയാറുള്ളവരെ അവിടെ ധാരാളം കാണാവുന്നതാണ്. കാലക്ഷേപത്തിനു കഷ്ടിച്ചുമാത്രം വകയുള്ള ഒരു കൃഷീവലന്റെ നന്ദനനായി ജനിച്ചു, ദാരിദ്ര്യരാക്ഷസിയുടെ ക്രൂരാക്രമണങ്ങളിൽ അകപ്പെട്ട് കഴിഞ്ഞുകൂടിയിട്ടും, ആ ദുരവസ്ഥയ്ക്കൊക്കെ വിപരീതമായി ആശയും ആദർശവും വളർത്തി വിഖ്യാതി സമ്പാദിച്ചിരിക്കുന്ന വിജയശ്രീമാനത്രേ ഈ ജീവിതചരിത്രത്തിനു വിഷയീഭൂതനായിരിക്കുന്ന റാബർട്ട് ഫുൾട്ടൻ.

വിശപ്പുതീർക്കാൻ പടമെഴുത്ത്

1765 നവംബർ 14-ാംനു- ഐക്യനാടുകളിലെ "ലിറ്റിൽബ്രിട്ടൻ" ഗ്രാമത്തിലാണ് ഇദ്ദേഹത്തിന്റെ ജനനമെങ്കിലും, പൂർവ്വകുടുംബം സ്കോട്ട്ലണ്ടിലായിരുന്നു എന്നു അദ്ദേഹം അഭിമാന സമേതം പ്രസ്താവിച്ചിട്ടുള്ള ഒരു വാസ്തവമാകുന്നു. പിതാവായ റാബർട്ട് ഇദ്ദേഹത്തിന്റെ 3-ാമത്തെ വയസ്സിൽ മരിച്ചുപോയി. അതോടുകൂടി, അഞ്ചു കുഞ്ഞുങ്ങളുള്ള ആ കുടുംബം അരിഷ്ടതയിൽ വീണു കഷ്ടപ്പെടാൻ തുടങ്ങി. അതിനൊരു അവസാനം കാണാൻ കാലംകുറഞ്ഞൊന്നും വേണ്ടിവരുകയും ചെയ്തു.

വിശപ്പും ക്ഷീണവും വിസ്മരിക്കുന്നതിനു ഈ ബാലനു പ്രയോജനപ്പെട്ടുകൊണ്ടിരുന്നതു പടമെഴുത്തിലുള്ള വാസനയായിരുന്നു. നിൽക്കുമ്പോൾ കാൽകൊണ്ടും, ഇരിക്കുമ്പോൾ കൈകൊണ്ടും എന്തെങ്കിലും വരച്ചുകൊണ്ടിരിക്കുക എന്നതു ആ കൊച്ചുകുട്ടിയുടെ പ്രകൃതമാണ്. പാഠശാലാപഠനം ലബ്ധമായിട്ടുണ്ടോ എന്നുള്ളതു ലക്ഷ്യസമേതം പ്രസ്താവിക്കാൻ പ്രയാസമായിട്ടാണിരിക്കുന്നതു. അങ്ങനെ പട്ടിണിയും പടമെഴുത്തു പരിശീലനവുംകൊണ്ടു പതിനേഴുവയസ്സുവരെ ഫുൾട്ടന്റെ ജീവിതം കഴിഞ്ഞുകൂടി.

ലക്ഷ്മീകടാക്ഷം.

ദാരിദ്ര്യമോചനത്തിനും വാസനാവർദ്ധനയ്ക്കും വേണ്ടി ഫുൾട്ടൻ ഫിലാഡൽഫിയാ നഗരത്തിലേക്കു തിരിച്ചു. ഇതേ വയോഘട്ടത്തിൽ ഇതേ നഗരത്തിലേക്കു തന്നെയായിരുന്നു കുറെകാലംമുമ്പ് ബഞ്ചമിൻ ഫ്രാൻക്ളിൻ കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് തൊഴിൽ അന്വേഷിച്ചുപോയതു്. ഫുൾട്ടനു പെട്ടന്നൊരു ജോലികിട്ടി. പടമെഴുത്തും രൂപങ്ങൾക്കു ചായമിടലും തന്നെയായിരുന്നു തൊഴിൽ. ഈ യുവാവു് ബഞ്ചമിൻ ഫ്രാൻക്ളിന്റെ പടം വരച്ചതു് ഇന്നും അവിടെ സൂക്ഷിച്ചു പോരുന്നുണ്ട്.

ചിത്രകലാകൗശല്യം പ്രകടിതമാകുന്നേടത്തൊക്കെ താമസിക്കാൻ കമലാദേവിക്കു കൗതുകം കൂടുവാണു്. ചെറുകടിലിൽ ജനിച്ച ഫുൾട്ടനെയും കടാക്ഷിക്കാതെ ആ ദേവി കുറെക്കാലം അകന്നു നിന്നിരുന്നു എങ്കിലും, യുവാവിന്റെ അത്യുത്സാഹത്തേയും പരിശ്രമത്തേയും ഉപേക്ഷിക്കാൻ അവൾക്കു മനസ്സുവന്നില്ല. അവരുടെ കൺകോണു് ഇവയിൽ ചാഞ്ഞതിന്റെ ഫലമായി ഇവയുടെ ആവാസസ്ഥലം അനുഗൃഹീതമായിത്തീർന്നു തുടങ്ങി. ഇരുപത്തൊന്നു വയസ്സായപ്പോഴേക്കും ഒരു ചെറിയ പുരയിടം വാങ്ങി വീട്ടുപണികഴിപ്പിക്കാനും സഹോദരരേയും മാതാവിനേയും അവിടെ താമസിപ്പിക്കാനും യുവാവിനു കഴിവുണ്ടായി.

ഈ കലയിൽ പ്രാവീണ്യം സമ്പാദിക്കുന്നതിനായി യുവാവു് ഇംഗ്ലണ്ടിലിറങ്ങി കൈയിലുണ്ടായിരുന്ന അൻപതു പവൻ പാഴിൽ കളയാതെ ചെലവുചെയ്തു് കുറെക്കാലം അവിടെ താമസിക്കാൻ തീർച്ചപ്പെടുത്തി. അമേരിക്കനും സുപ്രസിദ്ധ ചിത്രകാരനും ആയി പേരെടുത്തിരുന്ന ബഞ്ചമിൻ വെസ്റ്റ് എന്ന ആളിന്റെ ചില്ലറ സഹായങ്ങൾ അവലംബിച്ചു പല യോഗ്യന്മാരുമായി പരിചയപ്പെട്ടും, എണ്ണച്ചായപ്പടങ്ങൾ എഴുതാൻ പഠിച്ചും ഫുൾട്ടൻ ഇംഗ്ലണ്ടിൽ ഏതാനും

വഷ്ം താമസിച്ചു. അതിനിടയ്ക്കു പലേ പ്രാവശ്യക്കന്മാരുടേയും പടങ്ങളും എഴുതി അദ്ദേഹം കുറെ പണം സമ്പാദിച്ചു; പ്രദർശനങ്ങൾക്കു വിചിത്രങ്ങളായ ചിത്രങ്ങൾ അയച്ചു് കീർത്തിയും സമാർജിച്ചു.

എഞ്ചിനീയറിംഗ് പഠനം.

ചിത്രമെഴുത്തിലുള്ള ചിന്താഗതി ക്രമേണ എഞ്ചിനീയറിംഗിലേക്കു് മാറിത്തുടങ്ങിയതു് ഈകാലത്തോടുകൂടിയായിരുന്നു. ആവിയുടെ സഹായത്താൽ യന്ത്രങ്ങൾ ഓടിക്കാമെന്നു് ജയിംസ് വാട്ട് കണ്ടുപിടിച്ചിട്ടു കാലം അധികം കഴിഞ്ഞിട്ടില്ലായിരുന്നതിനാൽ അത്തരം യന്ത്രങ്ങൾ പ്രചാരത്തിൽ വന്നുതുടങ്ങിയിരുന്നേയുള്ളൂ. ജലവാഹനങ്ങൾ ആവികൊണ്ടു് ഓടിക്കാമെന്നു് ആൾക്കാർ അക്കാലത്തു അറിഞ്ഞുതുടങ്ങിയിരുന്നതാണും. ആ വിധത്തിൽ ഉപയോഗപ്പെടുത്താവുന്ന യന്ത്രങ്ങൾ കണ്ടുപിടിക്കുന്നതു് പലവിധത്തിൽ പ്രയോജനപ്പെടുന്നതാണെന്നു ഫുൾട്ടൻകണ്ടു. അത്യന്തം ശ്രമസാദ്ധ്യവും വ്യയപരവുംആയ ഈ കാര്യം സാധിക്കുന്നതിനുവേണ്ടി സ്വജീവിതം വിനിയോഗിക്കണമെന്നുള്ള ആശ ദിനംപ്രതി ഫുൾട്ടനിൽ വളർന്നുകൊണ്ടിരുന്നു. ബ്രഷും തൂലികയും താഴത്തുവച്ചിട്ടു് എഞ്ചിനീയറിംഗ് പഠിക്കാനുള്ള ശ്രമങ്ങൾ ആ യുവാവു് ആരംഭിച്ചു.

"കൈയിൽകിട്ടിയ കനകമുപേക്ഷിച്ചീയ്യം കൊള്ളാനിച്ചി" ക്കുന്നതു് പലപ്പോഴും വിപല്ക്കരമായിട്ടേ പരിണമിക്കുകയുള്ളൂ. എന്നാൽ കനകംകിട്ടുമെന്നു പൂർണ്ണബോദ്ധ്യമുള്ളപ്പോൾ കൈയിലുള്ള ഈയ്യം കളയുന്നതുകൊണ്ടു് എന്താണൊരുദോഷം വരാനുള്ളതു്? കനകം കിട്ടുന്നതുവരെ ബുദ്ധിമുട്ടിയേക്കാം; പശ്ചാത്താപത്തിൽപ്പെട്ട പിൻതിരിയാനും തോന്നിയേക്കാം; എന്നാലും കനകസമ്പാദനത്തിനുള്ള ശ്രമത്തിനു് ഈയ്യം പ്രതിബന്ധകമാകുമെങ്കിൽ അതിനെ കളയുന്നതാണു് നല്ലതു്.

പടമെഴുത്തു പൊട്ടന്നവേ നിത്തിയിട്ട് ഫുൾട്ടൻ എ
ഞ്ചിനീയറിംഗിലും യന്ത്രനിർമ്മാണത്തിലും മനസ്സു വ്യാപരി
പ്പിക്കാൻ തുടങ്ങി. ഇംഗ്ലണ്ടു മുഴുവനും സഞ്ചരിച്ചു് അവിടത്തെ
തോട്ടകൾം നദികൾം ആദിയായവ പരിശോധിച്ചും പല എ
ഞ്ചിനീയർമാരുമായി പരിചയപ്പെട്ടും ഭാവി ജീവിതത്തിനു
പ്രയോജനപ്പെടേണ്ട പലതും പഠിച്ചു. ഒരു മണ്ണുമാന്തി
യന്ത്രം വളരെ പ്രയാസങ്ങൾം അനുഭവിച്ചു് അദ്ദേഹം നിർമ്മി
ച്ചതു് ഉപയോഗിക്കാൻ കൊള്ളാവുന്നതായിരുന്നു എങ്കിലും,
പ്രാധാന്യം അർഹിക്കാത്ത ഒരു കണ്ടുപിടിത്തമായിട്ടേ
കലാശിച്ചുള്ളൂ. ഒട്ടേറെക്കാലം, പണത്തിനുള്ള ബുദ്ധിമുട്ടിൽ
നിന്നു മുക്തനാകാൻ മാർഗ്ഗം കാണാതെ ഫുൾട്ടൻ വലഞ്ഞിട്ട
ണ്ടു്. ഒരവസരത്തിൽ ഒരു പെനിപോലും പാക്കറിലില്ലാ
തെ കഴിഞ്ഞുകൂടേണ്ടതായും വന്നുചേർന്നിട്ടുണ്ടു്. എന്നിട്ടും
ഉദ്ദേശ്യത്തിൽനിന്നു് പിന്തിരിഞ്ഞു പഴയ പടമെഴുത്തിൽ
പ്രവേശിക്കാൻ ഫുൾട്ടൻ ആലോചിച്ചതേയില്ല.

ജലാന്തർവാഹിനിക്കപ്പൽ.

സഞ്ചാരസൗകര്യത്തിനും വ്യാപാരവർദ്ധനയ്ക്കും വേണ്ടി
ഗ്രേറ്റ് ബ്രിട്ടനിൽ പലേടങ്ങളിലും തോട്ടകൾം വെട്ടിക്കുന്നു
തിനു് ഗവൺമെൻറിന്റെ ശ്രദ്ധ പ്രധാനമായി പതിഞ്ഞിരു
ന്ന കാലമായിരുന്നു അതു്. അതിനാൽ യന്ത്രസഹായം
കൊണ്ടു ഓടിക്കപ്പെടുന്ന ജലവാഹനങ്ങളുടെ ആവശ്യം ധാരാ
ളമുണ്ടായി. അതിനു പര്യാപ്തമാകത്തക്കവിധം ഒരു ആവി
ബോട്ടു പുതിയ രീതിയിലും ലഘുവായ ചെലവിലും അദ്ദേഹം
തയാറാക്കി. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധ പ്രധാനമാ
യി പതിഞ്ഞിരുന്നതു് ഒരു ജലാന്തർവാഹനം കണ്ടുപിടിക്കു
ന്നതിലായിരുന്നു.

21 അടി നീളംവരുന്ന ഒരു ജലാന്തർവാഹനം ഫുൾട്ടൻ
നിർമ്മിച്ച അവസരത്തിൽ അദ്ദേഹത്തിനു 35 വയസ്സുമാത്രമേ
പ്രായമുണ്ടായിരുന്നുള്ളൂ. "നാട്ടിലസ്" എന്നു പേരുള്ള ആ

ബോട്ട് ഫ്രാൻസിലെ സീൻ നദിക്കടിയിൽക്കൂടി ആദ്യമായി ഓടിച്ചപ്പോൾ അതിനകത്ത് അദ്ദേഹം മാത്രമേ ഉണ്ടായിരുന്നുള്ളൂ. എത്ര നിർബ്ബന്ധിച്ചിട്ടും മറ്റാരുംതന്നെ ജീവനെ ഭയപ്പെട്ട് അതിനകത്തു കടക്കുകയുണ്ടായില്ലത്രെ! കുറെ കഴിഞ്ഞു്, ആപത്തൊന്നും ക്രൂടാതെ ഫുൾട്ടൻ ബോട്ടുമായി പൊങ്ങിവന്നതുകണ്ടു ജനങ്ങൾ അത്ഭുതപരവശരായിത്തീർന്നുപോയി. ആ ധീരാത്മാവിനെ വിശ്വസിച്ചുകൊണ്ട് പിന്നീട് ഏതാനും സ്നേഹിതന്മാർക്കൂടി "നാട്ടിലസി" നകത്തു് പ്രവേശിച്ചു് യാത്രചെയ്തു. ഒരുമണിക്കൂർ സമയം ജലത്തിനടിയിൽക്കൂടി സഞ്ചരിച്ചിട്ട് അവർ സുഖമായി വെള്ളത്തിനുമുകളിൽ വന്നു ചേർന്നു. ആ ഒരുമണിക്കൂർ സമയവും ബോട്ടിനകത്തു് ഒരു മെഴുകുതിരി മാത്രമേ എരിഞ്ഞുകൊണ്ടിരുന്നുള്ളൂ എന്നതു് ആ യാത്രക്കാരുടെ ധൈര്യവും ചരമംസ്വീകരിക്കാനുള്ള അവരുടെ സന്നദ്ധതയും കാണിക്കുന്നതായിട്ടാണു് അക്കാലത്തു പലരും ഗണിച്ചിരുന്നതു്.

ഫുൾട്ടന്റെ കീർത്തി ഫ്രാൻസിലെങ്ങും പരന്നു. ചക്രവർത്തിപദത്തിലേക്കു് ആരോഹണം ചെയ്തില്ലെങ്കിലും ആ സ്ഥിതിയിൽ എത്തിച്ചേർന്ന രാജ്യംഭരിച്ചിരുന്ന നെപ്പോളിയനുമായി ഒരു കൂടിക്കാഴ്ച നടത്തുന്നതിനു് ഈ കണ്ടുപിടിത്തക്കാരനു് അവസരംകിട്ടി. ഇംഗ്ലീഷുകാരുമായി ഫ്രഞ്ചുകാർ യുദ്ധത്തിലേർപ്പെട്ടിരുന്ന കാലമായിരുന്നു അതു്. താൻ കണ്ടുപിടിച്ചിട്ടുള്ള ജലാന്തർവാഹിനി മുഖേന ശത്രുക്കളെ കടൽയുദ്ധത്തിൽ തോല്പിക്കാൻ നെപ്പോളിയനു് സൗകര്യം ലഭിക്കുന്നതാണെന്നും, അതിനാൽ ഇത്തരം ബോട്ടുകളും ചെറുകപ്പലുകളും വിപുലമായ തോതിൽ ഉണ്ടാക്കുന്നതിനു് അനുവദിക്കണമെന്നും ഫുൾട്ടൻ നെപ്പോളിയനോടു അപേക്ഷിച്ചു; അദ്ദേഹത്തിനു അതു ബോധപ്പെടുകയും ചെയ്തു. എന്നാൽ താല്ക്കാലികമായി അതിനെ ഉപയോഗപ്പെടുത്തി ഇംഗ്ലീഷുകാരെ കടൽയുദ്ധത്തിൽ ജയിക്കാമെന്നു് ആശയില്ലാതിരുന്നതിനാൽ ഫുൾട്ടനെ പ്രോത്സാഹിപ്പിക്കാൻ നെപ്പോളിയൻ സന്നദ്ധനായില്ല. രണ്ടുമൂന്നുവർഷം കഴിഞ്ഞപ്പോൾ, ആദ്യം ഉണ്ടാക്കിയ

ജലാന്തർവാഹിനി തുരുമ്പെടുത്തു ഉപയോഗശൂന്യമായിത്തീരുകയുംചെയ്തു.

നിഷ്ഫലപ്രയത്നം.

വെറും സഞ്ചാരത്തിനുമാത്രം ഉപയോഗപ്പെടുന്ന ജലാന്തർവാഹിനികളെക്കാൾ യുദ്ധത്തിനു ഉപകരിക്കുന്ന ജലാന്തർവാഹിനികളാണു് പ്രയോജനപ്രദം എന്നു് ഫുൾട്ടൻ കണ്ടു; ശ്രദ്ധ മുഴുവൻ അതിലേക്കു അദ്ദേഹം തിരിച്ചു വിട്ടു. ഏതാനും വർഷത്തെ ശ്രമംകൊണ്ടു് ഒരു ടാർപിഡൊ അദ്ദേഹം നിർമ്മിച്ചു. ഇന്നു കാണുന്ന തരത്തിൽ നിന്നും തുലോം വ്യത്യസ്തമാണെങ്കിലും ലോകത്തു ആദ്യമായി ഒരു ജലാന്തർയുദ്ധക്കപ്പൽ നിർമ്മിച്ചതു് ഫുൾട്ടൻ ആണെന്നുള്ളതു് എത്രയും വാസ്തവമാണു്. തന്റെ ഈ ചെറുനൗക പരിശോധിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് അദ്ദേഹം പല ഗവണ്മെൻറുകൾക്കും എഴുതി അയച്ചു എങ്കിലും, അമേരിക്കൻ ഗവണ്മെൻറുമാത്രമേ അതിനെ ഗൗനിച്ചു് അനുകൂലമായ മറുപടി കൊടുത്തുള്ളൂ.

യുദ്ധത്തിൽ വിജയം സമ്പാദിക്കുന്നതിനു ഈ ടാർപിഡൊ എത്രമാത്രം പ്രയോജകീഭവിക്കുമെന്നു് പരിശോധിക്കാനായി ഏതാനുംപേരെ ഗവണ്മെൻറ് നിയോഗിച്ചയച്ചു. ഏതുവിധേനയെങ്കിലും ഫുൾട്ടനെ തോല്പിക്കണമെന്നു് അവർ തീർച്ചപ്പെടുത്തി. ഫുൾട്ടന്റെ ടാർപിഡോവിൽനിന്നു വരാവുന്ന സകലതരം എതിർപ്പുകളേയും തടുക്കുന്നതിനു വേണ്ടതു സന്നാഹങ്ങളോടുകൂടി ഇവർ നിന്നതിനാൽ അദ്ദേഹത്തിന്റെ ടാർപിഡൊ നിരുപയോഗകരമായിത്തീർന്നു. ഇങ്ങനെ ആദ്യത്തെ ജലാന്തർ യുദ്ധക്കപ്പൽ യാതൊരു പ്രയോജനവുമില്ലാതായിപ്പോയി. ഇത്തരത്തിൽ എത്രയെത്ര പരാജയങ്ങളും നഷ്ടങ്ങളും സംഭവിച്ചതിനുശേഷമായിരിക്കും ഇന്നു കാണുന്ന ഓരോ വിശിഷ്ടയന്ത്രങ്ങളും സുഖസാധനങ്ങളും കണ്ടുപിടിച്ചിരിക്കാനിടയുള്ളതു് എന്നാരുകണ്ടു!

15,000 പവൻ പാരിതോഷികം.

വെള്ളത്തിനടിയിൽ നിന്നു വെടിയുണ്ടകൾ അയച്ച് കപ്പലുകൾ നശിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാനാണു പിന്നീടുള്ള ആലോചന. ഇതിൽ വ്യാപരിച്ചിരിക്കുമ്പോൾ ബ്രിട്ടീഷ് ഗവൺമെൻറ് ഫുൾട്ടനുമായി ഒരു ഉടമ്പടി ചെയ്തു. നെപ്പോളിയൻ ബ്രിട്ടനെ ആക്രമിക്കുമെന്നുള്ള ഭയത്തോടുകൂടി ഇംഗ്ലീഷുകാർ ദിനരാത്രങ്ങൾ കഴിച്ചു കൂട്ടിവന്ന കാലമാകയാൽ ഫുൾട്ടനെക്കൊണ്ട് ഒരു നശീകരണക്കപ്പൽ ഉണ്ടാക്കിക്കണമെന്ന് അവർക്കു വലിയ ആഗ്രഹമായി. മൂന്നു വർഷക്കാലംവരെ അദ്ദേഹത്തിനു് അവർ പ്രത്യേകശമ്പളം കൊടുത്തു ഈ ജോലിചെയ്യിച്ചു. എന്നാൽ അദ്ദേഹത്തിൻെറ ശ്രമങ്ങളൊന്നും ഫലിക്കുകയുണ്ടായില്ല. ഉടമ്പടിപ്രകാരമുള്ള കാലാവധി കഴിഞ്ഞപ്പോൾ ഫുൾട്ടനെ ഗവൺമെൻറു പിരിച്ചുവിട്ടു എങ്കിലും, നശീകരണക്കപ്പൽ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നതിലേക്കു് ഒരു പ്രോത്സാഹനമായിട്ട് 15,000 പവൻ ബ്രിട്ടീഷ് ഗവൺമെൻറു് ഇദ്ദേഹത്തിനു സംഭാവന ചെയ്തുയുണ്ടായിയത്രെ; ദാരിദ്രത്തിൽനിന്നു് ഈ വിധം മുക്തനായിത്തീർന്ന ഫുൾട്ടൻ നാല്പതാമത്തെവയസ്സു് മുതൽക്കു് ഇതാ സുഖജീവിതം നയിക്കാൻ ആരംഭിച്ചിരിക്കുന്നു.

പുതിയ ആവിബോട്ടുകൾ.

രണ്ടുമൂന്നുവർഷക്കാലമായി ആവിബോട്ടുകൾ ഉണ്ടാക്കുന്നതിനുള്ള ആലോചനകളും ശ്രമങ്ങളുംകൂടി ഫുൾട്ടൻ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. വില്യം സൈമിംഗ്ട്ടൻ എന്ന ഒരാൾ ആവിബോട്ടുനിർമ്മിച്ചു് സ്കോട്ട്ലണ്ടിൽ ഓടിച്ചുകൊണ്ടിരുന്നുവെങ്കിലും, വേഗക്കുറവും വ്യയക്രമക്കുടുതലുംനിമിത്തം അതു് അത്ര പ്രചാരത്തിൽ വന്നിട്ടില്ലായിരുന്നു. പുതിയരീതിക്കു് ഫുൾട്ടൻ നിർമ്മിച്ച ആവിബോട്ടു് വെള്ളത്തിലിറക്കിയദിവസം അതു് ഭാരക്കുടുതൽനിമിത്തം വെള്ളത്തിൽ താഴ്ന്നുപോയി. എന്നാൽ അടുത്തതായി 70 അടിനീളം വരുന്ന

മറെറാരു ബോട്ട് 1804ാമതുവഷ്ത്തിൽ ഫ്രാൻസിലെ സീൻ നദിയിൽക്കൂടി ഓടിച്ച് അദ്ദേഹം വിജയിയായിത്തീർന്നു. ആ തോട്ടുക്കൂടി, ആവിബോട്ടുകൾ പ്രചാരത്തിൽവരുത്താൻ കഴിയുന്നതാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യമായി. "ലോകഗതിയെ ഇതു മാറ്റുന്നതിനിടയുണ്ടു്" എന്നാണു് ഈ സംഭവത്തിനെ പരാമർശിച്ചുകൊണ്ടു് നെപ്പോളിയൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ബ്രിട്ടനുമായുള്ള ഉടമ്പടിയുടെ കാലാവധി തീർന്ന ഉടനെ ഫുൾട്ടൻ അമേരിക്കയിലേക്കു യാത്രയായി. രാജ്യം മുഴുവനും, തോട്ടുകളാൽ ബന്ധിക്കുന്നതിനും അവയിലെല്ലാം ബോട്ടു് സവ്വീസു് ഏർപ്പെടുത്തുന്നതിനും ആലോചിച്ചു കൊണ്ടാണു് അദ്ദേഹം സ്വദേശത്തേക്കു തിരിച്ചു പോയതു്. ആവിയന്ത്രനിർമ്മാതാവായ ജയിംസ് വാട്ടിന്റെ കമ്പനിയിൽ നിന്നു് 500 പവൻ വില കൊടുത്തു ഒരു യന്ത്രം വാങ്ങിയതിനുശേഷം 133 അടി നീളവും 18 അടി വീതിയും ഉള്ള ഒരു ബോട്ടു് അദ്ദേഹം നിർമ്മിച്ചു യാത്രയ്ക്കു തയാറാക്കി.

ആദ്യത്തെ ബോട്ടു് സവ്വീസു്

നാവിക ലോക ചരിത്രത്തിൽ അതി പ്രാധാന്യം അർഹിക്കുന്നതും, അമേരിക്കർ ഇന്നും സ്മാരകാഘോഷങ്ങൾ മുഖേന സമാദരിച്ചു പോരുന്നതും ആയ ഈ സംഭവം നടന്നിട്ടു് ഇപ്പോൾ 127 സംവത്സരം കഴിഞ്ഞിരിക്കുന്നു. ഫുൾട്ടൻ പണിയിച്ച "ക്ലെർമണ്ടു്" എന്ന ആവിബോട്ടു് ന്യൂയോർക്കു് നഗരത്തിൽ നിന്നു് 1807-ാമാണ്ടു് ആഗസ്റ്റു മാസം 17-ാനു- ഹഡ്സൻ നദിയിൽ ക്കൂടി യാത്ര പുറപ്പെട്ടു. ഒഴുക്കിനും കാറിനും എതിരായി മണിക്കൂർ ഒന്നിനു് അഞ്ചു മൈൽ വീതം വേഗത്തിൽ ഓടി150 മൈൽ ദൂരമുള്ള ആൽബനി നഗരത്തിൽ ആ ബോട്ടു എത്തിച്ചേർന്നു. ഈ നവീന വാഹനം കണ്ട ജനങ്ങളെല്ലാവരും അത്ഭുതപ്പെട്ടുകയും, ഫുൾട്ടനെ അത്യധികം പുകഴ്ത്തുകയും ചെയ്തു.

ക്ലെർമണ്ടിന്റെ യാത്ര അക്കാലം മുതൽ നദിയിൽ പതിവായി അങ്ങോട്ടു മിങ്ങോട്ടും നടന്നു കൊണ്ടിരുന്നു. അവി

ടവിടെ നിത്തി യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്യുന്ന ആ ബോട്ടു സർവ്വീസ് ജനസഞ്ചയത്തിനു വലിയ പ്രയോജനം ചെയ്തു തുടങ്ങി. ഏകദേശം 30 ഷില്ലിംഗ് (22½ രൂപാ) ആയിരുന്ന ഈ 150 മൈൽ ദൂരം ബോട്ടിൽ യാത്ര ചെയ്യാനുള്ള ക്രൂലി നിണ്ണയിക്കപ്പെട്ടിരുന്നതു്.

അടുത്ത 9 വഷ്ത്തിനകം 15 ബോട്ടു് ഫുൾട്ടൻ ഉണ്ടാക്കി അമേരിക്കയിലെ തോടുകളിലും നദികളിലും ആയി സർവ്വീസിനു് വിട്ടുകൊടുത്തു. ഇവയിൽ ഒട്ടുവിലായി പണി കഴിപ്പിച്ച ബോട്ടിൽ ഒന്നാം രണ്ടാം ക്ലാസ്സു മുറികളുണ്ടായിരുന്നുവത്രെ!

എട്ടു സംവത്സരം കഴിഞ്ഞപ്പോൾ വേറൊരു ചരിത്രസംഭവം കൊണ്ടുകൂടി ഫുൾട്ടന്റെ നാമധേയം നാവികചരിത്രത്തിൽ എഴുതപ്പെടുന്നതിനു സംഗതിയായി. ആവികൊണ്ടു് ഓടിക്കുന്ന ഒരു യുദ്ധക്കപ്പൽ ഇദ്ദേഹം പണികഴിപ്പിച്ചു. 32 ഭീരങ്കികൾ ഉപയോഗിക്കാവുന്നതും സ്വനാമധേയം വഹിക്കുന്നതും ആയ ആ കപ്പൽ 1815ാമാണ്ടു് തയാറാക്കി അദ്ദേഹം അമേരിക്കൻ കപ്പൽ സൈന്യശാഖയിലേക്കു സമർപ്പിച്ചു. അതിലേക്കു് 50,000 പവൻ ആണ് ചെലവായതു്.

കേവലം ഒരു പടമെഴുത്തുകാരനായി യൗവനഘട്ടംവരെ അറിയപ്പെട്ടിരുന്ന ഫുൾട്ടൻ നാവികലോകത്തു് ഒരു വലിയ പരിവർത്തനം വരുത്തത്തക്ക വിധത്തിലുള്ള രണ്ടു കണ്ടുപിടിത്തംമുഖേന പ്രഖ്യാതി സമ്പാദിച്ചിരിക്കുന്നു. ഇവയുടെ പ്രത്യേകാവകാശം കുടുംബാവകാശികൾക്കു് ലഭിക്കാതിരിക്കത്തക്കവിധം കോടതിമുഖേന ശത്രുക്കൾ വിധി സമ്പാദിച്ചിരുന്നെങ്കിലും ആവിക്കപ്പലും ആധുനികകാലത്തെ യുദ്ധക്കപ്പലും പ്രായോഗികമാകത്തക്കവിധം കണ്ടുപിടിച്ചു് പ്രചാരത്തിൽ വരുത്തിയതു് ഫുൾട്ടൻ ആണെന്നുള്ള വസ്തുത മറച്ചാലും മറയുന്നതല്ലതന്നെ. വിദ്യാലയങ്ങളിൽപോയി എഞ്ചിനീയറിംഗ് പഠിക്കാതിരുന്ന ഇദ്ദേഹം ഇത്രവളരെ ഉപകാരപ്രദവും സ്മരണീയവും ആയവിധം ജനസേവനത്തിനു യോഗ്യനായിത്തീർന്നതു് സ്വന്തം പരിശ്രമംമുഖേന മാത്രമാണെന്നുള്ള

തിനു സംശയമില്ല. "സകല പ്രയാസങ്ങളും ജയിക്കുവാൻ സർവ്വദാ ശേഷിയുള്ളവനാക്കിത്തീർത്തതു് ഫുംട്ടനിൽ പരമപ്രധാനമായി വിളങ്ങിയിട്ടുള്ള പ്രശാന്തനിശ്ചയബുദ്ധി, പരിശ്രമം, അചഞ്ചലമായ ക്ഷമ, സുസ്ഥിരോത്സാഹം എന്നിവയാകുന്നു" എന്നിങ്ങനെ അദ്ദേഹത്തിന്റെ ജീവചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളതു് എത്രയും വാസ്തവമാകുന്നു.

1815 ഫെബ്രുവരി 23ാംനു- ഫുംട്ടൻ കാലഗതിയെ പ്രാപിച്ചു.

ഠൻ. ഇരവിക്കുട്ടിപ്പിള്ള

സുമാർ മുന്നൂറു സംവത്സരത്തിനു മുമ്പു് ഒരു മീനമാസത്തിൽ ദക്ഷിണ തിരുവിതാംക്കൂർ കാർ അനുഭവിച്ച സങ്കടങ്ങളും അവർണ്ണനീയമെന്നേ പറയേണ്ടൂ. മധുരയിൽ വാണിരുന്ന നായക്കർ വംശത്തിലെ പ്രചണ്ഡഭാസ്കരനായി പേരും പെരുമയുമാണ്ട തിരുമലനായക്കർ, തന്റെ വിപുലസേനാനിവഹത്തോടുകൂടി ആരുവാമൊഴിക്കപ്പുറത്തുള്ള പണകുടിയിൽ പാളയമടിച്ചു് വിജയോന്മത്തനായി ഗംഭീരഗർജ്ജനം ചെയ്യുന്നു. സമരരംഗങ്ങളിൽ പഞ്ചൊസ്യവിക്രമനായി ദക്ഷിണഭാരതമെങ്ങും പ്രകീർത്തി സമാർജിച്ച വിലസുന്ന ഈ മഹാരഥന്റെ ആജ്ഞാനുസരണം ശ്രീ വഞ്ചീശപുരിയുടെ മോഹന ശരീരത്തിൽ നഖക്ഷതങ്ങളും ഏൽപ്പിക്കുന്നതിനായി വേലയ്യൻ എന്ന സേനാനി സൈന്യസമേതം വേണാടിനകത്തു് പ്രവേശിക്കുന്നു. അയൽ രാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുന്നതു് രാജധർമ്മങ്ങളിൽ ഒന്നായി കരുതപ്പെട്ടിരുന്ന അക്കാലത്തു് നായക്കരുടെ ഈ ആജ്ഞാപനത്തിനു മറു കാരണമൊന്നും വേണമെന്നില്ലല്ലൊ. വിഭ്രുതിയുടെ സമൃദ്ധി കൊണ്ടു് വേണാടു വിലസുന്നതു മാത്രം മതിയാകും തിരുമലനായക്കർക്കു തിരുവിതാംക്കൂറിൽ പ്രവേശിക്കാൻ. അങ്ങനെ

യിരിക്കെ, കുറച്ചു കാലം ഗത്യന്തരമില്ലാതെ വഞ്ചീശൻ കൊടുത്തുകൊണ്ടിരുന്ന കപ്പം മുടക്കിയെന്നുള്ളതു ക്രുദ്ധിയുണ്ടായാൽ ഒരു രാജ്യാക്രമണം നടത്താൻ അദ്ദേഹത്തിനു തക്കതായ കാരണമായിത്തീരുന്നുണ്ട്.

കൊള്ള ചെയ്യാൻ കുതുകമേറുന്നവരും, കൊലപ്പെടുത്താൻ അറപ്പു് ഇല്ലാത്തവരും ആയ ഒരു മുഷ്കര സൈന്യത്തോടുക്രുദ്ധി മുന്നോട്ടു കടന്ന പാണ്ടിപ്പടയെ പിന്നോട്ടോടിക്കാൻ ആക്കും കെപ്പില്ലാതായി. കണ്ട ഗ്രാമങ്ങളിലെല്ലാം തീവെട്ടി കൊള്ള തന്നെ ആ പടയാളികൾ നടത്തിത്തുടങ്ങി. ചെട്ടിമാരും ചാലിയന്മാരും വെള്ളാളരും നാടാന്മാരും എല്ലാം പ്രാണരക്ഷാർത്ഥം പലേടത്തും ഓടിപ്പോയി. കുഞ്ഞുങ്ങളും അബലമാരും വൃദ്ധന്മാരും രോഗികളും പോലും ആ പാണ്ടിപ്പടയെപ്പേടിച്ചു് കണ്ട വഴിയേ മണ്ടിത്തുടങ്ങി പോൽ. അക്കാലത്തു് വേണാടിന്റെ ഐശ്വര്യക്ഷേത്രമായി വിളങ്ങിയിരുന്ന നാഞ്ചിനാടു മുഴുവനും കൊള്ളയിട്ടു് ആ സൈന്യം ശുചീന്ദ്രം വരെ എത്തിച്ചേർന്നപ്പോഴേക്കും വേണാട്ടധിപതിയുടെ കരൾ കലങ്ങിത്തുടങ്ങി.

വീരരവിവർമ്മ കുലശേഖരപ്പെരുമാൾ വഞ്ചിസിംഹാസനത്തിൽ ആരോഹണം ചെയ്തിട്ടു് കൊല്ലം ഇരുപത്തിനാലു കഴിഞ്ഞിരുന്നു എങ്കിലും ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു് സ്വരാജ്യത്തെ സംരക്ഷിക്കാൻ വേണ്ട കരുതൽ ചെയ്യുയോ, കെല്പു സമ്പാദിക്കുകയോ ചെയ്യാൻ അദ്ദേഹത്തിനു് ഇനിയും കഴിഞ്ഞിരുന്നില്ല. വേണാടിന്റെ അനേകം മടങ്ങു വലിപ്പമുള്ള പാണ്ഡ്യദേശങ്ങളിലെ ഭരണാധിപന്മാരുടെ നിരന്തരാക്രമണങ്ങളിൽ നിന്നു് ഈ ചെറു ഭൂവിഭാഗത്തെ രക്ഷിക്കുന്നതിനുള്ള സാമർത്ഥ്യം ഇവിടത്തെ രാജ്യാധിപതിമാർക്കു് ഉണ്ടായിരുന്നില്ലെങ്കിൽ അതു് അവരുടെ ഒരു കുറവായി പരിഗണിക്കാവുന്നതല്ലല്ലൊ.

തന്റെ പ്രജകളിൽ പലരും പാണ്ടിപ്പടയുടെ കരാളകരവാളങ്ങൾക്കു് ഇരയായിത്തീരുന്ന വസ്തുത അറിഞ്ഞു് താൻ

തന്നെ 'മുമ്പട' നടത്താൻ സിംഹാസനാധിപതി സന്നദ്ധനായിത്തീർന്നു; സൈന്യനായകനായ ഇരവിക്കുട്ടിപ്പിള്ള തന്റെ കളരിക്കാരെയും കൊണ്ടു പിന്തുണയ്ക്കുവരാൻ അദ്ദേഹം ആജ്ഞാപിക്കയും ചെയ്തു. രാജവംശസംരക്ഷണം കുലധർമ്മങ്ങളിലൊന്നായി കരുതി പടക്കളങ്ങളിലിറങ്ങാൻ എപ്പോഴും തല്പരത്വപ്രദർശിപ്പിച്ചു പോന്നിരുന്ന ഇരവിക്കുട്ടിപ്പിള്ളയ്ക്കാകട്ടെ ഈ രാജനിർദ്ദേശം ആക്ഷേപകരവും വ്യസന ഹേതുകവും ആയിത്തോന്നി. കാണപ്പെട്ട ദൈവമായി കരുതി ആരാധിച്ചു പോരുന്ന ഈ ശ്രീ നാരായണാവതാരം, താൻ ജീവിച്ചിരിക്കുമ്പോൾ പട നയിക്കാൻ പുറപ്പെട്ടുകയോ! "അടിയങ്ങളൊട്ടങ്ങിക്കൊണ്ടാൽ അററകൈക്കുമതി തിരുമേനി ഇറങ്ങുന്നതു്. അടിയൻ ഇവിടെ കിടക്കുന്ന പടയും കൊണ്ടു തിരിക്കാം. ഇപ്പഴാളയച്ചാൽ 'കാളി' കളരിപ്പടയും കൊണ്ടു് വെളുക്കും മുമ്പെ അടിയന്റെ ക്രൂടെ എത്തും. ആ വട്ടകുറ്റപ്പടയെ ഒടുക്കിയതിനുശേഷമേ അടിയൻ തിരിച്ചു വിടകൊള്ളുകയുള്ളൂ" എന്ന അർത്ഥത്തിൽ ഇരവിക്കുട്ടിപ്പിള്ള തിരുമേനിയെ അറിയിച്ചു.

മഹാരാജാവു് ചാരിതാർത്ഥനായി. "അദ്ദേഹം ഇരവിക്കുട്ടിപ്പിള്ളയെ അനുഗ്രഹിച്ചു് വാളും പരിശയും കൊടുത്തു പടപ്പാളയത്തിലേക്കു് അയച്ചു. പട പുറപ്പെട്ടു. പറഞ്ഞയച്ചിരുന്നതനുസരിച്ചു് പ്രിയശിഷ്യനായ കാളിനായർ കളരിപ്പടയുംകൊണ്ടു് ആ രാത്രി തന്നെ തിരിച്ചു് പ്രഭാതത്തിൽ തോട്ടിയോട്ടേലായിൽവച്ചു് പ്രധാന സൈന്യത്തോടുചേർന്നു. പടച്ചട്ടയും ധരിച്ചു വാളും പിടിച്ചു് ഒരൊന്നാംതരം ശ്വേതാശ്വത്തിൽ കയറി സമരകാഹള ധ്വനിയോടെ മുന്നോട്ടു പായുന്ന ആ വീര സേനാനിയെ കണ്ടപ്പോൾ സ്വരാജ്യസ്നേഹത്താൽ മതിമറന്നുപോയ അനുയായികളും അതിനൊപ്പം വീറോടുകൂടി മുന്നോട്ടുപോകാൻ ശക്തരായതിൽ അത്ഭുതപ്പെടാനില്ല."

ഇരവിക്കുട്ടിപ്പിള്ള നാഗരുകോവിലിനടുത്തുള്ള വടശ്ശേരിമൈതാനത്തു സൈന്യസമേതം പ്രവേശിച്ചു. വേലയ്യൻ നേര

ത്തേതന്നെ വട്ടകപ്പടയുമായി വേണാട്ടുപടയാളികളെ കാത്തിരിക്കുന്നുണ്ടായിരുന്നു.

"അണിയിട്ടവർ ക്രൂടിപ്പൊരുതപോരിൽ
അണിയണിയായ് ചില പടകളൊരുക്കിയും
ആട്ടമമ്പിലവർ ക്രൂടിയൊത്താശയും
വയ്യം പുകഴംകൊണ്ട പടൈവേലയ്യൻ
വന്തുമലയാളരെ വളൈന്തുകൊണ്ടാൻ."

തങ്ങളുടെ നാഥന്റെ ആജ്ഞ നിമിത്തമാണെങ്കിലും കൊള്ളയടിക്കാനുള്ള കൊതുകത്താൽ പണകൂടികടന്നു വന്ന 'വട്ടക'പ്പടയാളികൾ ഉത്സാഹസമേതം സമരം നടത്തിത്തുടങ്ങി. മാതൃമഹിയുടെ സ്വാതന്ത്ര്യ സംരക്ഷണത്തിനെക്കാൾ തങ്ങളുടെ മഹീപതിയുടെ പ്രസാദത്തിനെ കാംക്ഷിച്ചുമായി കരുതിയിരുന്ന വേണാടരും വീറോടെ പോരുതുടങ്ങി. വെട്ടും തടുപ്പും ഇരുകൂട്ടരും നടത്തി; എതിരാളികളെ പിൻതിരിപ്പിക്കാൻ ഓരോരുത്തക്കും ഉത്സുകതയേറി; അരാതികളെ അരിഞ്ഞരിഞ്ഞുതള്ളി അന്തകാലയത്തിലയക്കാൻ വട്ടകരും വേണാടരും ഒന്നുപോലെ മുന്നോട്ടാഞ്ഞു തങ്ങളാലാകംവിധം മിടുക്കുകാട്ടിക്കൊണ്ടിരുന്നു.

സേനാനിവേലയ്യനെ യാദൃച്ഛികമായി കിട്ടിയ സന്ദർഭം ഉപയോഗിച്ച വേണാടർ കാലപുരിക്കയച്ചു. അതോടുകൂടി പാണ്ടിപ്പട പിന്തിരിയാനും തുടങ്ങി. തങ്ങളുടെ സേനാധിപനെ ശത്രുക്കൾ കൊല്ലുണമെന്നില്ല, അയാളുടെ തല കുറച്ചു സമയത്തേക്കു കാണാതിരുന്നാൽ മതി ദ്രാവിഡീയർ പടക്കളങ്ങളിൽനിന്ന് പൊട്ടുന്ന കാലുമാറിക്കളയും. ഈ ദുശ്ശീലം അവർ പലപ്പോഴും പ്രദർശിപ്പിച്ചിട്ടുള്ളതിനു ലക്ഷ്യങ്ങൾ ചരിത്രത്തിൽ ഒന്നുരണ്ടൊന്നുമല്ലയുള്ളത്.

പിന്തിരിഞ്ഞോടിയ പടയാളികൾ വേലയ്യന്റെ അകാലമരണവും, തങ്ങൾക്കു പറ്റിയ നാണക്കേടും അറിയിക്കാൻ പണകുടിയിലേക്ക് പലായനം ചെയ്തു; വിജയ വൈജയന്തികളേന്തിയ വേണാടർ ആകട്ടെ, പുലിയൂർകുറിച്ചിയിൽ എഴുന്നള്ളിയിരുന്ന തങ്ങളുടെ പൊന്നുതമ്പുരാനെ വിവരം ധരിപ്പിച്ചു് ആഘോഷിക്കാനും പുറപ്പെട്ടു.

വിജയവാത്ത ശ്രവിച്ച് കുലശേഖരപ്പെരുമാൾ കുതൂഹല ചിത്തനായിത്തീർന്നു. മലപോലെവന്ന മഹാമാരിയെ മലർ പോലാക്കിത്തീർത്ത ഇരവിക്കുട്ടിപ്പിള്ളയെ മഹാരാജാവ് വളരെ ബഹുമാനിച്ചു. "കേരളപുരത്തു വേപ്പൻ കോണത്തേലാ പതിനെട്ട കോട്ടയും പടയേറുവിരുത്തിക്കായി ദാനം ചെയ്തിരിക്കുന്നു" നീട്ട് ഇരവിക്കുട്ടിപ്പിള്ളയ്ക്കു നല്കി ആ വേണാട്ടധിപതി ചരിതാർത്ഥനായിത്തീർന്നു.

കുലധർമ്മം പാലിക്കുന്നതിനുണ്ടോ ഒരു ധർമ്മനിഷ്ഠൻ പ്രതിഫലം വാങ്ങുന്നു! കല്പന നടത്താൻ തനിക്കുള്ള കടമ നിർവ്വഹിച്ചതിനു കൈക്കൂലി വേണ്ടെന്നു പറഞ്ഞുകൊണ്ട് ആ ഭൂപ്രാദഭക്തൻ നീട്ടിയ പൊന്നുതമ്പുരാന്റെ പൊൽച്ചേവടികളിൽ സമർപ്പിച്ചു വിടവാങ്ങി.

മന്ത്രിപദപ്രാപ്തി

വീരചരിതങ്ങൾ രചിക്കുന്ന വിഷയത്തിൽ പരാങ്മുഖത ഏറെയുള്ളവരാണ് കേരളീയർ എന്നതു എത്രയോ പ്രസിദ്ധം. ഭാരതഭൂമിയിലെ യുദ്ധവിദഗ്ധന്മാരായി പ്രശസ്തി പരത്തിയിട്ടുള്ള രാജപുത്തർ, മഹാരാഷ്ട്രർ, സിക്കുകാർ ബംഗാളികൾ എന്നിവർക്കാരോട് ഏതു നിലയ്ക്കും കിടനിൽക്കുന്ന കേരളീയരിൽ പ്രഖ്യാതപുരുഷന്മാരായി അറിയപ്പെട്ടന്നവരുടെ എണ്ണം തുലോം വിരളമെന്നേപറയാനുള്ളൂ. വേണാട്ടിലെ സചിവപ്രവരന്മാരുടെ കൂട്ടത്തിൽ 900- മാണ്ടിനുശേഷമുള്ളവരുടെ ചരിതങ്ങളല്ലാതെ, അതിനുമുമ്പു രണ്ടായിരത്തോളം സംവത്സരക്കാലമായി നാഗരികതയും വിദേശിയവ്യാപാരവും ഉണ്ടായിരുന്ന കേരളത്തിൽ മറ്റു മന്ത്രീശ്വരന്മാരുടെ ചരിത്രങ്ങൾ വിശ്വാസയോഗ്യങ്ങളായ ലക്ഷ്യങ്ങളോടുകൂടി ലഭിച്ചുകാണാത്തതു് കഷ്ടംതന്നെ. മാതൃഭൂമിക്കുവേണ്ടി മാത്രം സ്വരാജ്യഭക്തിയാൽ പ്രേരിതനായി പടക്കളത്തിലിറങ്ങി പോരുനടത്തി വീരസ്വർഗ്ഗം പ്രാപിച്ച ഇരവിക്കുട്ടിപ്പിള്ളയുടെ ഉജ്വലാദർശചരിതത്തിലെ പ്രധാനസംഭവങ്ങൾക്കുള്ള ലക്ഷ്യങ്ങളൊഴിച്ചു മറ്റുസകലതും "ഇങ്ങിനിവരാതവണ്ണം"

നശിച്ചുപോയിരിക്കുന്നു. എങ്കിലും, പ്രധാനസംഭവങ്ങളെക്കുറിച്ചുള്ള ജീവചരിത്രലക്ഷ്യങ്ങൾ അവശേഷിച്ചുകാണുന്നതു ഭാഗ്യംതന്നെ!

ഇരുന്നൂറുവർഷത്തിനു മുമ്പുവരെ അനേകം ശതവർഷക്കാലം വേണാട്ടധീശരുടെ രാജധാനിയായി പ്രശോഭിച്ചുകൊണ്ടിരുന്ന പദ്മനാപുരത്തിനടുത്തു് കേരളപുരം എന്നു് ഒരു ദേശം ഉണ്ടു്. അതാണു് ഈ സ്വരാജ്യഭക്തന്റെ ജനനംകൊണ്ടു് പുകഴാൻപുണ്യം നേടിയിരിക്കുന്ന പ്രദേശം. "എണ്ണറൊരുപതാമാണ്ടു്" സ്വർഗ്ഗം പൂകിയപ്പോൾ മുപ്പത്തിരണ്ടു വയസ്സുപ്രായമുണ്ടായിരുന്ന ഇരവിക്കുട്ടിപ്പിള്ള ജനിച്ചതു് കൊല്ലവർഷം 778ൽ ആയിരിക്കണമെന്നു വരുന്നുണ്ടു്. ഇരവിക്കുട്ടിപ്പിള്ള കളരിയിൽ പയറ്റിയും, പടക്കളങ്ങളിൽ പ്രവേശിച്ചും യുദ്ധകായ്ങ്ങൾ ഇരുപതു വയസ്സിനുമുമ്പുതന്നെ നല്ലവണ്ണം പരിശീലിച്ചുകഴിഞ്ഞിരുന്നു. അസാധാരണമായ ശൗര്യവും അത്ഭുതകരമായ ശക്തിയും ഇരവിക്കുട്ടിപ്പിള്ളയിൽ ഒത്തിണങ്ങി വിളങ്ങിയിരുന്നതിനാൽ ആശായ്മസ്ഥാനത്തിൽ ആരോഹണം ചെയ്യും, നാട്ടുകാരുടെ ഇടയിൽ നല്ലപേരുസമ്പാദിച്ചും ആ യുവാവു് ഏതാണ്ടു വർഷം കഴിച്ചുകൂട്ടി. ഇത്രയും മാത്രം കൊണ്ടു സിംഹാസനാധിപതിയുടെ വിശ്വസ്തതയ്ക്കും ഉയർന്ന ഉദ്യോഗസമ്പാദനത്തിനും വേണ്ടുന്ന സകലയോഗ്യതകളും അക്കാലത്തു് ഒരുവനു സിദ്ധിക്കുന്നതാണല്ലോ. സൈന്യനായകത്വത്തിൽക്കൂടി വഞ്ചിരാജ്യാധിപതിയുടെ മന്ത്രിസഭാംഗമായി ഉദ്യോഗക്കയറ്റം കിട്ടിയപ്പോൾ ഈയുവാവിനു് വയസ്സു മുപ്പതു് കഴിഞ്ഞിട്ടില്ലായിരുന്നു. അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ അധഃപതനത്തിനുവേണ്ടി കുഴിതോണ്ടാൻ ശത്രുക്കളുടെ അസൂയ ഒരു ഉപകരണമായിട്ടെടുത്തതു്.

ശത്രുക്കളുടെ പ്രതികാരവഹ്നി

പണകൂടിയിലേക്കു പിന്തിരിഞ്ഞോടിയ പടയാളികൾ വിവരം എത്രയും വേഗത്തിൽ സ്വസ്വാമിയെ അറിയിച്ചു.

അപജയ വാർത്താശസ്ത്രം കണ്ണീരസ്ത്രങ്ങൾവഴി കുത്തിത്തുളച്ച് ഉള്ളിൽ കടന്നപ്പോൾ തിരുമലനായക്കർ അത്യന്തം ഖിന്നനായിത്തീർന്നു. ഈ അവസ്ഥയെപ്പറ്റി,

"ആനവായ്ക്കരുമ്പുപോലകമെല്ലാം നട്ടനട്ടങ്കി
മാലൈപോൽ കണ്ണീരോടി മലങ്കിയേ കലങ്കിയുള്ളം"

എന്നാണ് "ഇരവിക്കുട്ടിപ്പിള്ളപ്പോരു" എന്ന ചാരിത്രകഥേശിയ ഗാനത്തിൽ കവി പാടിയിരിക്കുന്നത്. അപമാനകരവും, ലജ്ജാവഹവും, അഭിമാനഹാനികരവും ആയ ഈ പരാജയം പടപ്പാളയത്തിലുള്ള സകലരേയും കുറച്ചു സമയത്തേക്കു ദുഃഖവിവശരാക്കിത്തീർത്തു.

ഇത്തരം വിപത്തുകണ്ടു ഏറെനേരം ഇതികർത്തവ്യതാമൂഢനായി ഇരുന്നുപോകുന്ന ദുർബ്ബലഹൃദയനല്ലായിരുന്നു പഞ്ചാസ്യവിക്രമനായ നായക്കർ. അപമാനചിന്തയിൽനിന്ന് പ്രതീകാരവഹ്നിയാണ് നായക്കരുടെ ഹൃദയകുണ്ഡത്തിൽ ആവിർഭവിച്ചതു്. അതിന്റെ പുക കണ്ടു തുടങ്ങിയപ്പോൾതന്നെ, പരിജനങ്ങൾ അതു വീശി വർദ്ധിപ്പിച്ചു. വധിക്കപ്പെട്ട വേലയ്യനെപ്പോലെ വിക്രമനായ ഒരു സേനാനായകനെ വെട്ടിനുറുക്കി വേണാടിനെ തകർക്കണമെന്നതന്നെ അദ്ദേഹം നിശ്ചയം ചെയ്തു. കുടിശ്ശിക വരുത്തിയിരുന്ന കപ്പത്തുക മുഴുവനും വാങ്ങി വഞ്ചിമന്നവനെ നല്ലൊരു പാഠം പഠിപ്പിക്കാനും അദ്ദേഹം ഉറച്ചു. അമിതപരാക്രമൻ എന്നുള്ള കീർത്തിധാവള്യം ദക്ഷിണഭാരതമെങ്ങും പരത്തിയിരുന്ന രാമപ്പയ്യനെ വഞ്ചിരാജ്യാക്രമണത്തിനു് ഒരു വിപുലസൈന്യത്തോടുകൂടി അദ്ദേഹം നിയോഗിച്ചയക്കുകയും ചെയ്തു. "നായക്കന്മാർ, മറവർ, റെഡ്ഡികൾ, ചെട്ടികൾ, വെള്ളാളർ, പട്ടാണിമാർ, രാകുത്തന്മാർ, തൊട്ടിയന്മാർ, സിംഹളർ, കുറവന്മാർ, അഞ്ചുവന്നക്കാർ, വട്ടകന്മാർ, കൊങ്കണദേശക്കാർ തുടങ്ങി ചല്ലടം "കാംകുവെള്ള പച്ചച്ചട്ട എന്നിങ്ങനെ വിവിധ വേഷങ്ങളിൽ എഴുപത്തിരണ്ടു പാളയക്കാരും" കൂടി ഒരു ഭീമ സൈന്യമായി ആ മഹാ സേനാനിയുടെ വരുതിയിൽ വഞ്ചീശ്വരീ മർദ്ദനത്തിനായി ആരുവാമൊഴി വഴി യാത്രയായി.

"വന്നപടയുടെ പെരുപ്പമെല്ലാം
മന്നവരേ ചൊല്ലത്തുലയാതു"

കണ്ണിൽ കണ്ടജനങ്ങളെയെല്ലാം കാലപുരിക്കയച്ചും, പാകംവന്ന വിളവുകളെല്ലാം കൈയോടെ കൈക്കലാക്കിയും, പ്രഭുക്കന്മാരുടെ ഭവനങ്ങളിൽ കുത്തിവാരിക്കവെന്നും ആ പാണ്ടിപ്പട കണിയാകുളമെന്ന സ്ഥലത്തുവന്നു പാളയമടിച്ചു. പത്മനാഭപുരം രാജധാനിയിലേക്കു് അവിടെനിന്നും ആറു മൈലിലധികം ദൂരമുണ്ടായിരുന്നില്ല.

ശത്രുക്കളുടെ ശ്രുദ്ധാലോചനകൾ.

കേട്ടതിരുനാൾ വീരരവിവർമ്മ കുലശേഖരപ്പെരുമാൾ വേണാട്ടുഭരണം നടത്തിയിരുന്നതു് എട്ടുമന്ത്രിമാരുടെ ആലോചനകളും തീരുമാനങ്ങളും അനുസരിച്ചായിരുന്നു. എടത്തറപ്പോററി, ഇളമ്പയിൽ പണ്ടാരം, എടമനപ്പോററി, അത്തിയറപ്പോററി, കുളത്തൂർപിള്ള, പനയറപ്പിള്ള, ചെറുവള്ളിപ്പിള്ള, ഇരവിക്കുട്ടിപ്പിള്ള എന്നീ അഷ്ടമന്ത്രിമാരിൽ ഇരവിക്കുട്ടിപ്പിള്ള ആയിരുന്നു ഏററവും ഇളയആൾ. സാമർത്ഥ്യാധിക്യം മുഖേന സകലരുടേയും സ്നേഹബഹുമാനാദികൾ സമാജ്ജിച്ചിരുന്ന ഈ യുവാവിന്റെ പേരിൽ അസൂയയോടുകൂടി വർത്തിച്ചിരുന്ന മറുമൂഴപേരും, തങ്ങളുടെ ഉന്നതസ്ഥാനങ്ങൾ ഇരവിക്കുട്ടിപ്പിള്ളയുടെ പ്രതാപോന്നതിയോടുകൂടി നഷ്ടമായിത്തീരുകയില്ലേ എന്നു ഭയപ്പെട്ടുകൊണ്ടിരുന്നു. വടശ്ശേരിപ്പോരോടുകൂടി സർവ്വപ്രാധാന്യം കൈവശപ്പെടുത്തിയ ആ യുവാവിന്റെ അന്തം വരുത്താൻ ഇതൊരു തക്ക സന്ദർഭമായി അവരിൽ മിക്കവർക്കും തോന്നി. എടത്തറപ്പോററിയുടെ ഇല്ലത്തിൽവച്ചു് ചെറുവള്ളിപ്പിള്ളയെ ചേർക്കാതെ മറുപേരുംകൂടി ഇരവിക്കുട്ടിപ്പിള്ളയെ നിഗ്രഹിക്കാൻ ഒരു ശ്രുദ്ധാലോചന നടത്തി. ഇരവിക്കുട്ടിപ്പിള്ളയെ പടയ്ക്കുമുമ്പേ നിഗ്രഹിച്ചു യുദ്ധംചെയ്യുകൊണ്ടിരിക്കുന്നമദ്ധ്യേ തങ്ങളുടെ സൈന്യങ്ങളോടൊത്തു് പെട്ടെന്നു് പിന്മാറിക്കളയുക എന്നുള്ളതായിരുന്നു ആ നിശ്ചയം.

വടശ്ശേരി സമരരംഗത്തിലേയ്ക്ക് ഇരവിക്കുട്ടിപ്പിള്ളയെ മാത്രം അയച്ചതിൽ പരിഭവിച്ചിരുന്ന ഇതരമന്ത്രിമാരോട് എല്ലാവരോടുമായി, ഇത്തവണ യുദ്ധത്തിനുപോകാൻ തിരുമേനി ആജ്ഞാപിച്ചു. ഓരോരുത്തരും തങ്ങളുടെ കീഴിലുള്ള പ്രത്യേക സൈന്യത്തോടുകൂടി കണിയാകുളത്തു ചെന്നെതിരിടാൻ സന്നദ്ധരാണെന്നും എന്നാൽ സർവ്വസേനാനായകത്വം വഹിച്ച് 'മുന്നില' കൊള്ളുവാൻ തങ്ങൾക്കു ശേഷിയില്ലെന്നും ഏഴു മന്ത്രിമാരും പറഞ്ഞപ്പോൾ, "വ്യതിചലിക്കാത്ത ധീരചേതസ്സായിട്ടു രാജനിയോഗത്തെ ഉടനടി, മറ്റുള്ളവരെപ്പോലെ ഒഴികഴിവു പറയാതെ ദുർഗ്ഗാഘട്ടത്തിൽ നിറവേറ്റി രാജ്യരക്ഷയ്ക്കു മുന്നാക്കം പുറപ്പെടാമെന്ന് അദ്ദേഹം (ഇരവിക്കുട്ടിപ്പിള്ള) ഉറപ്പുകൊടുത്തു." സമരത്തിൽ ശത്രുക്കളെ ജയിക്കാൻ അത്യുത്സാഹമുള്ള പൊന്നുതമ്പുരാനും, സമരത്തിൽ ഇരവിക്കുട്ടിപ്പിള്ളയെ നിഗ്രഹിച്ചുകാണാൻ അത്യുത്സാഹമുള്ള മറ്റുമന്ത്രിമാരും ഈ നിശ്ചയംകേട്ട ഒന്നുപോലെ സന്തോഷിച്ചു. മഹാരാജാവു് അതിനു അനുജ്ഞയും നൽകി.

സന്തുഷ്ടചിത്തരായിത്തീർന്ന വഞ്ചീശ്വര മന്ത്രിമാരിൽ ആരുപേരും ഇത്രയുംമാത്രംകൊണ്ടു തൃപ്തരായിത്തീർന്നില്ല. തങ്ങളുടെ നിഗ്രഹനിശ്ചയം അവർ രാമപ്പയ്യനെ മുൻകൂട്ടി അകലംകുത്തികം അറിയിച്ചുകൊടുത്തുവത്രെ! അരാതിവർഗ്ഗത്തിനെ അടക്കളത്തിൽ ഒടുക്കുന്നതിനു കാത്തിരുന്ന ആ സേനാനായകനാകട്ടെ, സാഭീഷ്ടം അക്ഷരംപ്രതി സാധിക്കാൻ ലബ്ധമാകുന്ന അപ്രതീക്ഷിത സൗകര്യം ഓർത്തു കൃതാർത്ഥവാരിരാശിയിൽ വീണ് പുളച്ചു മദിച്ചിരിക്കുകതന്നെ ചെയ്യണം.

മാതാവും ഭാര്യയും ഇരവിക്കുട്ടിപ്പിള്ളയെ തടുക്കുന്നതു്.

"വാട്ടമറ്റകൊല്ലം എണ്ണൂറൊരുപതാമാണ്ടുതന്നിൽ
ആനതോർ മിഥുനമാസം പതിനെട്ടാം തീയ്യതി
തിങ്കൾപ്പടി പൂണർതം തിങ്കളാഴ്ച വിടിയും മുന്നെ"

ആണ് ചരിത്രപ്രസിദ്ധമായ ഈ പോരു് നടന്നതു്. അതിനു തലേദിവസം കണിയാകുളം പടക്കളത്തിലേക്കു പുറപ്പെ

ടാൻ ഇരവിക്കുട്ടിപ്പിള്ള തയാറായി. രാജശാസനാനുസരണം രാജ്യരക്ഷയ്ക്കായി പുറപ്പെടുന്ന നന്ദനനെ പ്രോത്സാഹിപ്പിക്കുകപതിവുള്ള മാതാവു് താൻ തലേദിവസം കണ്ട ഒരു ദുസ്വപ്നം ഓർത്തു അന്നേദിവസം മകനെ തടയുകയുണ്ടായി. "സ്വപ്നം ചിലക്കു ചിലകാലമൊക്കണം" എന്നതു പരമാർത്ഥമാകയാൽ, ആസ്ത്രീയെ അക്കാര്യത്തിൽ നിസ്സാരയാക്കി കരുതാനും നിവൃത്തിയില്ലല്ലൊ.

തങ്ങൾ ചെയ്യുന്ന ദൃഢനിശ്ചയത്തിൽ നിന്നു് ധീരാത്മാക്കൾ പിന്തിരിയുന്നതു പതിവില്ല. ഏറ്റെടുന്ന പരിശ്രമത്തിൽ പരാജയമോ മരണമോ തന്നെ വന്നുചേർന്നുകൊള്ളട്ടെ; അവയിലൊന്നു സംഭവിക്കുന്നതുവരെ അവർക്കു പിന്മാറാൻ കഴിയുന്നതുമല്ല.

"പേയ്ക്കിനാവു കണ്ടു നീങ്കൾ
മനം പേതലിക്ക വേണ്ടാമെ
എത്തനൈതാൻ ചൊന്നാലും
ഇരവിപടൈ പോവനെൻറാർ;
മത്സരിക്ക വേണ്ടാമേ
മാതാവേ പോവനെൻറാർ"

എന്നിങ്ങനെ മാതൃഭക്തനെങ്കിലും ധർമ്മനിഷ്ഠനായ പുത്രൻ ദൃഢസ്വരത്തിൽ പറഞ്ഞു.

മരണത്തെ തീരെപേടിക്കാത്ത മകന്റെ മനസ്സുമാറ്റാൻ പുത്രവത്സലയായ ആ നാരീരത്നം തന്റെ സ്നേഹയോടു ആവശ്യപ്പെട്ടു. ആയുവതി അശ്രുകലുഷിതനേത്രങ്ങളോടുകൂടി ഭർത്താവിന്റെ കാൽ പിടിച്ചുകൊണ്ടു് യുദ്ധയാത്ര മാറ്റിവയ്ക്കാൻ കേണുകേണപേക്ഷിച്ചു. എന്നാൽ അതൊക്കെ സുശ്രീവനോടു സമരം ചെയ്യാൻ പുറപ്പെട്ട ബാലിയെ തടുക്കുന്നതിനു താരചെയ്ത നിഷ്ഫലപ്രയത്നം പോലായിതീർന്നതേയുള്ളു. അനിവാര്യമായ മരണം എവിടെയിരുന്നാലും വരുന്നതാണെന്നും മറ്റുമുള്ളതത്വങ്ങൾ വീരോചിതമാംവണ്ണം ഇരവിക്കുട്ടിപ്പിള്ള പറഞ്ഞതു് കവിതാരൂപത്തിൽ നോക്കുക;—

"എത്തിനെതാൻ ചൊന്നാല്യം
ഇരവിപടൈ പോവനെൻറാർ.
മന്നർമുന്നെ മൊഴി കൊടുത്താൽ
മാറുവതും ആണ്മയല്ല.
തെന്നർമുന്നെ മൊഴികൊടുത്താൽ
തിരുമ്പുവതും ആണ്മയല്ല.
എന്നമൊഴി ചൊന്നായ് നീ
ഏന്തിഴയേഎനവുരൈത്താർ.
കല്ലറയെത്താൻപൂട്ടി
കാവൽവൈത്തങ്കിരുന്താല്യം
കാലനുടെആളുവന്താൽ
കണ്ടതില്ലെയെൻറാൽ വിടുവാർകളോ?
ഏഴുകടൽക്കപ്പുറത്തിൽ
ഇരുമ്പറയുള്ളിരുന്താല്യം
യമധമ്മരുടെ ആളുവന്താൽ
ഇങ്കെയില്ലെൻറാൽ വിടുവാർകളോ?
അങ്കെചെൻറാൽ വാറവിതി
ഇങ്കിരുന്താൽ വാരാതൊ?"

ഇത്യാദി പലതും പറഞ്ഞു് ഭാര്യയേയും അല്പം ആശ്വാസിപ്പിച്ചുകൊണ്ടു് ഇരവിക്കുട്ടിപ്പിള്ള വഞ്ചിമന്നന്റെ സന്നിധാനത്തിലേക്കുപുറപ്പെട്ട. ദുശ്ശകുനങ്ങൾ പലതുംകണ്ടു. മൃത്യുസൂചകമായി കാണുന്ന ദുശ്ശകുനങ്ങളെ അശേഷം വകവയ്ക്കാതെ മുന്നോട്ടു പോകാൻ ഇക്കാലത്തുപോലും പലരും അറയ്ക്കുന്നതു പരമാത്ഥമാണു്. എന്നാൽ ഇരവിക്കുട്ടിപ്പിള്ളയുടെ മനമുണ്ടോ അവകണ്ടു കലങ്ങിപ്പോകുന്നു! ദുശ്ശകുനങ്ങളൊന്നും വകവയ്ക്കാതെ ചരമസ്വീകരണത്തിനു സ്വയം സന്നദ്ധനായി, ഉദയഗിരിയിൽ എഴുന്നള്ളിയിരുന്ന തിരുമേനിയെ കണ്ടു തൊഴുതു അദ്ദേഹം വിടവാങ്ങി.

"അതാ ഒരു കാഹളം മുഴങ്ങുന്നു. പട നീങ്ങിത്തുടങ്ങി. ജയജയ ഘോഷത്തോടെ പടത്തലവൻ ഇരവിക്കുട്ടിപ്പിള്ള മുമ്പെയും, ഇളന്തലക്കാർ (ഉപസേനാനായകന്മാർ)അവിടവിടെയും നിന്നു് നയിച്ചുകൊണ്ടു് ദക്ഷിണാഭിമുഖമായി

നടന്നു. ഇരുവശത്തും നിന്നിരുന്ന പുരുഷാരത്തിൽനിന്നു വിജയാശംസ പൊങ്ങി അന്തരീക്ഷത്തിൽ ലയിച്ചു. സ്ത്രീകളുടെ വായ്ക്കുരവാരവം ടേന്മാരെ പ്രോത്സാഹിപ്പിച്ചു. കുങ്കുമവും പൂവും അനേകായിരം ശിരസ്സുകൾക്കു മുകളിൽ വഷ്ടിച്ചുകൊണ്ടിരുന്നു. അരയും തലയും മുറുക്കി വാളും പരിശയും ധരിച്ചു വേണാട്ടിന്റെ മാനം പിടിക്കാനായിപ്പോകുന്ന ആ ടേന്മാരുടെ പോക്കു കണ്ടാൽ ആനന്ദബാഷ്പം ഉണ്ടാകുന്ന ഒന്നുതന്നെയാണു്; സംശയമില്ല''

കണ്ണിയാകുളം പോരു്.

അടുത്ത ദിവസം രാവിലെ പാണ്ടിപ്പടയോടു് എതിരിടാൻ ഇരവിക്കുട്ടിപ്പിള്ള പടക്കളത്തിലിറങ്ങി. മുൻവശത്തു് സർവ്വസൈന്യാധിപനും ഇരുവശങ്ങളിൽ പിൻഭാഗത്തായി ഇടത്തറപോററി, എടമനപോററി, പനയറപ്പിള്ള, ചെറുവള്ളിപ്പിള്ള തുടങ്ങി നാലുവീതം സേനാനായകന്മാരുടെ കീഴിൽ ഒരു ഭീമസൈന്യവും അണി നിരന്നു. ശസ്ത്രാസ്ത്രങ്ങളിൽ പ്രവീണരായ വേണാടർക്കു് എതിരായി രാമപ്പയ്യന്റെ പടയാളികൾ ഉത്സാഹസമേതം യുദ്ധസന്നദ്ധരായി പോരു് ആരംഭിച്ചു. എതിരാളികളെ തകർത്തു കളയാൻ തങ്ങൾക്കു സാധിക്കുന്നതാണെന്നു് ഓരോ ക്ഷത്രിയനും അചഞ്ചലമായി വിശ്വസിച്ചിരുന്നതിനാൽ പോരതിഘോരം തന്നെ കുറഞ്ഞൊരു സമയം നടന്നുകൊണ്ടിരുന്നു. ഇതിനെക്കുറിച്ചു് എഴുത്തച്ഛന്റെ യുദ്ധവർണ്ണനാസാമർത്ഥ്യം അനുസ്മരിക്കത്തക്കവിധം ആ ''കണിയാകുളം പോരു്'' കാരൻ കവിപാടുന്നതു നോക്കുക:—

''തുരിശ പരിശ കുന്തം കടത്തിലഇട്ടിക്കാറർ
സിമ്മം പോൽചിനന്തുവാറാർ, സിമ്മംപോൽ
ചിനന്തുവാറാർ
കരുതും പടിചിനന്തു—അങ്കവരും ഇങ്കവരുമിക
കളത്തിലെതിർത്തുമുട്ടി ജനത്തിടെ മടിവാർചിലർ
മടിവാർവെടികൊണ്ടു—വെടികൊണ്ടു
ചിലവരികൊണ്ടലെഉരുണ്ടുമറിന്തു വിഴന്തു

കന്നംശിരങ്കം പൊടിപെടവേ
ഉടലിൽകണ്ണെകം കൊണ്ടു—കണ്ണെകംകൊണ്ടു
ഉടലിൽകുരുതിചിന്ത.
ഒൻറുപോലെ അടന്തേറി ,ഉരത്തിൽപൊരുംനേര
ത്തിൽ''

നടന്ന ആ ഉഗ്രമായ പോരാട്ടത്തെക്കുറിച്ച് മി. അംശി കെ. രാമൻപിള്ളയുടെ തൂലിക ഇപ്രകാരം വിളയാടുന്നു.

''ഉഗ്രമായ ആയോധനത്തിൽ പട്ടാണിപ്പടയേയും, രാകുത്തന്മാരെയും, മറവന്മാരേയും വടുകരേയും നമ്മുടെ പട അരിഞ്ഞു വീഴ്ത്തുകയും, വലിയ തോക്കും ചെറിയതോക്കും ഇടവിടാതെ ഒഴിച്ചു കൊണ്ടിരിക്കുകയും മററായുധങ്ങളെ രകുപാനത്തിൽ നിയോഗിക്കയും ചെയ്തു. ഇരുഭാഗക്കാരും ഘോര ഘോരമായ പോരു നടത്തി. പടക്കളത്തിൽ പടയാളികളും മറവും മുറിവേറു വീഴുന്നു. അന്ത്യശ്വാസം വലിക്കുന്നു. ആജ്ഞകളും ആർപ്പുകളും ''ഇടിപോൽ മുഴങ്കിടവേ'' ആത്ത നാദം അ ട്ടിക്കിലെങ്ങും മാറൊലിക്കൊണ്ടു. രാമപ്പയ്യൻ വീണ്ടും പാളയത്തിൽ നിന്നു് സൈന്യങ്ങളെ ആനയിച്ചു. അശ്വസൈന്യങ്ങളെ ത്വരിതമായ് വരുത്തി നാലുപാടും ശരമാരി തൂകി പടകളെഎങ്ങു മിളക്കി. നമ്മുടെ വീരപുരുഷൻ പദാതികളെയും അശ്വാരൂഢന്മാരെയും തന്ത്രപൂർവ്വം നയിച്ചിട്ടു് മുന്നണിയിൽ നിന്നു് ധീരധീരം പോർനടത്തി.''

ചരമസംപീകരണം.

വേണാടരുടെ ആഹവരീതി കണ്ടു രാമപ്പയ്യനും സൈന്യവും ഭയാത്ഭുത സംഭ്രമങ്ങൾക്കു് വിധേയരായിത്തീർന്നു. അവസാന കൈയായിട്ടൊരു പ്രയോഗം നടത്താമെന്നു കരുതി ആ സൈന്യാധിപൻ തൻെറ അശ്വസൈന്യം മുഴുവനും മുന്നോട്ടു പായിച്ചു യുദ്ധം തുടങ്ങി. ഇരവിക്കുട്ടിപ്പിള്ളയും തൻെറ കുതിരപ്പടയെത്തന്നെ അവരോടു എതിരിടാൻ ആജ്ഞാപിച്ചു. അത്തക്കം തന്നെയാണു് തങ്കമ്മക്കു പിന്തിരിയുവാൻ പററിയ

അവസരമെന്നു കരുതി ഉപസേനാനായകന്മാർ സവ് സൈന്യാധിപന്റെ ശാസന ക്രടാതെ പിന്തിരിഞ്ഞു പോയി.

തന്റെ സൈന്യത്തിലുള്ള ഭ്രരിഭാഗവും പടക്കളത്തിൽ നിന്നു് പിന്മാറിയതു കണ്ടിട്ടും ഇരവിക്കുട്ടിപ്പിള്ള അശേഷം ചഞ്ചലിക്കാതെ യുദ്ധം തുടന്നുകൊണ്ടിരുന്നു. ഇനി അവിടെ നില്ക്കുന്നതു് ആപത്താകയാൽ ആത്മരക്ഷാത്ഥം പിന്തിരിഞ്ഞു പൊയ്ക്കൊള്ളയാമെന്നു് ഒരുഅങ്ങ്ഗരക്ഷകൻ അദ്ദേഹത്തെ അറിയിച്ചപ്പോൾ,

"മന്തിരിയായിപ്പിറന്തോരു നാമിനി
മാറിപ്പോവതും ശരിയല്ല കാണുവോം"

എന്നാണു് പറഞ്ഞതു്.

യുദ്ധഭ്രമിയിൽ ശേഷിച്ച നിന്ന വേണാട്ട ഭടന്മാരിൽ മിക്കവരും കൊല്ലപ്പെട്ട. ശത്രുക്കൾ ഇരവിക്കുട്ടിപ്പിള്ളയെ വളഞ്ഞു. അദ്ദേഹത്തിന്റെ കുതിര വെട്ടു കൊണ്ടിട്ടു് യജമാനനെ താഴെ തള്ളിയിട്ടിട്ടു് വിരണ്ടോടിപ്പോയി. ഇരവിക്കുട്ടിപ്പിള്ള താഴെ നിന്നുകൊണ്ടു്, അടുത്തണഞ്ഞവരെയെല്ലാം ദ്രുതഗതിയിൽ വെട്ടി വീഴ്ത്തിക്കൊണ്ടിരുന്നു. ശത്രുക്കളുടെ സംഖ്യാധിക്യം കൊണ്ടു് ഗത്യന്തരമില്ലാതായി. അനവധി ഭടന്മാരുടേയും അനേകം മഹാരഥന്മാരുടേയും ഇടയ്ക്കു അകപ്പെട്ടിട്ടും വീര്യ പൗരുഷങ്ങളോടെ പോരു നടത്തിവീര്യസ്വർഗ്ഗം പ്രാപിച്ച അഭിമന്യുവിന്റെ അവസ്ഥയിൽ അദ്ദേഹം എത്തിച്ചേന്നു. പലരിൽ നിന്നുംഖഡ്ഗ നിപാതങ്ങൾ ഏറ്റു് ഇരവിക്കുട്ടിപ്പിള്ള ദിവം ഗതനായിത്തീന്നു.

ശവശരീരം പല്ലക്കിൽ

ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സു് ശത്രുഭടന്മാർ ജയഭേരി മുഴക്കി രാമപ്പയ്യന്റെ മുമ്പാകെ സമർപ്പിച്ചു. ആ ജയചിഹ്നം സ്വാമിനാഥൻ കണ്ടു് ചരിതാത്ഥനും സന്തുഷ്ടനും ആകാനായി അദ്ദേഹം അതിനെ പണകൂടിയിലേക്കയച്ചുകൊടുത്തു.

സ്വപക്ഷത്തുള്ളവർ കാണിച്ച വൻചതിയും, തന്നിമിത്തം നേരിട്ട പരാജയവും ശ്രവിച്ചു് വഞ്ചീശൻ അത്യന്തം വ്യസനിച്ചു. ആ കുടിലമതികളെ ശിക്ഷിക്കാൻ തല്ക്കാലം ഒരുങ്ങു

ന്നതായാൽ അവർ ശത്രുപക്ഷം ചേർന്നേക്കുമെന്നു് അദ്ദേഹം ഓർത്തു. അതുകൊണ്ടു് അപ്രീതിയൊന്നും പുറത്തു കാണിക്കാതെ നയജ്ഞനായ തിരുമേനി അവരോടൊത്തു തന്നെ പടനായകന്റെ ശവശരീരം കൊണ്ടു വരുവാൻ പോക്കളത്തിലേക്കു പുറപ്പെട്ടു. വീര ചരമം സ്വയം വരിച്ച ആ സ്വരാജ്യാഭിമാനിയുടെ ഖണ്ഡിത ദേഹം പല്ലക്കിലെടുപ്പിച്ചുകൊണ്ടു് തിരുമേനി മടങ്ങി.

പല്ലക്കു മുമ്പിൽ നയിച്ചുകൊണ്ടു് സിംഹാസനാധിപതി കാൽനടയായി എഴുന്നള്ളി ഇരവിക്കുട്ടിപ്പിള്ളയുടെ ഭവനത്തിൽ പ്രവേശിച്ചു. അദ്ദേഹത്തിന്റെ മാതാവിനേയും മറ്റും സാന്ത്വനപ്പെടുത്തുന്നതിൽ തിരുമേനി പ്രദർശിപ്പിച്ച സ്നേഹവാത്സല്യങ്ങളം നിസ്സീമമെന്നേ പറയാനുള്ളൂ.

ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സു്

സ്വർഗ്ഗം പൂകിയ സചിവേന്ദ്രന്റെ ശിരസ്സു് ശത്രുക്കളിൽ നിന്നു് കൊണ്ടുവരാതെ ശവസംസ്കാരം നടത്തുന്നതുകൊണ്ടു പ്രയോജനമില്ലെന്നായിരുന്നു സകലരുടേയും വിശ്വാസം. എന്നാൽ വിജയോന്മത്തനായ രാമപ്പയ്യന്റെ പാളയത്തിൽ പ്രവേശിച്ചു് ഈ ധീരകൃത്യം നിർവ്വഹിക്കാൻ കരുത്തുള്ളവരെ കണ്ടു പിടിക്കാനും പ്രയാസമായിത്തീർന്നു. അപ്പോഴെക്കും ഇരവിക്കുട്ടിപ്പിള്ളയുടെ നന്ദിയുള്ള ഒരു ശിഷ്യൻ അതാ ഗുരുഭക്തിയാൽ മാത്രം പ്രേരിതനായി ചരമ സംസ്കരണത്തിനു സന്നദ്ധനാകുന്നു. ഗുരുവിന്റെ തലയും കൊണ്ടു മാത്രമേ മടങ്ങുകയുള്ളൂ എന്നു ശപഥം ചെയ്തിട്ടു് സുധീരചിത്തനായ കാളിനായർ കണിയാകുളത്തേക്കു ഏകനായി പുറപ്പെട്ടു.

തിരുമലനായക്കരുടെ സന്നിധാനത്തിൽ സമർപ്പിക്കപ്പെട്ട ശിരസ്സു കണ്ടപ്പോൾ മഹാമനസ്കനായ അദ്ദേഹം കേഴുകയാണുണ്ടായതു്. ഇരവിക്കുട്ടിപ്പിള്ളയെപ്പോലുള്ള വീരശിഖാമണികളെ ബന്ധനസ്ഥരാക്കണമെന്നല്ലാതെ നിഗ്രഹിച്ചു് ദുഷ്കീർത്തി സമ്പാദിക്കാൻ ആഗ്രഹം അശേഷമില്ലാതിരുന്നായ

ക്കർ, "അയ്യോ! ഇന്ത തുരയെപ്പോലെ അവനിതന്നിൽ പാ ത്താലൊരുവനുണ്ടോ!" എന്നു ഖേദിച്ചു പോയിപോൽ! ഇദ്ദേ ഹത്തെ വധിച്ചതു മോശമായിപ്പോയി എന്നും പ്രസ്താവിച്ചിട്ട്, ആ തലയെ രാമപ്പയ്യന്റെ അടുക്കലേക്കു തന്നെ അദ്ദേഹം തിരിച്ചയച്ചുകൊടുത്തു. ഈ അവസരത്തിലായിരുന്ന കാളി നായർ അവിടെയ്ക്കു പുറപ്പെട്ടതു്.

അശ്വാരൂഢനായി വൈരികളുടെ പാളയത്തിൽ പ്രവേ ശിച്ച കാളിനായരുടെ ഉഗ്രഭാവവും ഗംഭീരഭടനവും കണ്ടു് വൈരികൾ ഉപദ്രവിക്കാൻ വട്ടം കൂട്ടാതെ, രാമപ്പയ്യന്റെ സന്നിധിയിലേക്കു് ആ യുവാവിനെ കൂട്ടിക്കൊണ്ടുപോയി. തുരുശിരസ്സു തനിക്കു തരണമെന്നും, അല്ലാത്തപക്ഷം കൈ യിൽ കിട്ടുന്നവരെയെല്ലാം കൊന്നൊടുക്കിയിട്ടു താനും മരിച്ചു കളയുന്നതാണെന്നും അയാൾ സേനാധിപനെ അറിയിച്ചു. വീര്യശൗര്യങ്ങളുടെ പ്രകടനം അഭിനന്ദിക്കാൻ അറിയാവുന്ന രാമപ്പയ്യൻ ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സിനെ പട്ടിൽ പൊ തിഞ്ഞു് കാളിനായരെ ഏൽപ്പിച്ചു. സ്വാമിനാഥന്റെ മുഖം കണ്ടു് സങ്കടാധിക്യത്തോടുകൂടി മോഹിച്ചു വീണു അയാൾ പലതും പുലമ്പിപ്പോയി.

"തറയിൽ വീണുരുണ്ട കാളിനായരെ
എടുത്തു കണ്ണുനീർതുടച്ചു
കമ്പിളിതനിലിരുത്തി
ഇപ്പടി അഴതിരങ്കുവായോ
ഇതെന്നമായമെൻറു മറവർ ചൊൽവാർ
വരുവാനോ മലയാളി
മനതീരൻ ഉനൈപ്പോലെ
മറവർ കുലം തനിലും കണ്ടറിയോം
എങ്കൾ വട്ടകപ്പാളയത്തിലും
കണ്ടറിയോം"

ധൈര്യപൌരുഷങ്ങളോടൊത്തു കാളിനായരുടെ സ്വാമി ഭക്തികൂടി കണ്ടറിഞ്ഞ രാമപ്പയ്യൻ തന്റെ സൈന്യത്തിൽ ഒരു ഉദ്യോഗം സ്വീകരിക്കണമെന്നു് ആവശ്യപ്പെട്ട എങ്കിലും,

"ഉചിതമില്ലാച്ചോറുമുണ്ടു ഇങ്കേനാന്നും നില്പതില്ലേ, കൊണ്ടു പോകവേണം പശ്ചിംതലയെ" എന്നു പറഞ്ഞു അതിനെ തിരസ്കരിക്കയാണുണ്ടായതു്. രാമപ്പയ്യൻ ആ ശിരസ്സിനെ ഒരു പല്ലക്കിൽ കയറ്റി നാലു ഭടന്മാരോടൊത്തു് വഞ്ചിമന്നന്റെ അടുക്കലേക്കു് അയച്ചുകൊടുത്തു.

മഹാരാജാവിന്റെ പ്രജാരഞ്ജനം.

സ്വ സചിവാഗ്രഗണ്യന്റെ ശിരസ്സുകണ്ടു് ചരിതാർത്ഥനും സന്തുഷ്ടനും ആയിത്തീർന്നപോലെ തന്നെ മഹാരാജാവു ദുഃഖവിവശനും ആയിത്തീർന്നുപോയി. അനന്തരം സകലവിധ വാദ്യഘോഷങ്ങളോടും സേനകളുടെ അകമ്പടികളോടും ക്രൂടി ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സിനെ കേരളപുരത്തേക്കു മഹാരാജാവു് കൊണ്ടുപോയി; അതിനെ ഉടലോടുചേർത്തു വച്ചു് യഥാവിധി സംസ്കരിച്ചു.

അപരിഹാര്യമായ പുത്രനഷ്ടത്തിൽ ഇനിഖേദിച്ചിട്ടാവശ്യമില്ലെന്നുള്ള അർത്ഥത്തിൽ തിരുമനസ്സുകൊണ്ടു്,

"വരുത്തപ്പെടവേണ്ടാം തായെ വാടവേണ്ടാം
വാരാതെവരുത്തുവന്താലെന്നചെയ്യോം."

എന്നു പറഞ്ഞു് ആ വീരപ്രസുവിനെ സമാശ്വസിപ്പിക്കുകയുണ്ടായി. "അവിടുന്നു തന്നെ പാദചാരേണ ഇരവിക്കുട്ടിപ്പിള്ളയുടെ ഗൃഹത്തിൽ ചെന്നു് വൃദ്ധയായ മാതാവിനെ സാന്ത്വനം ചെയ്തതോക്കുമ്പോൾ വഞ്ചിരാജാക്കന്മാരെ പ്രജകൾ ഇന്നും ഭക്തി പൂർവം ആരാധിക്കുന്നതു വെറുതേയല്ലെന്നു വ്യക്തമാവും."

ശത്രുക്കളുടെ പാളയത്തിൽ സധൈര്യം കടന്നു ചെന്നു് ഇരവിക്കുട്ടിപ്പിള്ളയുടെ ശിരസ്സുകൊണ്ടുവന്ന രാജ്യാഭിമാനം രക്ഷിച്ച കാളിനായക്കു് അയാളുടെ ജന്മദേശമായ കുഞ്ചാക്കോട്ട ദേശത്തു കുറെ വസ്തുക്കൾ പതിച്ചുകൊടുത്തും മറ്റും തിരുമേനി ബഹുമാനിച്ചു; എന്നാൽ ശ്രീകൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം സകലതും ശൂന്യമായിക്കണ്ട അർജ്ജുനനെപ്പോലെ,

ഗുരുനാഥചരമത്തൊട്ടു ക്രൂടി ഈ ലോകത്തു ജീവിച്ചിരിക്കാൻ ആശ അശേഷമില്ലാതായിത്തീർന്ന കാളിനായർ സകലരോടും യാത്രപറഞ്ഞതിനു ശേഷം നിരവധി ജനങ്ങൾ നോക്കിനില്ക്കെ, സ്വദേഹം വാളിന്നിരയാക്കി ആത്മസമർപ്പണം ചെയ്തു.

പെറ്റമാതാവിന്റെ വാക്കുകളെ ധിക്കരിച്ചും രാജ്യമാതൃസേവനത്തിനു സന്നദ്ധനായി പടക്കളത്തിൽ ചെന്നു ജീവത്യാഗം ചെയ്ത ഈ രാജ്യഭക്തന്റെ ഒരു ശിലാപ്രതിമ കണിയാകുളത്തു് സ്ഥാപിതമായതു് തലയറവു് ഇന്നും അവിടെ കിടപ്പുണ്ടു്.

---

൨൦. ഗലീലിയോ.

എം. പി. അപ്പൻ ബി. എ. (ആണേഴ്സ്).

ഇറലിയിലെ പൈസാനഗരത്തിലുള്ള വിശുദ്ധദേവാലയത്തിനകത്തു തൂക്കിയിരുന്ന വിളക്കു ഒരു സന്ധ്യയിൽ അങ്ങോട്ടുമിങ്ങോട്ടും ആടുന്നതു ഒരു യുവവിദ്യാർത്ഥി സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അവിടെ ക്രൂടിയിരുന്ന ആളുകളിലൊ പ്രാർത്ഥനനടത്തിക്കൊണ്ടിരുന്ന പുരോഹിതന്മാരിലൊ ആ യുവാവിന്റെ ശ്രദ്ധപതിഞ്ഞില്ല. വിളക്കിന്റെ ആട്ടങ്ങളെ ടെവ്യാപ്തി ക്രമേണ കുറഞ്ഞുവരുന്നതായിട്ടു അയാൾ കണ്ടു. സമയം അളക്കുന്നതിനുള്ള യന്ത്രങ്ങളൊന്നും അന്നു നടപ്പിൽവന്നിട്ടില്ലായിരുന്നതിനാൽ തന്റെ നാഡീസ്പന്ദനം എണ്ണി വിളക്കിന്റെ ഓരോ ആട്ടത്തിനും വേണ്ടിവരുന്ന സമയം അയാൾ നിർണ്ണയിച്ചു. ആട്ടത്തിന്റെ വ്യാപ്തിക്രൂടിയിരുന്നാലും കുറഞ്ഞിരുന്നാലും എല്ലാആട്ടങ്ങൾക്കും ആവശ്യമുള്ള സമയം ഒരുപോലെയാണെന്നു ഗ്രഹിക്കാൻ ആ വിദ്യാർത്ഥിക്കു യാതൊരു പ്രയാസവും വേണ്ടിവന്നില്ല. ഈ വസ്തുത ജ്ഞാനോത്സുകനായ ആ ചെറുപ്പക്കാരനെ ആശ്ചര്യപരതന്ത്രനാക്കിത്തീർത്തു.

നവീനശാസ്ത്രത്തിന്റെ ജനയിതാവായ ഗലീലിയൊ എന്ന മഹാന്റെ പത്താൻപതാമത്തെ വയസ്സിൽ നടന്ന

ഒരു സംഭവമാണു മുകളിൽ പ്രസ്താവിച്ചതു്. വിളക്കിന്റെ ആട്ടങ്ങൾക്കുവേണ്ടിവരുന്ന സമയം നാഡീസ്പന്ദനം മുഖേന കണക്കാക്കാവുന്നതുപോലെ, തൂങ്ങിക്കിടക്കുന്ന ഒരു ഭാരത്തിന്റെ ആട്ടങ്ങളുടെ സമയം നിർണ്ണയിക്കുന്നതുകൊണ്ടു നാഡീസ്പന്ദനത്തിന്റെ വേഗത അളക്കാൻ കഴിയുന്നതാണെന്നു് അദ്ദേഹം മനസ്സിലാക്കി. ഈ തത്വം ആസ്പദമാക്കി അദ്ദേഹം കണ്ടുപിടിച്ച "നാഡിമാപിനി" യന്ത്രം കണ്ടു പൈസാ സർവ്വകലാശാലയിലെ പ്രഥമസന്മാരായ അദ്ദേഹത്തിന്റെ അദ്ധ്യാപകന്മാർ വളരെ സന്തോഷിച്ചു. രോഗികളുടെ നാഡീസ്പന്ദനം അളക്കുന്നതിനു അത്യധികം ഉപകരിക്കുകയാൽ നാഡിമാപിനിക്കു ഡാക്ടറന്മാരുടെയിടയിൽ പ്രചാരം സിദ്ധിച്ചുതുടങ്ങി.

1564 ഫെബ്രുവരി 15-നു-ഇറലിയിലെ പൈസാ നഗരത്തിൽ ഗലിലിയൊ ജാതനായി. അസാധാരണ ബുദ്ധിസാമർത്ഥ്യവും ചിന്താശീലവും പ്രകടിപ്പിക്കയാൽ സഹപാഠികളുടെ ബഹുമാനവും, അദ്ധ്യാപകന്മാരുടെ സ്നേഹവും അനായാസേന സമ്പാദിച്ചുകൊണ്ടു് ഈ വിദ്യാർത്ഥി വളർന്നുവന്നു. സുശോഭനമായ ആ വിദ്യാർത്ഥിജീവിതത്തിനിടയ്ക്കു് സംഗീതം ചിത്രമെഴുത്തു തുടങ്ങിയ കോമളകലകളിലും ശാസ്ത്രീയ വിഷയങ്ങളിലും താല്പര്യം പ്രദർശിപ്പിച്ചുവന്ന ബാലനെ പൈസാനഗരത്തിലയച്ചു് വൈദ്യശാസ്ത്രം പഠിപ്പിക്കാനാണു് പിതാവു തുനിഞ്ഞതു്. വാസനാവൈശിഷ്ട്യത്തിന്റെ നില പൂർണ്ണമായി മനസ്സിലാക്കാതെ പലേ പിതാക്കന്മാരും പുത്രന്മാരുടെ അഭ്യുദയത്തിനെന്നുള്ള പേരിൽ അവരെ ഓരോ തൊഴിലിൽ ഏർപ്പെടുത്താൻ ചെയ്യുന്ന ശ്രമം ഇരുകൂട്ടർക്കും ഉപദ്രവകരമായിത്തീർന്നിട്ടുള്ളതിനു് അനവധി ലക്ഷ്യങ്ങളുണ്ടു്. തനിക്കു നല്ലതെന്നുതോന്നുന്നതു് പുത്രനിലും പകർത്താനല്ല ഒരു പിതാവുനോക്കേണ്ടതു്. പുത്രനു് പ്രത്യേക സന്തോഷമുള്ള നല്ല വിഷയങ്ങളിൽ പരിജ്ഞാനവും പ്രവർത്തനസൗകര്യവും നൽകുകയാണു് ബുദ്ധിമാനായ ഒരു പിതാവു ചെയ്യാനുള്ളതു്. ഗലീലീയോവിന്റെ പിതാവു്, പുത്രനു ഗണിതശാസ്ത്രത്തിലും ഗോളശാസ്ത്രത്തിലും തോന്നിയിരുന്ന താല്പര്യം വർദ്ധിപ്പിക്കത്തക്കവിധം ശ്രമിച്ചിരുന്നുവെങ്കിൽ, അതു് അദ്ദേഹത്തിനു് കൂടുതൽ പ്രയോ

ജനം ചെയ്യുമായിരുന്നു. പിതാവിന്റെ വൈപരീത്യവും പരിത സ്ഥിതികളുടെ പ്രാതികൂല്യങ്ങളും മറ്റും നിസ്സാരമായികരുതി, തന്റെ വാസനയെ പോഷിപ്പിച്ചു കൊണ്ടിരിക്കത്തക്കവിധം അതു അത്ര ശക്തിമത്തായി ആ ബാലനിൽ കുടികൊണ്ടിരു ന്നതു് ലോകരുടെ ഭാഗ്യം എന്നോപറയാനുള്ളൂ.

പിതൃശാസനാനുസരണം പൈസാസവ്വ്കലാശാലയിൽ ചേർന്നു പഠിത്തം നടത്തിക്കൊണ്ടിരിക്കവെ റിൽസി എന്ന ഒരു ഗണിതശാസ്ത്രജ്ഞന്റെ പക്കൽനിന്നു ക്ഷേത്രഗണിതം പഠിക്കുന്നതു ഗലീലിയോവിനു് കൗതുകകരമായിത്തീർന്നു. പു ത്രൻ തന്റെ ആജ്ഞക്കു വിപരീതമായി താല്പര്യം കാണിച്ചു വന്നതു നിമിത്തം അയാളുടെ ചെലവിനു പിതാവു് ഒന്നും കൊടുക്കാതായി; വൈദ്യശാസ്ത്രപഠനം പൂർത്തിയാക്കാനിട യാകാതെ അതു മുടങ്ങുകയുംചെയ്തു; എന്നാൽ ഗണിതശാസ്ത്ര ത്തിൽ അദ്ദേഹം അത്യസാധാരണമായ സാമർത്ഥ്യം പ്രകടി പ്പിച്ചു കൊണ്ടിരുന്നു എന്നുള്ളതു വിസ്മരിക്കാവുന്നതല്ല.

കാപ്പർനീക്കസിന്റെ സിദ്ധാന്തം.

ഭൂമി സൂര്യനെ ചുറ്റുന്നു എന്നുള്ള പരമാർത്ഥതത്വം 16-ാം ശതാബ്ദത്തിന്റെ മദ്ധ്യഘട്ടം വരെ യൂറോപ്പിൽ ആർക്കും അറി ഞ്ഞു കൂടായിരുന്നു. ടാളമി എന്ന ഈജിപ്ഷ്യൻ ഗോളശാ സ്ത്രജ്ഞന്റെ അഭിപ്രായം ഭൂമി പ്രപഞ്ചത്തിന്റെ മദ്ധ്യത്താ ണു് സ്ഥിതിചെയ്യുന്നതെന്നും, ആ ഗോളത്തിനെ സൂര്യൻ പ്ര ദക്ഷിണം വയ്ക്കുന്നു എന്നും ആയിരുന്നു. ഭ്രഗോളം എന്നപദം ഭാരതീയർ ഉപയോഗിച്ചുതുടങ്ങിയിട്ടു് ശതാബ്ദങ്ങൾ അന വധി കഴിഞ്ഞിട്ടുണ്ടായിരുന്നതു വാസ്തവമാണു്; ഭൂമി സൂര്യ നെ പ്രദക്ഷിണംവയ്ക്കുന്നുണ്ട് എന്നുംമറ്റുമുള്ള ആഹ്നിക വാർഷിക ചലനാദി തത്വങ്ങൾ ആര്യഭടൻ സ്ഥാപിച്ചു കഴി ഞ്ഞിട്ടു് ശതാബ്ദങ്ങൾ ഒട്ടേറെ കഴിഞ്ഞിരുന്നു; എങ്കിലും ഭൂമിക്കു് "അചലാ", "അനന്താ", "സ്ഥിരാ" എന്നീ പ ര്യായങ്ങൾ ഉള്ളസ്ഥിതിക്കു് ഭാരതീയരിലും ഉള്ള സാമാന്യ ജനത ഈ ഗോളത്തിന്റെ സൂക്ഷ്മാവസ്ഥ ഗ്രഹിച്ചിരുന്നു എന്നു

വിശ്വസിക്കാവതല്ലല്ലോ. ടാളമിയുടെ അഭിപ്രായങ്ങൾക്കുണ്ടായിരുന്ന പ്രചാരത്തെ ആദ്യമായി അല്പമൊന്നു പ്രതിരോധിച്ചതു് ജർമ്മൻകാരനായ കാപ്പർ നീക്കസ് ആയിരുന്നു. 1543-ൽ മരിച്ചുപോയ അദ്ദേഹം തന്റെ ജീവിതകാലം മുഴുവനും വ്യയംചെയ്തു് ഭ്രമിയാണു് സൂര്യനെ ചുറ്റുന്നതെന്നു കണ്ടുപിടിച്ചിരുന്നു. എന്നാൽ താൻ എഴുതിയ ആ ഗ്രന്ഥം അച്ചടിച്ചുവന്നതു്, കണ്ണുകാണ്മാൻ പാടില്ലാതായിത്തീർന്നിരുന്ന അദ്ദേഹം കൈകൊണ്ടു് ഒന്നു തപ്പിനോക്കി കൃതാർത്ഥനാകുന്നതിനു മാത്രമേ അദ്ദേഹത്തിനു ആയുസ്സു ലഭിച്ചിരുന്നുള്ളൂ. കാപ്പർനീക്കസ് കണ്ടുപിടിച്ചിരുന്ന തത്വം ലോകർ ആസകലം സ്വീകരിക്കുന്നതിനു് ഒരു പ്രധാന പ്രതിബന്ധമുണ്ടായിരുന്നു. ഭ്രമി സൂര്യനെ ചുറ്റുന്നു എന്നുള്ളതു് കായ്യകാരണസംബന്ധമായി തെളിയിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചിരുന്നില്ല; വസ്തുത അദ്ദേഹം കണ്ടുപിടിച്ചു എന്നേയുള്ളൂ.

കാപ്പർനീക്കസിന്റെ അനന്തരഗാമിയെന്നോണം ഡെന്മാർക്കുകാരനായ ടൈക്കോബ്രാഹി എന്ന ഒരു ജ്യോതിശ്ശാസ്ത്രവിശാരദൻ ടാളമിയുടെസിദ്ധാന്തങ്ങളെ ഖണ്ഡിച്ച ഒരാളാണു്.

പ്രചാരത്തിലിരുന്ന സകല പഞ്ചാംഗങ്ങളും അബദ്ധമാണെന്നു് 17-ാം വയസ്സിൽ പ്രഖ്യാപനംചെയ്ത ഈ ഡെയിൻകാരൻ സ്വജീവിതംമുഴുവനും ഗോളശാസ്ത്രത്തിനുവേണ്ടി വ്യയംചെയ്തു് യൂറോപ്യന്മാരുടെ ഇടയ്ക്കു് ജ്യോതിർജ്ഞാനം വിതരണം ചെയ്യാൻ ശ്രമിച്ചിട്ടുണ്ടു്. ഇതിനുശേഷമാണു് ഗലീലിയോ ഭ്രമിയുടെ ആഹ്നികവാർഷികചലനങ്ങളെക്കുറിച്ചു പ്രഖ്യാപനം ചെയ്തു തുടങ്ങിയതു്.

ഈ കാപ്പർനീക്കൻ തത്വമാണു് പരമാർത്ഥമെന്നു് ഗലീലിയോവിനു തോന്നിത്തുടങ്ങി. എന്നാൽ അതിനെ പ്രഖ്യാപനംചെയ്യുന്നതായാൽ താൻ അധിക്ഷിപ്തനായിത്തീരുമെന്നു മാത്രമല്ല പലതരം ആപത്തുകളും വന്നുചേരുമെന്നു അദ്ദേഹം കണ്ടു. അചലയും സ്ഥിരയും ആയ ഭ്രമി സൂര്യനെ ചുറ്റുന്നു എന്നു പ്രസ്താവിക്കുന്നതു മതതത്വങ്ങൾക്കു വിപരീതമാണെന്നു് അക്കാലത്തെ പലേ ക്രിസ്തുമതപുരോഹിതന്മാരും വിശ്വസി

ച്ചുവന്നിരുന്നതിനാൽ അതിനുവിപരീതമായി പ്രസ്താവിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. എന്നാൽ കാപ്പർനീക്കസിന്റെ ഈ സിദ്ധാന്തം പ്രചരിപ്പിക്കണമെന്ന് ഗലീലിയോ മനസാ നിശ്ചയം ചെയ്ത് അവസരം പാർത്തുകൊണ്ടിരുന്നു.

പൈസായിലെ ഗോപുരത്തിൽ പരിശോധന

പിതൃവിദ്വേഷത്താൽ വിദ്യാഭ്യാസത്തിനു പ്രതിബന്ധം നേരിട്ടതുകൊണ്ട് ഗലീലിയോ ആഹാരത്തിനു പോലും നന്നേ വലഞ്ഞുതുടങ്ങി. ദാരിദ്ര്യം നിമിത്തം വിദ്യാഭ്യാസത്തെവിടെയെങ്കിലും പൊയ്ക്കളയാമെന്ന് തീർച്ചപ്പെടുത്തിയിരുന്നപ്പോൾ പൈസാസർവ്വകലാശാലയിൽ ഒരു ഗണിതശാസ്ത്രജ്ഞന്റെ ഉദ്യോഗം ഒഴിവുവരുകയും അധികൃതന്മാർ ഈ യുവാവിനെ നിയമിക്കയും ചെയ്തു. പ്രതിമാസം 15 രൂപയിൽ കൂടുതലായി ഇതിൽ നിന്ന് അദ്ദേഹത്തിന് ലഭിച്ചിരുന്നില്ല; എന്നാൽ തന്റെ വാസനാനുസരണം പ്രവർത്തിച്ചുകൊണ്ടിരിക്കാൻ സൗകര്യം ലഭിച്ചതുകൊണ്ട് ഗലീലിയൊ അത്യന്തം തൃപ്തിയോടെയാണ് ഈജോലി സ്വീകരിച്ചത്.

ഗലീലിയോവിന്റെ പര്യവേക്ഷണബുദ്ധി പലതിലും വ്യാപരിച്ചുതുടങ്ങി. ജനസാമാന്യം സ്വീകരിച്ചിട്ടുള്ള ഒരു സിദ്ധാന്തം കാലപ്പഴക്കമുള്ളതാണെന്നുവിചാരിച്ച്, അതിനെ കണ്ണുമടച്ചു സ്വീകരിക്കുന്നതു് അദ്ദേഹത്തിനു സാദ്ധ്യമായിരുന്നില്ല. അരിസ്റ്റോട്ടിൽ തുടങ്ങിയ പല തത്വചിന്തകന്മാരുടേയും സിദ്ധാന്തങ്ങൾ യാതൊരു വ്യത്യാസവും കൂടാതെ വിശ്വസിച്ചുപോന്നിരുന്ന ജനസഞ്ചയത്തിനിടയ്ക്ക് ഗലീലിയൊ ഒരു വലിയ പരിവർത്തനം വരുത്താൻ തുടങ്ങി.

ഒരു സാധനം താഴെ വീഴുന്നതു അതിന്റെ ഘനം അനുസരിച്ചുള്ള ഗതിവേഗം അടിസ്ഥാനപ്പെടുത്തിയായിരിക്കുമെന്നായിരുന്നു അരിസ്റ്റോട്ടിലിന്റെ അഭിപ്രായം. അതായതു് ഘനക്കൂടുതലുള്ള സാധനം വേഗത്തിലും ഘനക്കുറവുള്ളതു്

സാവധാനത്തിലും താഴെ വീഴുമെന്നായിരുന്നു അ യവനതത്വ ജ്ഞാനി രണ്ടായിരം വർഷത്തിനു മുമ്പു് സിദ്ധാന്തിച്ചിരുന്നതു്. ഗലീലിയോ ഇതിനോടു യോജിച്ചിരുന്നില്ല. ഏതു സാധനവും ഒരേ ഗതിവേഗത്തോടുകൂടി താഴെ വീഴേണ്ടതാണെന്നും, എന്നാൽ അങ്ങനെ വീണു കാണാത്തതു് വായുവിന്റെ സമ്മർദ്ദത്തെ പ്രതിരോധിക്കേണ്ടിവരുന്നതു കൊണ്ടാണെന്നും അതുണ്ടു് ഗലീലിയോവിന്റെ സിദ്ധാന്തം. ഭാരം കുറഞ്ഞ ഒരു വസ്തു താഴോട്ടു വിഴുന്ന അവസരത്തിൽ വായുവിന്റെ സമ്മർദ്ദത്തെ ജയിക്കാൻ ഭാരക്കൂടുതലുള്ള വസ്തുവിനെക്കാൾ കൂടുതൽ സമയം വേണ്ടതാണു്. എന്നാൽ ഒരേ പൊക്കത്തിൽ നിന്നു് തഴോട്ടിടുന്ന രണ്ടു സാധനത്തിൽ ഭാരക്കൂടുതലുള്ള വസ്തു അതിവേഗവും ഭാരക്കുറവുള്ള വസ്തു അല്പം താമസിച്ചും താഴെ വീഴുന്നു. അരിസ്റ്റോട്ടിലിന്റെ അഭിപ്രായമനുസരിച്ചാണെങ്കിൽ, ഒരു വസ്തുവിന്റെ നൂറുമടങ്ങുഭാരമുള്ള ഒരുവസ്തു നൂറുമടങ്ങുവേഗത്തിൽ താഴെ പതിക്കേണ്ടതാണു്; അതു് അവാസ്തവമാണെന്നു് ഗലീലിയോ പ്രഖ്യാപനം ചെയ്തു.

ഈ വസ്തുത തെളിയിക്കാൻ അദ്ദേഹം സന്നദ്ധനായി. പൈസാനഗരത്തിലെ മുന്നൂറ്റടി പൊക്കംവരുന്ന ഒരു ചരിഞ്ഞ ഗോപുരത്തിൽ കയറി രണ്ടുവസ്തുക്കൾ താഴോട്ടിട്ടതിന്റെ സിദ്ധാന്തം തെളിയിക്കാൻ അദ്ദേഹം സന്നദ്ധനായി. ഒന്നിനു മറ്റൊന്നിനെക്കാൾ നൂറുമടങ്ങുഭാരം ഉണ്ടായിരുന്നു. ഗോപുരത്തിന്റെ മുകളിൽ കയറി ആ രണ്ടുസാധനവും ഒരേഅവസരത്തിൽ താഴത്തേക്കു് ഇട്ടു. ഭാരം കൂടിയ സാധനം തറയിൽ എത്തിയ അവസരത്തിൽ ഭാരം കുറഞ്ഞ സാധനം രണ്ടു ഇഞ്ചുമുകളിൽ എത്തിയിരുന്നു. അരിസ്റ്റോട്ടിലിന്റെ മതപ്രകാരമാണെങ്കിൽ ഭാരം കുറഞ്ഞ സാധനം 99 ഗജംപൊക്കത്തിൽമാത്രം എത്തേണ്ടതായിരുന്നു എന്നാണു് ഗലീലിയൊ സ്ഥാപിച്ചതു്.

ഗണിതശാസ്ത്രാദ്ധ്യാപകൻ

ഈ സിദ്ധാന്തം യൂറോപ്പുമുഴുവനും നിറഞ്ഞുള്ള കീർത്തി അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു; അതേ അവസരത്തിൽ

തന്നെ അലസന്മാരും അസൂയാലുക്കളും ആയ ഒരുകൂട്ടം ശത്രുക്കളേയും അദ്ദേഹത്തിനു ലബ്ധമായി. സഹപ്രവർത്തകരായിരുന്നവരുടെ കണ്ണുകടിയാണു് അദ്ദേഹത്തിനു സഹിക്കാൻപാടില്ലാതായിത്തീർന്നതു്. പിതൃമരണം നിമിത്തം കുടുംബഭാരംകൂടി നിർവ്വഹിക്കേണ്ടിവന്ന ഗലീലിയോവിനു ഗത്യന്തരമില്ലാതെ ജോലിവിട്ടുപോകേണ്ടതായും വന്നുകൂടി; എന്നാൽ താമസിയാതെതന്നെ പാദുവായിൽ ഒരു ഗണിതാദ്ധ്യാപകനായി 54 രൂപാ പ്രതിമാസം ശമ്പളത്തിൽ അദ്ദേഹം നിയമിതനായി. ഇവിടെ പതിനെട്ടു വർഷക്കാലം ആ ജോലിയിലിരിക്കുന്നതിനു് സർവകലാശാലാധികൃതന്മാർ സന്തോഷസമേതം അദ്ദേഹത്തിനു് സമ്മതംകൊടുത്തു.

യൂറോപ്പിന്റെ നാനാഭാഗങ്ങളിൽനിന്നു് അനേക ശിഷ്യന്മാർ പാദുവായിൽ താമസമാക്കി ഗലീലിയോവിന്റെ ശിഷ്യത്വം സ്വീകരിച്ചു പഠിച്ചുകൊണ്ടിരുന്നു. ശാസ്ത്രപുരോഗതിക്കായി ഈ ശിഷ്യഗണങ്ങളും പിൽക്കാലത്തു് ചെയ്തിട്ടുള്ള പ്രയത്നങ്ങളും ഉന്നതാതീതമെന്നേ പറയാനുള്ളൂ.

ഗലീലിയോവിന്റെ പര്യവേക്ഷണങ്ങളും കണ്ടുപിടിത്തങ്ങളും പിന്നെയും തുടർന്നുകൊണ്ടുതന്നെയിരുന്നു. ക്ഷേത്രഗണിതസംബന്ധമായി കണ്ടുപിടിച്ച ഒരു കാമ്പസ്, ചൂടിന്റെ അളവു നിർണ്ണയിക്കാനുള്ള ഒരു എയർ തെർമോമീറർ എന്നിവ ആ കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന യന്ത്രങ്ങളാകുന്നു. "ചെറിയകാന്തങ്ങളും വലിയവയെക്കാളും ഉപയോഗം കൂടിയവയെന്നും, അവയെ പ്രത്യേകം സജ്ജീകരിച്ചാൽ സ്വന്തം തൂക്കത്തിന്റെ നാൽപതു മടങ്ങു ഭാരമുള്ള ഒരു ഇരുമ്പു കഷണം ആകർഷിച്ചുനിർത്താൻ അവ പര്യാപ്തമാകുമെന്നും അദ്ദേഹം കണ്ടറിഞ്ഞു".

ദൂരദർശിനി.

ഗലീലിയോ തന്റെ നാല്പത്തഞ്ചാമത്തെ വയസ്സിൽ കണ്ടുപിടിച്ച ദൂരദർശിനിക്കണ്ണാടി ലോകത്തിനു വരുത്തിയി

രിക്കുന്ന ജ്ഞാനാഭിവൃദ്ധി ആരാലും വിവരിക്കാവുന്നതല്ല. ഹാളണ്ടുകാരനായ ലിപ്പെർഷി എന്നയാളാണ് ദൂരദർശിനി ക്കണ്ണാടി ആദ്യമായി കണ്ടുപിടിച്ചിരുന്നതെങ്കിലും അതു് ഉപ യോഗക്രമമായ ഒന്നായിരുന്നു. ഗലീലിയോ ആദ്യം കണ്ടു പിടിച്ച ടെലസ്കോപ് ദൂരെയിരിക്കുന്ന പദാർത്ഥങ്ങളെ മൂന്നി ലൊരു ഭാഗം മാത്രം ദൂരെയിരിക്കുന്നതായി കാണിക്കുന്നതായി രുന്നു; അഥവാ അതു പദാർത്ഥങ്ങളെ മൂന്നിരട്ടി വലുപ്പമുള്ള തായി കാണിക്കുന്ന ഒരു കണ്ണാടിയായിരുന്നു.

അക്കാലത്തു് അത്യന്തം അത്ഭുതകരമായി പരിഗണിക്ക പ്പെട്ട ഈ സാധനവുമായി അദ്ദേഹം വെനീസിൽ പോയ പ്പോൾ ജനങ്ങളം എന്തെന്നില്ലാതെ, ഒരു നവ്യലോകത്തു് തങ്ങളം ജീവിക്കുന്നതായി വിചാരിച്ചുപോയി. ഉന്നത ഗോ പുരങ്ങളുടെ ഉപരിഭാഗത്തു കയറിനിന്നുകൊണ്ടു സമുദ്ര ത്തിൽ വളരെ ദൂരെക്കൂടി പോകുന്ന കപ്പലുകളം അവർ കണ്ടു ആശ്ചര്യപ്പെട്ടു. അൻപതുമൈൽ ദൂരെക്കൂടി യാനംചെയ്തിരുന്ന കപ്പലുകളം പതിനഞ്ചുമൈൽ ദൂരെ യാത്ര ചെയ്യുന്നതായി അവർ കണ്ടു. ആ കുബേര നഗരത്തിലെ പ്രഭുവരേണ്യന്മാരും വിദ്യാവിഭൂഷണന്മാരും ഗലീലിയൊവിനെ അത്യന്തം പ്രശം സിച്ചു ബഹുമാനിക്കുകയുണ്ടായി.

വെനീസിൽ ഒരുമാസം താമസിച്ചതിനു ശേഷം ഗലീ ലിയോ തിരിച്ചു വന്നു; പാദുവാ സർവ്വകലാശാലക്കാർ അദ്ദേ ഹത്തെ ഒരു പ്രൊഫസർ ആക്കി ഉയർത്തി. അതോടുകൂടി അദ്ദൂരദർശിനി ഉപയോഗിച്ചു് പലേ നക്ഷത്രങ്ങളേയും അദ്ദേഹം കണ്ടുപിടിക്കാൻ തുടങ്ങി.

ആകാശത്തുകാണുന്ന നക്ഷത്രങ്ങളെ നോക്കി സാധാരണ കണ്ണുകൊണ്ടു എണ്ണി തിട്ടപ്പെടുത്തുന്നപക്ഷം അതു അയ്യായി രത്തിൽ ക്രൂടതൽ വരുന്നതല്ല; എന്നാൽ ഒരു ദൂരദർശിനിയുടെ സഹായത്താൽ അനേകലക്ഷം നക്ഷത്രങ്ങളം കാണ്മാൻ ഒരു വനു സാധിക്കുന്നതാണു്. നാം സാധാരണമായി, ആറുനക്ഷത്ര ങ്ങളം അടുത്തടുത്തു നിൽക്കുന്നതു കണ്ടിട്ടുണ്ടല്ലൊ. ''കാർത്തിക

DR. P. C. PILLAI
VANCHIYOOR, TRIVANDRUM.

ക്കുട്ടം" എന്നു് അവയെ ചിലേടങ്ങളിൽ വിളിച്ചുവരുന്നുമുണ്ടു്. ഗലീലിയോ ടെലസ്കോപ്പ് മുഖേന പരിശോധിച്ചപ്പോൾ അവിടെ മുപ്പത്താറു നക്ഷത്രം ഉണ്ടെന്നു കണ്ടു. ഇതുപോലെ മറ്റു പലേ നക്ഷത്രങ്ങളേയും കാണ്മാൻ സാധിച്ചതുകൊണ്ടു് അദ്ദേഹം അഹ്ലാദ വിവശനായിതീർന്നുപോയി.

ഈ "ദൂരദർശിനി" ചെറിയ ഒരെണ്ണമാകയാൽ പദാർത്ഥങ്ങളെ എട്ടുമടങ്ങു വലുപ്പത്തിലും പിന്നീടു് മുപ്പതു മടങ്ങു വലുപ്പത്തിലും കാണിക്കുന്ന കണ്ണാടികൾ ഈ പ്രകൃതിനിരീക്ഷണവിദഗ്ദ്ധൻ നിർമ്മിച്ചു. രണ്ടാമത്തേതു ചന്ദ്രഗോളത്തിലേക്കു തിരിച്ചുവച്ചു പരിശോധന നടത്തിയപ്പോഴേക്കും അതേവരെ ലോകർ അറിഞ്ഞിട്ടില്ലാത്ത പല വസ്തുതകളും കണ്ടറിയുന്നതിനു സാധിച്ചു. ആ ശശാങ്കനെക്കുറിച്ചു് പുരസ്ത്യകവി പറയുന്നതു ഇപ്രകാരമാണല്ലൊ:—

"പാരിച്ചമന്ഥഗിരിതന്നുടെ പാറകൊണ്ടു
കീറിച്ചമഞ്ഞവടു കാണ്മതുവെണ്മതിക്കു്
ചൊല്ലാവതോ നിഴൽ മൃഗം മുയലെന്നതെല്ലാം?
ചെല്ലാനവയ്ക്കു വഴിയെന്തിഹ ചന്ദ്രബിംബേ?"

പാശ്ചാത്യപണ്ഡിതന്മാരിൽ പലരും ഇത്തരം അന്ധവിശ്വാസത്തിൽനിന്നു് വളരെ വ്യതിചലിച്ചില്ലായിരുന്ന അക്കാലത്തു സ്ഥിതിചെയ്തിരുന്നതു്. വിശാലമായ മൈതാനങ്ങൾ, പൊക്കംകൂടിയ പർവ്വതങ്ങൾ, ബഹുദൂരം വ്യാപിക്കുന്ന താഴ്വാരങ്ങൾ മുതലായവ അതിനുമുമ്പു യാതൊരാളും ഈ ഭൂമണ്ഡലത്തിൽനിന്നു് നോക്കികണ്ടിട്ടില്ലാത്തവ ഗലിലിയൊ ചന്ദ്രഗോളത്തിൽ കണ്ടു.

ചന്ദ്രനെപ്പോലെ വൃദ്ധിക്ഷയങ്ങളുള്ള ഒരു ഗോളമാണു് ശുക്രനെന്നും, ആ ശുക്രനെ ചുറ്റുന്നതായി നാലു നക്ഷത്രം ഉണ്ടെന്നുംകൂടി അദ്ദേഹം 1610ൽ കണ്ടുപിടിച്ചു. ഇവയിൽ ഒരെണ്ണം 42 മണിക്കൂറും, മറ്റുള്ളവ പതിനേഴുദിവസത്തിനകം ഓരോസമയവും ഉപയോഗിച്ചാണു് ശുക്രനെ ചുറ്റുന്നതെന്നും മനസ്സിലാക്കാൻ ഈ കണ്ണാടി അദ്ദേഹത്തെ സഹായിച്ചു.

അനന്തരം ഈ കണ്ണാടി അദ്ദേഹം സൂര്യഗോളത്തിനു് നേരെപിടിച്ചു നിരീക്ഷണം ആരംഭിച്ചു. ചില വൃത്തങ്ങൾ ആ ഗോളത്തിൽക്കൂടി കടന്നുപൊയ്ക്കൊണ്ടിരുന്നു എന്നു് ആ ശാസ്ത്രജ്ഞൻ സൂക്ഷ്മമായികണ്ടു. മാത്രമല്ല സൂര്യനും കറങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഗോളമാണെന്നും, അപ്രകാരം ഒരുതവണ തന്നത്താൻ ചുറ്റുന്നതിനു് 28 ദിവസം വേണമെന്നുംകൂടി പല വർഷങ്ങളിലെ പ്രയത്നഫലമായി ഗലിലിയൊ മനസ്സിലാക്കി. ഭൂമി ആഹ്നികചലനത്തിനു പുറമെ സൂര്യനെച്ചുറ്റി ഒരു വാർഷിക ചലനംകൂടി നടത്തുന്നതുപോലെ സൂര്യഗോളം വേറെയാതൊന്നിനേയും പ്രദക്ഷിണം വയ്ക്കുന്നില്ലെന്നും അദ്ദേഹം പഠിച്ചു. ഇത്തരത്തിൽ പലേ നിരീക്ഷണങ്ങളും നടത്തി ഗോളശാസ്ത്രത്തെ വിശാലമാക്കി ഗലിലിയൊ ജീവിതം നയിച്ചുകൊണ്ടിരുന്നു. പലരും ഈ വിശേഷപ്പെട്ട കണ്ണാടിയെപ്പോലൊന്നു ലഭിക്കാൻ അപേക്ഷിച്ചതിനാൽ അവരെ തൃപ്തിപ്പെടുത്താനായി അദ്ദേഹത്തിനു് പ്രത്യേകം ഒരു യന്ത്രശാലതന്നെ നിർമ്മിക്കേണ്ടിവന്നു. ഈ ദൂരദർശിനി ഒന്നുകാണുന്നതിനുവേണ്ടിമാത്രം യൂറോപ്പിലെ സകലരാജ്യങ്ങളിൽനിന്നുമായി ദിനംപ്രതി അനേക ശതം ജനങ്ങൾ ഇദ്ദേഹത്തിന്റെ ഭവനത്തിൽവന്നുകൊണ്ടിരുന്നു. ഇതൊക്കെ ഗലീലിയോവിന്റെ നിരീക്ഷണശ്രമത്തെ സാരമായി പ്രതിബന്ധപ്പെടുത്തിക്കൊണ്ടിരുന്നു എന്നുള്ളതു് ജനങ്ങൾക്കു് അറിയാൻ സാധിച്ചതേയില്ല.

ഭൂമിയാണു സൂര്യനെ ചുറ്റുന്നതെന്നു ധൈര്യസമേതം പ്രഖ്യാപനം ചെയ്യുന്നതിനു, വേണ്ടത്ര യുക്തികളും വിശേഷിച്ചു് ഈ ഉപകരണംമുഖേന നടത്തിയ പരീക്ഷണങ്ങളും ഇപ്പോൾ ഗലീലിയോവിനെ ശേഷിയുള്ളവനാക്കിത്തീർത്തു. ടസ്കനിയിലെ കൊട്ടാരം ഗണിത ശാസ്ത്രജ്ഞനായിട്ടുകൂടി ഈ ഘട്ടത്തിൽ നിയമിതനാകയാൽ വരവും അദ്ദേഹത്തിനു് ഗണ്യമായി ലഭിച്ചുതുടങ്ങി.

പുരാതനകാലം മുതല്ക്കേ പ്രഖ്യാതി സമ്പാദിച്ചിരുന്ന റോം നഗരത്തിൽപ്പോയി അവിടെയുള്ള പണ്ഡിതന്മാരെക്കൊ

ണ്ടു തന്റെ നിരീക്ഷണഫലങ്ങൾക്കു് സമ്മതി നേടണമെന്നു കരുതി ഗലീലിയോ അങ്ങോട്ടു പോയി. പുതിയ കണ്ടു പിടിത്തങ്ങൾ നടത്തി അരിസ്റ്റോട്ടിലിന്റെ തത്വങ്ങളെ പാടെ ഖണ്ഡിച്ചു കളഞ്ഞ ഈ ശാസ്ത്രജ്ഞനെ റോം നഗരനിവാസികൾ അത്യാഹ്ലാദപൂരസ്സരം സ്വീകരിച്ചു സല്ക്കരിച്ചു. പലേ പണ്ഡിതന്മാരും അദ്ദേഹത്തെ കീർത്തിക്കുകകൂടിചെയ്തു. അവിടെ താമസിക്കുന്ന കാലത്താണു് സൂര്യഗോളത്തിൽ ഉള്ള ചില വട്ടുള്ളുകളായ അടയാളങ്ങൾ ഗലീലിയോ കണ്ടു പിടിച്ചതു്. എന്നാൽ ഈ പ്രഖ്യാപനത്തോടുകൂടി ഗലീലിയോവിനു് ഓരോ ആപത്തുകളും ഉണ്ടായിത്തുടങ്ങി.

ഗലീലിയോവിനെ അപകടപ്പെടുത്താൻ.

അഭ്രതപൂർവ്വമായ ഇത്തരം കണ്ടുപിടിത്തങ്ങൾ കൊണ്ടു് അസാധാരണമാകംവിധം കീർത്തി പരത്തി ലോകബഹുമാനം സമാർജിച്ചുകൊണ്ടിരുന്ന ഗലീലിയോവിനു ഒരു കൂട്ടം ശത്രുക്കളും ഉണ്ടായിക്കൊണ്ടിരുന്നു. ഈ "ദൂരദർശിനി" എന്നു പറയുന്നതു് എന്തോ ഒരു 'ജാലവിദ്യ' അഥവാ എന്നായിരുന്ന മൂഢരായ ഒരു കൂട്ടം ജനങ്ങൾ വിശ്വസിച്ചു വന്നിരുന്നതു്. ഇവരുടെ കൂട്ടത്തിൽ അപൂർവ്വം ചില ബുദ്ധിമാന്മാരും ഉൾപ്പെട്ടിരുന്നില്ലെന്നില്ല. അദ്ദേഹം ജോലിചെയ്തുകൊണ്ടിരുന്ന സർവ്വകലാശാലയിലെ ഒരു പ്രൊഫസർ ഈ കണ്ണാടിയിൽ കൂടി ഒന്നു നോക്കുന്നതിനുപോലും സന്നദ്ധനായിരുന്നില്ലത്രേ! മതത്തിന്റെ പേരും പറഞ്ഞുകൊണ്ടു ഒരു കൂട്ടം ആളുകൾ നടത്തിക്കൊണ്ടിരുന്ന എതിർപ്പുകളാണു് അസഹ്യമായിത്തീർന്നതു്.

അചലയായിരിക്കുന്ന ഭൂമി ചലിക്കുന്നതും, അതു സൂര്യനെ പ്രദക്ഷിണംവയ്ക്കുന്നു എന്നതും, സൂര്യമണ്ഡലത്തിൽ ചില അടയാളങ്ങൾ ഉണ്ടെന്നുള്ളതും അക്കാലത്തെ ചില ക്രിസ്തീയപുരോഹിതന്മാർക്കു് തീരെ രസിക്കാത്ത സംഗതികളായിരുന്നു. പോപ്പിന്റെ മതാധികാരങ്ങളെ തട്ടിത്തകർക്കാൻ ലൂതർ ചെയ്തിരുന്ന പ്രഖ്യാപനങ്ങൾ പ്രൊട്ടസ്റ്റൻറു മതമായി രൂപാന്തരപ്പെട്ടു് യൂറോപ്പു മുഴുവനും ഒരു ഗംഭീര

പരിവർത്തനം വന്നുകൊണ്ടിരിക്കുന്ന കാലമായിരുന്നു അതു്. ഗലീലിയോവിന്റെ സിദ്ധാന്തങ്ങളും ബൈബിളിനു് വിപരീതമായുള്ളതാണെന്നു പോപ്പിന്റെ അനുയായികളായ ചില കത്തോലിക്കൻപുരോഹിതന്മാർ ശഠിച്ചുതുടങ്ങി. ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായി ഉപയോഗപ്പെടേണ്ട ബൈബിളിനെ ഒരുശാസ്ത്രഗ്രന്ഥമായി കരുതാൻ പാടില്ലെന്നു ഗലീലിയോവിന്റെ ശിഷ്യന്മാർ വാദിച്ചു എങ്കിലും അതിനെ അവർ അവഗണിച്ചു തുടങ്ങി. ഈ ശാസ്ത്രജ്ഞന്റെ അഭിപ്രായങ്ങൾക്കു പ്രചാരം സിദ്ധിക്കുന്ന പക്ഷം തങ്ങളുടെ മതത്തിനുക്രൂരതൽ ക്ഷയം സംഭവിക്കുന്നതാണെന്നു് ആ പുരോഹിതന്മാർ വിശ്വസിച്ചുവന്നതിനാൽ എങ്ങനെയും ഇദ്ദേഹത്തെ ഉപദ്രവിക്കണമെന്നു അവർ നിശ്ചയിച്ചു. "വേദപുസ്തകത്തിൽ ഒരു തെറ്റുണ്ടാകുക എന്നുള്ളതു് വിചാരിക്കാൻ കൂടി പാടില്ലാത്തതായി എണ്ണപ്പെട്ടിരുന്നു. അതിനാൽ ഏതു ഭാഗത്തെങ്കിലും അസംഭവ്യമായി തോന്നാവുന്ന കാര്യങ്ങൾ കണ്ടാൽതന്നെയും അവയെ അസംഭവ്യമെന്നു പറഞ്ഞുകൂടെന്നും, അങ്ങനെ പറഞ്ഞാൽ അതു ദൈവത്തിന്റെ അരുളപ്പാടുകളെ ചോദ്യം ചെയ്യുന്നതായിരിക്കുമെന്നും, മതാധികാരികൾ പ്രബലമായി സിദ്ധാന്തിച്ചുവന്നിരുന്നു. വേദപുസ്തകത്തിന്റെ വിവർത്തനത്തേയും വ്യാഖ്യാനത്തേയും പറ്റി എന്തെങ്കിലും അനിശ്ചിതമായി ഉണ്ടായിരിക്കുക എന്നുള്ളതു ക്രൈസ്തവ പുരോഹിതന്മാരുടെ അവിതർക്കിതാധികാരത്തെ ഗണ്യമായി കുറയ്ക്കുന്നതായിരിക്കും."

ലോകരുടെ അജ്ഞാനം നീക്കിയതിനു ശിക്ഷ.

ക്രിസ്തുമതത്തിനു വിപരീതമായി ആ മതത്തിലുള്ളവർ പ്രവർത്തിക്കുന്നതായാൽ അവരെ വിസ്തരിച്ചു് കഠോരമായ ശിക്ഷയ്ക്കു വിധേയരാക്കുന്നതു് "ഇൻക്വിസിഷൻ കോടതി" മുഖേനയായിരുന്നു. ഇത്തരം കോടതികൾ യൂറോപ്പിൽ പലേടങ്ങളിലും ഉണ്ടായിരുന്നു എന്നുമാത്രമല്ല പോർട്ടുഗീസുകാർക്കു അധികാരമുള്ള സകല പ്രദേശങ്ങളിലും ഇവ സ്ഥാപിച്ചിട്ടു

ണ്ടായിരുന്നു. കേരളീയ ക്രിസ്ത്യാനികളിൽ അനവധി ജനങ്ങളെ ഗോവായിൽ പോർട്ടീസുകാർ സ്ഥാപിച്ചിരുന്ന ഒരു ഇൻകിസിഷൻ കോടതി മുഖേന ശിക്ഷിച്ചിരുന്നു എന്നുള്ളതു് ഒരു രഹസ്യ സംഗതിയല്ല. ഈ നിഷ്ഠുരമായ കോടതി മുഖേന ഗലീലിയോവിനെ വിസ്തരിക്കാൻ പോപ്പു് നിശ്ചയിച്ചു.

അറുപത്തിനാലാം വയസ്സിൽ തന്റെ പലേ ശാസ്ത്രസിദ്ധാന്തങ്ങളും സംഭാഷണരൂപേണ പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം ഗലീലിയൊ പ്രസിദ്ധപ്പെടുത്തി. ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുന്നു എന്നും മറ്റുമായി, അതേവരെ നടത്തിയിട്ടുള്ള പര്യവേക്ഷണഫലങ്ങളുടെ ഒരു വിവരണം ആ ഗ്രന്ഥത്തിൽ അദ്ദേഹം കൊടുത്തിരുന്നു. ഈ പുസ്തകം പരിശോധിച്ച ഒരു മതസംഘക്കാർ പ്രസ്താവിച്ചതു് അദ്ദേഹം ശിക്ഷാർഹനാണെന്നായിരുന്നു. തന്നിമിത്തം "ഇൻകിസിഷൻ കോടതി" മുഖേന അദ്ദേഹത്തെ വിസ്തരിക്കാൻ പോപ്പു് അനുവാദം കൊടുത്തു. മതനിന്ദകനായ ഗലീലിയൊ ലോകത്തിനു വലിയ നാശം സംഭവിക്കാനുള്ള സിദ്ധാന്തങ്ങളും പ്രചരിപ്പിച്ചിരിക്കുന്നതിനാൽ അവയെ പിൻവലിക്കാത്തപക്ഷം അദ്ദേഹത്തെ കഠിനമായി ശിക്ഷിക്കേണ്ടതാണെന്നു വിധിച്ചു. അദ്ദേഹത്തെക്കൊണ്ടു് കുറ്റം സമ്മതിപ്പിക്കുന്നതിനു് കോടതി പലതും പ്രയോഗിച്ചുനോക്കി. മതത്തിന്റെ പേരും പറഞ്ഞു അന്ധമായി എന്തും ചെയ്യുന്നതിനു മടിക്കാത്ത ആ സംഘക്കാർ അദ്ദേഹത്തെ മൂന്നുദിവസംവരെ ഒരു മുറിയിൽ അടച്ചിട്ടിരുന്നു. ആ ദിവസങ്ങളിൽ ഇദ്ദേഹത്തെ അവർ ക്രൂരമായ വിധം ദേഹോപദ്രവം ചെയ്തോ എന്നുള്ളതു് സൂക്ഷ്മമായി അറിയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്.

കോടതി വിധിപ്രസ്താവിച്ചു. "ഗലീലിയൊ എന്ന ഒരുവനെ മതനിന്ദകനായി സംശയിച്ചിരിക്കുന്നു. വിശുദ്ധവേദപുസ്തകത്തിനെതിരായി, ഭൂമിക്കു ചലനമുണ്ടെന്നും മറ്റുമുള്ള അഭിപ്രായങ്ങളും അയാൾ പുലർത്തിപ്പോരുന്നുണ്ടു്. ഈ അബദ്ധാഭിപ്രായങ്ങൾ മതവിരുദ്ധമായതുകൊണ്ടു് അയാൾ അവ

യെ പരസ്യമായി പിൻവലിച്ചു് നിന്ദിക്കേണ്ടതാണു്. ജഡ്ജിമാരുടെ ഇഷ്ടാനുസരണമുള്ള കാലം മുഴുവൻ അയാളെ കാരാഗൃത്തിൽ പാപ്പിക്കേണ്ടതാകുന്നു. 'ചെയ്തുപോയ കുറ്റത്തിനു മാപ്പുതരണേ' എന്നുള്ള വേദഗ്രന്ഥത്തിലുള്ള ഏഴു സങ്കീർത്തനം ആഴ്ചയിൽ ഒരുതവണവീതം മൂന്നുവർഷക്കാലം ചൊല്ലണം."

മനുഷ്യവക്രത്തിന്റെ അജ്ഞാനം നീക്കുന്നതിനു് ജീവിതം മുഴുവൻ പണിപ്പെട്ട പലതും കണ്ടുപിടിച്ച ആ മഹാശാസ്ത്രജ്ഞൻ അനുഭവിക്കേണ്ടിവരുന്ന ശിക്ഷ അഹോ! ഭയങ്കരം തന്നെ!!

പാശ്ചാത്താപം.

ഇത്ര വളരെ ക്രൂരവും പരമനിന്ദ്യവുംആയ ശിക്ഷ അനുഭവിക്കുന്നതിനു് ആ വയോഘട്ടത്തിൽ വേണ്ടുന്ന ആരോഗ്യവും സഹനശക്തിയും ഇല്ലാതിരുന്നതിനാൽ, ഗത്യന്തരമില്ലാതെ ഗലിലിയൊ കുറ്റസമ്മതം നൽകി. കഠിനമായി ദേഹപീഡ അനുഭവിക്കേണ്ടി വന്നുപോയാൽ അതിൽനിന്നു രക്ഷപ്പെടാൻ ചിലപ്പോൾ മനുഷ്യർ ഇപ്രകാരം പ്രവർത്തിച്ചുപോകുന്നതാണു്; എന്നാൽ കോടതിയിൽനിന്നു് ഇറങ്ങിയതു മുതല്ക്കു ഗലിലിയൊവിനു പശ്ചാത്താപവുമായി. കോടതിയുടെ നിർദ്ദേശപ്രകാരമുള്ള "കുറ്റസമ്മതം" നൽകിയിട്ടും ഒരു തടവുകാരന്റെ നിലയ്ക്കു് അദ്ദേഹത്തിന്റെ സ്വന്ത ഭവനത്തിൽ താമസിക്കുവാൻ അനുവദിച്ചതല്ലാതെ, മറ്റൊരുസ്വാതന്ത്ര്യവും ആ മതസംഘക്കാർ അനുവദിച്ചുകൊടുത്തില്ല.

ഗലീലിയൊ കുരുടനായി.

വയോഘട്ടത്തിലെ ഈ കഷ്ടതകളെ സഹസ്രംമടങ്ങു് വർദ്ധിപ്പിക്കത്തക്കവിധം ഒരു മഹാവിപത്തുകൂടി ഗലീലിയൊവിനു വന്നുകൂടി. അദ്ദേഹത്തിന്റെ കണ്ണുകൾക്കുള്ള കാഴ്ച നഷ്ടപ്പെട്ടുപോയി. നയനങ്ങളെ സുദീർഘകാലം അതിയായി വേലചെയ്യിച്ചതിന്റെ ഫലമായിട്ടാണു് ഈ അന്ധത്വം വന്നുചേർന്നതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ലോ

കത്തെ അന്ധകാരത്തിൽ നിന്നു രക്ഷിക്കാൻ ശ്രമം ചെയ്തതിനു് അദ്ദേഹംതന്നെ അന്ധത്വം കൊണ്ടുള്ള ദുരിതം അനുഭവിക്കേണ്ടിവന്നു. സങ്കടാധിക്യത്തോടുകൂടി ഗലീലിയൊ ഇപ്രകാരത്തിൽ തന്റെ ഒരു സുഹൃത്തിനു് എഴുതി അയച്ചിരിക്കുന്നതു നോക്കുക:— "കഷ്ടം! നിങ്ങളുടെ സുഹൃത്തും ഭൃത്യനും ആയ ഇപ്പോഴുള്ളവൻ ഇതാ അപരിഹാര്യമായവിധം മുഴുക്കുരുടനായി തീർന്നിരിക്കുന്നു. അത്ഭുതകരമാംവിധം നടത്തപ്പെട്ട പര്യവേക്ഷണങ്ങളുടെ ഫലമായി ഭൂഗോളത്തിനേയും, ഇതര ഗോളങ്ങളേയും പ്രപഞ്ചത്തേയും ഇതേവരെ ജനസഞ്ചയം വിശ്വസിച്ചുവന്നിരുന്നതിന്റെ ആയിരംമടങ്ങു് വിശാലവും വിശദതരവും ആയി ഞാൻ അവക്കു കാണിച്ചുകൊടുത്തിട്ടുണ്ടു്. അവയെല്ലാം അത്യന്തം അവ്യക്തവും നിസ്സാരവും ആയതായി എന്റെ അന്ധത്വംനിമിത്തം എനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു. അതാണു് ദൈവത്തിനു് സന്തോഷം; അതുകൊണ്ടു് അതു് എനിക്കും സന്തോഷകരമായിത്തീർന്നിരിക്കുന്നു."

ദുരിതജീവിതം.

അസഹ്യ ദുരിതം അനുഭവിച്ചുകൊണ്ടു ഗലീലിയൊ എണ്ണിയെണ്ണി ദിവസങ്ങൾ പോക്കിക്കൊണ്ടിരുന്നു. ഈവിധത്തിൽ അഞ്ചു ദീർഘസംവത്സരമാണു് ആ മഹാനു് ഉന്തിത്തള്ളി നയിക്കേണ്ടിയിരുന്നതു്.

പര്യവേക്ഷണകുശലതയാൽ പ്രകീർത്തിതനായി തീർന്നിരിക്കുന്ന ഗലീലിയോവിനെ കാണുന്നതിനു് യൂറോപ്പിന്റെ നാനാഭാഗങ്ങളിലുംനിന്നു് അനവധി ആളുകൾ വന്നുകൊണ്ടിരുന്നു. നിരീക്ഷണഫലങ്ങളെ സ്വതന്ത്രമായി പ്രഖ്യാപനം ചെയ്യാനാകട്ടെ, അഥവാ അതേവരെ താൻ ഏറ്റെടുത്തുകൊണ്ടിരുന്ന ജോലി തുടർന്നുകൊണ്ടിരിക്കാനാകട്ടെ സ്വാതന്ത്ര്യം അനുവദിക്കാത്ത മതസംഘത്തിന്റെ ദുരധികാരധുരന്ധതയെ അനവധി ജനങ്ങൾ മനസാ ശപിച്ചു. ശാസ്ത്രീയതത്വങ്ങളുടെ സ്വതന്ത്രമായ പ്രകടനംനിമിത്തം ഇത്രവളരെ ദുരിതം അനുഭവിച്ചിട്ടുള്ള മറെറാരാൾ ലോകത്തുണ്ടോ എന്നുള്ളതും സംശയമാണു്.

ഗലീലിയോവിനു ഇപ്പോൾ യാതൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നായിത്തീർന്നിട്ടുണ്ടു്. വാർദ്ധക്യാവശതയോടൊത്തു

പരിപൂർണ്ണാന്ധതംക്രൂടി സംയോജിച്ചതിന്റെ ഫലമായി ഭൂമി സൂര്യനെ ചുറ്റുന്നു എന്നതുപോലുള്ള തത്വങ്ങളൊന്നും മേലാൽ കണ്ടുപിടിച്ചു തെളിയിക്കുന്നതല്ലെന്നു വന്നപ്പോൾ, വിശുദ്ധ വേദഗ്രന്ഥത്തിന്റെ അനിയന്ത്രിത പ്രാമാണ്യത്തിനു കുറവുവന്നുപോകുന്നതല്ലെന്നു മതസംഘത്തിനും പോപ്പിനും ബോദ്ധ്യമായി. അദ്ദേഹത്തിന് അവർ സർവ്വസ്വാതന്ത്ര്യങ്ങളും അനുവദിച്ചുകൊടുത്തു. ആ സ്വാതന്ത്ര്യം കൊണ്ടു യാതൊരു പ്രയോജനവും മനുഷ്യവർഗ്ഗത്തിനാകട്ടെ അദ്ദേഹത്തിനാകട്ടെ ഉണ്ടായില്ല.

1642 ജനുവരി 8-നു ചരമം അടഞ്ഞു' ഗലീലിയൊ തന്റെ ദുരിതജീവിതത്തിൽ നിന്നു രക്ഷപ്പെട്ടു.

ജ്യോതിശ്ശാസ്ത്രത്തിന്റേയും പ്രകൃതിശാസ്ത്രത്തിന്റേയും വളർച്ചയ്ക്കുവേണ്ടി ഗലീലിയോവിന്റെ ജീവിതം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്നുള്ളതു് വാചാമഗോചരമാകുന്നു. ഇന്നത്തെ പരിഷ്കൃത ലോകത്തിൽ പ്രാധാന്യം അർഹിക്കുന്ന പല യന്ത്രങ്ങളും ശാസ്ത്രീയോപകരണങ്ങളും കണ്ടുപിടിക്കുന്നതിനുവേണ്ടി തന്റെ വിലയേറിയ ജീവിതം ബലികഴിച്ച ഒരു മഹാനായിരുന്നു ഗലീലിയോ. അന്ധകാരമയമായ പ്രാചീന കാലത്തു്—വിശേഷിച്ചു് ക്രിസ്തുമതത്തിൽ അഭ്രതപൂർവ്വമായ ഒരു പരിവർത്തനം വന്നുകൊണ്ടിരുന്ന കാലഘട്ടത്തിൽ—അവതീർണ്ണനായതുകൊണ്ടു അദ്ദേഹത്തിനു അത്യന്തം സങ്കടങ്ങൾ അനുഭവിക്കേണ്ടിടയായിപ്പോയി. മനുഷ്യന്റെ സ്വതന്ത്രചിന്തയെ വെട്ടിത്തെളിക്കുന്നതിനു ശ്രമംചെയ്ത പ്രാചീന ശാസ്ത്രജ്ഞന്മാരിൽ പ്രഥമ ഗണനീയൻ ഗലീലിയോ ആകുന്നു. പ്രായോഗിക പരീക്ഷണങ്ങൾകൊണ്ടു തെളിയിച്ചതിനു ശേഷം പ്രകൃതി തത്വങ്ങൾ വിശ്വസിക്കുക എന്ന പദ്ധതി ആദ്യമായി ലോകത്തു് നടപ്പിലാക്കിത്തീർത്തതു് ഇദ്ദേഹമാണെന്നുള്ളതിനു സംശയമില്ല. മനുഷ്യന്റെ ചിന്താമണ്ഡലത്തെ സാരമായിസ്പർശിച്ച ശാസ്ത്രതത്വങ്ങളുടെ ജനയിതാവായ ആ മഹാന്റെ യശശ്ചന്ദ്രിക ലോകമുള്ള കാലംവരെ നിലനിൽക്കുകതന്നെ ചെയ്യും.

അശ്രുധാര

(രണ്ടാം പതിപ്പ്)

ഗ്രന്ഥകർത്താ:—വെങ്കുളം ജി. പരമേശ്വരൻപിള്ള.

ഓരോ അദ്ധ്യായം വായിക്കുമ്പോഴും അടുത്ത അദ്ധ്യായം വായിക്കണമെന്നുള്ള ആശ വായനക്കാരിൽ വളർത്തിക്കൊണ്ടിരിക്കുന്ന ഈ വിശിഷ്ട നാവലിനെക്കുറിച്ച് മാന്യപത്രങ്ങളുടേയും മഹാന്മാരുടേയും അഭിപ്രായങ്ങൾ നോക്കുക:—

മലയാള മനോരമ.

കഥാഘടന, പാത്രനിർമ്മാണം, രസസ്ഫൂർത്തി, ഔചിത്യം, ലാളിത്യം മുതലായി ഒരു ആഖ്യായികയ്ക്ക് വേണ്ട ഗുണപൗഷ്കല്യങ്ങൾ മിക്കതും ഈ പുസ്തകത്തിൽ വരുത്താൻ മി: പിള്ളക്ക് സാധിച്ചിട്ടുണ്ട്. ഭാഷാന്തരപ്പെടുത്തുകയും അനുകരിക്കുകയും ഒന്നും ചെയ്യാതെ, സ്വതന്ത്രമായി ഒരു കഥാശരീരം നിർമ്മിച്ച് അതിന്നിതുത്തോളം ജീവനും സൗന്ദര്യവും വരുത്താൻ സാധിച്ചതു വിചാരിക്കുമ്പോൾ, ഉല്പതിഷ്ണുവായ ഈ ഗ്രന്ഥകർത്താവിന് ഇതിലും ഉൽകൃഷ്ടഗ്രന്ഥങ്ങൾ ഉണ്ടാക്കി കൈരളിയെ ഏതെല്ലാം വിധത്തിൽ അരാധിക്കുവാൻ സാധിക്കുകയില്ല.!

സഖ്വീസ്.

കൈരളിയുടെ ഹാർദ്ദമായ വാത്സല്യത്തിനു പാത്രമായിട്ടുള്ള ഒരു യുവസാഹിത്യപരിശ്രമിയുടെ തൃതീയസാഹിത്യപുഷ്പാഞ്ജലിയാണ് പ്രകൃതഗ്രന്ഥം. ഇതു സ്വതന്ത്രമായ ഒരു ആഖ്യായികയാകുന്നു.....ആപാദമൗലം ഒരു വീരകഥാരസം സ്ഫുരിപ്പിക്കുന്ന ഈ നാവൽ വായിക്കാൻ വളരെ രസമുള്ളതാണ്. പാത്രസൃഷ്ടിയിൽ ഗ്രന്ഥകാരൻ പ്രശംസനീയമായ പാടവം പ്രകടിപ്പിച്ചിട്ടുണ്ട്. ഭാഷയും വളരെ നന്നായിരിക്കുന്നു.

ശ്രീമതി.

ആഖ്യായികാലോകത്തു് അനുകരണങ്ങളും തർജ്ജിമകളും അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് ശ്രീമാൻ വെങ്കുളം പരമേശ്വരൻപിള്ളയുടെ "അശ്രുധാര" ഒരു നവ്യസ്വതന്ത്രകൃതിയാണെന്നുള്ളതുതന്നെ അതിന്നൊരു മെച്ചമായി പരിഗണിക്കേണ്ടിയിരിക്കുന്നു. തന്റെ ഹൃദയത്തിൽ മുളച്ചുണ്ടായ ഒരു ഇതിവൃത്തത്തെ അനന്യോന്യമായ ഒരു കഥാഘടനയോടു സംഘടിപ്പിച്ചു് പരിപോഷിപ്പിക്കുന്നതിൽ ഗ്രന്ഥകർത്താവു് കാണിച്ചിരിക്കുന്ന കല്പനാശക്തി പ്രശംസനീയമാണ്.

The Trivandrum Daily News

It is an original story in the production of which the author has given ample proof of his versatility and genius. The structure of the plot, the delineation of characters and the method of presentation do immense credit to the young author who though only a High School student has already brought out two other works both of which have been well received by the public. Asrudhara, his third work in this line shows even more than the others what he is capable of. we have no doubt that the young novelist has got a bright future before him and we wish him every success in his literary career.

വെള്ളാളമിത്രം.

പരിണാമഗുപ്തിക്കുവേണ്ട പ്രാധാന്യം നൽകിയും രസങ്ങൾക്കെല്ലാം തന്നെ പ്രഭാവസരം വരത്തക്കവിധത്തിലും സംസ്പഷ്ടമായിരിക്കുന്ന ഇതിലെ ഇതിവൃത്തം ഈ യുവസാഹിത്യകാരന്റെ വാസനാവിശേഷത്തെ യഥാവിധി വെളിപ്പെടുത്തുന്നുണ്ട്. പാത്രസൃഷ്ടിയിൽ തെളിഞ്ഞു കാണുന്ന വ്യക്തിത്വം കല്പനാശക്തിയുടേയും അവലോകന സാമർത്ഥ്യത്തിന്റേയും ഫലമാണ്.

കെ. നാരായണമേനോൻ ബി. എ. ബി. എൽ.
റിട്ടയാഡ് പേഷ്കാർ.

ഇതു ചെറുപ്പത്തിലെ ഒരു സ്വതന്ത്രമായ ആഖ്യായിക എഴുതാൻ പ്രേരിപ്പിച്ച നിങ്ങളുടെ മനോഗതിയെ ഞാൻ ഏറ്റവും വാഴ്ത്തുന്നു. Poets are born genius and so are certain of the novelists എന്നുണ്ടല്ലോ. നിങ്ങളുടെ ഈ നവീനകൃതി ഏറ്റവും ശ്ലാഘനീയം തന്നെ. നാല്പഭിവസം കൊണ്ട് ഞാൻ ഈ പുസ്തകം വായിച്ചുതീർത്തു. നിങ്ങളെപ്പോലെ പഠിച്ചു കൊണ്ടിരുന്നകാലത്തു് ഞാൻ നാവലുകൾ പലതും വായിച്ചിരുന്നു..... ഇപ്പോൾ നാവിൽതൊട്ടിട്ട് മൂന്നുപന്തീരാണ്ടിൽ ഒട്ടും കുറവല്ല. ഇപ്പോൾ അതിനു അഭിരുചിയുമില്ല. ഉപനിഷത്തിനും ഗീതക്കും യോഗവാസിഷ്ഠത്തിനും ഇടം കൊടുത്തതോട്ടുകൂടി മനസ്സിനു വിനോദത്തിനും അഹംകാരത്തിനും ഒരു അണുമാത്രംപോലും സൂക്ഷിരംകൊടുക്കാൻ സമ്മതമില്ലതു്! എന്നിട്ടും നിങ്ങളുടെ കൃതിയെ നല്ലവണ്ണം വായിച്ചു. കഥാരസത്തിനു പുറമെ ഒരു വീരരസം സർവ്വത്ര വ്യാപിച്ചു തുളുമ്പുന്നതായി തോന്നി. ഇപ്പോൾ ഇതുയായപ്പോൾ അപ്പോൾ ഏതുയാകും എന്നുള്ള നിങ്ങളുടെ ഭാവി ശ്രേയസ്സിനെയാണ് ഞാൻ ഈ പുസ്തകം വായിച്ചുകൊണ്ടിരുന്നപ്പോഴെല്ലാം സ്മരിച്ചതു്.

"ആത്മൈവനമിഭം സർവ്വം" എന്നുള്ള സ്മരണയിൽ നിന്നും നിങ്ങൾ എന്നെ ഉണർത്തി, "കർമ്മണ്യേവ ഹി കർമ്മണി" എന്ന ക്രിയാഭാഗത്തേക്ക് രചിപ്പിക്കയല്ലേ എന്നു ചിലപ്പോൾ തോന്നിപ്പോകുന്നു.

മള്ളൂർ ഗോവിന്ദപ്പിള്ള ബി. എ. ബി. എൽ.

ഏനിക്കു നിങ്ങളുടെ ബുദ്ധിവൈഭവത്തേയും ഗദ്യരചനാ സമ്പ്രദായത്തേയും സാഹിത്യപ്രണയത്തേയും കുറിച്ചു വലിയ ബഹുമാനമാണുള്ളതു്.

ഇത്ര ചെറുപ്പത്തിൽതന്നെ ഇത്രവളരെ സാഹിത്യവിജയം സമ്പാദിച്ച നിങ്ങൾക്ക് മലയാളത്തിലെ ആഖ്യായികാകാരന്മാരിൽ അഗ്രിമസ്ഥാനം പ്രാപിക്കാൻ അധികകാലം വേണ്ടിവരുന്നതല്ല.

എം. പി. കൃഷ്ണൻനമ്പ്യാർ എം. ഏ., എൽ. ടി.

ആവശ്യപ്പെടാതെ പറയുന്ന അഭിപ്രായത്തിന വില അത്ര ഉണ്ടാകയില്ലെന്ന അറിയാമെങ്കിലും സംശതിവശാൽ നിങ്ങൾ ഒരു ന്യൂസ്പേപ്പർ വിദ്യാർത്ഥിയാകയാലും ഞാൻ ഒരു ഹൈസ്കൂൾ ഹെഡ് മാസ്റ്ററാകയാലും, "ആ കപ്പാടെ വളരെ നന്നായിട്ടുണ്ട്. പഴക്കത്തിൽ ഇതിലും നന്നാകും" എന്ന എന്റെ അഭിപ്രായം സ്വീകരിക്കാമെങ്കിൽ സ്വീകരിക്കാം.

ഉള്ളൂർ എസ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.

പ്രായത്തെ കവിഞ്ഞുള്ള പരിപാകം നിങ്ങളുടെ ഗ്രന്ഥരചനാ വാസനയ്ക്കു കാണുന്നുണ്ട്. ഭാവനാകുശലനായ നിങ്ങളെ ഭാരതീദേവി ഉത്തരോത്തരം അനുഗ്രഹിക്കും, സംശയമില്ല.

വി. രാമകൃഷ്ണപിള്ള എം. ഏ., എൽ. ടി.

കേവലം ഒരു സ്കൂൾഫൈനൽവിദ്യാർത്ഥി മാത്രമായിരിക്കുന്ന നിങ്ങൾ ഇപ്രകാരമൊരു ഗ്രന്ഥം നിർമ്മിച്ചതിൽ എനിക്കു വളരെ അത്ഭുതം തോന്നുന്നു.

കെ. പി. കൃഷ്ണമേനോൻ ബി. ഏ., എൽ. ടി.

കഥാഘടന, വർണ്ണന, പാത്രസൃഷ്ടി മുതലായ പ്രധാനകാര്യങ്ങളിൽ ഗ്രന്ഥകാരൻ പ്രശംസനീയമായ പാടവം പ്രകടിപ്പിച്ചിരിക്കുന്നു. ഭാഷാരീതി ലളിതമല്ലെങ്കിലും കർക്കശമല്ലതന്നെ. മി. പിള്ള ഭാവിയിൽ ഒരു വിശിഷ്ട ഗ്രന്ഥകർത്താവാകുമെന്ന് ഈ ആഖ്യായികയിൽ നിന്നുതന്നെ മനസ്സിലാക്കാൻ ധാരാളം ലക്ഷണങ്ങൾ കാണുന്നുണ്ട്.

ആർ. നാരായണപ്പണിക്കർ ബി. ഏ., എൽ. ടി.

ഒരു ഉത്തമകാഥികനു അവശ്യം ഉണ്ടായിരിക്കേണ്ട മിക്ക ഗുണങ്ങളുടേയും ബീജാങ്കുരം ഈ ആഖ്യായികയിൽ തെളിഞ്ഞു കാണുന്നുണ്ട്. ജീവിത മഹോദധിയുടെ തീരപ്രദേശത്ത് വിസ്മയസ്തിമിതനായി നോക്കിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിയിൽ നിന്നും പ്രത്യാശിക്കാവുന്നതിലധികം വിചിന്തനശീലവും അന്തർമുഖതയും ഉല്ലേഖചാതുരിയും മനുഷ്യഹൃദയപരിജ്ഞാനവും നിങ്ങളിൽ ഇപ്പോഴേ കാണുന്നസ്ഥിതിക്ക് ഭാഷാസാഹിത്യസാമ്രാജ്യത്തിൽ ഒരു മാന്യപദവി അചിരേണ നിങ്ങൾക്കു ലഭിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

ഇ. വി. കൃഷ്ണപിള്ള ബി. ഏ.; ബി. എൽ.

കൈമാരം അതിക്രമിക്കുന്നതിനു മുമ്പുതന്നെ രണ്ടുമൂന്നു സരസ ഗ്രന്ഥങ്ങളുടെ കർത്താവായിത്തീർന്ന, ഇന്നും യൌവനാരംഭഘട്ടത്തിൽമാത്രം കഴി

യുന്ന രാജശ്രീ ജി. പരമേശ്വരൻപിള്ള അവർകളുടെ പുതിയ കൃതിയായ "അശ്രുധാര" ഞാൻ വായിച്ചു. അദ്ദേഹത്തിന്റെ ഇതരഗ്രന്ഥങ്ങളായ "സഭാസന്തോഷം" "രാധാമണി" എന്നീകൃതികളെക്കാളും ക്ലൃപ്തമായ സാഹിത്യപ്രഭാവം ഇതിൽ തെളിഞ്ഞു വിളങ്ങുന്നുണ്ട്. ഇക്കണക്കിനു മി. പരമേശ്വരൻപിള്ളയുടെ യൌവനസംപൂർത്തി കൈരളിയുടെ പരമൈശ്വര്യദശയെ സൂചിപ്പിക്കുന്നതാണെന്ന് ബലമായി നമുക്കാശിക്കാവുന്നതാണ്. ഒട്ടൊരു രജപുത്രഛായയിൽ സംഭവബഹുലത്തോടും ശ്ലഥ പരിവർത്തനങ്ങളോടും പാത്രപുഷ്ടിയോടും പരിണാമഹൃദ്യതയോടുംകൂടി പ്രവഹിക്കുന്ന ഈ ആഖ്യായിക ഗ്രന്ഥകാരന്റെ കവന പാടവത്തിനു ഉജ്ജ്വല ലക്ഷ്യമായി പരിലസിക്കുന്നുണ്ട്.

കെ. എൻ. ഗോപാലപിള്ള ബി. എ.; മലയാളം ലക്ചറർ

"അശ്രുധാര" ആകപ്പാടെ സരസമായിട്ടുണ്ട്. മനുഷ്യഹൃദയത്തിന്റെ ഗതിവിഗതികളും സൂക്ഷ്മമായി പ്രതിപാദിക്കുന്ന പല ഘട്ടങ്ങളും ഈ കൃതിയിൽ കാണുന്നതു കൗതുകപ്രദംതന്നെ.·····മി. പരമേശ്വരൻപിള്ള മേലും ഇത്തരം കൃതികളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണെങ്കിൽ ഗദ്യസാഹിത്യത്തിൽ ചിരമായ പ്രതിഷ്ഠ സമ്പാദിക്കുമെന്നുള്ളതു നിസ്സംശയമാണ്.

ജി. രാമകൃഷ്ണപിള്ള എം. എ.

"·····പുസ്തകം രണ്ടുമൂന്നാവർത്തി വായിച്ചു. കഥാഘടന വളരെ അഭിനന്ദനീയമായിരിക്കുന്നു. പാത്രസൃഷ്ടിയിൽ നിങ്ങളുടെ ശുദ്ധമായ ശ്രദ്ധപതിഞ്ഞിട്ടുള്ളതു് അവധാനപൂർവം പഠനംചെയ്യുന്ന ഏതൊരുവനും മനസ്സിലാക്കാവുന്നതാണ്. ഗദ്യരീതി പാമരന്മാർക്കുപോലും സുഗ്രാഹ്യമാകും വണ്ണം അത്രവളരെ ലളിതമായിട്ടുണ്ട്. ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായ നിങ്ങളും ഈവിധം പ്രശംസാർഹമായ ഒരു ഗ്രന്ഥം രചിച്ചതിൽ എനിക്കു അത്ഭുതം ഉണ്ടാകുന്നു.

കെ. ആർ. കൃഷ്ണപിള്ള ബി. എ.; ബി. എൽ.

"സരസമായ ഈ കഥാഗ്രംഥനത്തിൽ വായനക്കാർക്ക് ഉദ്വേഗജനകങ്ങളായ അനേകം ഭാവാന്തരങ്ങളെ സമുചിതമായ വിധത്തിൽ പ്രകടിപ്പിച്ചിരിക്കുന്നു.·····കവിയുടെ വർണ്ണനങ്ങളും, കഥനങ്ങളും, കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും, ഇവയെല്ലാം സന്ദർഭോചിതങ്ങളായ രസങ്ങളെ പോഷിപ്പിക്കാൻ പര്യാപ്തമായിട്ടുണ്ടെന്നുതന്നെ പറയാം. ഏവംവിധമായ ഭാവനാസമ്പത്തിയാലും അതന്ദ്രപരിശ്രമത്താലും മിസ്റ്റർ പരമേശ്വരൻപിള്ള അചിരേണ സാഹിത്യലോകത്തിൽ ഒരു മാന്യസ്ഥാനത്തിനു സർവ്വഥാ പാത്രീഭവിക്കുമെന്ന് ധൈര്യസമേതം പ്രവചിക്കാവുന്നതാണ്."

ഡെമ്മിസൈസിൽ 360–ൽ പരം പുറങ്ങളോടുള്ള ഈ നാവലിനു വില രൂപാ 1 മാത്രം.

ചിത്രാപബ്ലിഷിംഗ് ഹൗസ്

കോട്ടയ്ക്കകം, തിരുവനന്തപുരം.

ജീവചരിത്രസഞ്ചിക.

പ്രസാധകൻ:—വെങ്കുളം പരമേശ്വരൻ പിള്ള

ലോകത്തിന്റെ നാനാഭാഗങ്ങളിലായി 2500 വർഷത്തിനിടയ്ക്കു ജീവിച്ചിരുന്നിട്ടുള്ള 600 വീരാത്മാക്കളുടെ ഉജ്ജ്വലചരിതങ്ങൾ 5 വർഷംകൊണ്ടു് പ്രസിദ്ധപ്പെടുത്തണമെന്നുള്ളതാണു് ഈ സഞ്ചികയുടെ ഉദ്ദേശ്യം. ജീവചരിത്ര രചനയ്ക്കുള്ള പ്രയാസങ്ങൾ അപരിമിതവും, എന്നാൽ അത്തരം ഗ്രന്ഥങ്ങൾകൊണ്ടു മനുഷ്യവർഗ്ഗത്തിനുള്ള പ്രയോജനം അപരിമേയവും ആണെന്നുള്ളതു് പലർക്കും അറിയാവുന്ന ഒരു വാസ്തവമാകുന്നു. താഴെ പ്രസ്താവിക്കുന്ന നിബന്ധനകൾ അനുസരിച്ചാണു് ഓരോ കൊല്ലത്തിലേയും ഗ്രന്ഥങ്ങൾ തയ്യാറാക്കുന്നതു്.

(1) സ്വരാജ്യാഭിമാനികൾ, രാജ്യതന്ത്രജ്ഞന്മാർ, യുദ്ധവിദഗ്ദ്ധന്മാർ, കവികോകിലങ്ങൾ, സാഹിത്യകാരന്മാർ, കലാകുശലന്മാർ, ഉൽകൃഷ്ട ചിന്തകന്മാർ, മഹാശാസ്ത്രജ്ഞന്മാർ, ലോകസഞ്ചാരികൾ, സുപ്രസിദ്ധ ദാതാക്കന്മാർ, സന്ന്യാസിവരേണ്യന്മാർ തുടങ്ങി സകലവിധ ചിന്താപരിധികളിലും പ്രവർത്തനപന്ഥാവുകളിലും ഏർപ്പെട്ട പ്രഖ്യാതി സമ്പാദിച്ചിട്ടുള്ള വീരാത്മാക്കളുടെ ഉജ്ജ്വലചരിതങ്ങൾ ഈ സഞ്ചികയിൽ അടങ്ങിയിരിക്കുന്നു.

(2) നായർ, ഈഴവൻ, മഹാരാഷ്ട്രൻ, സിക്ക്, ബങ്കാളി, ചീനൻ ഇത്യാദി ജാതിഭേദമോ, ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധൻ ഇത്യാദി മതഭേദമോ, ഇന്ത്യൻ, ഇംഗ്ലീഷുകാരൻ, ജർമ്മൻ, ഫ്രഞ്ചുകാരൻ, ഇത്യാദി രാജ്യഭേദമോ യാതൊന്നും പരിഗണിക്കാതെ സകലവർഗ്ഗക്കാരുടേയും സകലമതക്കാരുടേയും ഇടയ്ക്കുള്ള വീരാത്മാക്കളെ ഞങ്ങൾ കേരളീയരുടെ മുമ്പിൽ അവതരിപ്പിക്കുന്നതാണു്.

(3) ഡെമ്മിസൈസിൽ 120 പുറം വീതം വരുന്ന ഓരോഗ്രന്ഥത്തിലും 10 മഹച്ചരിതംവീതം ഒരു കൊല്ലത്തിൽ

120 ജീവചരിത്രവും, അങ്ങനെ 5 വഷ്ംകൊണ്ട് 7200 പുറത്തിലായി അനന്തര വിശിഷ്ടചരിതവും പ്രസിദ്ധപ്പെട്ടുന്നതായിരിക്കും.

(4) കഷ്ടതകളോട ധീരധീരം എതിരിട്ട പോരാടിയവർ, പ്രതിബന്ധഹിമാലയങ്ങളെ തട്ടിത്തകത്തവർ, ബാല്യം മുതല്ക്കേ ഉൽകൃഷ്ടാദശ്ങ്ങളം സ്വീകരിച്ച് അവയെ സ്വന്ത പരിശ്രമം മുഖേന പ്രായോഗികമാക്കിത്തീത്തിട്ടുള്ളവർ, ഘോരദാരിദ്ര്യത്തിലും ദേഹാസ്വാസ്ഥ്യത്തിലും അകപ്പെട്ടിരുന്നിട്ടം നിശ്ചയശക്തിയും സുസ്ഥിരപരിശ്രമവും കൊണ്ടുമാത്രം ഉവ്വിധിയെ കീഴടക്കിയവർ അപജയം നേരിട്ടുമെന്ന ബോദ്ധ്യമുണ്ടായിരുന്നിട്ടം കത്തവ്യം നടത്തി മരണമടഞ്ഞവർ എന്നിവരുടെ ഉത്തമചരിത്രങ്ങളം ഓരോ പുസ്തകത്തിലും ഉണ്ടായിരിക്കുന്നതാണ്.

അഞ്ചുവഷ്ത്തേക്ക് ഒന്നിച്ച മൻകൂർ 15 രൂപാ. വാഷ്ിക മൂല്യം 3 രൂപാ 8 ണ. ഓരോ പുസ്തകത്തന പ്രത്യേകം 5 ണ വില; മേനിക്കടലാസിൽ അച്ചടിച്ചതിന യഥാക്രമം 20 രൂപാ. 5 രൂ; 7 ണ. പോസ്റ്റിൽ അയക്കാൻ പുസ്തകമൊന്നിന് മുക്കാൽ അണയും, എന്നാൽ ഇൻഡ്യക്കുപുറമെ; 1½ അണയും വീതം കൂട്ടതൽ ചുമത്തുന്നതാണ്.

എസ്സ്. ജ്ഞാനസ്കന്ദയ്യർ,
ചിത്രാപബ്ളിഷിംഗ് ഹൌസ്
കോട്ടയ്ക്കകം, തിരുവനന്തപുരം

"സഹൃദയ"

തിരുവനന്തപുരം സഹൃദയ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നഒരു ഉത്തമ മലയാള മാസിക.

രക്ഷാധികാരികൾ

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള
ബി. എ. ബി., എൽ.

ഏ. ഗോപാലമേനോൻ എം. ഏ., ബി. കോം.

പ്രസാധകസംഘം

വി. കൃഷ്ണൻതമ്പി ബി. ഏ. (അദ്ധ്യക്ഷൻ.)
പി. അനന്തൻപിള്ള എം. ഏ. (സംയോജകൻ)
എൻ. ഗോപാലപിള്ള എം. ഏ.
എൻ. കുഞ്ഞുരാമൻപിള്ള എം. ഏ., ബി. എൽ.
എസ്. എൻ. കൃഷ്ണപിള്ള എം. ഏ.
ഡാക്ടർ കെ. ഗോദവമ്മ എം. ഏ., പി. എച്ച്. ഡി.
ബി. പത്മനാഭപിള്ള ബി. ഏ. (കാഴ്ചദർശി.)

ഗവേഷണപരവും, വിമർശനപരവുമായ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ മുതലായി വിജ്ഞാന പ്രദങ്ങളായ ലേഖനങ്ങൾ ഈ മാസികയിൽ എല്ലായ്പോഴും ഉണ്ടായിരിക്കും. ക്രൗൺ കാർട്ടോ സൈസിൽ എൻഗ്ലോസ്ഡ് പേപ്പറിൽ 80 പേജോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന പ്രസ്തുത മാസികയുടെ വാർഷിക വരിസംഖ്യ മുൻകൂർ 3 രൂപാ. പോസ്റ്റിൽ 4 രൂ. 6 മാസത്തേക്ക് 1½ രൂ.

ഒറ്റപ്രതിക്ക് 6 ണ.

എസ്. ജ്ഞാനസുന്ദരയ്യർ,
മാനേജർ
"സഹൃദയ"
തിരുവനന്തപുരം — ചാല.

വേലുത്തമ്പിദളവാ

ഗ്രന്ഥകർത്താ

വെങ്കുളം ജി. പരമേശ്വരൻപിള്ള

ധർമ്മരാജ്യസിംഹാസനത്തിന്റെയും ധർമ്മരാജ്യാഭിമാനത്തിന്റെയും രക്ഷയ്ക്കായി പ്രാണത്യാഗം ചെയ്ത വേലുത്തമ്പിദളവായെക്കുറിച്ചു പ്രഹസനങ്ങളും, കവിതകളും, നാവല്യകളും, ഐതിഹ്യങ്ങളും എന്നിവ ധാരാളമായി മലയാളത്തിൽ പ്രചരിച്ചിട്ടുണ്ടെങ്കിലും, ആ മഹാ പുരുഷനെക്കുറിച്ചുള്ള ശരിയായ ജീവചരിത്രം വിസ്തരിച്ചു ഇതേവരെ ആരും പ്രസിദ്ധീകരിച്ചു കണ്ടിട്ടില്ല. 60-ൽപരം ചരിത്രഗ്രന്ഥങ്ങൾ പരിശോധിച്ചും, പല ചരിത്രപണ്ഡിതന്മാരുമായി ആലോചന നടത്തിയും, ആ ചരിത്രനായകനെ സംബന്ധിക്കുന്ന പ്രധാന സ്ഥലങ്ങളെല്ലാം സന്ദർശിച്ചും, രചിക്കപ്പെട്ടിരിക്കുന്ന ഈ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ യഥാർത്ഥമായ ജീവചരിത്രം അടങ്ങിയിരിക്കുന്നു. നിലവിലിരിക്കുന്ന ഉടമ്പടിയിൽ തിരുവിതാംകൂർ എങ്ങനെ ഉൾപ്പെട്ടുപോയി, ആ ഉടമ്പടിപ്രകാരം വർദ്ധിപ്പിച്ച കപ്പം കുറച്ചു കിട്ടുവാൻ ദളവാ എന്തെല്ലാം ചെയ്തു, ദളവായും റസിഡൻറും തമ്മിൽ പിണങ്ങാനുള്ള യഥാർത്ഥകാരണങ്ങൾ ഏവ, കമ്പനിക്കാരുമായി അദ്ദേഹം എന്തിനായി എവിടെയെല്ലാം വച്ചു യുദ്ധംചെയ്തു, തിരുവിതാംകൂർ കാക്കു തോൽവി പിണയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം, എന്തിനായി അദ്ദേഹം ആത്മത്യാഗം ചെയ്തു ഇത്യാദി ഏതൊരു കേരളീയനും അവശ്യം അറിഞ്ഞിരിക്കേണ്ട പലേ സംഭവങ്ങളും ചരിത്ര ലക്ഷ്യങ്ങളും അടിസ്ഥാനപ്പെടുത്തി സൂക്ഷ്മമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

അഞ്ചുഭാഗത്തിലായി 500-ൽപരം പുറങ്ങളോടുകൂടി അഞ്ചുമാസംകൊണ്ടു പ്രസിദ്ധപ്പെടുത്തുന്ന ഈ വിശിഷ്ട ഗ്രന്ഥത്തിനു ഒന്നിച്ചു മുൻകൂർ 2 രൂപാ മാത്രം.

ഓരോ ഭാഗത്തിനും 8 ണവീതം.

എസ്. ജ്ഞാനസുന്ദരയ്യർ
ചിത്രാപബ്ലിഷിംഗ് ഹൗസ്
കോട്ടയ്ക്കകം, തിരുവനന്തപുരം

DR. P. G. PILLAI
VARGHIYODE TRIVANDRUM

DR. P. C. C. PILLAI.
VANCHIYOOR, TRIVANDRUM.

"സഹൃദയ"

തിരുവനന്തപുരം സഹൃദയ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നഒരു ഉത്തമ മലയാള മാസിക.

രക്ഷാധികാരികൾ

സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള
ബി. ഏ. ബി., എൽ.

ഏ. ഗോപാലമേനോൻ എം. ഏ., ബി. കോം.

പ്രസാധകസംഘം

വി. കൃഷ്ണൻതമ്പി ബി. ഏ. (അദ്ധ്യക്ഷൻ.)
പി. അനന്തൻപിള്ള എം. ഏ. (സംയോജകൻ)
എൻ. ഗോപാലപിള്ള എം. ഏ.
എൻ. കുഞ്ഞുരാമൻപിള്ള എം. ഏ., ബി. എൽ.
എസ്. എൻ. കൃഷ്ണപിള്ള എം. ഏ.
ഡാക്ടർ കെ. ഗോദവമ്മ എം. ഏ., പി. എച്ച്. ഡി.
ബി. പദ്മനാഭപിള്ള ബി. ഏ. (കായ്ദശി.)

ഗവേഷണപരവും, വിമർശനപരവുമായ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ മുതലായി വിജ്ഞാന പ്രദങ്ങളായ ലേഖനങ്ങൾ ഈ മാസികയിൽ എല്ലായ്പോഴും ഉണ്ടായിരിക്കും. ക്രൗൺ കവാർട്ടോ സൈസിൽ എൻഗ്ലോസ്ഡ് പേപ്പറിൽ 80 പേജോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന പ്രസ്തുത മാസികയുടെ വാർഷിക വരിസംഖ്യ മുൻകൂർ 3 രൂപാ. പോസ്റ്റിൽ 4 രൂ. 6 മാസത്തേക്ക് 1½ രൂ.

ഒറ്റപ്രതിക്ക് 6 ണ.

എസ്. ജ്ഞാനസുന്ദരയ്യർ,
മാനേജർ
"സഹൃദയ"
തിരുവനന്തപുരം—കവാല.

Printed at the Anantha Rama Varma Press, Fort, Trivandrum